# തുടി

*റിസർച്ച് ജേണൽ*

**ISSN 2320-8880**

32

2020 ഒക്ടോബർ - ഡിസംബർ

വാല്യം 8 ലക്കം 4

മലയാളവിഭാഗം, കണ്ണൂർ സർവ്വകലാശാല,
ഡോ.പി.കെ.രാജൻ മെമ്മോറിയൽ കാമ്പസ്, നീലേശ്വരം
കാസറഗോഡ് ജില്ല, കേരളം - 671 314
ഇ.മെയിൽ thudipkrmc@gmail.com

**പത്രാധിപർ**
ഡോ.റീജ വി.

**പത്രാധിപ സമിതി**
ഡോ.ലിജാ അരവിന്ദ്
ഡോ.സിന്ധു കിഴക്കാനിയിൽ
ഡോ.അനു എ.പി.

**ഉപദേശക സമിതി**
ഡോ.ഡി.ബഞ്ചമിൻ
ഡോ.ദേശമംഗലം രാമകൃഷ്ണൻ
ഡോ.സി.ആർ.പ്രസാദ്
ഡോ.പി.എസ്.രാധാകൃഷ്ണൻ
ഡോ. അജു കെ.നാരായണൻ

**റഫറീസ്**
ഡോ.അജയകുമാർ ജി.
ഡോ.ആർ.വി.എം.ദിവാകരൻ
ഡോ.സീമാ ജെറോം
രാജേന്ദ്രൻ എടത്തുംകര

**ഇഷ്യൂ എഡിറ്റർ**
ഡോ.റീജ വി.

**കവർ/ലേ ഔട്ട്**
ചേതന ഓഫ്സെറ്റ്, കാഞ്ഞങ്ങാട്

**അച്ചടി**
മണിപ്പാൽ ടെക്നോളജീസ് ലിമിറ്റഡ്

ഭാഷയേയും സാഹിത്യത്തേയും സംസ്കാരത്തെയും കുറിച്ചുള്ള പഠന ഗവേഷണങ്ങൾക്ക് പ്രാധാന്യം നൽകുന്ന പ്രസിദ്ധീകരണത്തിന് തുടി പ്രതിവർഷം നാല് ലക്കങ്ങൾ: ജനുവരി - മാർച്ച്, ഏപ്രിൽ - ജൂൺ, ജൂലൈ- സെപ്തംബർ ഒക്ടോബർ - ഡിസംബർ വില 300 രൂപ

## ആമുഖം

മലയാളത്തിന്റെ മണ്ണിലും എഴുത്തിലും ജീവവായു നിറച്ച മനുഷ്യസ്നേഹിയാണ് സുഗതകുമാരി. സൈലന്റ്വാലി സംരക്ഷണ പ്രവർത്തനങ്ങളാണ് സുഗതകുമാരിയിലെ പ്രകൃതി സ്നേഹിയെ കൂടുതൽ ഉണർത്തുകയും ത്രസിപ്പിക്കുകയും ചെയ്തത്. പ്രണയവും വിരഹവും വേദനയും മണ്ണും പെണ്ണും സർവ്വചരാചരങ്ങളും അവരുടെ തൂലികയിലൂടെ നിറഞ്ഞൊഴുകി. സുഗതകുമാരിക്കുള്ള പ്രണാമസ്മരണയാണ് ഈ ലക്കം തുടിയിലെ പതിനേഴോളം ലേഖനങ്ങൾ. തുടിയുമായി സഹകരിച്ച് ലേഖനങ്ങൾ സമർപ്പിച്ച സാഹിത്യവിദ്യാർത്ഥികൾക്കും ഗവേഷകർക്കും അധ്യാപകർക്കും നന്ദി അറിയിക്കുന്നു.

നീലേശ്വരം,
2021 ജൂലൈ.

**ഇഷ്യൂഎഡിറ്റർ**
ഡോ.റീജ വി.

**THUDI**
Research Journal
Vol-8 October - December 2020 No.4

Published Four times a year by
Head of the Dept.of Malayalam
Kannur University

**Cover & Layout & Pre Press**
Chethana Offset, Kanhangad

**Printed at**
Manipal Technology Limited, Manipal

**Address for Correspondence**
Associate Professor and Head,
Dept.of Malayalam, Kannur University
Dr.P.K. Rajan Memorial Campus, Nileshwaram
Kasaragod, Kerala -671314

തുടി

റിസർച്ച് ജേർണൽ

2020 ഒക്ടോബർ - ഡിസംബർ,  വാല്യം-8, ലക്കം-4

## ഉള്ളടക്കം


1. സ്ത്രീസ്വത്വവും സാമൂഹികതയും സുഗതകുമാരിയുടെ കവിതകളിൽ 9
**ഡോ.ബിന്ദു ടി.വി.**

2. നിന്നെവിട്ടെങ്ങുപോകാൻ 25
**സജിത കിഴിനിപ്പുറത്ത്**

3. പാരിസ്ഥിതിക ജാഗ്രതയുടെ മഹാസിംഫണി 40
**ഡോ.ആർ.ചന്ദ്രബോസ്**

4. അത്രമേൽ സ്നേഹിക്കപ്പെട്ട പൂക്കൾ 59
**ഡോ.എസ്.സുസ്മിത**

5. സുഗതകുമാരിക്കവിത പ്രതിരോധനത്തിന്റെ പ്രകൃതിപാഠങ്ങൾ 74
**ഡോ.സംഗീത കെ.**

6. സുഗതകുമാരിക്കവിതകളിലെ ജീവിതവ്യഥകൾ 100
**ഹർഷ സിറിയക്**

7. പ്രണയ-സ്ത്രൈണഭാവങ്ങളുടെ ആവിഷ്കാരം 117
**ഡോ.രമ്യ ആർ.**

8. രാധാമാധവസങ്കല്പം
സുഗതകുമാരിക്കവിതകളിൽ 140
**മഹാലക്ഷ്മി പി.ജെ.**

9. പെണ്ണും പ്രകൃതിയും
സുഗതകുമാരിക്കവിതകളിൽ 155
**പാർവതികൃഷ്ണ പി.എൽ.**

10. ഉപഭോഗസംസ്കൃതിയുടെ ആവിഷ്കാരം
സുഗതകുമാരിക്കവിതകളിൽ 165
**സ്വാതി മോഹൻ ജെ.**

11. കവിതയിലെ ബഹുധ്വനി 181
**അജി ഡി.**

12. സുഗതകുമാരി : ഹരിത ദർശനത്തിന്റെ
താക്കോൽ സൂക്ഷിപ്പുകാരി 196
**മോനിഷ എം.**

13. സുഗതകുമാരിക്കവിതയിലെ പ്രണയാവിഷ്ക്കാരം 208
**സ്വാതി സുരേഷ് ഇ.**

14. സുഗതകുമാരി: കവിത്വത്തിന്റെ പൂർണ്ണത 223
**അശ്വതി തോമസ്**

15. പ്രവാസദുഃഖം
സുഗതകുമാരിക്കവിതകളിൽ 233
**ഗീതു പി.ജി.**

16. സുഗതകുമാരി: കവിതയിലെ വനപർവ്വം 242
**ആസിഫ് കൂരിയാട്**

17. 'ഇക്കോഫെമിനിസം'
സുഗതകുമാരിക്കവിതകളിൽ 251
**പാർവ്വതി കെ.ജി.**

# സ്ത്രീസ്വത്വവും സാമൂഹികതയും സുഗതകുമാരിയുടെ കവിതകളിൽ

**ഡോ.ബിന്ദു ടി.വി.**

കവിതയില്ലെന്നാകിലില്ല ജീവിതമെന്നു കരുതിയ കവിയാണ് സുഗതകുമാരി. ഇനിയീ മനസ്സിൽ കവിതയില്ല എന്നു പാടേണ്ടിവന്നപ്പോഴും ചിറകൊടിഞ്ഞ് വീണ്ടും പാട്ടുപാടാൻ ശ്രമിച്ച എഴുത്തുകാരി. എഴുതാതിരിക്കാൻ അവർക്ക് ആവുമായിരുന്നില്ല. 'ഒരു പാചകക്കുറിപ്പിൽ' എഴുതിയതുപോലെ കേടുപറ്റിയ ഹൃദയങ്ങളെ കണ്ണീരും നിഷ്ഫലക്രോധത്തിന്റെ എരിവും അപമാനത്തിന്റെ ലജ്ജയും ചേർത്ത് ഉൾച്ചൂടിൽ വിളമ്പാൻ വിധിക്കപ്പെട്ടവരുടെ കർമ്മമായിരുന്നു അവർക്ക് കാവ്യവൃത്തി. എഴുത്തും ജീവിതവും തമ്മിലുള്ള അതിർവരമ്പുകൾക്ക് അവിടെ സ്ഥാനം ഉണ്ടായിരുന്നില്ല. പരിസ്ഥിതിപ്രവർത്തക എന്ന നിലയ്ക്കും സാമൂഹികപ്രവർത്തക എന്ന നിലയ്ക്കും ജീവിക്കുന്ന ലോകത്തിന്റെയും കാലത്തിന്റെയും വ്യഥകൾ ഏറ്റുവാങ്ങുകയായിരുന്നു അവർ. സമൂഹത്തിലെ ആർത്തിയും അഴിമതിയും അക്രമവും പീഡനവുമൊക്കെ കാണുമ്പോൾ പ്രതിഷേധിക്കാനുള്ള മാർഗമായി പ്രവർത്തനവും എഴുത്തും അവർ ഒരുപോലെ പിൻബലമാക്കി. മറ്റുള്ളവരുടെ വേദന ആത്മാവിൽ സ്വാംശീകരിച്ചും അതു കടഞ്ഞും സൃഷ്ടിച്ച ഭാവാത്മകതയായിരുന്നു സുഗതകുമാരിക്ക് കവിത. നിരാലംബമായ ഏതു മനസ്സിന്റെ കണ്ണീരും ചിപ്പിക്കുള്ളിൽ എന്നതുപോലെ വിളയിച്ച് കവിതയുടെ മുത്താക്കിയ സുഗതകുമാരിയുടെ കവിതയിലെ സ്ത്രൈണാനുഭവ ആവിഷ്കാരങ്ങളെയാണ് ഇവിടെ വിശകലനം ചെയ്യുന്നത്. സ്ത്രീ

സ്വത്വത്തിന്റെ പ്രതിസന്ധികൾക്കും പ്രശ്നവൽക്കരണങ്ങൾക്കുമൊപ്പം തന്നെ പ്രതിരോധപാതകളും പരിശോധനാവിധേയമാക്കുന്നു.

**പാവം മാനവഹൃദയം**

അശാന്തമനസ്സിന്റെ മൗനനൊമ്പരങ്ങളുമായാണ് കാല്പനിക കാവ്യരംഗത്തേക്ക് സുഗതകുമാരി പ്രവേശിച്ചത്.ബാലാമണിയമ്മ സൂചി പ്പിച്ചതുപോലെ 'പൂവിൻചിരിയും നിലാവിൻസുഗന്ധവും ജീവിത ത്തിന്റെ അഗാധമാം ദുഃഖവുംകൊണ്ട് നിറഞ്ഞ കാവ്യലോകം'.[1] നിരാ ശാകലുഷമല്ല ഇവിടെ വിഷാദം. മുള്ളുനിറഞ്ഞ വഴിയും അതിലൂടെ കഷ്ടപ്പെട്ടുനീങ്ങുന്ന മനുഷ്യനും അവനു വെളിച്ചം കാട്ടുന്ന വിദൂരന ക്ഷത്രവും ഇവിടെ തെളിഞ്ഞുകാണാമായിരുന്നു. എൻ.വി. കൃഷ്ണ വാര്യർ പാവം മാനവഹൃദയത്തിന്റെ അവതാരികയിൽ സൂചിപ്പിച്ച പോലെ അരോഗവും ബലിഷ്ഠവുമായ സ്നേഹദർശനം പുലർത്തുന്ന കവിക്ക് എങ്ങനെയാണ് വൈയക്തികദുഃഖങ്ങളിൽ ചടഞ്ഞുകൂടിയി രിക്കാനാവുക. ദുഃഖങ്ങളുടെ അസാമാന്യ ചുഴികളിൽനിന്നും മനുഷ്യ വ്യസനങ്ങളുടെ ബഹുസ്വരതയിലേക്കായിരുന്നു സുഗതകുമാരിയുടെ സഞ്ചാരം. കാല്പനികതയുടെ വൈയക്തികമാർന്ന ആന്തരലോകം അവിടെ ചൂഷണം ചെയ്യപ്പെടുന്ന പ്രകൃതിയെ വീണ്ടെടുക്കാനുള്ള സമ രവും എഴുത്തും പ്രതിഷേധവുമായി ബാഹ്യലോക പരിസരങ്ങളിലേക്ക് നീങ്ങി.

"കാടിനു നാവുകൊടുത്തവർ നാം ഒത്തു
പാടുക നാടിൻ തുയിലുണർത്തീടുക"

എന്നതുപോലെ സൈലന്റ്‌വാലിസമരത്തിലൂടെ ഒന്നിൽനിന്ന് മറ്റൊ ന്നിലേക്ക് എന്നവിധം ഉള്ളും ഉടലും പൂർണമായി സമർപ്പിച്ച് നടത്തിയ നിരന്തര ഇടപെടലുകൾ കവിയുടെ രചനാരീതിയിലും പരിവർത്തന ങ്ങൾ വരുത്തി. തന്റെ ദുഃഖത്തിൽനിന്ന് പ്രകൃതിയുടെയും സഹജീവി

കളുടെയും ദുഃഖങ്ങളിലേക്ക്, ദുഃഖകാരണങ്ങളിലേക്ക് കവിത സഞ്ചരിച്ചു. സാമൂഹികമായും രാഷ്ട്രീയമായും വിഭവാധികാരത്തിൽനിന്നും ജൈവബന്ധങ്ങളിൽനിന്നും അനുദിനം പറിച്ചുമാറ്റപ്പെടുന്നവരുടെ, അരികുകളിലേക്ക് താഴ്ത്തപ്പെടുന്നവരുടെ വേദനകൾ എഴുത്തിൽ പ്രാമുഖ്യം നേടി. ആദിവാസിയുടെ, പക്ഷിമൃഗാദികളുടെ, സ്ത്രീയുടെ ജീവിതവ്യഥകൾ കവിതയുടെ കേന്ദ്രപ്രമേയമായി. രാത്രിമഴ പോലുള്ള കവിതകൾ പെണ്ണിന്റെ നിരാലംബമായ ജീവിതവും ദുഃഖവുംപോലെ നാം അഭിമുഖീകരിക്കുന്ന സാമൂഹ്യപ്രശ്നങ്ങളെക്കുറിച്ചുള്ള ഓർമ്മപ്പെടുത്തലുകളായി. പെണ്ണിന്റെ സഹജഭാവത്തെ മഴയായും കടലായും സന്ധ്യയായും രാത്രിയായുമെല്ലാം സമന്വയിച്ച് കാവ്യോർജമാക്കി കവി.

**പ്രകൃതിയുടെ സഹയാത്രിക**

സ്ത്രീയും പ്രകൃതിയുമായുള്ള ഗാഢപാരസ്പര്യം സുഗതകുമാരിയുടെ കവിതയിലെ പ്രധാനഭൂമികയായി മാറുകയായിരുന്നു. പ്രകൃതിയുടെയും സ്ത്രീയുടെയും കഴിവും സൃഷ്ടിപരതയും അംഗീകരിക്കാനും ഋതുചക്രങ്ങളുടെ താളവും പ്രാധാന്യവും മനസ്സിലാക്കാനും ഭൂമുഖത്തെ ഓരോ വസ്തുവും ജൈവശൃംഖലയിലെ പ്രധാനകണ്ണിയാണെന്ന് തിരിച്ചറിയാനുമുള്ള ഒരു പുതുബോധം അവർ കവിതയിലൂടെ മുന്നോട്ടുവച്ചു. ആദിവാസിസാക്ഷരത, അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും, തെംസ് നദിയോട്, കവിഹൃദയമോ നീ വിഹഗമോ, ഇതു മഹാഭാരതം, വിധി തുടങ്ങി ഒട്ടേറെ കവിതകൾ ഇതിനായി ഉദാഹരിക്കാനാവും. ചൂഷണത്തിനു വിധേയമാക്കുന്ന പെൺപ്രകൃതി പരിപ്രേക്ഷ്യങ്ങളുടെ സമാനതയിൽ ഊന്നുന്ന പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ സഹജമുദ്രകളും കവിതയിൽ പ്രബലമായി. പുരുഷകേന്ദ്രിതവ്യവസ്ഥിതി പടുത്തുയർത്തിയ ഉപഭോഗസംസ്കൃതി പെണ്ണിനും പ്രകൃതിക്കും വരുത്തിവയ്ക്കുന്ന സമാനദുരന്തങ്ങൾ കവി

തയിലും ലേഖനങ്ങളിലും ആവർത്തിച്ചു പ്രത്യക്ഷപ്പെട്ടു. ഇവൾക്കു മാത്രമായി, സ്ത്രീപർവ്വം, വിധി തുടങ്ങിയ കവിതകൾ ആധുനികജീവിതത്തിന്റെ കയ്യേറ്റങ്ങൾക്ക് വിധേയമായ സ്ത്രീയുടെയും പ്രകൃതിയുടെയും ഭാവം ഒന്നുതന്നെയെന്ന് സാക്ഷ്യപ്പെടുത്തുന്നു.

"അമ്മയാം ഭൂമിയെപ്പോലൊരിക്കലും
കണ്ണുനീർ വറ്റാതുഴലുവോൾ"

ആണ് സ്ത്രീ. മനുഷ്യൻ സുഖലോലുപതയുടെ പാരമ്യമായി അവസാനഭോജ്യമായി നോട്ടമിട്ടിരിക്കുന്നവൾ. 'വിധി'യിൽ പരാതിയുമായെത്തുന്ന ഭൂമിക്ക് ബലാത്സംഗം ചെയ്യപ്പെട്ട പെൺമുഖം നൽകുന്ന കവി പ്രതിയായ പൊന്മകനും അവന്റ സന്തതിപരമ്പരകൾക്കും പ്രകൃതിയുടെ ശാപത്തിൽനിന്ന് ഒഴിയാനാവില്ലെന്ന് ചൂണ്ടിക്കാട്ടുന്നുമുണ്ട്. പെണ്ണിന്റെ അഭിമാനത്തിനും മണ്ണിന്റെ ആർദ്രതയ്ക്കും വേണ്ടിയുള്ള പോരാട്ടത്തിനാണ് സുഗതകുമാരി പ്രാമുഖ്യം നൽകുന്നത്.

മണ്ണിനെ, വെള്ളത്തെ, ജീവജാലങ്ങളെ, ഭൂമിയെ സംരക്ഷിക്കുന്നതിലൂടെയേ നമ്മുടെ സംസ്കാരത്തെ സംരക്ഷിക്കാനാവൂ.അതിനു കൂടുതൽ കഴിയുക സ്ത്രീക്കാണെന്ന വിശ്വാസവും സുഗതകുമാരി പുലർത്തുന്നു.വരണ്ട ആറിന്റെ മാറിടത്തിൽനിന്നു ചിരട്ടകൊണ്ട് വെള്ളം കോരിയെടുക്കുന്നവർക്ക് തന്നെയല്ലേ ജലചൂഷണത്തിനെതിരെ പ്രതികരിക്കാനാവുക (നാട്ടുരാശാക്കളേ ആതിവാസിക്കു പയിക്കുന്നു). സൂക്ഷിക്കാനും സംരക്ഷിക്കാനും കഴിയുന്ന സ്ത്രൈണസത്ത മുറുകെപിടിക്കുന്ന കവി സ്ത്രീപ്രകൃതിസമീകരണം വഴി ആക്രമണത്തിന്റെ പൗരുഷപ്രകടനങ്ങൾ എത്രമാത്രം വിനാശകരമാണെന്ന് വ്യക്തമാക്കുന്നു.'നിങ്ങളെൻലോകത്തെ എന്തുചെയ്തു' എന്ന സ്ത്രീയുടെ, പ്രകൃതിയുടെ, ജീവജാലങ്ങളുടെ ചോദ്യം കവിതകളിൽ മുഴങ്ങികേൾക്കാം.

സ്ത്രീയും പ്രകൃതിയും സമന്വയിക്കുന്ന ഒരുപാട് ബിംബങ്ങൾ സുഗതകുമാരിക്കവിതയിൽ കാണാനാവും.

"ഇന്നത്തെ സന്ധ്യയോ? സൗമ്യയാമിവളെ ഞാൻ
ഏതുമട്ടിൽ വർണ്ണിച്ചിടേണ്ടൂ
ചൊല്ലീടാം ഈ സന്ധ്യ മെയ് തൊട്ടൊരഗ്നിയും
പൊള്ളിയ സീതയെപ്പോലെ"

എന്ന് 'ഇന്നത്തെ സന്ധ്യയിൽ' സീതയും ജൈവപ്രകൃതിയും സമന്വയിക്കുന്നു.[1] "പ്രകൃതിയും സ്ത്രീയും ഒന്നാണ്. ഏറ്റവും വേദനിക്കുന്നവൾ, എല്ലാം വാരിക്കോരിക്കൊടുക്കുന്നവൾ, സ്നേഹിക്കപ്പെടാൻ ആഗ്രഹിക്കുന്നവൾ. സീതയും രാധയും ഇതൊക്കെത്തന്നെയല്ലേ' എന്ന് സുഗതകുമാരി പറയുന്നുമുണ്ട്.[2] പരിത്യക്തയായ സീത, കണ്ണന്റെ വരവുകാത്ത് തുറുങ്കിലിരിക്കുന്ന ദേവകി, നൂറോമനക്കുഞ്ഞുങ്ങൾ തന്നമ്മയായ ഗാന്ധാരി എന്നിവർക്കെല്ലാം ഒരേ മുഖമാണ്. അശരണയായ, വ്യഥിതയായ പ്രകൃതിയുടെ മുഖം. കാലാതീതമായ സ്ത്രീത്വത്തിന്റെ വ്യഥകളാവിഷ്കരിക്കാനും ഇത്തരം മിത്തുകളെ കവയിത്രി കൂട്ടുപിടിക്കുന്നുണ്ട്.

**മിത്തും സ്ത്രീയും**

ഭൂതകാലസംസ്കൃതിയും പൈതൃകവുമായി ബന്ധപ്പെട്ടുകിടക്കുന്ന മിത്തുകളിൽ ആൺകോയ്മയുടെ സ്ഥാപനവത്കൃതരൂപമാണ് പ്രകടം. സ്ത്രീയുടെ നിശ്ശബ്ദത ആഗ്രഹിക്കുന്ന അവ ദേവതയുടെയും പിശാചിനിയുടെയും വിരുദ്ധപ്രതീതികളുണ്ടാക്കുന്ന ലേബലുകളിലൂടെ സ്തുതിയുടെയും നിന്ദയുടെയും ലോകത്തിൽ സ്ത്രീയെ ഒതുക്കാനാണ് ശ്രമിച്ചത്. സ്ത്രീയെ സത്യസന്ധമായി ആവിഷ്കരിക്കാനോ, സ്ത്രീയുടെ സ്വയംകാണലുകളെ ഉൾക്കൊള്ളാനോ ശ്രമിക്കാത്ത മിത്തുകളുടെ സ്ത്രീവിരുദ്ധഭാവത്തെയാണ് സുഗതകുമാരി പുനഃപരിശോ

ധനയ്ക്ക് വിധേയമാക്കുന്നത്. ഊർമിള, സീത, ദേവകി, ഗാന്ധാരി, ഹവ്വ, രാധ എന്നിവരെ പുനരാനയിക്കുന്നതിലൂടെ പാർശ്വങ്ങളിൽ തളച്ചിടുന്ന സ്ത്രീബിംബങ്ങൾക്ക് കേന്ദ്രസ്ഥാനം നൽകാനാണ് കവയിത്രിയുടെ ശ്രമം. സുഗതകുമാരിയുടെ കവിതയിൽ ആവർത്തിച്ചു പ്രത്യക്ഷപ്പെടുന്ന പുരാവൃത്തം സീതയുടെതാണ്. ഭൂമീപുത്രി എന്ന നിലയിൽ മാത്രമല്ല അപമാനിതയായ സ്ത്രീത്വത്തിന്റെ പ്രതീകമെന്ന നിലയിലും കവിതയിലെ ശ്രദ്ധേയസാന്നിധ്യം. 'പാദപ്രതിഷ്ഠയിൽ' സീതാപാദങ്ങളെ മനസ്സിൽ പ്രതിഷ്ഠിക്കുന്ന എഴുത്തുകാരിയെയാണ് കാണാനാവുക. അതും പിളരുവാൻ വെമ്പുന്ന ഭൂമിയിലേക്ക് മറയുന്ന സീതാപാദങ്ങൾ, വിധേയത, ശാലീനത, മുഗ്ധത, മൃദുലത, രമണീയത, സംപൂജ്യത എന്നീ ഭാവബന്ധങ്ങളോടുകൂടിയ പാദസങ്കല്പങ്ങൾ അറിയാഞ്ഞിട്ടല്ല. തളയിട്ട കുഞ്ഞുപാദങ്ങൾ മുതൽ കാഞ്ചനവിഗ്രഹപാദങ്ങൾവരെ പരാമർശിച്ച ശേഷമാണ് സഹനത്താൽ കടുപ്പവും കരുത്തും ആർജിച്ച പാദങ്ങളോടുള്ള താല്പര്യം സുഗതകുമാരി പ്രകടമാക്കുന്നത്. സ്ത്രീത്വത്തിന്റെ വ്യഥകളുടെ മാത്രമല്ല കരുത്തിന്റെയും പ്രതീകമാണ് ഇവിടെ സീത.

"തലതാഴില്ല, താഴ്ത്തില്ല
ഇവൾ തൻകാലിൽ നില്പവൾ"(പെൺകുഞ്ഞ് 90)

ശക്തിനാളങ്ങളായ മക്കൾക്ക് ജന്മം നൽകാനും ജീവിതം പൊൻകൊടിക്കൂറപോലെ ഉയർത്തിപ്പിടിക്കാനും ഭൂമിക്ക് ആശ്വാസം നൽകാനും പെണ്ണിനു കഴിയും. വെറും ഉടലായ സ്ത്രീത്വത്തിൽ നിന്നുമാറി അഭിമാനം വീണ്ടെടുക്കുന്ന സ്ത്രീത്വമായി മാറാൻ സീതാപുരാവൃത്തം സഹായകമാകുമെന്ന് കവി ദൃഢവിശ്വാസം പുലർത്തുന്നു.

സമാനാനുഭവങ്ങളുടെ തിരയിളക്കമാണ് 'ഒരു രാമായണരംഗവും'. വാല്മീകിയുടെ ആഖ്യാനത്തിലെ ചില മൗനങ്ങളെ, തിരസ്കാ

രങ്ങളെ വെളിവാക്കുന്ന സുഗതകുമാരി സ്ത്രീഭാഷണത്തിന്റെ സാധ്യതയാണ് ചൂണ്ടിക്കാട്ടുന്നത്. വനവാസത്തിനൊരുങ്ങുന്ന ലക്ഷ്മണൻ ഊർമ്മിളയോട് യാത്ര പറഞ്ഞാലുണ്ടാകുന്ന ഊർമ്മിളയുടെ പ്രതികരണമാണീ കവിത. കൂടെ വരാനുള്ള ഇഷ്ടത്തെ മൂഢാനുരാഗമെന്നു മുദ്രകുത്തി, ഭാരമായി കണ്ട ലക്ഷ്മണനെ കാത്തിരിക്കാതെ രാമായണത്തിൽനിന്നുതന്നെ നടന്നകലുകയാണവൾ. പതിനാലുവർഷം ഭർത്താവിനെ കാത്തിരിക്കാൻ അവൾ അഹല്യയൊന്നുമല്ലല്ലോ.

"ഇല്ലിനി ലക്ഷ്മണനൂർമ്മിള, കണ്ണുനീ
രില്ല തപസ്സില്ലതിന്നർഹനല്ല നീ"

എന്നേ അവൾക്ക് പറയാനുമാവൂ. പുരുഷന്റെ ഇച്ഛാനുസാരിണിയായി കുലധർമ്മം നിറവേറ്റേണ്ടവളാണ് സ്ത്രീ എന്ന പരമ്പരാഗതധാരണ ഇവിടെ തിരുത്തപ്പെടുന്നു.

സ്ത്രീപുരുഷന്മാർ ഒരുമിച്ചുനീങ്ങുന്ന പ്രണയാധിഷ്ഠിതമായ കുടുംബത്തോടേ സുഗതകുമാരിക്ക് യോജിപ്പുള്ളൂ. അതാണ് ബൈബിളിലെ ഉത്പത്തികഥയെപോലും പാപചിന്ത ഒഴിവാക്കി സ്വീകരിക്കാനും ഓമലാളുടെ കൈപിടിച്ച് വിശ്വജേതാവായി മുന്നേറുന്ന മനുഷ്യനിലേക്കുള്ള യാത്രയാക്കാനും പ്രേരണ (ഏദനിൽനിന്ന്). 'അത്രമേൽ സ്നേഹിക്കയാൽ' എന്ന കവിതപോലെ പ്രണയമുണ്ടെങ്കിൽ ഏറ്റവും സർഗാത്മകമായ ഇടമാവും കുടുംബം.

സ്നേഹത്തെയും ആത്മാവിനെയും വികാരവിചാരങ്ങളെയും സമ്പൂർണമായി ആവിഷ്കരിക്കാൻ പ്രണയമാണ് സുഗതകുമാരിക്ക് മാധ്യമം . മനുഷ്യാസ്തിത്വത്തിന്റെ അടിസ്ഥാനം തന്നെ പ്രണയമാണ്. സഫലമാവാതെ പോവുന്ന പ്രണയത്തിന്റെ തീക്ഷ്ണനൊമ്പരങ്ങൾ രാധയിൽ ദർശിക്കുന്ന കവയിത്രി സ്നേഹത്തിനുവേണ്ടി ദാഹിക്കുന്ന സ്ത്രീമനസ്സിന്റെ പ്രതിരൂപമായി അവളെ മാറ്റി.. ഒരിക്കലും എവി

ടെയും നിൽപ്പുറക്കാത്ത, ഒടുങ്ങാത്ത അന്വേഷണത്തിലേർപ്പെട്ട നിത്യ വിരഹിണിയാണ് സുഗതകുമാരിക്ക് രാധ. പ്രണയപരവശയെങ്കിലും വ്യക്തിത്വമുള്ളവൾ. പാൽക്കുടംപോല കഠിനദുഃഖം പേറുന്നവളെങ്കിലും കൃഷ്ണനുമുന്നിൽ കൈനീട്ടുന്നവളല്ല രാധ. 'അറിയില്ല നിന്നനുരാഗ മെന്നാകിൽ നിൻ/ കരുണയും വേണ്ടെന്നു പിന്തിരിഞ്ഞോൾ' ആണ്. അസാന്നിധ്യത്തിലെ സാന്നിധ്യമായി തന്റെ വ്യക്തിസത്ത ഉയർത്തി പ്പിടിക്കുന്നവൾ (കൃഷ്ണാ നീയെന്നെയറിയില്ല). ഏകാന്തവും ഏകാ ഗ്രവും നിരുപാധികവുമായ പ്രേമം ഉള്ളറയിൽ നീറ്റിയെടുത്തതിന്റെ തന്റേടമായിരുന്നു അവളുടെ കൈമുതൽ. ഇന്ത്യൻ സ്ത്രീത്വത്തിന്റെ അഗാധമായ ഉൾത്തടങ്ങളിൽ നിന്നുയർന്നുവരുന്ന രാധ

> "ആവർത്തനത്താൽ വിരസമാവാത്തതായ്
> പ്രേമമൊന്നല്ലാതെയെന്തു പാരിൽ"

എന്നു തിരിച്ചറിയുന്ന സ്ത്രീയുടെ സ്വകാര്യപരമായ സ്വാതന്ത്ര്യത്തെ, പ്രണയോക്തികളെ പ്രതിനിധീകരിക്കുന്നു. ഇത്തരമൊരു തലത്തിൽ സാമൂഹ്യമായ സ്ത്രീപുരുഷഭേദം പോലും പലപ്പോഴും അപ്രസക്ത മാവും. കടമ്പിൽ കാൽ തൂക്കിയിരുന്ന രാധയുടെ കാൽക്കലിരുന്ന് അവളുടെ കാലിൽ ചിത്രം വരയ്ക്കുന്ന കണ്ണനെ ഇവിടെ കാണാനാ വും. അതുകണ്ട് നിർവൃതി കൊള്ളുന്ന പ്രകൃതിയെയും (ഒരു വൃന്ദാവ നരംഗം). രാധയുടെ സ്വത്വാന്വേഷണത്തിലൂടെ വികസിക്കുന്ന കൃഷ്ണ പ്രണയത്തിൽ കണ്ണനെ ഹൃദയത്താൽ പൊതിഞ്ഞുനിൽക്കുമ്പോഴും കണ്ണനെയും കവിഞ്ഞ് പ്രകൃതിയോളം വളർന്ന രാധയാണുള്ളത്. കൃഷ്ണൻ പ്രകൃതിക്ക് വിധേയനാണ്. രാധയാണ് ഇവിടെ പൂർണപ്ര കൃതി. വ്യക്തിയെന്ന നിലയിൽ സ്ത്രീയുടെ തനിമയും വിമോചന ചിന്താഗതിയും ഉള്ളടക്കുന്നതോടൊപ്പം പ്രകൃതിയുമായുള്ള അവളുടെ ദൃഢബന്ധത്തിന്റെ പുനർനിർമാണവും ലക്ഷ്യമാക്കുന്ന സ്ത്രൈണാ

ത്മീയതലം കൃഷ്ണകവിതകളിൽ ഉൾച്ചേർന്നിരിക്കുന്നു. സൃഷ്ടിയുടെ, പ്രകൃതിയുടെ ജീവൻ നിലനിർത്തുന്ന സ്നേഹദർശനമാണ് കവിക്ക് ഇതിന് അവലംബം. ഇത്തരമൊരു സ്നേഹതലം മാതൃത്വപരാമർശ കമായ കവിതകളും പങ്കുവയ്ക്കുന്നു.

**മാതൃത്വം**

അമ്മ എന്ന നിലയിൽ സ്ത്രീയെ അവതരിപ്പിക്കുമ്പോൾ വാത്സ ല്യനിധിയായും ത്യാഗമയിയായും മാത്രമല്ല അടിച്ചേൽപ്പിക്കപ്പെട്ടതും സ്ഥാപനവത്കരിക്കപ്പെട്ടതുമായ മാതൃത്വവും സുഗതകുമാരിയുടെ കവി തയുടെ മുഖ്യ പരിഗണനകളിൽപെടുന്നു. സ്ത്രീ വൈകാരികാനുഭവ മായാണ് മാതൃത്വത്തെ കാണുന്നതെങ്കിലും ഇത് പലപ്പോഴും അവ ളുടെ ചിന്തകൾക്കും വികാരങ്ങൾക്കും വിലങ്ങിടുന്ന മാതൃത്വമെന്ന സ്ഥാപനമായും മാറാറുണ്ട്. മാതൃത്വത്തിന്റെ രണ്ട് അനുഭവങ്ങളെയും പരിശോധിക്കുന്ന അമേരിക്കൻ കവിയും ഫെമിനിസ്റ്റുമായ ഏഡ്രി യൻറിച്ച് സ്ത്രീയുടെ സ്വച്ഛന്ദമായ മാതൃത്വാനുഭവങ്ങളെ ഇല്ലാതാക്കാൻ പുരുഷാധിപത്യത്തിനാവില്ലെന്ന് 'of women Born'ൽ ചൂണ്ടിക്കാട്ടിയി രുന്നു.[3] സ്ത്രീത്വത്തിന്റെ, സ്ത്രൈണതയുടെ സത്താപരസൂചകമായി മാതൃത്വത്തെ ആവിഷ്കരിക്കാനാണ് സുഗതകുമാരിയും ശ്രമിക്കുന്ന ത്. മാതൃത്വത്തിന്റെ സുഖശീതളിമയും നിസ്സഹായതയും കവി ഒരു പോലെ വ്യക്തമാക്കുന്നു.

മക്കളുടെ മാതൃസ്നേഹത്തിന്റെ നിറവിലൂടെ അമ്മയെ അവത രിപ്പിക്കുന്ന കവിതയാണ് 'അമ്മയുണ്ട്'.എത്രയൊക്കെ വളർന്നാലും ഏതൊക്കെ അപകടത്തിൽപ്പെട്ടാലും കാത്തിരിക്കാൻ അമ്മയുണ്ടെന്ന വിശ്വാസമാണ് മക്കൾക്കുള്ള ഒരേയൊരു പിടിവള്ളി. അത് പൊട്ടി യാൽ വീഴ്ച ആഴക്കയത്തിലേക്കാവും. അതിനാലാണ് മണ്ണെണ്ണയിൽ കരിഞ്ഞ ദേഹവുമായി വന്ന പൊന്നമ്മയും ഭ്രാന്താശുപത്രി ചികിത്സ

കഴിഞ്ഞിറങ്ങിയ അമ്പതുവയസ്സുകാരനായ തമിഴ്നാട്ടുകാരൻ കണ്ണനും ഭ്രാന്തിന്റെ നിഴലുകൾക്കപ്പുറമുള്ള നിത്യമായ സ്നേഹബോധത്തോ ടെയുള്ള പെണ്ണമ്മയുമെല്ലാം പോയവർഷങ്ങളുടെ കണക്കറിയാതെ 'അമ്മയുണ്ടമ്മയുണ്ടൊന്നിലും കൈവിടാ/ത്തെന്നും മരിക്കാത്തൊര മ്മയുണ്ട്' എന്നു വിശ്വസിക്കുന്നത്.

സ്നേഹവാത്സല്യങ്ങളും ത്യാഗമനോഭാവവും സംരക്ഷണഭാ വവും ഉൾക്കൊള്ളുന്ന വിശാലമായ വികാരപ്രപഞ്ചം സ്ത്രീക്ക് മാതൃ ത്വാനുഭവങ്ങൾ പ്രദാനം ചെയ്യുന്നെങ്കിലും ഇത് സ്ത്രീയെ ചൂഷണം ചെയ്യുന്നതിനുള്ള ഉപാധിയാക്കുന്നതിനോട് സുഗതകുമാരിക്ക് യോജി പ്പില്ല. മകളെ കൊല്ലേണ്ടതെങ്ങനെ എന്ന് പെറ്റമ്മ ചോദിക്കുന്ന നിസ്സ ഹായ നിമിഷങ്ങൾക്ക് സാക്ഷിയായിരുന്നല്ലോ കവി. മന്ദബുദ്ധിയായ മകൾക്കൊപ്പം മുപ്പത്തിയേഴ് വർഷം ജീവിച്ച അമ്മയുടേതാണ് ഈ ചോദ്യം. അതിന്റെ പശ്ചാത്തലമോ

> "ഇരുട്ടിലുള്ള ദുരിതത്തിനെ വേണ്ടയെന്നും
> കുന്നിച്ച ഭാരമിതു താങ്ങുക വയ്യയെന്നും
> നിന്നച്ഛനന്നു മനമേറെ മടുത്തുമാറി
> നിന്നമ്മതന്നൊഴിവിലന്യ വസിപ്പുപോലും"
> (കൊല്ലേണ്ടതെങ്ങനെ)

എന്നതും. കുട്ടികളെ വളർത്തേണ്ടത് സ്ത്രീയുടെ ചുമതലയാണെന്ന പൊതുബോധം പുലർത്തുന്ന പുരുഷാധിപത്യസമൂഹത്തിന്റെ ഇര യാണ് ഇവിടെ അമ്മ. വർത്തമാനകാലദുരന്തങ്ങൾ കണ്ണും മനസ്സും പൊള്ളിക്കുമ്പോൾ പെണ്ണ് നേരിടുന്ന ദുര്യോഗങ്ങൾ എണ്ണിയെ ണ്ണിപ്പറഞ്ഞ് മകളെ ഉപേക്ഷിക്കുന്ന നിസ്സഹായയായ മറ്റൊരമ്മയെ' പെൺകുഞ്ഞ് 90'ലും കാണാം. ആൺകോയ്മാപ്രത്യയശാസ്ത്രത്തി നുകീഴിൽ അമ്മ എന്ന നിലയിൽപോലും ചൂഷിതരാകുന്ന ഇത്തരം

അമ്മമാർക്ക് 'ചുടുന്നനെഞ്ഞുമായ്' ശിഷ്ടകാലം കഴിച്ചുകൂട്ടേണ്ടിവരും. രാഷ്ട്രീയത്തിന്റെ, മതത്തിന്റെ, വർഗീയതയുടെ പേരിൽ ആക്രമിക്കപ്പെടുന്നതും പെൺശരീരം തന്നെയാണല്ലോ.

"ഇവന്റെയമ്മയാൾക്കൂട്ടം
കാർന്നുതുപ്പിയെറിഞ്ഞോൾ
അരുതരുതെയെന്നു
ചത്തിട്ടും വിളികൂട്ടിയോൾ" (ചുടുന്ന നെഞ്ഞുമായ്)

അടിച്ചേല്പ്പിക്കപ്പെടുന്ന ഇത്തരം മാതൃത്വത്തിൽ അമ്മയും കുഞ്ഞും തമ്മിലുള്ള വൈകാരികബന്ധംപോലും പലപ്പോഴും അപ്രസക്തമാവുന്നു സ്ത്രീയെ ഉടലളവുകളിൽ ഒതുക്കുന്ന ഇത്തരം പുരുഷകാഴ്ചകളെ, ചെയ്തികളെ അതിനിശിതഭാഷയിൽ സുഗതകുമാരി വിമർശിക്കുന്നുണ്ട്.

**ഇവൾക്കു മാത്രമായി**

സ്ത്രീകൾക്കും കുട്ടികൾക്കും നേരെയുള്ള അക്രമണങ്ങളും കൊലപാതകങ്ങളും കൂടിക്കൊണ്ടിരിക്കുന്ന കാലത്തെ സുഗതകുമാരിക്ക് ഉൾക്കൊള്ളാനാവുന്നില്ല. 'എന്തുപറ്റീ നമുക്ക്' എന്നവർ ആവർത്തിച്ചു ചോദിക്കുന്നു. 'സാരെ ജഹാംസെ അച്ഛാ ഹിന്ദുസ്ഥാൻ ഹമാരാ' എന്നു പാടി കൊച്ചുകുട്ടിയുടെ ശരീരത്തിനുപോലും വിലയിടുന്ന സാമൂഹ്യ വൈകൃതത്തെ എതിരിടുന്നു. മരിച്ച കുഞ്ഞുങ്ങൾ വരുന്നുണ്ട് എന്ന് ഓർമ്മപ്പെടുത്തുന്നു. മദ്യപാനത്തിനു വീര്യം കൂട്ടാനും ആളുകളെ ലഹരി പിടിപ്പിക്കാനും പെൺകുട്ടിയെ ബലിയാടാക്കുന്ന സാമൂഹ്യവ്യവസ്ഥയെ ജെസ്സി പോലുള്ള കവിതകളിലൂടെ ചോദ്യം ചെയ്യുന്നു. നീതി, നിയമം, അധികാരം എന്നിവയിൽ ആൺകോയ്മയുടെ കേവലയുക്തികൾ മാത്രം വിജയിക്കുന്നത് വനിതാകമ്മീഷൻ അധ്യക്ഷ എന്ന നിലയിൽ അവർ നേരിട്ടറിഞ്ഞതുമാണ്

"കൂടെയുള്ളോനെ പിടിച്ചതില്ലാ
ആരുമേ മുണ്ഡനം ചെയ്തതില്ലാ
ഊരു വിലക്കിയുമില്ല വേഗം
പോകെന്നു വിട്ടതിൻ നീതിയെന്തേ" (വനിതാകമ്മീഷൻ)

എന്ന് കാലികമായ സാമൂഹികനീതിയെ വിചാരണ ചെയ്യുകയാണ് കവി. കയറിൻകൂട്ടത്തിൽക്കുരുങ്ങിയും മുറിവേറ്റ മെയ്യൊടിഴഞ്ഞും തീയിൽ കരിഞ്ഞും കറുത്തും വരുന്ന പെണ്ണിനെയാണ് സുഗതകുമാരിക്ക് അഭിമുഖീകരിക്കേണ്ടിവന്നത്. പതിവുചതിതൻ വ്യഥയുമായി, പറയാച്ചുമടിൻ വിളർപ്പുമായി വരുന്ന അവൾക്ക് പേരില്ല, അവളെന്നോ ഇവളെന്നോ ഉള്ള സർവനാമംതന്നെ ധാരാളം. 'ഇവൾക്കു മാത്രമായി' പാടാനാണ് കവിയുടെ ശ്രമവും. സ്ത്രീപർവ്വം എന്ന കവിതയിലെ നായികയും ഇവൾതന്നെ.

"ഉണരുക പാചകം ചെയ്യുക തിന്നുക
പണിയുക വീണ്ടുമുറങ്ങി വീഴ്ക
അവിടുത്തെ മക്കളെ പ്രസവിച്ചുപോറ്റുക
അവിടുത്തെ പൂജയാൽ ധന്യയാക"

ലിംഗപരമായ വിവേചനത്തിനുകീഴിൽ സ്വന്തം ശരീരത്തെക്കുറിച്ചുള്ള സ്വയംനിർണ്ണയാകവകാശം പോലും നഷ്ടപ്പെട്ട് ഗാർഹിക വൃത്തിയുടെ വിരസതാളങ്ങളിൽ ഒതുങ്ങേണ്ടിവരുന്ന സ്ത്രീയെയാണ് ഇവിടെ കാണാനാവുക. ജൈവപരമായ വ്യത്യസ്തതയെ സാമൂഹ്യ പദവിപരമായ വ്യത്യസ്തതയും കീഴാളത്തവുമായി കാണുന്ന നിലപാടിനോടാണ് സുഗതകുമാരിക്ക് വിയോജിപ്പ്. സ്ത്രീജീവിതം പരിമിതപ്പെട്ടുപോകുന്നതിന്റെ സാമൂഹികവും സാംസ്കാരികവും പ്രത്യയശാസ്ത്രപരവുമായ മാനങ്ങൾ തിരിച്ചറിയുന്ന സുഗതകുമാരി അതിനെ

തിരെയുള്ള പ്രതിരോധസ്വരങ്ങൾക്കും കവിതയിൽ പ്രാമുഖ്യം നൽകുന്നുണ്ട്.

**ചെറുത്തുനിൽപ്പിന്റെ പെൺഭാഷ്യങ്ങൾ**

നഷ്ടമാകുന്ന ആദർശത്തിൽ വേദനിക്കുന്നവരും ആത്മഹത്യ അഭയമാക്കുന്നവരും വിലാപത്തെ കൂട്ടുപിടിക്കുന്നവരും ജീവിതത്തെ തന്റേടത്തോടെ നേരിടുന്നവരുമായ സ്ത്രീചിത്രണത്തിലൂടെയാണ് പ്രതിഷേധത്തിന്റെ, പ്രതികരണത്തിന്റെ ഭിന്നമുഖങ്ങൾ സുഗതകുമാരി അവതരിപ്പിക്കുന്നത്. എഴുത്തുകാരിയായ സ്ത്രീ അനുഭവിക്കുന്ന സഹനസങ്കീർണതകളുടെ ആവിഷ്കരണവും പ്രതിരോധവും ഇവിടെ കടന്നുവരുന്നു. പുരുഷകല്പിതമായ ഭാഷാവ്യവഹാരത്തിൽ സ്ത്രീക്ക് മൂടുപടമണിഞ്ഞ ഭാഷയാണല്ലോ വിധിക്കപ്പെട്ടത്. ഭാഷക്കുമേലുള്ള ഈ വിലക്കുകളെ ഉൾക്കൊള്ളാനോ അതിജീവിക്കാനോ ആകാതെ തളർന്നുപോയ സ്ത്രീജീവിതത്തിന്റെ ചിത്രണമാണ് 'രാജലക്ഷ്മിയോട്' എന്ന കവിത. പണ്ട് നാമൊരേ ഭീതിയുടെ തിരമാലകൾ ഉയരുന്നതും താഴുന്നതും നോക്കി സഞ്ചരിച്ചവരാണെന്നു പറയുന്ന സുഗതകുമാരി തന്റെതന്നെ അപരകർതൃത്വം രാജലക്ഷ്മിയിൽ ദർശിക്കുന്നുണ്ട്. സ്ത്രീ അനുഭവിക്കുന്ന ഭീതിയിൽനിന്നും മാനസികാടിമത്തത്തിൽനിന്നും രക്ഷനേടാൻ ഉള്ളിലെ പരിഭ്രാന്തയായ പെൺകിടാവിനെ കൊല്ലുവാനുള്ള വഴിയും 'ബാധയൊഴിക്കലിൽ' കവി ആലോചിക്കുന്നുണ്ട്. ബാധ പൂർണ്ണമായി ഒഴിവാക്കാനാവില്ലെങ്കിലും സ്ത്രീക്ക് തന്നെത്തന്നെ തിരിച്ചറിയാനാവുന്നു എന്നത് പ്രധാനമാണ്. പുറത്തുനിൽക്കുന്ന ശക്തിയെ അകത്ത് കുടിയിരുത്താനാഗ്രഹിക്കുന്ന മനപരിവർത്തനമാണ് 'അകത്താര്' എന്ന കവിതയും.അബോധപരമായി സ്വാംശീകരിച്ച അടിമത്തബാധ മാറ്റിവെച്ച് തന്റേടത്തിന്റെ പാഠങ്ങൾ കൈക്കൊള്ളാനാണ് സ്ത്രീകളോട് സുഗതകുമാരി ആവശ്യപ്പെടുന്ന

ത്. ചെറുത്തുനിൽപ്പിന് സമയമായി, കരയരുത് പൊരുതുക എന്നിവ സുഗതകുമാരിയുടെ ലേഖനങ്ങളുടെ മാത്രമല്ല പ്രവർത്തനങ്ങളുടെ കൂടെ തലക്കെട്ടാകുന്ന വാക്യങ്ങളാണ്. സ്ത്രീകളിൽനിന്ന് ഉയർന്നുവ രേണ്ടുന്ന പ്രതിരോധശ്രമങ്ങളിലാണ് കവിയുടെ ഊന്നൽ. കനൽ പുകയുന്ന കണ്ണോടെ കയ്യിൽ ചിലമ്പുമുയർത്തിവരുന്ന സ്ത്രീയിലൂടെ പീഡിതചേതനയുടെ വിമോചനസ്വപ്നവും സുഗതകുമാരി ആവിഷ്ക രിക്കുന്നുണ്ട്. (വനിതാകമ്മീഷൻ). സ്ത്രീയുടെ സഹനമല്ല സമരവും അതിജീവനവുമാണ് സുഗതകുമാരിയുടെ ലക്ഷ്യം.

അശരണരും അക്രമങ്ങൾക്ക് വിധേയരാകുന്നവരുമായ സ്ത്രീക ളുടെ, പെൺകുട്ടികളുടെ പുനരധിവാസത്തിനുവേണ്ടിയുള്ള നിരവധി സ്ഥാപനങ്ങൾക്കും സുഗതകുമാരി നേതൃത്വം നൽകുകയുണ്ടായി. മനോ രോഗാശുപത്രിയിലെ നിസ്സഹായരായ സ്ത്രീകളുടെ നിലവിളി യിൽനിന്നും തുടങ്ങിയ അഭയ മുതൽ കർമ, മിത്ര, ശ്രദ്ധാഭവനം, അഭ യബാല, ബോധി, അത്താണി, പകൽവീട് തുടങ്ങി നിരവധി സ്ഥാപ നങ്ങൾ. ആക്ടിവിസ്റ്റ് എന്ന നിലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും പ്രകൃതിക്കുംവേണ്ടി നടത്തിയ ഇടപെടലുകൾ സുഗതകുമാരിയുടെ കാവ്യവീക്ഷണത്തെ ഏറെ ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്രകൃതിയുടെയും മാനവികതയുടെയും പ്രയാസങ്ങൾ ഏറ്റുവാങ്ങി ജ്വലിച്ചുണരുന്ന വാക്കി ലേക്കുള്ള പ്രയാണത്തിനു പ്രേരകംതന്നെ ഇത്തരം ഇടപെടലുകളാ യിരുന്നല്ലോ. ആത്മരോഷംകൊണ്ടു നൊന്തുപെറ്റ കവിതകൾ എന്ന് സുഗതകുമാരി തന്നെ തന്റെ പില്ക്കാലകവിതകളെ വിശേഷിപ്പിച്ചിട്ടു ണ്ട്.[4] 'ഉന്മാദിനിയായ വിപിനദുർഗ' എന്ന ബാലചന്ദ്രൻ ചുള്ളിക്കാ ടിന്റെ വിശേഷണവും ഇവിടെ ഓർക്കാവുന്നതാണ്.[5] ദുഃഖത്തിന്റെ രോഷത്തിന്റെ വാങ്മയത്താൽ പാരിസ്ഥിതിക വിവേകത്തിന്റെ, നൈതി

കജാഗ്രതയുടെ, സ്ത്രൈണനീതിയുടെ സ്വരം തീർക്കുകയാണ് കവയിത്രി.

സ്ത്രീയുടെ അനുഭവലോകത്തിലെ കടുത്ത ലിംഗാസമത്വങ്ങൾ ആവിഷ്കരിക്കുകവഴി സഹനത്തിന്റെയും പീഡനത്തിന്റെയും കമ്പോളവത്കൃത ശരീരബോധത്തിന്റെയും തടവറകളിൽനിന്ന് വിമോചിതരാവേണ്ടവരാണ് സ്ത്രീകൾ എന്ന ആശയമാണ് സുഗതകുമാരി മുന്നോട്ടുവയ്ക്കുന്നത്. സ്ത്രീക്ക് ആത്മാഭിമാനത്തോടെ മുന്നോട്ടു പോകാനാവുന്ന, പാരസ്പര്യത്തിൽ അധിഷ്ഠിതമായ കുടുംബസാമൂഹ്യ രാഷ്ട്രീയ സംവിധാനമാണ് അവരുടെ ലക്ഷ്യം. ഇത്തരമൊരു പരിവർത്തനയിടത്തിനായി പ്രവർത്തിക്കാൻ സ്വത്വബോധമാർജിക്കുന്ന സ്ത്രീക്ക് കഴിയുമെന്ന വിശ്വാസം അവർ കൃതികളിലൂടെ മുന്നോട്ടു വയ്ക്കുന്നു.സാമൂഹികനീതിയെ, ജനാധിപത്യവത്കരണത്തെ സാധ്യമാ ക്കുന്ന ഇടങ്ങൾക്കായുള്ള ജാഗ്രത്തായ ഇത്തരം ശബ്ദങ്ങളാണ് സുഗതകുമാരിയെ സമകാലികതയുടെ സ്ത്രീസ്വരമാക്കുന്നതും.

## കുറിപ്പുകൾ

1. ബാലാമണിയമ്മ, *മുത്തുച്ചിപ്പിയുടെ അവതാരിക*, സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, കോട്ടയം: ഡി.സി. ബുക്സ്, 2007, പുറങ്ങൾ 23-24.
2. സുഗതകുമാരി / ലളിതാലെനിൻ, *'തോൽക്കുന്ന യുദ്ധത്തിലെ തോൽക്കാത്ത പോരാളി (അഭിമുഖം)*, കാട്ടുകിളിയുടെ പാട്ട്, ടോണി മാത്യു (എഡി), തിരുവനന്തപുരം:കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2011, പുറം: 486.
3. Adrienne Rich, *of women Born: Motherhood as Experience and Institution,* New York: ww norton, 1976, P13.

4. സുഗതകുമാരി / എം.പി. സുരേന്ദ്രൻ 'അവസാനമായി എനിക്ക് ചിലത് പറയാനുണ്ട്' (അഭിമുഖം), മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുസ്തകം 98, ലക്കം 42, 2021 ജനുവരി 3-09, പുറം. 13.
5. ബാലചന്ദ്രൻ ചുള്ളിക്കാട്, ലോകാനുരാഗത്തിന്റെ അഭിജ്ഞാനം, പൂവഴി മരുവഴി, സുഗതകുമാരി, കോട്ടയം: ഡി.സി. ബുക്സ്, 2016, പുറം. 13.

## സഹായകഗ്രന്ഥങ്ങൾ


1. ടോണിമാത്യു(എഡി.), *കാട്ടുകിളിയുടെ പാട്ട്*, തിരുവനന്തപുരം: കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, 2011.
2. സുഗതകുമാരി, *പൂവഴി മരുവഴി*, കോട്ടയം: ഡി.സി.ബുക്സ്, 2016.
3. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, കോട്ടയം: ഡി.സി.ബുക്സ്, 2007.
4. Andrienne Rich, *Of Women Born: Motherhood as experience and institution,* Newyork:ww Norton, 1976.

# നിന്നെ വിട്ടെങ്ങുപോകാൻ

**സജിത കിഴിനിപ്പുറത്ത്**

പ്രകൃതി സംരക്ഷണത്തെ ജീവിതവ്രതമാക്കിയെടുത്ത എഴുത്തുകാരിയാണ് സുഗതകുമാരി. ഹരിതാത്മകമായ ഒരു നവീനഭാവുകത്വമാണ് അവരുടെ കവിതകൾ മലയാളത്തിലേയ്ക്ക് കൊണ്ടുവന്നത്. ജൈവകേന്ദ്രിതമായ ഈ അവബോധം സുഗതകുമാരിക്കവിതകളുടെ അന്തഃസത്തയായി പ്രവർത്തിക്കുന്നതെങ്ങനെ എന്ന ആലോചന മലയാള കവിതയിലെ പാരിസ്ഥിതികാവബോധത്തെ അടയാളപ്പെടുത്തുന്നതിന് അനിവാര്യമാണ്.

മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന അതിരുകടന്ന ഇടപെടൽ പ്രകൃതിയുടെ ജൈവസന്തുലനം തകരാറിലാക്കിയിരിക്കുന്നു എന്ന തിരിച്ചറിവാണ് പാരിസ്ഥിതിക ചിന്തയുടെ ഉത്ഭവത്തിനിടയാക്കിയത്. ഭൂമി മനുഷ്യോപയോഗത്തിന് മാത്രമുള്ളതല്ല മറിച്ച് മനുഷ്യൻ ജൈവസമൂഹത്തിലെ ഒരംശം മാത്രമാണ് എന്ന നിലപാടാണ് ഈ പുതിയ അവബോധം പ്രാഥമികമായും മുന്നോട്ടുവെയ്ക്കുന്നത്. പ്രകൃതിയുടെ തിരോധാനത്തെ പ്രതിരോധിക്കാൻ കലയ്ക്കും സാഹിത്യത്തിനും കഴിയും എന്ന ഉറച്ച വിശ്വാസം ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളോടെ സാഹിത്യത്തിൽ ശക്തമാകുന്നുണ്ട്. പാരിസ്ഥിതികാവബോധം ഒരു ചിന്താ-പ്രവർത്തനപദ്ധതിയാണ്. അതുകൊണ്ടുതന്നെ പരിസ്ഥിതി ചിന്ത സാഹിത്യാവിഷ്കാരങ്ങളെ സാമൂഹ്യപ്രവർത്തനത്തിന്റെ ഭാഗമായാണ് കാണുന്നത്. ചിന്തയിലും പ്രവൃത്തിയിലും ഈ ജൈവദർശനത്തെ തന്റെ കാവ്യദർശനമായി സ്വീകരിച്ച കവിയാണ്

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

സുഗതകുമാരി. ഭൂമിയുടെ അതിജീവനത്തിന് അനിവാര്യമായ ഈ ദർശനം അവരുടെ സാമൂഹ്യപ്രവർത്തനത്തെയും എഴുത്തിനെയും പരസ്പരപൂരകമാക്കി നിർത്തുന്നു.

കേരളത്തിൽ പാരിസ്ഥിതികാവബോധം ശക്തമായത് പ്രധാനമായും 1970കളിൽനടന്ന 'സൈലന്റ് വാലി' വനസംരക്ഷണവുമായി ബന്ധപ്പെട്ടാണ്. സൈലന്റ് വാലി സമരത്തിന്റെ നേതൃത്വനിരയിൽ ഉണ്ടായിരുന്നത് കേരളത്തിലെ എഴുത്തുകാരായിരുന്നു എന്നത് ശ്രദ്ധേയമാണ്. എഴുത്തുകാരുടെ നേതൃത്വത്തിൽ രൂപംകൊണ്ട, ലോകത്തിലെ തന്നെ ആദ്യത്തെ പരിസ്ഥിതി പ്രസ്ഥാനമാണ് എൻ.വി. കൃഷ്ണവാരിയരുടെ അധ്യക്ഷതയിൽ രൂപീകരിക്കപ്പെട്ട 'പ്രകൃതി സംരക്ഷണ സമിതി'. അതിൽ അംഗമായിക്കൊണ്ടാണ് പാരിസ്ഥിതിക പ്രവർത്തനത്തിൽ സുഗതകുമാരി സജീവമാകുന്നത്. ഈ പ്രവർത്തനങ്ങൾ തന്റെ ധൈഷണികവും വൈകാരികവുമായ അനുഭവങ്ങളെ വിപുലപ്പെടുത്തിയതെങ്ങനെയെന്ന് അവർ രേഖപ്പെടുത്തുന്നുണ്ട്.

"പെട്ടെന്ന് ജീവിതത്തിന്, ജീവിതലക്ഷ്യങ്ങൾക്ക്, ജീവിതശൈലിക്ക് കഠിനമായ മാറ്റങ്ങളുണ്ടായി. അതു ഞങ്ങളെ പിടിച്ചുലച്ചു. അന്നുവരെ ഉണ്ടായിരുന്ന ഞങ്ങളല്ല ആ കാലഘട്ടത്തിന്റെ ചൂടിലൂടെ കടന്ന് ഇപ്പുറത്തു കയറിയ ഞങ്ങൾ. ഞങ്ങൾ മനസ്സുകൊണ്ട് ഭൂമിയെ പുണരുന്നവരായി. പൂക്കളെയും കിളികളെയും കുഞ്ഞുങ്ങളെയും ശലഭങ്ങളെയും സ്നേഹത്തിന്റെ കണ്ണുകൾകൊണ്ട് മാത്രമല്ല, ആശങ്കയുടെ കണ്ണുകൾകൊണ്ടും നോക്കിക്കാണുന്നവരായി. ആ നോക്കിക്കാണലിന്റെ ചുറ്റളവിൽ ഏറെ മുഖങ്ങൾ തെളിഞ്ഞുവന്നുകൊണ്ടിരുന്നു. പീഡിതകളായ സ്ത്രീകളുടെ മുഖം, എല്ലാം നഷ്ടപ്പെടുന്ന ആദിവാസികളുടെ മുഖം, ശരണമറ്റ ഓരോ ജീവികളുടെയും മുഖം, ശബ്ദമി

ല്ലാത്തവരുടെ ശബ്ദമാവാൻ ഞാൻ ശ്രമിക്കുകയാണ്" (അഭിമുഖം അക്ബർ കക്കട്ടിൽ 1993 പു. 7).

ഇങ്ങനെ വൈയക്തികതലത്തിൽ രൂപപ്പെട്ട അവബോധവികാസം കവിതയിലും സാക്ഷാത്കരിക്കാൻ സാധിച്ചു എന്നതാണ് സുഗതകുമാരിയെ ശക്തയായ പാരിസ്ഥിതിക കവിയാക്കി മാറ്റിയത്. സുഗതകുമാരിക്കവിതകളെ സൈലന്റ് വാലിക്ക് മുൻപ് രചിക്കപ്പെട്ടവയെന്നും പിൻപ് രചിക്കപ്പെട്ടവയെന്നും രണ്ട് ഘട്ടങ്ങളായി തിരിക്കാവുന്നതാണ്. പ്രകൃത്യാവബോധം ആദ്യകാല കവിതകളിൽ കവിസഹജമായി വരുന്നുണ്ടെങ്കിലും അവ പാരിസ്ഥിതികാവബോധമായി ദിശാബോധം നേടുന്നത് എൺപതുകളോടെയാണ്. കവിതയെ സാമൂഹ്യജീവിതത്തിൽ ക്രിയാത്മകമായി ഇടപെടാനുള്ള മാധ്യമമാക്കി മാറ്റുകയായിരുന്നു അവർ. പ്രകൃതി, പരിസ്ഥിതി തുടങ്ങിയ പദങ്ങളെല്ലാം പാരമ്പര്യ അർത്ഥവിവക്ഷയോടെയല്ല പാരിസ്ഥിതിക ചിന്തയിൽ അവതരിപ്പിക്കപ്പെടുന്നത്. മനുഷ്യൻ അകന്നുനിന്നു കാണുന്ന സുന്ദരവസ്തുവല്ല ഇവിടെ പ്രകൃതി. മനുഷ്യന്റെ ആക്രമണം കൊണ്ട് ക്ഷതമേറ്റ ഒന്നാണത്. അതുപോലെ പരിസ്ഥിതിയെന്നത് വെറും ഭൗതികമായ ചുറ്റുപാടുമല്ല. പരിസ്ഥിതിയിൽ നിന്നും ഭിന്നമായ ഒന്നല്ല മനുഷ്യന്റെ അസ്തിത്വമെന്നും മനുഷ്യപ്രവർത്തനങ്ങൾ അതിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് എന്നുമുള്ള തിരിച്ചറിവാണത്. ഈ ഒരു ബോധനവീകരണം സുഗതകുമാരിയുടെ പിൽക്കാല കവിതകളിൽ ശക്തമായി കടന്നുവരുന്നുണ്ട്. മനുഷ്യനെ പ്രകൃതിയുടെ ഒരു അംശമായി കാണൽ, പ്രകൃതിയുമായുള്ള അന്യവല്ക്കരണം സൃഷ്ടിച്ച പാരിസ്ഥിതിക ചൂഷണത്തെക്കുറിച്ചുള്ള ധാരണ, പാരിസ്ഥിതിക പ്രതിസന്ധിയുടെ ഭീകരതയെക്കുറിച്ചുള്ള അറിവ്, സർവ്വചരാചരങ്ങളോടുമൊപ്പം നശിച്ചുപോകുന്ന ഭൂമിയെക്കുറിച്ചുള്ള ഭീതി, പാരിസ്ഥിതിക പ്രവർത്തന

ങ്ങൾക്ക് ഇവയെ എത്രമാത്രം തടയാനാകുമെന്ന ഉത്കണ്ഠ എന്നിവ യെല്ലാം കവിതകളിൽ സജീവമായി ഉന്നയിക്കപ്പെടുന്നുണ്ട്. ഈ അവബോധം സമർത്ഥമായി ആവിഷ്ക്കരിക്കാൻ പര്യാപ്തമായ ഒരു പാരിസ്ഥിതിക ഭാഷയും കവിതകളിൽ വികസിക്കുന്നുണ്ട്.

**ജൈവകേന്ദ്രിത വീക്ഷണം**

പാരിസ്ഥിതിക വീക്ഷണം മനുഷ്യകേന്ദ്രിതവാദത്തെ (anthropocentrism) നിരാകരിച്ചുകൊണ്ട് പ്രകൃതിയെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുന്നു. മനുഷ്യൻ പ്രകൃതിയുടെ ഒരംശം മാത്രമാണെന്ന തിരിച്ചറിവാണ് അത് നൽകുന്നത്. അമേരിക്കൻ ആദിവാസി കവിയായ ജോയ് ഹാർജോ പ്രകൃതിയെ ആവിഷ്കരിക്കുന്നത് ഇങ്ങനെയാണ്;

"എന്നെ നോക്കൂ
ഞാൻ വിഭജിതയായ സ്ത്രീ മാത്രമല്ല
ഞാനീ നീലാകാശത്തിന്റെ തുടർച്ചയാണ്
സാൻഡിയാ കുന്നുകളുടെ
കണ്ഠമാണ് ഞാൻ
ഓരോ നിശ്വാസത്തിലും തപിക്കുന്ന
രാക്കാറ്റാകുന്നു ഞാൻ."

താനും പ്രകൃതിയും രണ്ടല്ല എന്ന ദർശനം സുഗതകുമാരിക്കവിതക ളിൽ ഉള്ളടങ്ങിയിട്ടുണ്ട്. പ്രകൃതിയിലെ ഓരോ ഭാവമാറ്റത്തിന്റെയും പ്രതിഫലനം മനുഷ്യമനസ്സിലും സംഭവിക്കുന്നത് 'തുലാവർഷത്തിൽ' എന്ന കവിതയിൽ ഇങ്ങനെ ആവിഷ്കരിക്കുന്നു;

"രാവാണു തണുപ്പാണു
മരവിപ്പിക്കും വർഷ-
കാലമാ,ണിരുളാണു
മന്നിലും മനസ്സിലും" (സുഗതകുമാരി 2006 പു.61)

മഴ പെയ്യുന്നതിനെ മയിലിന്റെ നൃത്തമായി സങ്കല്പിക്കുന്ന 'വർഷമയൂരം' എന്ന കവിതയിൽ അതിനോടൊപ്പം നൃത്തം ചെയ്യുന്ന മനുഷ്യമനസ്സിനെയും വർണിച്ചിരിക്കുന്നു. മഴ ഈ ഭൂമിയെ കുളിർപ്പിക്കുമ്പോൾ അതോടൊപ്പം മനസ്സും കുളിരണിയുന്നു. ഭൂമിയിൽ പുഷ്പലതാദികൾ വിടരുന്നതിന് സമാനമായി മനസ്സിൽ കവിത വിരിയുന്നു.

"അവളോടൊപ്പം വാടി
ക്കരിഞ്ഞ മണ്ണിൻ പൊള്ളും
കരളിൽ പുതിയൊരു
ജീവിതമുണർത്തുമ്പോൾ
പുല്ലായി, നാമ്പായ്, പുതു-
പൂവുകളുമായി, പ്പൊന്നിൻ
നെല്ലായി മരങ്ങളായ്-
തെന്നലായ് കനിയായി
നൂറു ചോലകളായി
ക്കായലായ് കടലായി
മാറുമിത്തെളിനീരിൻ
ഗാനമായ്ത്തീരുന്നു ഞാൻ" (പു. 32)

ഓരോ മനുഷ്യമനസ്സും വിശാലമായ ഈ പ്രകൃതിയുടെ ഒരു പകർപ്പു തന്നെയാണ്. ചരാചരപ്രപഞ്ചത്തെ ഉൾക്കൊള്ളുന്ന തന്റെ മനസ്സിനെക്കുറിച്ച് 'പാഴ്മരം' എന്ന കവിതയിൽ വർണിക്കുന്നത് ഇങ്ങനെയാണ്.

"കാറ്റിനെസ്സുഗന്ധത്തെ
ക്കിളിയെ, വസന്തത്തെ
പോറ്റുന്നേനെന്നുള്ളത്തിൽ" (പു. 355)

മനുഷ്യന്റെ അതിരുകടന്ന ഇടപെടൽ ഈ ഭൂമിയെ ശുഷ്കമാക്കി. അതോടൊപ്പം മനുഷ്യമനസ്സിലെ ആർദ്രതയും വറ്റിപ്പോയി. സമൃദ്ധി നഷ്ടപ്പെട്ട ഭൂമിയെയും മനസ്സിനെയും കുറിച്ചുള്ള ആധിയാണ് 'സ്ത്രീപർവ്വ'ത്തിലുള്ളത്.

"മരുവല്ലായിരുന്നല്ലോ, മലർപോലെ മഴപെയ്ത
മലയാള മണ്ണായിരുന്നെന്റെ ചിത്തം" (പു. 498)

മണ്ണിന്റെ വരൾച്ചയും മനസ്സിന്റെ വരൾച്ചയും സമാന്തരപ്രക്രിയയാണെന്ന് ഇവിടെ കാണാം. ഈ ഭൂമിയുടെ ആർദ്രത നഷ്ടപ്പെട്ടതാണ് തന്റെ മനസ്സിന്റെ ആർദ്രതയും നഷ്ടപ്പെടാൻ കാരണമെന്നറിയാതെ അലയുന്ന മനുഷ്യന്റെ ചരിത്രം 'മരങ്ങൾ' എന്ന കവിതയിലുണ്ട്.

"വരളുന്നു പോൽ മണ്ണി
ന്നുൾത്തടം, ഹൃദയങ്ങൾ
വരളുന്നുപോൽ തെല്ലൊ-
രാർദ്രത തേടിത്തേടി
യലയുന്നുപോൽ യുഗത്തിന്റെ
യന്ധനാം പുത്രൻ" (പു. 664)

ഭൂമിയിൽ നിന്ന് നഷ്ടപ്പെട്ടുപോവുന്ന ആർദ്രതയും കരുണയും പച്ചപ്പും മനുഷ്യമനസ്സിൽ നിറയ്ക്കാൻ കഴിഞ്ഞാൽ ഈ മണ്ണും ഹരിതാഭമാക്കാം എന്ന് ഈ കവിതയിൽതന്നെ പ്രത്യാശിക്കുന്നുണ്ട്.

"തോഴ നിൻ മനസ്സിലോ?
ഞാനെന്റെ കരംകൊണ്ടു
പൂമരമൊന്നിൻ വിത്തു
നട്ടതു മുളച്ചുവോ?
ഇത്തിരിയൊരു പച്ച നനവും കാരുണ്യത്തിൻ
പെയ്ത്തുമാ മനസ്സിൽ ഞാൻ

പതുക്കെ നിറച്ചുവോ?
അതുപോരുമേ ജന്മം
ധന്യമാകുവാൻ" (പു. 662)

പ്രകൃതിയുമായി അനന്യമായൊരു ബന്ധം കാത്തുസൂക്ഷിക്കുന്നവർക്കു മാത്രമേ അതിന്റെ ആർദ്രതയും രൗദ്രതയും ദർശിക്കാനാവൂ. 'നിലാവ്' എന്ന കവിതയിൽ യന്ത്രയുഗത്തിന്റെ പിടിയിലമർന്ന മനുഷ്യൻ കാണാതെ പോകുന്ന നിലാവിന്റെ ഭംഗികളെയാണ് കവി വർണിക്കുന്നത്. മനുഷ്യന്റെ കണ്ടുപിടുത്തങ്ങൾക്കു മുന്നിൽ പേടിച്ചരണ്ടുപോകുന്നു നിലാവ്.

"ആകെത്തിരക്ക് നിലാവിന് വൈദ്യുതി
വേഗമെത്തും! രാകഴിഞ്ഞുപോകും" (പു. 647)

പ്രകൃതിയിലെ എല്ലാ ജൈവരൂപങ്ങളിലും പ്രവഹിക്കുന്നത് ഒരേ ചൈതന്യമാണെന്ന ദർശനം 'മഴ' എന്ന കവിതയിലുണ്ട്.

"ഒരു താളത്തിലൊരേരാഗത്തി-
ലൊരേ ചുവടിൽ പുതു നർത്തനമാടു
ന്നലരുകൾ, പുല്ലിൻ നാമ്പുകൾ, നമ്മുടെ
കരളുകൾ, പുളകം പൂണ്ടോരിലകൾ" (പു. 144)

കോടിക്കണക്കിന് ജൈവരൂപങ്ങളുള്ള ഈ പ്രപഞ്ചത്തിൽ മനുഷ്യൻ അതിലൊന്ന് മാത്രമാണെന്ന അറിവിന്റെ വിനയം ഉൾക്കൊള്ളുന്ന കവിതയാണ് 'അനുരാഗം'

"കുതിച്ചുരുളും ഭൂവിൻ കോണിൽ
വിറയ്ക്കും ചില്ലത്തുമ്പിൽ
ഒരു ബിന്ദുവായ് തങ്ങി
തിളങ്ങും ഞാൻ" (പു. 280)

ഭൂമിയിലെ നന്മകളെല്ലാം കുറച്ചുപേരുടെ ദുരാഗ്രഹം കൊണ്ടാണ് നഷ്ടപ്പെട്ടുപോകുന്നതെന്ന ചിന്ത കവിതകൾ പങ്കുവെയ്ക്കുന്നുണ്ട്. അതുകൊണ്ട് തന്റെ സങ്കല്പഭൂമിയിൽ നിന്ന് ഈ ദുഷ്ടശക്തികളെ കുടിയിറക്കുകയാണ് 'ഭ്രാന്തമാം സ്വപ്നം' എന്ന കവിതയിൽ കവി. സങ്കല്പത്തിലെ ഈ നല്ല ഭൂമിയിൽ ആരൊക്കെ ബാക്കിയാവണമെന്ന് കവി പറയുന്നുണ്ട്.

"കളങ്കമേലാത്ത കിടാങ്ങളും കൊച്ചു
കിളികളും സാധുമൃഗങ്ങളും വൃക്ഷ
ശതങ്ങളും പിന്നെയിവിടെ വാഴും സ-
ജ്ജനങ്ങളുമൊഴിച്ചഖിലവും കത്തി-
യെരിഞ്ഞടങ്ങട്ടെ" (പു. 572)

**പരിസ്ഥിതി നാശത്തിന്റെ മുഖം**

ഭൂമി എത്രമാത്രം മലിനമാക്കപ്പെടുന്നുവെന്ന ഉത്കണ്ഠ സുഗതകുമാരിക്കവിതകളിൽ സജീവമായുണ്ട്. പാരിസ്ഥിതിക പ്രശ്നത്തിന്റെ സങ്കീർണമായ നിരവധി മേഖലകളെ സ്പർശിക്കുന്നതോടൊപ്പം വികസനത്തെക്കുറിച്ചുള്ള ജനകീയ കാഴ്ചപ്പാടും പരിസ്ഥിതിയെക്കുറിച്ചുള്ള സന്തുലിതമായ അവബോധവും കവിതകൾ അടയാളപ്പെടുത്തുന്നു. ജലമലിനീകരണം, അന്തരീക്ഷ മലിനീകരണം എന്നിവയെല്ലാം മനുഷ്യന്റെ അവിവേകം വരുത്തിയ പരിസ്ഥിതിനാശത്തിന്റെ വിവിധ മുഖങ്ങളാണ്. വ്യാവസായിക വികസനത്തിന്റെ ഭാഗമായി ഉയർന്നുവന്ന വൻകിട കമ്പനികളാണ് അന്തരീക്ഷവും ജലവും മലിനമാക്കിയതെന്നും ഇവ വെന്നിക്കൊടി പാറിക്കുന്ന ഭൂമിയിൽ എങ്ങിനെ ശുദ്ധമായൊരു പരിസ്ഥിതി നിലനിൽക്കും എന്ന ഉത്കണ്ഠയും ഉൾക്കൊള്ളുന്നു 'എങ്ങിനെ' എന്ന കവിത.

"കമ്പനിപ്പുക പൂശി

മുഷിഞ്ഞൊരിവിടെയോ
തിങ്കളിന്നിതളുകൾ
വിരിവൂ...! ചോദ്യം മൗഢ്യം
എങ്ങിനെ കരിഞ്ചുണ്ടി-
പ്പായലും ചേറും തൊണ്ടു-
ചീയലും കൂത്താടിയെ-
കൊല്ലുമോയിലും ചേർന്നു
കൊഴുത്തു കണ്ണീരുപ്പു-
കലർത്തുമിവിടെയോ
ഉദിപ്പൂ വെള്ളാമ്പലിൻ
പൂങ്കുല! ചോദ്യം മൗഢ്യം" (പു. 465)

മലിനമായ ഈ പരിസ്ഥിതിയിൽ ജീവിക്കാനാവാതെ ജീവജാലങ്ങൾ ഒന്നൊന്നായി പിൻവാങ്ങുന്ന കാഴ്ച 'തെംസ് നദിയോട്' എന്ന കവിതയിലുണ്ട്.

"മർത്ത്യർ കയ്പ്പേറ്റിയ നിൻ മാറിടം വിട്ടു
പൊട്ടിക്കരഞ്ഞു പറന്നുപോയ് പക്ഷികൾ
പോകുവതെങ്ങ്? നിൻ നഞ്ഞിൽ മുങ്ങിത്താണു
ചാകുകയായ് നിന്നരുമയാം മീനുകൾ
പൂക്കൾ വിരിയാത്ത പുല്ലും കിളിർക്കാത്ത
ദീർഘതീരങ്ങളിരുണ്ടു കറകളാൽ" (പു. 504)

വൻ അണക്കെട്ടുകൾ നിർമ്മിക്കാനും വൻ വ്യവസായശാലകളുടെ നടത്തിപ്പിനും വേണ്ടി നദികളെയെല്ലാം പിടിയിലൊതുക്കിയ മനുഷ്യൻ ഭൂമിയിൽ പച്ചപ്പും ആർദ്രതയും നിലനിർത്തുന്ന വൃക്ഷങ്ങളെയും വെറുതെ വിടുന്നില്ല. ആയുധങ്ങളുമേന്തി ഈ ഭൂമിയെ മുഴുവൻ അധീനതയിലാക്കിയ മനുഷ്യന്റെ പുരോഗതിയുടെ കഥയിൽ തനിക്ക് ഒട്ടും

അഭിമാനം തോന്നുന്നില്ലെന്ന് 'ആഗസ്റ്റ് 15, 1981' എന്ന കവിതയിൽ കവി വ്യക്തമാക്കുന്നുണ്ട്. പുരോഗതിയുടേതായി വിലയിരുത്തുന്ന ഓരോ കാഴ്ചയും പാരിസ്ഥിതിക തകർച്ചയുടെ വിവിധമുഖങ്ങളാണെന്ന് ഈ കവിത വിലയിരുത്തുന്നു.

"മുടിയുന്ന സഹ്യമുടികളെ നോക്കി-
ക്കെടുതിയേറുമീ നിറമണ്ണും നോക്കി
വിഷമൊലിക്കുന്ന പുഴകളെ നോക്കി
മുറിച്ചു വീഴ്ത്തുന്ന വനങ്ങളെ നോക്കി
നെടും കൈകൾ വിണ്ണിലുയർത്തിക്കേണുനി-
ന്നെരിഞ്ഞിടുന്ന വൻമരങ്ങളെ നോക്കി
ചതിയിൽ വീഴുന്ന കരികൾ തന്റെ ചെ-
ന്നിണമുണങ്ങിയ വെളുത്ത കൊമ്പുകൾ
നിരത്തിവെച്ചതിന്നിടയിൽ കണ്ട, ര-
ണ്ടിളം കൊമ്പിൻ പിഞ്ചുമുളകളെ നോക്കി" (പു. 574)

തനിക്ക് സ്വസ്ഥമായിരിക്കാൻ കഴിയുന്നില്ലെന്ന് കവി പ്രഖ്യാപിക്കുന്നു. മനുഷ്യന്റെ ധാർമികമായ അധഃപതനമാണ് പരിസ്ഥിതി മലിനീകരണത്തിന്റെ പ്രധാനകാരണമായി സുഗതകുമാരി കണക്കാക്കുന്നതെന്ന് കവിതകൾ വ്യക്തമാക്കുന്നുണ്ട്. 'ക്യൂ നിൽക്കുന്നു ഞങ്ങൾ' എന്ന കവിത അതിന് ഉദാഹരണമാണ്. ജീവൻ നൽകിയ ഓരോന്നിനും വളരാൻ വേണ്ട സാഹചര്യം ഈ ഭൂമി ഒരുക്കുന്നുണ്ട്. പക്ഷെ, ദുരമൂത്ത മനുഷ്യൻ മാത്രം ഒന്നിലും സംതൃപ്തനാകുന്നില്ല എന്ന സത്യമാണ് 'നിന്നെ വിട്ടെങ്ങുപോകാൻ' എന്ന കവിതയിലുള്ളത്.

"രത്നഗർഭയാമമ്മ
സർവ്വവും നീട്ടിക്കൊണ്ടു
നിൽക്കിലും തമ്മിൽ തല്ലി-

ച്ചാവുമിക്കാടാങ്ങളെ
വെറുക്കുന്നൂ ഞാൻ" (പു. 494)

ആധുനിക മനുഷ്യന്റെ വ്യാവസായിക പുരോഗതിയും അതിരുകടന്ന പ്രകൃതി ചൂഷണവും നിമിത്തം ഭൂമിയുടെ നിലനിൽപുപോലും ചോദ്യം ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ മനുഷ്യന്റെ വളർച്ച ഏതുതരത്തിലുള്ളതാണ് എന്ന അവബോധത്തിന് തികച്ചും സാംഗത്യമുണ്ട്. മനുഷ്യവളർച്ചയുടെ ദിശ അധാർമികമാണെന്ന തിരിച്ചറിവ് സുഗതകുമാരിക്കവിതകൾ നൽകുന്നുണ്ട്. അനുദിനം വളർന്നുകൊണ്ടിരിക്കുന്ന മനുഷ്യനിലെ ഭൂമിയെ കീഴടക്കുകയും നശിപ്പിക്കുകയും ചെയ്യുന്ന പുരോഗമനവാഞ്ഛയെ 'കൊളോസസി'നോടാണ് കവി ഉപമിക്കുന്നത്. കൊന്നും മുടിച്ചുമാണ് മനുഷ്യൻ ഈ വളർച്ച കൈവരിച്ചതെന്ന് 'കൊളോസസ്' എന്ന കവിതയിൽ കവി രേഖപ്പെടുത്തുന്നുണ്ട്.

"...വിറപൂണ്ടു ചിരിച്ചാ-
ഭീകരനൊന്നു കുനിഞ്ഞീ നമ്മുടെ
ഭൂതലമാക്കൈയിലെടുത്തു നിവർന്നീടുന്നു
നാവു പുളഞ്ഞോരോ കോണും
നക്കിനുണച്ചതു തിന്നു തുടങ്ങീടുന്നു" (പു. 138)

ഭാരതത്തിലെ മതങ്ങളും വിശ്വാസങ്ങളും പുലർത്തിപ്പോന്ന സർവ്വ ചരാചരങ്ങളെയും ആദരിക്കുന്ന മനോഭാവത്തെ തന്റെ പാരിസ്ഥിതിക ബോധത്തിന്റെ അടിത്തറയായി കാണുന്നുണ്ട് സുഗതകുമാരി. പ്രകൃതിയുമായി ഒത്തിണക്കത്തോടെ ജീവിച്ചുപോകുന്നതിന് അവ വളരെയധികം സഹായകമായി എന്ന വീക്ഷണം അവർ പുലർത്തുന്നുണ്ട്. 'ഇതു മഹാഭാരതം' എന്ന കവിതയിൽ അത് ഇങ്ങനെ ആവിഷ്കരിക്കുന്നു;

"ഒരു നൂറു നദികളുണ്ടേതു പേരാകിലും
അവയൊക്കെ ഗംഗയാകുന്ന നാട്
ഇവിടെക്കരിങ്കല്ലു ശിവലിംഗമാലില
ത്തളിരിലും കണ്ണന്നു തൊട്ടിലാട്ടം
ഇവിടുത്തെ വൃക്ഷങ്ങൾ ദേവതാത്മാക്കളീ
പ്പടരുന്ന പുല്ലും പവിത്രജന്മം" (പു. 826)

ഭൂമിയുടെ ഏക അവകാശി മനുഷ്യനാണെന്ന ചിന്ത അതിന്റെ പാരമ്യ ത്തിലെത്തിയത് ആധുനിക വികസന സങ്കല്പങ്ങളുടെ വളർച്ചയോടെ യാണ്. ഭൂമിക്കും അതിലെ എണ്ണമറ്റ ജീവജാലങ്ങൾക്കും മനുഷ്യചൂഷ ണോപാധി എന്നതിൽക്കവിഞ്ഞ് ഒരർത്ഥവും ഇവിടെ നൽകുന്നില്ല. മനുഷ്യപീഡനമേറ്റ് നരകയാതന അനുഭവിക്കുന്ന അനേകം ജീവികൾ സുഗതകുമാരിക്കവിതകളിൽ അണിനിരക്കുന്നുണ്ട്. 'പക്ഷിശാസ്ത്രം', 'ഏറേറ്റ നായ', 'ആന', 'കവിഹൃദമയമോ നീ വിഹഗമോ' തുടങ്ങിയ കവിതകൾ ഈ ഗണത്തിൽപ്പെടുന്നവയാണ്. ഇവിടെയെല്ലാം ജീവി കളെ അവയുടെ നൈസർഗിക വളർച്ചയ്ക്ക് തടസ്സം സൃഷ്ടിച്ച് മനു ഷ്യോപയോഗത്തിനായി പരുവപ്പെടുത്തുന്നത് പ്രകൃതിചൂഷണത്തിന്റെ പാരമ്യതയായി തിരിച്ചറിയുന്നുണ്ട്.

**പാരിസ്ഥിതിക പ്രവർത്തനത്തിലുള്ള വിശ്വാസം**

പാരിസ്ഥിതികാവബോധത്തിന്റെ അടിസ്ഥാനത്തിലുള്ള പ്രവർ ത്തനങ്ങൾക്ക് ഒരളവോളം മനുഷ്യപീഡനമേറ്റ പ്രകൃതിയെ രക്ഷിക്കാൻ കഴിയും എന്ന വിശ്വാസം സുഗതകുമാരിക്കവിതകൾ പുലർത്തുന്നു ണ്ട്.

ഉണർവ്വിലും ഉറക്കത്തിലും പ്രകൃതി നാശത്തെക്കുറിച്ചുള്ള ചിന്ത കവിയെ അസ്വസ്ഥയാക്കുന്ന ചിത്രം പല കവിതകളിലുമുണ്ട്. 'കാടിനു നാവുകൊടുത്തവർ നാം' എന്നാണ് താനടക്കമുള്ള പ്രകൃതിസംരക്ഷ

കരായ കവികളെക്കുറിച്ച് കവി പറയുന്നത്. 'ഉലകെൻ വിരിമാറിൽ/ ചേർത്തു ഞാൻ പുണരുന്നു' എന്ന് കവി രേഖപ്പെടുത്തുന്നുണ്ട്.

നഷ്ടപ്പെടുന്ന സസ്യ, ജലസമൃദ്ധികൾ കവിയെ തീരാത്ത വേദനയായി പിന്തുടരുന്നത് 'സൈലന്റ് വാലി' എന്ന കവിതയിൽ കാണാം.

"എത്ര ദുഃസ്വപ്നങ്ങൾ കണ്ടു ഞെട്ടീ! ചുട്ടു
കത്തുന്ന നിൻതിരുമാർത്തടം! ആർത്തല-
ച്ചുറ്റുവീഴും മഹാവൃക്ഷങ്ങൾ! മിണ്ടാതെ
വറ്റുന്ന കുന്തിപ്പുഴതൻ നിലാവൊളി..." (പു. 531)

മനുഷ്യമനസ്സിലെ ആർദ്രത തിരിച്ചെടുക്കാൻ കഴിഞ്ഞാൽ ഭൂമിയുടെ രക്ഷ ഉറപ്പാണെന്ന വിശ്വാസം 'വഴിയമ്പലത്തിലെ പാട്ട്' എന്ന കവിതയിലുണ്ട്.

"വറുതിയും വിഷവും വിനാശവും കണ്ണുനീർ-
ച്ചൊരിയലും ഭാരവും പേറിമെയ്യാകവേ
മരവിച്ചുവെങ്കിലും കനിവുള്ള കയ്യൊന്നു
തൊടുവിൽ കരഞ്ഞുപോം ഭൂമി" (പു. 797)

പാരിസ്ഥിതിക പ്രവർത്തനം ഒന്നോ രണ്ടോ നാളുകൾക്കുള്ളിൽ നിർത്താവുന്ന കർമ്മപരിപാടിയല്ല. ഈ ഭൂമിയെ മനുഷ്യന്റെ ആസക്തമായ കൈപ്പിടിയിൽ നിന്നും വിമോചിപ്പിക്കുവാനും ആ വിമോചനം നിലനിർത്തുവാനും അതു തുടർന്നുകൊണ്ടേയിരിക്കേണ്ടത് അത്യാവശ്യമാണെന്ന് സുഗതകുമാരിയുടെ കവിതകൾ വ്യക്തമാക്കുന്നുണ്ട്.

**പാരിസ്ഥിതിക ഭാഷ**

പാരിസ്ഥിതിക ചിന്തകൾ ഉൾക്കൊള്ളുന്ന കവിതകൾ അവതരിപ്പിക്കുന്ന ഭാഷ അതുവരെ പരിചയിച്ചുപോന്ന കാവ്യഭാഷയിൽ നിന്നും വളരെ വ്യത്യസ്തമായ ഭാവുകത്വം സൃഷ്ടിക്കുന്നു. പുതിയ

പദസമുച്ചയങ്ങളും ബിംബകല്പനകളും ചേർന്ന സചേതനമായ ഒരു പാരിസ്ഥിതികഭാഷ കവിതകളിൽ വികസിപ്പിക്കപ്പെടുന്നുണ്ട്. മനുഷ്യനാൽ ആക്രമിക്കപ്പെട്ട പ്രകൃതിയും അതിലെ ജീവജാലങ്ങളുമാണ് കാവ്യാത്മകമായി മാറുന്നത്. ഭാഷയിലെ പാരിസ്ഥിതിക ജാഗ്രതയാണ് 'നിശാഗന്ധി' എന്ന കവിതയിലെ;

"വാക്കുകളുടെ പാരു-
ഷ്യത്തെ ഞാനറികയാ-
ണാദ്യമായ്; പൂവേ നിന്നെ
വർണിക്കാൻ മുതിരുമ്പോൾ" (പു. 274)

എന്ന വരികളിലുള്ളത്. പെറ്റമണ്ണ്, മൺമരുക്കടൽ, തീ വീണ മലകൾ മച്ചിയാംപാടം, വരളും പാടത്തിന്റെ വിണ്ടുകീറിയ മാറ്, മുടിയുന്ന സഹ്യമുടി, കേണുമരിച്ച കാട്, മഴു തിന്ന മാമരം, ക്ഷയരോഗമേറിച്ചുമച്ചിഴഞ്ഞെത്തുന്ന പുഴകൾ, പുകക്കൂണ്, വിണ്ണിൻ തുളഞ്ഞ മാറിടം ഇങ്ങനെ പാരിസ്ഥിതിക ഭാഷയാൽ സമൃദ്ധമാണ് സുഗതകുമാരിക്കവിതകൾ.

ഈ ഭൂമിയുമായി താൻ വളർത്തിയെടുത്ത ബന്ധം മരണത്തിൽപ്പോലും, അവസാനിക്കാത്തതാണെന്ന് 'മരണദിനം' എന്ന കവിതയിൽ കവി വ്യക്തമാക്കുന്നുണ്ട്. മരണത്തിനുശേഷം തന്നെ ദഹിപ്പിക്കാതെ ഈ ഭൂമിയിൽ കുഴിച്ചിടണമെന്ന് കവി ആവശ്യപ്പെടുന്നു. പുല്ലായും പൂക്കളായും പുനർജനിക്കാനാഗ്രഹിക്കുന്നു. ഇവയെല്ലാം വ്യക്തമാക്കുന്നത് ഈ ഭൂമിയുമായി കവി സ്ഥാപിച്ച ആത്മബന്ധം കേവലം കാവ്യഭാവനയുടേതല്ലെന്നതാണ്. കവിയും പ്രകൃതിയും തമ്മിൽ ഒരിക്കലും വിട്ടുപോവാനാവാത്ത വിധം കൂടിച്ചേർന്നതിന്റെ ലയമാണ് സുഗതകുമാരിക്കവിതകൾ സഹൃദയരെ അനുഭവിപ്പിക്കുന്നതെന്ന് നിസ്സംശയം പറയാം.

## സഹായകഗ്രന്ഥങ്ങൾ

1. അക്ബർ കക്കട്ടിൽ,*സർഗസമീക്ഷ*, കോട്ടയം: ഡി.സി. ബുക്സ്,1993
2. സുഗതകുമാരി,*സുഗതകുമാരിയുടെ കവിതകൾ (സമ്പൂർണ്ണം)* കോട്ടയം : ഡി.സി. ബുക്സ്,2006.
3. പൊതുവാൾ പി.പി.കെ, *പരിസ്ഥിതിക്കവിതയ്ക്ക് ഒരാമുഖം* കോട്ടയം: ഡി.സി. ബുക്സ്,1995.
4. Murphy, Patrick, 1995, *Literature Nature and other*, Newyork State University Press.
5. Milton, Kay 1996, *Environmentalism and Cultural Theory* London, Routledge.

# പാരിസ്ഥിതികജാഗ്രതയുടെ മഹാസിംഫണി

**ഡോ.ആർ. ചന്ദ്രബോസ്**

'നീ വനദുർഗ്ഗ, നിശാചാരിയാം മഴ-
യ്ക്കോമന, സഹ്യന്നുകാവലാം പാർവതി
പോവുകൊടുവിൽ നീ, സ്വസ്ഥയായ് നോവുകൾ
ഭൂമിയിൽ വിട്ടു, യുഗാസ്തമയത്തിന്റെ
താരകേ, ഭാവി നീ പേറുന്നെനിക്കിന്നു
പോരുമൊരുനുള്ളു നിൻ ഭസ്മമായതിൽ
ഞാനൊരാൽത്തൈനടാം, നാളെയതിൻ കീഴെ-
യാഗമിച്ചാലോ പുതിയ തഥാഗതൻ'

സച്ചിദാനന്ദൻ -
ഇല്ലവരില്ലിനി (സുഗതകുമാരിക്ക്)

ലോകക്ഷേമത്തിനായി ആയുസ്സും വപുസ്സും കാവ്യതപസ്സും ബലിചെയ്ത കർമ്മയോഗിനിയായിട്ടാവും കാലം സുഗതകുമാരിയെ അടയാളപ്പെടുത്തുക. കവയിത്രി, സാമൂഹികപ്രവർത്തക, പരിസ്ഥിതി സംരക്ഷണയജ്ഞത്തിലെ മുന്നണിപ്പോരാളി എന്നിങ്ങനെ ബഹുവിധ കർമ്മരംഗങ്ങളിൽ നിറസാന്നിധ്യമായിരുന്നു അവർ. ദുഃഖിതരും പീഡിതരുമായ മനുഷ്യർക്കും ആപദ്ഗ്രസ്ത ആവാസവ്യവസ്ഥയ്ക്കും അഭയത്തിന്റെ അമ്മമരമായിരുന്നു സുഗതകുമാരി. തീർച്ചയായും അവരുടെ അഭാവം സാംസ്കാരിക കേരളത്തെ ഇരുളിലാഴ്ത്തി

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

യിരിക്കുന്നു. നിരാലംബരായ മനുഷ്യർക്ക് അത്താണിയൊരുക്കാനും രോഗാതുരമായ പ്രകൃതിയെ പുനരുജ്ജീവിപ്പിക്കാനും അവർ ആവിഷ്ക്കരിച്ച ആശയങ്ങൾക്കും കർമ്മപദ്ധതികൾക്കും സ്നേഹത്തുടർച്ചകൾ സൃഷ്ടിക്കേണ്ടതുണ്ട്. സാംസ്കാരിക കേരളത്തിന് അവർക്ക് നൽകാവുന്ന ഏറ്റവും മികച്ച മരണാനന്തരആദരം അതത്രേ.

ഒരു നിമിഷം പോലും പാഴാക്കാതെ മണ്ണിനും മനുഷ്യനും വേണ്ടി പൊരുതിയ ആ ധന്യജീവിതം തലമുറകൾക്ക് പാഠമാകേണ്ടതാണ്. കവിതയായിരുന്നു അവരുടെ ഏറ്റവും പ്രധാനപ്പെട്ട സമരായുധം. മനുഷ്യന്റെയും പ്രകൃതിയുടെയും ആതുരതകൾക്കുള്ള ശുശ്രൂഷികയായിരുന്നു സുഗതകുമാരിക്ക് കവിത. ശുദ്ധവും നൈസർഗ്ഗികവുമായ ആ ഭാവഗീതങ്ങൾ മലയാളത്തെ ഏറെ പ്രചോദിപ്പിക്കുകയും വിമലീകരിക്കുകയും ചെയ്തു എന്നുപറയാം. പതിറ്റാണ്ടുകൾ നീണ്ട ആ കാവ്യജീവിതത്തിൽ അവർ ഏറ്റവും കൂടുതൽ വാക്കുകൾ വിനിയോഗിച്ചത് പരിസ്ഥിതിസംരക്ഷണത്തിനുവേണ്ടിയായിരുന്നു. കാവ്യജീവിത സായന്തനത്തിൽ സുഗതകുമാരിയെഴുതിയ ഏറ്റവും ബൃഹത്തായ പരിസ്ഥിതി കവിതകളിലൊന്നാണ് 'പശ്ചിമഘട്ടം'. അവർ ഉയർത്തിയ പാരിസ്ഥികജാഗ്രതയുടെ ഉദാത്തഭാവങ്ങൾ ഈ കവിതയിൽ പ്രതിധ്വനിക്കുന്നു. പ്രകൃതിയെ ഭൗതികമായും ആത്മീയമായും അഭിവീക്ഷിക്കുന്ന മലയാളകവിതയിലെ മഹത്തായ പ്രകൃതിയെഴുത്തത്രേ പശ്ചിമഘട്ടമെന്ന കവിത. സുഗതകുമാരിയുടെ ഭാവഗീതങ്ങളുടെ വ്യതിരിക്തതകളെക്കുറിച്ചുള്ള അന്വേഷണവും പശ്ചിമഘട്ടം എന്ന കവിതയുടെ വായനയുമാണ് ഈ പ്രബന്ധത്തിൽ നിർവഹിക്കുന്നത്.

**ഭാവഗീതങ്ങളുടെ 'സുഗത'മാർഗ്ഗം**

കവിതയുടെ പ്രാക്തനരൂപങ്ങളിലൊന്നാണ് ഭാവഗീതം (Lyric). ആത്മനിഷ്ഠതയും വൈകാരികതയും സംഗീതാത്മകതയും

ഹ്രസ്വതയുമാണ് അതിന്റെ രൂപഭാവ സവിശേഷതകളായി പറയുന്നത്. (ഡോ.ഡി.ബഞ്ചമിൻ, ജി.യുടെ ഭാവഗീതങ്ങൾ ഒരു പഠനം, 2001) സംഗീതോപകരണത്തിന്റെ പേരിനെക്കുറിക്കുന്ന 'Lyre' എന്ന ഗ്രീക്ക് വാക്കിൽ നിന്നത്രേ Lyric എന്ന വാക്ക് രൂപപ്പെട്ടത്. വിഷാദമോ വിയോഗമോ ഹർഷാതിരേകമോ ഒക്കെ Lyre ന്റെ അകമ്പടിയോടെ പാടിയവതരിപ്പിച്ചിരുന്നു ഗ്രീക്ക്, റോമൻ സംസ്കാരത്തിന്റെ പ്രാചീന കാലങ്ങളിൽ. അങ്ങനെ വികാരനിർഭരവും സംഗീതാത്മകവുമായ അവതരണകവിതകൾക്ക് (Performance Poetry) Lyric എന്ന പേര് പതിഞ്ഞു എന്ന് കാവ്യചരിത്രം. കാല്പനികതയുടെ വസന്തകാലം. Lyricനെ അതിന്റെ കാവ്യരൂപമായി കണ്ടെടുക്കുകയായിരുന്നു. ഏതായാലും കവികളെയും ആസ്വാദകരെയും ഇത്രമേൽ വശീകരിച്ച മറ്റൊരു സാഹിത്യരൂപമില്ല തന്നെ. ഏകാന്തവിഷാദങ്ങളും ആത്മവ്യഥകളും സൗന്ദര്യാനുഭൂതിയും ദാർശനികഉൽക്കണ്ഠകളും, സാമൂഹികമോ വൈയക്തികമോ ആയ എല്ലാത്തരം വിക്ഷുബ്ധതകളും പകർന്നുവയ്ക്കാനുള്ള സ്ഫടികചഷകമായി എക്കാലത്തും കവികൾ ഭാവഗീതത്തെ കണ്ടു. സർഗ്ഗധനരായ കവികളിൽ ഒരു പൂവിരിയും പോലെ അത്രമേൽ സ്വാഭാവികമായി സംഭവിക്കുന്ന ഒന്നായിരുന്നു ഭാവഗീതരചന. അത്തരം കവിജനുസ്സിന്റെ മലയാളഭാഷയിലെ അവതാരമായിരുന്നു സുഗതകുമാരി. തന്റെ കാവ്യരചനയെപ്പറ്റി അവർ പറഞ്ഞിട്ടുള്ളത് ശ്രദ്ധിച്ചാൽ ഇത് മനസ്സിലാകും. "ഒരു പൂവ് വിരിയുന്നു. ഒരു കവിത ജനിക്കുന്നു. ബോധപൂർവ്വമായ ഒരുദ്ദേശ്യവും പ്രത്യേകിച്ചില്ലാതെ, ലക്ഷ്യങ്ങളൊന്നുമില്ലാതെ, അനശ്വരതയെപ്പറ്റി യാതൊരു വ്യാമോഹവുമില്ലാതെ, പൂമൊട്ടിനു വിരിഞ്ഞേ കഴിയൂ. പക്ഷിക്കുപാടിയേ കഴിയൂ. തിരമാലയ്ക്ക് ആഹ്ലാദത്തോടെ സ്വയം ഉയർന്നടിച്ച് ചിതറിയേ കഴിയൂ. അതുപോലെ അത്രമേൽ സ്വാഭാവികമായി ആത്മാർത്ഥ

മായി ഞാൻ എഴുതുന്നു" (എന്റെ കവിതയെപ്പറ്റി, ഇരുൾച്ചിറകുകൾ, 1969) നിസർഗലാവണ്യമുള്ള ആ കവിതകൾ അചുംബിതകല്പനകളും ധ്വന്യാത്മകതയും നിറഞ്ഞവയാണ്. അതിലെ ഭാവനയുടെ ഭാഷ മലയാള ഭാവഗീത ചരിത്രത്തിൽ ആസ്വാദകർ ദർശിച്ചിട്ടില്ല എന്നു തന്നെ പറയാം. ആർദ്രതയും സഹാനുഭൂതിയുമാണ് സുഗതകുമാരിയുടെ കവിതകളെ ജനപ്രിയമാക്കിയത്. ''സ്വപ്നങ്ങളുടെയും സത്യങ്ങളുടെയും സംഗമഭൂമിയാണ് സുഗതകുമാരിയുടെ കവിത കരുത്തും കാന്തിയുമുറ്റ ഭാവനയുടെ വെള്ളിച്ചിറകിൽ അത് സ്വപ്നങ്ങളുടെ മുഗ്ധവും മായികവുമായ ഔന്നത്യങ്ങളിലേക്ക് പറന്നകലുന്നു. സത്യത്തിന്റെ കൂർത്തമുള്ളുകൾ എഴുന്നുനിൽക്കുന്ന വഴിത്താരയിലൂടെ അത് സഞ്ചരിക്കുന്നു" എന്നത്രേ ഭാവഗീതത്തിലെ സുഗതമാർഗത്തെക്കുറിച്ച് വയലാർ പുസ്കാരത്തിന്റെ പ്രശസ്തിപത്രത്തിൽ പറഞ്ഞിരിക്കുന്നത് (1984). ചൈതന്യവും സൗഭാഗ്യവുമുള്ള ശൈലി, ആസ്വാദ്യമായ ആശയവൈശിഷ്ട്യം അസുലഭമായ പ്രതിഭാപരിമളം, ഉറക്കെ വായിക്കാനും സാവകാശം ചിന്തിക്കാനും സ്മരണയിൽ സൂക്ഷിക്കാനും ഏറ്റവും ഉതകുന്ന കവിതകൾ എന്ന് വരിഷ്ഠകവയിത്രി ബാലാമണിയമ്മ 'മുത്തുച്ചിപ്പി' (1961) യുടെ അവതാരികയിൽ കുറിച്ചു. മലയാളഭാവഗീതത്തിന് ധൈഷണികദീപ്തി നൽകിയ മഹാകവി ജി.ശങ്കരക്കുറുപ്പ്, സുഗതകുമാരിക്കവിതകളുടെ വായനാനുഭവത്തെക്കുറിച്ച് പറഞ്ഞിട്ടുള്ളത് "കോരിത്തരിപ്പിക്കുന്ന അനുഭൂതിയുടെ മണ്ഡലം, ഭാവനയുടെ ഭാഷ, വികാരങ്ങളുടെ ലയം, നേർത്തകോമളമൂടുപടത്തിലൂടെ ചിരിക്കുന്ന, കരയുന്ന, നെടുവീർപ്പിടുന്ന ജീവിതസത്യമുഖത്തിന്റെ ആകസ്മികമായ ദർശനം" (സ്വപ്നഭൂമിയുടെ അവതാരിക, 1965) ഇങ്ങനെയാണ്. സുഗതകുമാരിയുടെ കവിതകളെ വെളിച്ചത്തിലേക്കാനയിച്ച കവിയും പത്രാധിപരും പണ്ഡിതനുമായ എൻ.വി.കൃഷ്ണവാര്യർ, ആ

കവിതകളെ സമൂഹചരിത്രത്തിന്റെയും കാവ്യ ചരിത്രത്തിന്റെയും പശ്ചാത്തലത്തിൽ ആഴത്തിൽ വിലയിരുത്തിയിട്ടുണ്ട്. 'പാവം മാനവ ഹൃദയത്തിന് '(1967) എഴുതിയ അവതാരികയിൽ തന്റെ തലമുറയുടെ ജീവിതദർശനത്തിൽ നിന്ന് പാടേ വിഭിന്നമാണ് സുഗതകുമാരിയുടെ ജീവിതദർശനമെന്ന് വിലയിരുത്തുന്നുണ്ട്. വ്യക്തിദുഃഖത്തിന്റെ കവിഞ്ഞൊഴുകലിനെതിരെ, ചങ്ങമ്പുഴയുടെ അതിഭാവുകത്വത്തി നെതിരെ കലാപമുയർത്തിയ കവിയായിരുന്നുവല്ലോ എൻ.വി. രണ്ടാം ലോകമഹായുദ്ധത്തിനുശേഷം ബുദ്ധിജീവികൾക്കിടയിൽ പടർന്നു പിടിച്ച നൈരാശ്യത്തിന്റെ ദർശനത്തോട് തനിക്ക് ആഭിമുഖ്യമില്ലെന്ന് അദ്ദേഹം പറയുന്നുണ്ട്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾക്കിട യിലെ അന്തരാളഘട്ടം ആശയുടെയും പ്രതീക്ഷയുടെയും കർമ്മയോഗ ത്തിന്റെയും അന്തരീക്ഷത്തെയാണ് സൃഷ്ടിച്ചതെന്ന് സ്വാനുഭവത്തി ലൂന്നി എൻ.വി. പറയുന്നു. ഗാന്ധിയൻ സഹനസമരത്തോടുള്ള ആഭി മുഖ്യം സാമൂഹ്യമായ ദർശനത്തിലേക്കാണ് തന്റെ തലമുറയിലെ കവികളെ നയിച്ചത്. വ്യക്തിഗതമായ ദുഃഖം ഒരു ദൗർബല്യമോ പരമ രഹസ്യമോ ആയിരുന്നവത്രേ. സ്വാതന്ത്ര്യാനന്തരം രാഷ്ട്രം ആന്തര വൈരുധ്യങ്ങളിൽ പതിച്ചുവെങ്കിലും സാമൂഹിക ബോധമായിരുന്നു കവിപ്രജ്ഞയെ ഉന്മിഷത്താക്കിയിരുന്നത്. എന്നാൽ 'സുഗതകുമാരി യുടെ തലമുറയുടെ ചേതനയെ രൂപപ്പെടുത്തിയ അന്തരീക്ഷം നൈരാശ്യത്തിന്റെയും സംത്രാസത്തിന്റെയും ഭക്തിയോഗത്തിന്റേയുമാ ണെന്ന് നിരീക്ഷിക്കുന്ന എൻ.വി, ആന്തരവൈരുധ്യരഹിതവും ഭദ്രരൂപ വുമായ ഒരു ജീവിതദർശനമുള്ള കവയിത്രിയാണ് സുഗതകുമാരി യെന്നും ഈ ജീവിതദർശനം അവരുടെ പ്രധാനകവിതകളുടെയെല്ലാം അന്തസ്തലത്തിൽ ഉറപ്പാർന്ന ഒരു അടിച്ചട്ടമായി സ്ഥിതിചെയ്യുന്നത് സൂക്ഷിച്ചുനോക്കിയാൽ കാണാൻ സാധിക്കുമെന്നും ചൂണ്ടിക്കാട്ടുന്നു.

സുഗതകുമാരിക്കവിതകളിലെ അഗാധവും ബലിഷ്ഠവുമായ സ്നേഹദർശനം, സാമൂഹ്യമോചനത്തെ പാര്യന്തികലക്ഷ്യമായിക്കാണുന്ന കർമ്മയോഗത്തിലാണ് എത്തിച്ചേരുകയെന്നും എൻ.വി. നിരീക്ഷിച്ചിട്ടുണ്ട്. സുഗതകുമാരിക്കവിതകളുടെ പില്ക്കാലവികാസം ഈ നിരീക്ഷണത്തെ ശരിയെന്നു തെളിയിച്ചു. 'വ്യക്തിഗതമായ വേദനകളെ വിശ്വഗതമായി' വികസിപ്പിക്കുന്നതിലുള്ള സുഗതകുമാരിയുടെ മിടുക്കിനെക്കുറിച്ച് കാല്പനികതയുടെ നിരൂപകനായിരുന്ന എസ്.ഗുപ്തൻനായർ രേഖപ്പെടുത്തിയതും ഇവിടെ ഓർക്കാം (പാതിരാപ്പൂക്കൾ, അവതാരിക, 1968)

'രാത്രിമഴ' (1977) എന്ന സമാഹാരത്തിനെഴുതിയ അവതാരികയിൽ, സുഗതകുമാരിക്കവിതകളിലെ ലിറിസിസത്തിന്റെ അന്യാദൃശ്യത, എൻ.കൃഷ്ണപിള്ള വിശദമാക്കുന്നുണ്ട്. അരോചകവും കാപട്യം നിറഞ്ഞതുമായ ഭാവാത്മകകവിതയുടെ ചരിത്രത്തിൽ സുഗതകുമാരി കൊണ്ടുവന്ന പരിവർത്തനം സവിശേഷ പഠനമർഹിക്കുന്നതായി അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. "ഭാവം മൂർത്താനുഭവമായി പ്രതീയമാനമാകും വിധം അതിനെ ഏകാഗ്രമായി അനുധ്യാനി ക്കുകയും അതിലോലമെങ്കിലും ആഴത്തിൽ പതിയുന്ന രേഖകളിലൂടെ ആവിഷ്ക്കരിക്കുകയു മാണ് കവയിത്രി. വികാരപ്രധാനം, വിചാരപ്രധാനം, ഭാവനാപ്രധാനം എന്നിങ്ങനെ വെവ്വേറെ അറകളിലടച്ച് കവിതയ്ക്ക് ലേബലൊട്ടി ക്കുന്ന ഏർപ്പാടിനു പഴുതില്ലാത്തവിധം ഈ ഘടകത്രയം ഉരുകിച്ചേർ ന്നൊന്നായി എപ്പോഴുമൊഴുകുന്നതിനാൽ കവിത നമ്മുടെ ഹൃദയത്തിൽ മുറുക്കുന്ന പിടി അല്പമെങ്കിലും അയഞ്ഞു പോകുന്നതായോ തൽ ഫലമായി ബുദ്ധിനിദ്രാണ മാകുന്നതായോ അനുഭവപ്പെടുന്നില്ല. ഉള്ളിൽ വന്നലയ്ക്കുന്ന ഉചിതവിഷയങ്ങളെ അതിശീഘ്രം എത്തിപ്പിടിക്കാൻ ആഞ്ഞുനിൽക്കുകയും എത്തിപ്പിടിച്ച

വസ്തുക്കളുമായി നിശ്ശേ ഷം കൂടിക്കുഴയുകയും ആ യോഗഫലത്തെ അങ്ങുമിങ്ങും ആളിപ്പടരാതെ ആദ്യന്തം കത്തിനിൽക്കുന്ന ഏക ലക്ഷ്യോന്മുഖമായ സമുജ്ജ്വല ദീപയഷ്ടിയാക്കി മാറ്റുകയും ചെയ്യുന്ന ഒരു കവിഹൃദയമാണത്. ഈ സർഗ്ഗപ്രക്രിയ സുഗതകുമാരിയിൽ കാണുന്ന അളവിലും ഗുണത്തിലും മറ്റു കവികളിൽ ഞാൻ കണ്ടിട്ടില്ല" (പു.12) എന്നിങ്ങനെ സുഗതകുമാരിയുടെ ഭാവഗീതികളുടെ രൂപ ഭാവദൃഢതയെ ആഴത്തിൽ അപഗ്രഥിക്കുന്നു.

കവികളും വിമർശകരുമെല്ലാം സുഗതകുമാരിയുടെ ഭാവഗീത ങ്ങളുടെ മൗലികത തിരിച്ചറിഞ്ഞിരുന്നു എന്നാണ് ഈ പരാമർശങ്ങൾ വ്യക്തമാക്കുന്നത്. ആധുനികതാ പ്രസ്ഥാനം മൈത്തിക പ്രതീകങ്ങളും ഇരുണ്ട ദാർശനികവ്യഥകളും നിറച്ച് കവിതയെ സങ്കീർണ്ണമായ വ്യവ ഹാരമാക്കിയപ്പോഴും സുഗതകുമാരിയുടെ കവിതകൾ ആർദ്രത യുടെ യും സ്നേഹവാത്സല്യങ്ങളുടെയും ആസ്തിക്യബോധത്തിന്റെയും ദീപ്തിയാൽ സഹൃദയരെ വശീകരിച്ചുകൊണ്ടേയിരുന്നു. ഭദ്രരൂപവും ദർശന സമ്പുഷ്ടവുമായ ആ കവിതകൾ എല്ലാ പ്രസ്ഥാനങ്ങളെയും പ്രവണതകളെയും അതിവർത്തിച്ചു നിലകൊണ്ടു. 1980 കൾക്കുശേഷം സുഗതകുമാരിയുടെ കവിത സമൂഹോന്മുഖമായി കൂടുതൽ പരിവർ ത്തനം കൊള്ളുന്നുണ്ട്. ഏകാന്തവിഷാദങ്ങളുടെ ഇരുൾച്ചിറകുകളിൽ പറന്നു നടന്ന ആ കാവ്യചേതനയിൽ വിലാപത്തിന്റെയും കലാപത്തി ന്റെയും സ്വരഭേദങ്ങൾ നിറയുന്നു. ഈ പരിവർത്തനഘട്ടത്തെ ഒ.എൻ.വി.കുറുപ്പ് രേഖപ്പെടുത്തിയിട്ടുള്ളത് ഇപ്രകാരമാണ്. "ഈ കവി കാണക്കാണെ പൊക്കം വയ്ക്കുന്നൊരു പൂമരമായി വളരുകയായിരു ന്നു. പക്ഷിക്കും പഥികനും മാത്രമല്ല കാറ്റിനുപോലും വാത്സല്യം പകർ ന്നു നൽകുന്നൊരു തണൽ മരമായി പരിണമിക്കുകയായിരുന്നു. ഈ മണ്ണിലെ പൂവും പുൽനാമ്പും മുതൽ പീഢിതമനുഷ്യൻ വരെയുള്ള

ഒരു വിശാല സൗഭ്രാത്രത്തിനു നടുവിൽ സ്വയം ഇടം നേടുകയും അവിടെയിരുന്നുകൊണ്ട് അപാരതയെ നോക്കി സ്നേഹാതുരമായി പാടുകയും ചെയ്യുന്ന ഈ കവയിത്രി സസ്യജന്തു മനുഷ്യപ്രകൃതിയുടെ പ്രഗാഢമായ പാരസ്പര്യം പരമശോഭമാക്കുന്ന ഒരു ലോകത്തെ സ്വപ്നം കാണുന്നു". (സത്യസൗന്ദര്യങ്ങളുടെ കവിത, സുഗതകുമാരിയുടെ സമ്പൂർണ്ണകവിതകൾക്കെഴുതിയ അവതാരിക, പു.18) കാല്പനിക വിഷാദത്തിൽ നിന്ന് പാരിസ്ഥിതികാവബോധത്തിലേക്കും സാമൂഹികതയിലേക്കും പടർന്നു പന്തലിച്ച ആ ഭാവഗീതികൾ മലയാളത്തിന് താങ്ങും തണലും അഭയവും ആശ്വാസവുമായിരുന്നു. വിഷ്ണുനാരായണൻ നമ്പൂതിരി രേഖപ്പെടുത്തിയതുപോലെ, 'വിവേകത്തിന്റെ തളരാത്ത നാദധാരയായിരുന്നു ആ കവിതകൾ (സംസ്കൃതി, ആദിരൂപം, കവിത, കാട്ടുകിളിയുടെ പാട്ട്, പു.11) ഗജേന്ദ്രമോക്ഷവും കാളിയമർദ്ദനവും പോലെ അഹന്തകൾ ആസ്തിക്യബോധത്താൽ ശമിപ്പിക്കുന്ന അർച്ചനാഗീതങ്ങളായി കൃഷ്ണബിംബത്തെ അവലംബിച്ചുള്ള കവിതകൾ പോലെ പ്രണയാതുരയും ഏകാകിനിയുമായ പെൺമനസ്സിന്റെ ഉന്മീലനങ്ങൾ പോലെ, സുഗതകുമാരി തുറന്നിട്ട ഭാവനാലോകങ്ങൾ സഹൃദയരെ ഏറെ ആർദ്രഹൃദയരാക്കി. മനുഷ്യാവസ്ഥകളിലേക്കുള്ള പരകായ പ്രവേശവും സഹാനുഭൂതിയുമാണ് ആ ഭാവഗീതങ്ങളുടെ മാന്ത്രികസിദ്ധി.

'ഒരു താരകയെക്കാണുമ്പോളതു
രാവു മറക്കും പുതുമഴ കാൺകെ
വരൾച്ച മറക്കും പാൽച്ചിരികണ്ടതു
മൃതിയെ മറന്നു സുഖിച്ചേപോകും
പാവം മാനവഹൃദയം'

എന്നിങ്ങനെ മനുഷ്യമനസ്സിന്റെ മൗലികതയെക്കുറിച്ചുള്ള തിരിച്ചറിവും 'എന്തുകൊണ്ടെന്നോ സഖീ ഞാനുമിതുപോലെ രാത്രിമഴ പോലെ

എന്ന മട്ടിലുള്ള ക്ഷണികസംവേദനവുമാണ് ആ കവിതകളെ തീവ്രവും അഗാധവുമായ അനുഭവമാക്കുന്നത്.

**പശ്ചിമഘട്ടത്തിന്റെ സിംഫണി**

പ്രകൃതിയും മനുഷ്യനുമായുള്ള പാരസ്പര്യം തകരുന്നത് വിങ്ങുന്ന മനസ്സോടെ നോക്കിക്കണ്ടതിന്റെ പ്രതിഫലനമാണ് സുഗതകുമാരിയുടെ കവിതകളിലെ ഗണനീയമായ ഒരു വിഭാഗം. പരിസ്ഥിതി സംരക്ഷണം കേരളീയ പൊതുമണ്ഡലത്തിൽ ഒരു സംവാദ വിഷയമാക്കി മാറ്റുന്നതിൽ ആ കവിതകൾ നിസ്തുലമായ പങ്കാണ് വഹിച്ചിട്ടുള്ളത്. 1978-80 കളിൽ സൈലന്റ് വാലി ജലവൈദ്യുത പദ്ധതിക്കെതിരെ നടന്ന പ്രക്ഷോഭങ്ങളിലൂടെയാണ് പരിസ്ഥിതി ബോധത്തിലേക്ക് കേരളം ഉണർന്നത്. ആധുനിക കേരളചരിത്രത്തിലെ ആദ്യത്തെ ജനകീയ പരിസ്ഥിതിസമരമായിരുന്നു അത്. അതിലെ മുന്നണിപ്പോരാളിയാവുകയും സാഹിത്യ സാംസ്കാരിക കൂട്ടായ്മകളിലൂടെ, പരിസ്ഥിതിക്കെതിരായ മുതലാളിത്തത്തിന്റെയും ഭരണകൂടത്തിന്റെയും കടന്നാക്രമണങ്ങളെ എതിർത്തു തോല്പിക്കുന്നതിലും ഹരിതസാഹിത്യപ്രസ്ഥാനം സാധ്യമാക്കുന്നതിലും സുഗതകുമാരിയുടെ പങ്ക് നിർണ്ണായകമാണ്. സൈലന്റ് വാലി പ്രക്ഷോഭത്തിനുണ്ടായ വിജയം എണ്ണമറ്റ പരിസ്ഥിതി പ്രക്ഷോഭങ്ങളിൽ വീറുറ്റ പോരാട്ടം നടത്തുവാൻ പ്രേരണയായി. വിജയിച്ചതും പരാജയപ്പെട്ടതുമായ നിരവധി സമരമുഖങ്ങളിൽ പ്രചോദന സാന്നിധ്യമായിരുന്നു അവർ. പാത്രക്കടവ്, മതികെട്ടാൻ, ചാലിയാർ, പെരിയാർ, പ്ലാച്ചിമട, ആതിരപ്പള്ളി, ആറന്മുള, കാസർകോട് എന്നിവിടങ്ങളിൽ പീഡിതരായ പ്രകൃതിക്കും മനുഷ്യർക്കും അവർ അഭയത്തിന്റെ അമ്മമരമായി നിലകൊണ്ടു. പതിറ്റാണ്ടുകൾ നീണ്ട പരിസ്ഥിതി പ്രക്ഷോഭങ്ങളിലൂടെ ആർജ്ജിച്ച അനുഭവം പ്രകൃതിയെക്കുറിച്ച് ആഴമേറിയ ദർശനങ്ങൾ സ്വരൂപിക്കാനും

പാരിസ്ഥിതിക നൈതികതയെക്കുറിച്ചുള്ള ആശയങ്ങൾ കവിത യിലൂടെ വിനിമയം ചെയ്യാനും കഴിഞ്ഞതിന്റെ മികച്ച മാതൃകയാണ് പശ്ചിമഘട്ടം (2014) എന്ന കവിത. കേരളത്തിന്റെ ആവാസവ്യവസ്ഥയെ സംരക്ഷിക്കുന്ന ഹരിതക്കുടയാണ് പശ്ചിമഘട്ടം. വികസനത്തിന്റെ യന്ത്രക്കൈകൾ പശ്ചിമഘട്ടത്തിന്റെ ജൈവവൈവിധ്യത്തെ നശിപ്പി ക്കുന്നതിൽ ഉത്കണ്ഠ രേഖപ്പെടുത്തുന്ന ഗാഡ്ഗിൽ റിപ്പോർട്ടും വികസനപക്ഷത്തു നിന്നുള്ള കസ്തൂരിരംഗൻ റിപ്പോർട്ടും വിവാദങ്ങൾ സൃഷ്ടിച്ച പശ്ചാത്തലത്തിലാണ് ഈ കവിതയുടെ ഇടപെടൽ. പശ്ചിമ ഘട്ടത്തിന്റെ പ്രാധാന്യത്തെ വൈകാരികമായി ഉൾ ക്കൊണ്ടെഴുതിയ, പരിസ്ഥിതി സംരക്ഷണയജ്ഞത്തിന്റെ മാനിഫെസ്റ്റോ എന്നു വിളിക്കാവുന്ന കവിതയാണിത്.

തെക്ക് കന്യാകുമാരി മുതൽ വടക്ക് തപതീതീരം വരെ നീണ്ടു കിടക്കുന്ന പാരിസ്ഥിതിക ആവാസവ്യവസ്ഥയാണ് പശ്ചിമഘട്ടം. ഇന്ത്യയുടെ തെക്കുപടിഞ്ഞാറായി കിടക്കുന്ന ആറ് സംസ്ഥാനങ്ങളി ലായി ഇത് വ്യാപിച്ചു കിടക്കുന്നു. പശ്ചിമഘട്ടത്തിന്റെ പ്രത്യക്ഷമായ സംരക്ഷണഭിത്തി കൂടുതലും കേരളത്തിലാണ്.

"ഇരുണ്ടു നീണ്ടെന്തിതുഹന്ത! നോക്കുവിൻ
കരണ്ടിടുന്നുകരപത്രമെന്നപോൽ
ഉടക്കി വാനാമൊരു ചെമ്പുപാളിയെ"

എന്ന് മലയവിലാസത്തിൽ ഏ.ആറും,

"ശ്രീക്കേറ്റ ലാസ്യപദമായ്ഭൂവിസഹ്യമാകു-
മക്കേളിപൂണ്ട മലയുണ്ടു വിളങ്ങിടുന്നു
ഇക്കേരളാഖ്യവിഷയത്തിനു നേർകിഴക്കാ-
യൂക്കേറിടും പ്രകൃതി കെട്ടിയ കോട്ടപോലെ"

എന്ന് 'ഉമാകേരള'ത്തിൽ മഹാകവി ഉള്ളൂരും ചിത്രീകരിച്ച പശ്ചിമ

ഘട്ടമലനിരകൾ ഇന്ന് മുതലാളിത്ത നാഗരികതയുടെ കടന്നാക്രമണത്തിൽ നാശോന്മുഖമായിരിക്കുന്നു. ലോകത്തിലെ തന്നെ അപൂർവജൈവവൈവിധ്യക്കലവറയാണ് പശ്ചിമഘട്ടമെന്നത്രേ പരിസ്ഥിതിവിജ്ഞാന സർവ്വേകൾ പറയുന്നത്. ലോകത്തിൽ മറ്റെങ്ങുമില്ലാത്ത ഓർക്കിഡ് ഉൾപ്പെടെയുള്ള അപൂർവയിനം ചെടികൾ, ഹരിതവൃക്ഷങ്ങൾ, പ്രാണികൾ, ചിത്രശലഭങ്ങൾ, പക്ഷിയിനങ്ങൾ, സസ്തനികൾ, സിംഹവാലൻ കുരങ്ങുകൾ, വേഴാമ്പലുകൾ, പറക്കുന്ന അണ്ണാൻ തുടങ്ങി പ്രകൃതിയൊരുക്കിയ ജൈവശേഖരം പക്ഷേ വംശനാശഭീഷണിയിലാണ്. കരുണയറ്റ ലോകത്തോട് പശ്ചിമഘട്ടത്തിന്റെ പ്രാധാന്യത്തെ ഉദ്ബോധിപ്പിക്കുകയാണ് സുഗതകുമാരി ഈ കവിതയിൽ. നാളിതുവരെ സുഗതകുമാരിയെഴുതിയ പ്രകൃതി കവിതകളിൽ നിന്ന് വ്യത്യസ്തമായി വികാരതീവ്രവും കാല്പനികഭംഗി നിറഞ്ഞതുമാണ് ഈ കവിത. പ്രകൃതികവിതകൾ 1980 മുതൽ ഒരു തപസ്യ പോലെ അവർ എഴുതിപ്പോന്നിരുന്നതായി ഓർക്കേണ്ടതുണ്ട്. മരത്തിനു സ്തുതി, തെംസ്നദിയോട് (1980), എന്തിനെച്ചൊല്ലി (1981), നിങ്ങളെന്റെ ലോകത്തെ എന്തുചെയ്തു (1984), സൈലന്റ്വാലി, വനരോദനം (1985), വ്യഥ, തുലാവർഷപ്പച്ച (1987), കാലിഫോർണിയാക്കാടുകളിൽ (1988), നയാഗ്ര, അസൂയ (1992), അട്ടപ്പാടിയെ സ്വപ്നം കണ്ടു ഞാനിന്നും (2001), സൈലന്റ്വാലിയിൽ വീണ്ടും (2016) എന്നിവ അവയിൽ പ്രാധാന്യമർഹിക്കുന്നു. അവയിൽ നിന്നെല്ലാം ഭിന്നമായ സ്വരം പശ്ചിമഘട്ടത്തിൽ കേൾക്കാം. നിലനില്പിനെക്കുറിച്ചുള്ള ആശങ്കകളും വികസനരാഷ്ട്രീയത്തിന്റെ മുതലാളിത്തഇച്ഛകളും മേഞ്ഞുനടക്കുന്ന സ്ഥലമാണ് മലയാളിയുടെ സമകാലബോധത്തിൽ പശ്ചിമഘട്ടം. യോഗാത്മകാനുഭൂതിയോടെയും ജ്ഞാനകാല്പനികതയോടെയും ആ സ്ഥലരാശിയെ കവയിത്രി അഭിവീക്ഷിക്കുന്നു. മാത്രമല്ല ചരാചരസ്നേ

ഹവും കാരുണ്യവും വാത്സല്യവും ആ വരികളിൽ നിറയുന്നു. പ്രകൃതിയോടുള്ള സമസ്ത ഭാവങ്ങളും ഒന്നായിച്ചേർന്ന് ഒരു മഹാസിംഫണിയായിത്തീരുന്നു ഒരർത്ഥത്തിൽ ഈ കവിത.

പശ്ചിമഘട്ടത്തിന്റെ അനന്തവിസ്തൃതിയെയും ഗാംഭീര്യത്തെയും പ്രത്യക്ഷത്തിൽ അനുഭവപ്പെടുത്തുന്ന ഉച്ചസ്ഥായിയിലുള്ള സംബോധനയോടെയാണ് കാവ്യാരംഭം.

"ഹേ, തുംഗ സഹ്യശൃംഗങ്ങളേ മേഘ-
ദുന്ദുഭികളേ, വിയദ്ഗംഗയെ
വിളിച്ചു മാറോടണച്ചായിരം
പുഞ്ചിരിച്ചോലകളായൊരുക്കീടുന്ന
മംഗലശ്യാമ മഹാവിപിനങ്ങളേ"

തുടർന്നുള്ള ഭാഗങ്ങൾ പശ്ചിമഘട്ടത്തിലെ ജൈവവൈവിധ്യങ്ങളെ കണ്ടറിഞ്ഞുള്ള ഒരു തീർത്ഥാടനമായിത്തീരുന്നുണ്ട്. ദൂരെയാപ്പാറപ്പുറത്ത് തലപൊക്കി ഏകനായ് നിൽക്കും സഹ്യനെ, സ്നേഹധീരതയുടെ പ്രതീകമായി കാണുന്നുണ്ട് കവയിത്രി. പൂത്തുലഞ്ഞാടുന്ന വല്ലികൾ, ചിലച്ചാർത്ത് പൊങ്ങും കിളിക്കൂട്ടങ്ങൾ, കാട്ടുപൂക്കൾ, ഒന്നു തൊടുമ്പോളൊരു നൂറുപൂക്കളായ് പൊങ്ങിപ്പറക്കും വനശലഭങ്ങൾ ഒക്കെ നിറഞ്ഞ അതിന്റെ കാല്പനിക ചാരുത നുകരുന്ന കവയിത്രി,ആ പ്രകൃതിയെ വാഴ്ത്തിപ്പാടുവതെങ്ങനെ എന്ന് ആശങ്കപ്പെടുന്നു. എങ്കിലും പ്രാർത്ഥനാനിർഭരമായി വാക്കുകൾ പ്രവഹിക്കുകയാണ്. വർണ്ണനകളിൽ കാട് ഇന്ദ്രിയാനുഭൂതിയായി നിറയുന്നതും വായനക്കാർ അറിയുന്നു. 'അതിതുംഗവർത്തുള മഹാഗോപുരങ്ങൾ പോൽ അണി നിരന്നുയരത്തിലേക്കുയർന്ന്, അതി ദീർഘശാഖകൾ വിടർത്തി, പരസ്പരം തഴുകി ഇലപ്പരപ്പുകൾ ചമയിച്ചു നിൽക്കുന്ന മഹാമരങ്ങളുടെ ദൃശ്യത്തിൽ സ്നേഹപാരസ്പര്യങ്ങളുടെ ജൈവപാഠം കവയിത്രി

വായിച്ചെടുക്കുന്നു. പ്രകൃതിയെ കവിതയായി അറിയുന്നു. അകന്നും പോരടിച്ചും കഴിയുന്ന മനുഷ്യരോട് പ്രകൃതിയെ നോക്കി ജീവിക്കാൻ ഉപദേശിക്കുന്ന തരത്തിലുള്ള ബിംബകൗശലം വർണ്ണനകളിൽ കണ്ടെത്താം. മരങ്ങളെ പുണരുന്ന കാട്ടുവള്ളികൾ, അവയെ പൊതിയുന്ന പായലിൻ വില്ലീസ്, പന്നലിൻഞൊറിവുകൾ വെളുത്ത കൂൺകൂട്ടങ്ങൾ എന്നിങ്ങനെ പശ്ചിമഘട്ടജൈവസമൃദ്ധിയെ ഒന്നൊഴി യാതെ ചിത്രണം ചെയ്യുന്ന മായികതയും ഈ കവിത അനുഭവപ്പെടുത്തുന്നുണ്ട്. ആയിരമായിരും സസ്യജാലങ്ങളെ ദൃശ്യരും അദൃശ്യരുമായ അനേകം ജീവികളെ എങ്ങനെ വർണ്ണിച്ചിടേണ്ടൂ എന്നറിയാതെ കുഴങ്ങുന്നുണ്ട്. പ്രകൃതിവൈവിധ്യത്തിനു മുന്നിൽ ഭാഷ നഷ്ടപ്പെട്ട കവയിത്രിയിൽ അത്ഭുതാദരങ്ങൾ മാത്രം ബാക്കിയാവുന്നു.

“ഹേ നീലഗിരി ശൃംഗങ്ങളേ ഹരിത-
ഹസ്തങ്ങളായിരമുയർത്തിപ്പരത്തിജല-
മേഘങ്ങളെക്കുതറിയോടാതെ വാരി-
ത്തടഞ്ഞു നിർത്തിപ്പുല്കി-
യലിയിച്ചിടുന്ന മഹാസുകൃതങ്ങളേ
ഇളകിച്ചിരിച്ചുകുതിച്ചുചാടും നൂറു-
ചെറു ചോലയെല്ലാം തെളിച്ചിറക്കിത്താഴെ
യലയുവാൻ വിട്ടുപിന്നാലെ മിഴിനീട്ടി-
യവരെത്തലോടുമനന്തവാത്സല്യമേ”

എന്ന പ്രാർത്ഥനാഭരിതമായ വരികളിൽ വാഴ്വിന്റെ ഉറവയായി പശ്ചിമഘട്ടത്തെ അറിയുന്ന കവയിത്രിയെ കാണാം. പ്രകൃതിലാവണ്യത്തെ അത്ഭുതാദരങ്ങളോടെ ചിത്രീകരിച്ച കാളിദാസനെ ഇവിടെ ഓർമ്മിച്ചേക്കാം.

“അഹോ ഉദഗ്രരമണീയാ പൃഥ്വി”

(അഭിജ്ഞാനശാകുന്തളം)

എന്നും,

"കല്ലുപൊന്തിയ വിന്ധ്യപാദങ്ങളിൽ
തല്ലിവീണു ചിതറുന്ന രേഖയെ
ആനതൻ മെയ്യിൽ വെണ്ണീർവരകളാ-
ലാരചമിച്ചോരലങ്കാരമെന്നപോൽ"

(മേഘസന്ദേശം, തിരുനല്ലൂരിന്റെ വിവർത്തനം, 1959)

എന്ന മട്ടിലുള്ള ആകാശത്തുനിന്നുള്ള ഭൗമദൃശ്യങ്ങൾ കാളിദാസൻകാവ്യങ്ങളിൽ സുലഭമാണ്. ജീവന്റെ നിലനില്പിന്റെ ആധാരമായ പ്രകൃതിയെ അഭിവീക്ഷിക്കുന്നതിന്റെ ഉത്സാഹമാണ് സുഗതകുമാരിയുടെ പ്രകൃതിവർണ്ണനകളിൽ തെളിയുന്നത്. ആ അർത്ഥത്തിൽ കാളിദാസകല്പനകളെ അതിവർത്തിക്കാൻ സുഗതകുമാരിക്കാവുന്നുണ്ട്. പശ്ചിമഘട്ടപ്രകൃതിയുടെ മഴവില്ലഴക് വർണ്ണനകളിൽ നിറയ്ക്കുവാൻ വാക്കുകൾ ധൂർത്തടിക്കുന്നുണ്ട് കവയിത്രി. അവ ആസ്വാദകനിൽ സൃഷ്ടിക്കുന്ന അനുഭൂതികൾ വാക്കുകളിൽ പറയാനാവില്ലതന്നെ.

ഒരു കോടിയഴകും, പുല്ലും പൂക്കളും, മിന്നുന്ന ചിറകും തേനുണ്ടു മുരളുന്ന ലഹരികളും ആർദ്രമാമിള വെയ്ലിലിളകിത്തിളങ്ങിപ്പറക്കലുകളുമെല്ലാം നിറഞ്ഞ ജീവന്റെ ഉന്മത്തനൃത്തം ചലനബിംബപരമ്പരകളിലൂടെ കവയിത്രി ഇന്ദ്രിയവേദ്യമായ അനുഭവമാക്കി മാറ്റുന്നു. പശ്ചിമഘട്ടപ്രകൃതിയ്ക്കുള്ളിലെ സർഗചലനങ്ങൾ പരിസ്ഥിതിജ്ഞാനശാസ്ത്രപരമായിത്തന്നെയാണ് കവിത പ്രതിഫലിപ്പിക്കുന്നത്. നിത്യതയുടെ ഇടമാണ് പശ്ചിമഘട്ടം. അവിടെ നിത്യവസന്തമത്രേ. ജീവസഹസ്രങ്ങൾ നിത്യമഴയിൽ കുളിരുന്ന അവിടം ഒരു തരത്തിൽ നിഗൂഢസ്വർഗ്ഗമാണ്. ആ സ്വർഗ്ഗഭൂമി അവിടത്തെ ജീവജാലങ്ങൾക്കു മാത്രം അവകാശപ്പെട്ടതാണ് എന്ന് കവയിത്രി പശ്ചിമഘട്ടപ്രകൃതിക്കു മേൽ

വാളോങ്ങുന്നവരോട് ദൃഢസ്വരത്തിൽ പ്രഖ്യാപിക്കുന്നു അങ്ങനെ പരിസ്ഥിതിയുടെ മാനിഫെസ്റ്റോയായിത്തീരുന്നുണ്ട് കവിത. പശ്ചിമ ഘട്ടത്തിന്റെ സൂക്ഷ്മപ്രകൃതിയെ പിന്തുടരുന്ന കവയിത്രി അപൂർവത കളുടെ ജൈവമണ്ഡലം യഥാതഥമായും അതേ സമയം കാല്പനിക ചാരുതയോടെയും ചിത്രീകരിക്കുന്നു. തൊട്ടാൽ തൊഴുന്ന കുരുന്നു കൾ, പൂങ്കുലത്തൊത്തുകൾ പുതുപൊന്നു ചാലിച്ച നറുവെണ്ണയുടെ സൗമ്യസ്നിഗ്ധനിറമാർന്ന സ്വർണ്ണമുഖി എന്നു പേരുള്ള ലോകത്തിൽ മറ്റെങ്ങുമില്ലാത്ത ഓർക്കിഡ്, രോഗപ്രതിരോധ ശേഷിയുള്ള കാട്ടുനെല്ല്, പറക്കുന്ന അണ്ണാൻ, സിംഹവാലൻ കുരങ്ങ് എന്നിങ്ങനെ പശ്ചിമ ഘട്ടത്തിലെ അപൂർവതകളെ ഒന്നൊന്നായി തൊട്ടുഴിയുന്നു.

> "തളിർമേനിയിൽ പുള്ളികുത്തിയോർ, ശാന്തമാം
> മിഴികളും കാലിൽ ചിറകുമുള്ളോർ
> നിർത്താതെ നിർത്താതെ കൂവിതിമിർപ്പവർ
> നൃത്തം ചവിട്ടുവോർ, പാടിടുന്നോർ
> മക്കളെ മാറത്തുചാർത്തി മരങ്ങൾത-
> ന്നുച്ചിയിൽ ചാടിക്കളിച്ചിടുന്നോർ"

ഇപ്രകാരം കൗതുകമുണർത്തുന്ന കാഴ്ചകളുടെ സിംഫണി തന്നെ കവയിത്രി പശ്ചിമഘട്ടത്തെ അനുവർത്തിച്ച് ചിട്ടപ്പെടുത്തിയിരിക്കുന്നു. നാഗരികർക്ക് അതിൽ അവകാശമില്ല എന്ന് വീണ്ടും വീണ്ടും ഓർമ്മിപ്പിക്കുന്നു. പശ്ചിമഘട്ടജൈവമണ്ഡലത്തിന്റെ ദൃശ്യതയെ മാത്രമല്ല അതിന്റെ ശബ്ദപഥത്തെയും ചലച്ചിത്രകലയിലെന്നപോലെ ആലേഖനം ചെയ്തിരിക്കുന്നു കവയിത്രി. മഴമുഴക്കി വേഴാമ്പലിന്റെ ഘോഷം അതിന്റെ പശ്ചാത്തലസംഗീതമായിത്തീരുന്നു. ഒഴുകിനീങ്ങു ന്ന നാഗങ്ങൾ, മഴപോലെ ഒഴുകുകയും പൊലിയുകയും ചെയ്യുന്ന കോടികോടി മിന്നാമിനുങ്ങുകൾ. എല്ലാ മരങ്ങളും ചെടികളും മിന്നി

ത്തിളങ്ങുന്ന രാത്രികൾ, പച്ചയും മഞ്ഞയും സ്വർണ്ണവർണ്ണവും മിന്നിയും കെട്ടും തണുത്ത പ്രകാശവർഷങ്ങൾ. ഇങ്ങനെ കാല്പനിക ചാരുതകൾ ഏറെയാണ്. അവിടത്തെ ദിനരാത്രങ്ങൾ ദൈവത്തിന്റെ കയ്യൊപ്പ് പതിഞ്ഞവയാവാം. എല്ലാ അർത്ഥത്തിലും അഭൗമമായ ഒരു സിംഫണിയാണ് പശ്ചിമഘട്ടത്തെ വാക്കുകൊണ്ടും മനസ്സുകൊണ്ടും ഇന്ദ്രിയങ്ങൾ കൊണ്ടും അറിയുമ്പോൾ അനുഭവപ്പെടുക.

"ഒരുകോടി ശലഭങ്ങൾ ചിറകിളക്കിപ്പറ-
ന്നണയും വിശുദ്ധദിനങ്ങളുണ്ട്
അവ വന്നുമൂടുന്ന മരമാകെ നിലമാകെ
അവ നൃത്തമാടിയുയർന്നിടുന്നു
ചുഴലുന്നു തൊട്ടുതൊട്ടുയരുന്നു പൂവിതൾ
മഴപോലെയൊഴുകിയകന്നിടുന്നു"

എന്നിങ്ങനെ സാന്ദ്രമായ അനുഭൂതിയായി പശ്ചിമഘട്ടം കവയിത്രിയുടെ മനസ്സിൽ നിറയുകയാണ്.

മലയാള കവിതയിൽ പുകൾകൊണ്ട സഹ്യന്റെ മകനെ പശ്ചിമഘട്ട പ്രകൃതി പശ്ചാത്തലത്തിൽ അവതരിപ്പിക്കുന്ന ഗംഭീരദൃശ്യവും ഈ കവിതയിലുണ്ട്. വനം കുലുക്കി തരുശാഖകൾ പൊട്ടിച്ചുയർത്തി വീശി അന്തസ്സിൽ രാജാധിരാജനെപ്പോലെ പോൽ മസ്തകവുമുയർത്തി അവൻ വരുമ്പോൾ കാട് നിശ്ശബ്ദമാവുന്നു. ഈ വനഗേഹം അവർക്കുമാത്രം അവകാശപ്പെട്ടതാണെന്ന് കവയിത്രി വീണ്ടുംവീണ്ടും ഓർമ്മിപ്പിക്കുന്നു. പ്രകൃതിപൂജ ഈശ്വരപൂജയാണെ ന്നറിയുന്ന കവയിത്രി പാരിസ്ഥിതിക ആത്മീയതയിൽ നിമഗ്നയാവുന്നതാണ് കവിതയുടെ അവസാനഭാഗത്ത് നാം കാണുന്നത്. വനദേവതയുടെ നിഗൂഢമായ ഈറ്റില്ലമത്രേ പശ്ചിമഘട്ടം. അവിടം വിശുദ്ധമാണ്. മനുഷ്യപ്രവേശം അതിന്റെ വിശുദ്ധിയെ നശിപ്പിക്കുമെന്ന് കവയിത്രി

ഉറച്ചു വിശ്വസിക്കുന്നു. ജീവന്റെ കളിത്തൊട്ടിലാണ് അവിടം.

"ജനിമൃതികൾ കുമിളപോൽ നുരകൾ പോൽ തെരുതെരെ
പൊലിയുന്ന വിരിയുന്ന ജൈവലോകം'' ജീവൻ എന്ന

അത്ഭുതപ്രതിഭാസത്തിന്റെ നൈരന്തര്യമത്രേ അവിടെ കാണുന്നത്. അഭൗമമായ വന്യതയാണ് കാടിന്റെ ഉൾത്തളത്തിൽ. സ്വപ്നാത്മകമായ ആ അന്തരീക്ഷത്തെ അതികാല്പനികതയുടെ ഭാഷയിലല്ലാതെ രേഖപ്പെടുത്താനാവില്ല. ആർത്തിരമ്പി വരുന്ന മഴയും കൊടുങ്കാറ്റിന്റെ പൊട്ടിച്ചിരിയും ഇടിമുഴക്കവും മിന്നലും പശ്ചിമഘട്ടത്തിന്റെ വന്യതയിൽ പൊഴിയുമ്പോൾ അതൊരു മഹാസിംഫണിയായി അനുഭവപ്പെടുന്നു. ഇങ്ങനെ പാരിസ്ഥിതികയോഗാത്മകതയുടെ നിഗൂഢഭംഗികളാൽ പശ്ചിമഘട്ടത്തെ അനുഭവമാക്കി മാറ്റുന്നു കവയിത്രി. തന്റെ പ്രജ്ഞയെ വർത്തമാനകാലത്തിലേക്ക് കൊണ്ടുവരുമ്പോൾ കവയിത്രിയുടെ ചേതന ഏറെ ചകിതമാകുന്നു. കാരണം ദൈവികവും വന്യവുമായ ആ ആവാസവ്യവസ്ഥയ്ക്കുമേൽ മനുഷ്യരുടെ സംഹാരതാണ്ഡവം തുടരുകയാണ്. അതിന്റെ പ്രത്യാഘാതമെന്നോണം ഉറവകൾ വറ്റുന്നു. ജീവിവർഗ്ഗങ്ങളുടെ നിലവിളികൾ ഉയർന്നു താഴുന്നത് കവയിത്രി കേൾക്കുന്നു. സഹ്യപാദങ്ങൾ കരിമരുന്നിന്റെ ഉഗ്രസ്ഫോടനത്തിൽ തകരുന്നു. തീ പടരുന്നതും മലയിടിക്കുന്നതും കാണുന്നു. വിരിമാറിൽ നീറുന്ന മുറിവുമായ് നിൽക്കുന്ന സഹ്യൻ. മലയിടിക്കുന്ന, തീയെറിയുന്ന കൈകളോട് കവി പരിസ്ഥിതിയെ നശിപ്പിച്ചാലുള്ള പ്രത്യാഘാതങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കുന്നു.

"അറിയുവിൻ മുറിവേറ്റ ശൈലങ്ങൾ നമ്മൾക്കു
വറുതിയും മൃതിയും നിറയ്ക്കുമല്ലോ
ചൂടപൊറാഞ്ഞുപൊരിയുമല്ലോയിറ്റു-
ദാഹജലത്തിനായ് കേഴുമല്ലോ

അല്ലായ്കിൽ ഭാവം പകർന്നീഗിരിനിര
കല്ലും മരവും പ്രളയവുമായ്
അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തുപായുന്നിതെങ്ങോട്ടു നമ്മൾ"

2014 ൽ രചിക്കപ്പെട്ട കവിതയിലെ ഈ വരികൾ, ഒരു പക്ഷേ അറം പിണഞ്ഞവയായോ? കാരണം 2019 ലും 2020 ലും ഉണ്ടായ പ്രളയവും മലയിടിച്ചിലും പശ്ചിമഘട്ടത്തിന്റെ ലോലപ്രകൃതിക്കുമേൽ ഏല്പിച്ച ആഘാതങ്ങളുടെ പ്രത്യാഘാതമാണെന്ന് നമ്മൾ തിരിച്ചറിഞ്ഞുവോ? പരിസ്ഥിതി ചൂഷണത്തിന്റെ ആഘാതങ്ങളെ പ്രത്യക്ഷത്തിൽ ഓർമ്മിപ്പിക്കുന്നു ഈ കവിത.

പരിസ്ഥിതിയെ നശിപ്പിക്കുന്ന മനുഷ്യന്റെ പാപങ്ങൾക്കുള്ള പ്രായശ്ചിത്തത്തിലും പ്രാർത്ഥനയിലുമാണ് കവിത അവസാനിക്കുന്നത്. വിയദ്ഗംഗയെ വിളിച്ചിറക്കുന്ന സഹ്യന്റെ തൃക്കാൽക്കൽ, നാടിന്റെ പള്ളിവാളുപോൽ മിന്നുന്ന പശ്ചിമഘട്ടത്തിന്റെ തൃക്കാൽക്കൽ നമിച്ചുകൊണ്ട് സങ്കടം അർച്ചിക്കുകയാണ് കവയിത്രി. പാരിസ്ഥിതിക നൈതികത ഊട്ടിവളർത്താൻ കവിതയെ പ്രാർത്ഥനയുടെ പല്ലവിയാക്കിയ സുഗതകുമാരിയുടെ ഉജ്ജ്വലമായ പരിസ്ഥിതി കവിതയാണ് പശ്ചിമഘട്ടം. മലയാളത്തിലെ ഏറ്റവും ബൃഹത്തായ പരിസ്ഥിതി കവിതയും ഇതത്രേ. 140 ൽ പരം വരികൾ, 550 ലേറെ വാക്കുകൾ, പശ്ചിമഘട്ടത്തിന്റെ ബൃഹദാകൃതിയെ രൂപഘടനയിൽ കുടിയിരുത്തുക മാത്രമല്ല ജൈവവൈവിധ്യത്തെക്കൂടി കവിതയുടെ ഭാവവൈവിധ്യം കൊണ്ട് വിവർത്തനം ചെയ്തിരിക്കുന്നു എന്നുപറയാം. അത്രമേൽ ഉദാത്തമായ കാവ്യകർമ്മം. പ്രകൃതി സംരക്ഷണയജ്ഞം തന്നെയായിരുന്നു സുഗതകുമാരിയുടെ ഏറ്റവും മഹനീയമായ കർമ്മപഥം എന്ന് ഈ കവിത വിളിച്ചോതുന്നു.ഈ കവിതയിൽ നിന്നാകണം പുതുതലമുറ പാരിസ്ഥിതികനൈതികതയുടെ പാഠങ്ങൾ ഉൾക്കൊള്ളേണ്ടത്.

## സഹായകഗ്രന്ഥങ്ങൾ


1 സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, 2016.

2 സുഗതകുമാരി, *രാത്രിമഴ*, ഡി.സി.ബുക്സ്, 1977.

3 സുഗതകുമാരി, *തുലാവർഷപ്പച്ച*, ഡി.സി.ബുക്സ്, 1990

4 സുഗതകുമാരി, *മുത്തുച്ചിപ്പി*, മാതൃഭൂമി, 1960.

5 സുഗതകുമാരി, *ഇരുൾച്ചിറകുകൾ*, ഡി.സി.ബുക്സ്,1969.

6 സുഗതകുമാരി, *പശ്ചിമഘട്ടം*, മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജനുവരി 3, 2021.

7 സച്ചിദാനന്ദൻ, *ഇല്ലവരില്ലിനി (സുഗതകുമാരിക്ക്)* മാതൃഭൂമി ആഴ്ചപ്പതിപ്പ്, ജനുവരി 10, 2021.

8 പ്രൊഫ.ടോണിമാത്യു (സമാ.) *കാട്ടുകിളിയുടെ പാട്ട്*, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2011.

9 ഡോ.ഡി.ബഞ്ചമിൻ, *ജി.യുടെ ഭാവഗീതങ്ങൾ ഒരു പഠനം*, കേരള ഭാഷാഇൻസ്റ്റിറ്റ്യൂട്ട്, 2001.

# അത്രമേൽ സ്നേഹിക്കപ്പെട്ട പൂക്കൾ

**ഡോ.എസ്. സുസ്മിത**

പൂക്കളും മരങ്ങളും കിളികളും നിലാവും നക്ഷത്രങ്ങളുമടങ്ങുന്ന പ്രപഞ്ചത്തിന്റെ സൗന്ദര്യസാരം എത്ര നുകർന്നാലും മതിവരാത്തതാണ് സുഗതകുമാരിയുടെ കവിഭാവന.പ്രകൃതിയുടെ നൈസർഗിക ചാരുതകളെ ഇത്രമേൽ സ്നേഹിച്ച ഇത്രയേറെ വർണ്ണിച്ച ഒരു കവി മലയാള കാവ്യലോകത്ത് വേറെയുണ്ടോ എന്നു സംശയം. 'മലയാള കാല്പനികതയുടെ ഒരേയൊരു സ്ത്രൈണാവതാരം'[1] എന്നു സജയ് കെ.വി. സുഗതകുമാരിയെ വിശേഷിപ്പിക്കുന്നു. മനസ്സുകൊണ്ടും ശരീരംകൊണ്ടും വാക്കുകൊണ്ടും കർമ്മംകൊണ്ടും പ്രകൃതി അണിയിച്ചൊരുക്കിയ മായികസൗന്ദര്യങ്ങളെ അവർ അതിരുകളില്ലാതെ സ്നേഹിച്ചു. മരങ്ങൾക്കുവേണ്ടി, കിളികൾക്കുവേണ്ടി, ജലാശയങ്ങൾക്കുവേണ്ടി, സഹജീവികൾക്കുവേണ്ടി പാടി, തന്റെ ജീവിതം തന്നെ അവയ്ക്കായി ഉഴിഞ്ഞിട്ടു. പ്രകൃതിയിലെ ഏറ്റവും ലോലവും മസൃണവും വർണശബളവുമായ സൗന്ദര്യസത്തയായ പുഷ്പങ്ങൾ കവിമനസ്സിനെ എന്നും പ്രചോദിപ്പിച്ചു. പൂക്കളുടെ സ്നിഗ്ദ്ധതയും വൈവിധ്യവും വൈചിത്ര്യവുമുള്ള വർണങ്ങളും സുഗന്ധങ്ങളും സുഗതകുമാരിയുടെ കാല്പനികമനസ്സിനെ ലഹരിപിടിപ്പിച്ചു. അറുപതുവർഷം ദൈർഘ്യമുള്ള കാവ്യസപര്യയിൽ ബിംബകല്പനകളായും സാദൃശ്യകല്പനകളായും സ്വത്വപ്രകാശനങ്ങളായും കേരളീയജൈവപ്രകൃതിയുടെ ഭാഗമായ പൂക്കൾ നിരന്നുനിൽക്കുന്നു. ഒരു ലേഖനത്തിന്റെയോ പ്രബന്ധത്തിന്റെയോ അതിരുകളിലൊതുങ്ങാത്തവിധം അത്ര വിശാലമാണ് സുഗതകുമാരിക്കവിതകളിലെ പുഷ്പലോകം.

കേരളീയ ജൈവപ്രകൃതി അണിയിച്ചൊരുക്കുന്ന നാട്ടുപൂക്കളുടെയും കാട്ടുപൂക്കളുടെയും മുന്നിൽ കവി അഞ്ജലീബദ്ധയായി നില കൊള്ളുന്നു. ചിലതിന്റെ മുഗ്ദ്ധസൗന്ദര്യത്തെ വാഴ്ത്തുന്നു. ചില സുഗന്ധങ്ങളിൽ മുങ്ങിനീരാടുന്നു. ചില ചെടികളിലും പൂക്കളിലും അവയുടെ മുഗ്ദ്ധഭാവങ്ങളിലും തന്നെത്തന്നെ കണ്ട്, പ്രതിഫലിപ്പിച്ച് സ്വയം മറന്നുനിൽക്കുന്നു. ആ സൗന്ദര്യലഹരി പാനം ചെയ്യവേ, ഓണപ്പൂക്കൾ തേടുന്ന ബാലികയായും ലോലദലങ്ങളിൽ വർണവും സുഗന്ധവും നിറച്ച് ഹൃദയനായകനു മുന്നിൽ ആത്മനിവേദനവുമായി നിൽക്കുന്ന പെൺകിടാവായും, തിരസ്കൃതയായ കാമിനിയായും ദേവനുമുന്നിൽ അർച്ചന നടത്തുന്ന ഭക്തയായും തന്നിൽത്തന്നെയുള്ള വിഭിന്നസ്വത്വങ്ങളെ തിരിച്ചറിയുന്നു. ജീവിതക്ലേശങ്ങൾക്കും രോഗപീഡകൾക്കും ആശ്വാസദായകമായ ഔഷധങ്ങളായും പ്രണയത്തിന്റെ രാസത്വരകങ്ങളായും സർഗചേതനയ്ക്കു മാറ്റുകൂട്ടി വാക്കുകളെ പവിഴവും മുത്തുമാക്കുന്ന മാന്ത്രികസ്പർശങ്ങളായും പുഷ്പകല്പനകൾ കവിതയിൽ വന്നുനിറയുന്നു.

പൂക്കളുടെയും പൂച്ചെടികളുടെയും പേരുകൾ ചില കവിതകളുടെ തലക്കെട്ടുകളാണ്. ഒന്നുകിൽ ആ പൂക്കളുടെ/ചെടികളുടെ ഏതെങ്കിലും സവിശേഷതകളുമായി കവി സാത്മ്യം പ്രാപിക്കുന്നു. അല്ലെങ്കിൽ അവയുടെ ഏതെങ്കിലും വിശേഷങ്ങൾക്കുമുന്നിൽ, ആരാധനയോടെ തൊഴുകൈയുമായി നിൽക്കുന്നു. കണിക്കൊന്ന, കാക്കപ്പൂ, പൂക്കൈത, പാല പൂത്തിതു പാഴായ്, ഒരു പൂവിന്റെ ഓർമ്മ തുടങ്ങിയ കവിതകളിൽ കവിവ്യക്തിത്വം വർണ്യവിഷയമായ പൂ/പൂച്ചെടിയുമായി താദാത്മ്യം പ്രാപിക്കുന്നു. കുറിഞ്ഞിപ്പൂക്കൾ, നിശാഗന്ധി, ഞാൻ അസൂയാലു, പാല പാവമാണ്, പവിഴമല്ലി തുടങ്ങിയ കവിതകളിൽ പ്രസ്തുതപൂക്കളോടുള്ള ആരാധന/സവിശേഷ മമതയാണ് വഴിഞ്ഞൊഴുകുന്നത്. "അനി

മിസം (Animism) എന്ന് ആംഗലവിമർശകർ പേരിട്ടിട്ടുള്ള ഈ പ്രവണത പ്രകൃതിയിലെ വസ്തുക്കളിൽ മനുഷ്യത്വം അധ്യാരോപിക്കുന്ന കേവലവിനോദമല്ല. കവിഭാവന പ്രകൃതിയോട് അടുത്തുവരുമ്പോൾ സംഭവിക്കുന്ന ഒരു വൈകാരികപ്രക്രിയയാണതെന്നു പറയാം. പ്രകൃതിയുടെ സൗന്ദര്യത്തിലും ചൈതന്യത്തിലും ആഹ്ലാദിക്കുക, അതിൽ കഴിയുന്നത്ര ആണ്ടുമുങ്ങുക, രൂപവും ബോധവും വ്യക്തിത്വവുമൊക്കെ പ്രകൃതിയിലോ പ്രകൃതിയിലെ വസ്തുക്കളിലോ കണ്ട് അവയുമായി അനുഭാവപൂർണമായ ബന്ധമുണ്ടാക്കുക എന്നത് കാല്പനികസ്വർഗത്തിലേക്കുള്ള പ്രയാണത്തിന്റെ ഒരു ഘട്ടമാണ്."[2] എന്ന് കാല്പനിക കവിക്ക് പ്രകൃതിയോടുള്ള മമതയെ മുൻനിർത്തി ഹൃദയകുമാരി നിരീക്ഷിക്കുന്നുണ്ട്.

സംഘസാഹിത്യത്തിലെ 'ഐന്തിണൈകൾ' എന്ന സങ്കല്പനവുമായും സുഗതകുമാരിക്കവിതകളിലെ ജൈവപ്രകൃതിയെ ബന്ധിപ്പിക്കാവുന്നതാണ്. പ്രേമഭാവങ്ങൾക്കനുസൃതമായ അന്തരീക്ഷം സൃഷ്ടിക്കാൻ പ്രകൃതിദൃശ്യങ്ങളെ ഉപയോഗിക്കുന്ന സങ്കേതമാണ് 'ഐന്തിണൈ' തൊൽക്കാപ്പിയത്തിൽ ഐന്തിണകളെക്കുറിച്ച് വിശദമായി പ്രതിപാദിച്ചിട്ടുണ്ട്. "പ്രേമത്തിന്റെ വിവിധഭാവങ്ങൾക്കു പശ്ചാത്തലമാകുന്ന ഭൂവിഭാഗങ്ങളെ കുറിഞ്ചി, മുല്ല, പാല, മരുതം, നെയ്തൽ എന്നിങ്ങനെ അഞ്ചുതിണകൾ അഥവാ നിലങ്ങളായി തിരിച്ചിരിക്കുന്നു. 'ഐന്തിണ'കൾ (പഞ്ചനിലങ്ങൾ) എന്നറിയപ്പെടുന്ന ഈ ഭൂവിഭാഗങ്ങളുടെ പേരിന്നാസ്പദം അഞ്ചു പൂക്കളാണ്."[3] കുറിഞ്ചി, മുല്ല, പാല, മരുത്, നെയ്യാമ്പൽ എന്നിവയാണ് ഐന്തിണകളിൽ പരാമർശിക്കപ്പെടുന്ന പ്രധാന പുഷ്പങ്ങൾ. ഇവയെല്ലാം സുഗതകുമാരിയുടെ കാവ്യലോകത്ത് കടന്നുവരുന്നുണ്ടെങ്കിലും പാലപ്പൂക്കൾ സവിശേഷ പ്രാധാന്യത്തോടെ ആവിഷ്കരിക്കപ്പെട്ടിട്ടുണ്ട് (പാല പൂത്തിതു പാഴാ

യ്, പാല പാവമാണ്). വിരഹദുഃഖമാണ് പാലൈക്കവിതകളിലെ പ്രധാനപ്രമേയം. പ്രധാനപുഷ്പം പാലപ്പൂവും പ്രധാനദേവത കൊറ്റവൈ അഥവാ വനദുർഗ്ഗയുമാണ്. 'ഉൻമാദിനിയായ വിപിനദുർഗ്ഗ[4] എന്നു വിശേഷിപ്പിക്കപ്പെട്ടിട്ടുള്ള സുഗതകുമാരിയുടെ കവിതകൾ ഏറെ ചേർന്നുനിൽക്കുന്നത് പാലൈത്തിണൈയുമായാണ്. അവസാനകാല കവിതകളിലൊന്നായ 'പൂവഴി മരുവഴി'യും (2015) പാലൈനിലത്തിന്റെ ഊഷരത ആവാഹിക്കുന്നു.

"പൂവഴി പൂന്തേൻവഴി
പൂമരത്തണൽവഴി
പാഴ്മുള്ളുവഴി കനൽ
വഴിയൊക്കെയും താണ്ടി-
യീ മരുവഴിയിൽ വ-
ന്നെത്തിനേൻ ചൂടിൻ പച്ച-
ക്കാനലുണ്ടിവിടത്തി,
ലൊന്നു നിന്നാലോ സ്വാമിൻ"

പൂക്കളുമായി താദാത്മ്യപ്പെടുന്ന കവിതകൾ ആദ്യം പരിശോധിക്കാം. വീട്ടുമുറ്റത്തു പൂവിട്ട കണിക്കൊന്നയിൽ കവി തന്നെത്തന്നെ കണ്ടെത്തുന്നു. (കണിക്കൊന്ന 1981). കുംഭം മീനമാസക്കാലങ്ങളിൽത്തന്നെ പൊന്നുകിങ്ങിണിക്കൂട്ടം കാറ്റത്തു വാരിച്ചിന്നി ചിരിതൂകുന്നവളാണ് ആ കൊന്ന. വിരുന്നുണ്ണാനെത്തുന്ന തേനീച്ചകളും തുമ്പികളും ശലഭങ്ങളും ഊയലാടാനെത്തുന്ന തെന്നലും കിളികളും ആയി ചുറ്റും കനകച്ഛവി തൂകി അവൾ ചിരിച്ചു പ്രകാശിച്ചുനിൽക്കും. വിഷുക്കാലമെത്തുമ്പോഴേക്കും പൂക്കളെല്ലാം പൊഴിച്ചുകളഞ്ഞ് ഇലകൾ മാത്രമായി അങ്ങനെ നിൽക്കും. കണിവെക്കാൻ ഇത്തിരി കൊന്നപ്പൂ വില കൊടുത്തു വാങ്ങേണ്ടിവരുമല്ലോ എന്ന് വീട്ടുകാർ പരിതപിക്കുമ്പോ

ഴാണ്, ചില്ലകൾക്കിടയിൽ ഒളിച്ചുകളിക്കുന്ന ഒരു പൂങ്കുല വെളിപ്പെടുക. കൂറുള്ളവളെന്ന് വീട്ടുകാർ അഭിനന്ദിക്കുമ്പോൾ കവി മത്രം സംശയാകുലയാകും. 'പിശുക്കിത്രയും വേണോ' എന്ന്. ദുരമൂത്തവർ എല്ലാം വലിച്ചു പറിച്ചുകൊണ്ടുപോകും എന്നോർത്തിട്ടാവാം അവൾ നേരത്തെ പൂവിടുന്നതെന്നോർത്ത് സമാധാനിക്കുകയും ചെയ്യും. 'വിഷുക്കാലം മറന്നേ നില്പെന്നാലും/കരിയും മനസ്സിന്റെ കോണിലായൊരു പിടി/ ഇതൾ മിന്നീടും പ്രേമം കാക്കുവോളല്ലോ ഞാനും' എന്ന ചിന്തയിൽ കണിക്കൊന്നയുമായി കവി ഐക്യപ്പെടുന്നു. ഒരു പൂങ്കുല സ്നേഹിക്കുന്നവർക്കായി ഒളിച്ചുവെക്കുന്ന കൊന്നയിൽ അനുരാഗത്തിന്റെ ഒരു പിടി പൊന്നിതളുകൾ കരിഞ്ഞുതുടങ്ങിയ മനസ്സിൽ എന്നും കാത്തു സൂക്ഷിക്കുന്ന കവി തന്നെത്തന്നെ  ദർശിക്കുന്നു.

ബാല്യകാലത്ത് ഹൃദയം കവർന്ന ഒരു പ്രിയതോഴിയുടെ മുഖമാണ് കാക്കപ്പൂവിന്. (കാക്കപ്പൂവ് 1987) യന്ത്രഘോഷത്തിന്റെ ക്രൂരസ്വരമുഖരിതമായ, പുകമൂടിയ പാതയോരം എളുപ്പം കടന്നുപോകാൻ തിടുക്കപ്പെടുമ്പോൾ 'ഞാനിവിടല്ലോ നോക്കൂ' എന്ന് ആടത്തുമ്പിലുടക്കി വിളിക്കുകയാണ് കാക്കപ്പൂവ്. കുളിച്ചു കരിമിഴിയെഴുതി കുറി തൊട്ടു ചിരിച്ചു മുഖം താഴ്ത്തി നിൽക്കുന്ന കുഞ്ഞുപൂവ്, കാലം കവിക്കുള്ളിൽ ഉറക്കിക്കിടത്തിയ പെൺകുട്ടിയെ തട്ടിയുണർത്തുന്നു. കൊച്ചുകാലടിച്ചോപ്പും വെള്ളിക്കൊലുസും പുള്ളിച്ചീട്ടിപ്പാവാട ഞൊറിയും, പാറിച്ചിന്നും കൊച്ചുവാർമുടിയുമായി നിർത്താതെ ചിരിച്ചും എപ്പോഴും പിണങ്ങിയും എപ്പോഴും സ്നേഹിച്ചും തിമിർക്കുന്നവൾ. അവളാണ് പാതയോരത്ത് കുനിഞ്ഞിരുന്ന് കൊച്ചുപൂങ്കവിളിലും വീർത്ത കൺകളിലും പാറിവീഴുന്ന മുടിയിഴകളൊതുക്കി കാക്കപ്പൂവിന് കുഞ്ഞുമ്മ നൽകുന്നത്. കാറിന്റെ ക്രുദ്ധമായ ഹോണടി കവിയെ യാഥാർഥ്യത്തിലേക്ക് പിടിച്ചുകൊണ്ടുവന്നെങ്കിലും ഒരുനിമിഷം നിഷ്ക്കപടമായ ചുംബനം പൂക്കൾക്ക് നൽകിയ ബാലികയായി കവി രൂപം മാറുന്നു.

വഴിയിൽ, ഭഗവതിയെപ്പോലെ ചമഞ്ഞുനിൽക്കുന്നവളാണ് കൈത (പൂങ്കൈത, 1974) നെറുകയിൽ തിങ്കൾക്കല ചൂടി (കൈതപ്പൂ) നറുമണം വാരിവിതറി, മെയ് നിറയെ മുള്ളുകളണിഞ്ഞ്, തിരുവടിയിൽ ഫണം വിടർത്തും കരിനാഗത്തെയിരുത്തി (കൈതക്കാടുകൾ പാമ്പുകൾക്ക് ഇഷ്ടവാസസ്ഥലം എന്ന് നാടൻവിശ്വാസം) കൈത ഭഗവതിയെപ്പോൽ ചമഞ്ഞുനിൽക്കുന്നു. ശക്തിസ്വരൂപിണിയായ, ദേവീഭാവത്തിലുള്ള നാരിയെയാണ് പൂങ്കൈതയിൽ കവി കണ്ടെത്തുന്നത്.

ഏകപക്ഷീയമായൊരു പ്രണയാനുഭവമാണ് 'പാല പൂത്തിതു പാഴായ്' (1987) എന്ന കവിത വെളിപ്പെടുത്തുന്നത്. അഴകും സുഗന്ധവും ആനന്ദവും വിതുമ്പുന്ന ഇതളുകളുമായ് പ്രണയിനിയുടെ ഉള്ളിൽ പാല പൂത്തുനിൽക്കുന്നു. അവളുടെ കണ്ണീരിനു മുന്നിൽ നിസ്സംഗനായി നിൽക്കുന്ന ശിലാരൂപിയുടെ പാദങ്ങളിൽ ആ പൂക്കൾ അർപ്പിച്ചിട്ട് എന്തു പ്രയോജനം? അനുരാഗിയെങ്കിലും, കണ്ണീർ തളിച്ചത് മായ്ക്കാൻ വെമ്പുകയാണ് നിസ്സംഗതയ്ക്കുമുന്നിൽ തകർന്ന ഹൃദയം. പാലപ്പൂവിന്റെ തീക്ഷ്ണ സുഗന്ധം പാതിരാപ്പാട്ടായി ദുഃഖത്തിന്റെ സിരകൾ തോറും പടർന്നിറങ്ങി ജ്വലിച്ചതും ആയിരം ശലഭങ്ങൾ ഓമനിച്ചണഞ്ഞതും, രാക്കിളി പാട്ടുപാടി മയങ്ങിയിരുന്നതും, വാനിലും ആയിരം പാലപ്പൂക്കൾ വിരിഞ്ഞതും മുടിതൊട്ടടിയോളം നിറഞ്ഞ പൂക്കളുടെ തീക്ഷ്ണമധുരം താങ്ങാനാവാതെ കാറ്റ് മൂർച്ഛിച്ചതുമെല്ലാം പാഴ്ക്കഥകൾ മാത്രം. അനുരാഗതപ്തമായ ഹൃദയത്തിന്റെ പാഴ്നെടുവീർപ്പാണ് ഈ കവിത. തിരസ്കൃതയായ കാമിനിയുടെ മുഖമാണിവിടെ നറും സുഗന്ധവുമായി പൂത്തുനിൽക്കുന്ന പാലയിൽ കണ്ടെത്തുന്നത്. കാട്ടുപൂവായ പാല മംഗളകർമ്മങ്ങളിലൊന്നും കടന്നുവരാറില്ലല്ലോ. എങ്കിലും സുഗതകുമാരിയ്ക്കുള്ളിലെ നിത്യപ്രണയിനിക്ക് ഏറെ പ്രിയപ്പെട്ടവളാണ് വശ്യപരിമളം തൂകുന്ന ഈ കാട്ടുപൂവ്.

സമൂഹത്തിൽ നടമാടുന്ന ക്രൂരകർമ്മങ്ങൾ, അഗ്നിനാളങ്ങളായി മെയ്യും മനസ്സും പൊള്ളിക്കുമ്പോൾ, പൊള്ളിപ്പിടയുമ്പോൾ, ഒന്നുമറിയാതെ പാല പിന്നെയും പൂത്ത് പരിമളം പകരുന്നതിനെക്കുറിച്ചാണ് 'പാല പാവമാണ്' (1997) എന്ന കവിത. ആസുരശക്തികളുടെ ക്രൂരകർമ്മങ്ങളിൽ പൊള്ളിപ്പിടയുന്നവരുടെ വേദനകൾ മെയ്യിലും മനസ്സിലും ഏറ്റുവാങ്ങി കവിയും തീയായി മാറവേ, ഇതൊന്നുമറിയാതെ, പാല പിന്നെയും പൂമണം നീട്ടുന്നു. ഒരിക്കൽ, പാലപ്പൂമണത്തിന്റെ ലഹരിയിൽ, നിലാവു വാരിച്ചുറ്റി നിലാവു കോരിക്കുടിച്ചിടറി നടന്നവൾ വെയിലാഴത്തിൽ മുങ്ങിച്ചത്തിരിക്കുന്നു. നിഴലായി പാലച്ചോട്ടിൽ തളഞ്ഞു കിടക്കുന്നു. ദാരുണമായി കൊലചെയ്യപ്പെടുന്ന പെൺകിടാങ്ങൾ, വിശന്ന വയറുമായി വാടിവീണ് ഉറുമ്പുകൾ പൊതിഞ്ഞ ശരീരങ്ങൾ, ചത്ത പൂക്കളെ വാരിക്കത്തിക്കുന്നവർ, വീണ്ടും മഴുവായ്ത്തല രാകുന്നവർ- ഇത്തരം ആസുരനീതികൾ  കവിയെ അലട്ടുമ്പോൾ ഇതൊന്നുമറിയാതെ പാല വീണ്ടും പൂക്കുന്നു. മനുഷ്യകുലത്തിന്റെ ആസുരതകളും പ്രകൃതിയുടെ നിഷ്കപടതയും വിരുദ്ധധ്രുവങ്ങളായി കവിതയിലൊത്തുചേരുന്നു.

'ഒരു പൂവിന്റെ ഓർമ്മ' (1960) എന്ന ആദ്യകാല കവിതയിൽ, ഹൃദയമാകുന്ന പൂവ് (ഉള്ളത്തിൻ പൂവ്) കാമുകന് മുന്നിൽ സമർപ്പിക്കാനെത്തുന്ന പെൺകിടാവാണ് കവികല്പനയിൽ പൂവായി പരിണമിച്ചിരിക്കുന്നത്. കാമുകനാണ് കവിതയിലെ ആഖ്യാതാവ്. അവളുടെ ഹൃദയസമർപ്പണം അയാൾ നിഷ്ക്കരുണം തള്ളിക്കളഞ്ഞു.

"പൊള്ളയായ്  ചിരിച്ചുംകൊ-
ണ്ടോതി ഞാൻ മുല്ലപ്പൂവേ
നല്ലത്, പക്ഷേ പോകൂ
പിന്നെ ഞാൻ വിളിച്ചിടാം"

എന്നായിരുന്നു അയാളുടെ മറുപടി. തളർന്ന കൊച്ചുമുഖം കുനിച്ച വൾ നടന്നുപോയി. എങ്കിലും ഉള്ളിൽ അവളിട്ടിട്ടുപോയ മംഗലസുഗ ന്ധത്തിന്റെ ദീപ്തകണം ബാക്കിനിന്നു. അന്തികളിൽ അയാളെ പിന്തുട രുന്ന വേദനകളിൽ ആ കൊച്ചുപൂവിന്റെ ദുഃഖവും കടന്നുവരുന്നതായി അയാൾക്ക് തോന്നുന്നു. തപ്തനിശ്വാസങ്ങൾ അന്തികൾ തോറും ആത്മാവിൽ പാറിവീണുകൊണ്ടിരുന്നു. ഒടുവിൽ, ശൂന്യതയിലാളുന്ന വിഷാദഭാവന വീണ്ടും അവളെത്തന്നെ വിളിക്കുന്നു.

"ഇല്ലിനിനോവിക്കില്ല
നിന്നെ ഞാൻ, പൂവേ, വന്നെൻ
ചില്ലയിലൊരുവട്ടം
കൂടി നീ വിടർന്നാലും"

സുന്ദരസ്വപ്നത്തിന്റെ പൂവിതൾ, മംഗലസുഗന്ധത്തിൻ ദീപ്തകണം തുടങ്ങിയ അഭേദകല്പനകളിലൂടെ പ്രണയിനിയും പുഷ്പവും ഒന്നു തന്നെയായി മാറുന്നു. വിഷാദച്ഛവി കലർന്ന കാല്പനിക ഭാവനയിൽ നിന്നകന്നുനിൽക്കാൻ ശ്രമിച്ച് പരാജയപ്പെട്ടുപോകുന്ന കവി തന്നെ യാവാം കവിതയിലെ ആഖ്യാതാവ്.

ജീവിതക്ലേശങ്ങൾക്കൗഷധമായ് മാറുന്ന പുഷ്പങ്ങളോടുള്ള ആരാധന വഴിഞ്ഞൊഴുകുന്നവയാണ് ഇനിയൊരുകൂട്ടം കവിതകൾ. ജീവിതം ശൂന്യവും വന്ധ്യവുമായി അനുഭവപ്പെട്ട ഇരുണ്ടൊരു സന്ധ്യ യിൽ ക്ലേശച്ചുമടും ചുമന്നുകുനിഞ്ഞ് മെയ്യ് കുഴഞ്ഞ് നടന്നുവരുന്ന വരുടെ മുന്നിൽ വഴിവക്കിലെ ആളില്ലാപറമ്പിൽ കണ്ട, അടിമുടി പൂത്തു നിൽക്കുന്ന പൂമരം അവരുടെ ജീവിത വൈക്ലബ്യങ്ങളെയാകെ ഒപ്പി യെടുത്തില്ലാതാക്കുന്നത് 'വെളുത്ത പൂവുകൾ' (1962) എന്ന കവിത യിൽ കാണാം. പേരറിയാത്ത ആ പൂമരത്തെ കവി സൗന്ദര്യമെന്നു വിശേഷിപ്പിക്കുന്നു. ('എന്തതിൻ പേരെന്നറിയില്ലെനിക്കൊരു സൗന്ദ

ര്യമെന്നു വിളിക്കാമതിനെ ഞാൻ') സുശോഭിതയായി, സുവാസിത യായി, വിശുദ്ധോജ്ജ്വലയായ്, ദിവ്യമനോഹരിയായൊരു ദേവതപോലെ ആ പൂമരം അവർക്കുമുന്നിൽ വിളങ്ങിനിന്നു. 'ഇത്ര വെളുപ്പ് വെളുപ്പി നുണ്ടോ' എന്ന് ആ പുഷ്പങ്ങളെ നോക്കി അവർ നെടുവീർപ്പിടുന്നു. ആ വെൺപൂവിതളുകളിൽ പിന്നിട്ട ജീവിതത്തിലെ സമസ്ത സൗഭാ ഗ്യങ്ങളും, തങ്ങളുടെ അനുരാഗക്കുളിരുറവുകളും കുഞ്ഞോമനകളുടെ പുഞ്ചിരിയും അമ്മയുടെ കനിവോലുന്ന അനുഗ്രഹശതങ്ങളും, ബാല്യ ത്തിന്റെ സുഖദമായ കൗതുകങ്ങളും വന്നുനിറയുന്നതായി അവർക്ക നുഭവപ്പെടുന്നു. ഉള്ളൊരു പൂക്കളമായ് മാറിയ അനുഭവവിശേഷത്തോ ടെയാണവർ യാത്ര തുടരുന്നത്.

"ഞങ്ങൾ മറന്നേപോയീ വീണ്ടും
ചുമലേറ്റേണ്ടൊരു ചുമടിൻഭാരം
ഞങ്ങൾ മറന്നു ചുട്ടുപഴുത്തോ-
രലിവറിയാത്തീ വഴിതൻ ദൂരം
ഞങ്ങൾ മറന്നു ചൂടാൽ പശിയാൽ
പിടയും മെയ്യിന്നഴലുകൾ, വീണ്ടും
വന്നുപിറക്കും പകലുകൾ, വാടി-
പ്പോയ കിനാവിൽ നാളെകൾപോലും."

ഒമ്പതാമത്തെ ആശുപത്രിവാസത്തിനുശേഷം വീട്ടിലെത്തി, മുറ്റ ത്ത് നടക്കുമ്പോൾ ഉണർന്നുനോക്കുന്ന ഒരു പൂവിന്റെ ശുഭ്രസൗന്ദര്യ ത്തിൽ (വെൺമുത്തിന്റെ നിറമോടെയഴകോടെ) മനം മയങ്ങുന്ന അനു ഭവമാണ് 'ഞാൻ അസൂയാലൂ' (1974) എന്ന കവിത. വെളുത്ത ദളചെ പ്പിൽ ഒരു വെൺപിറാവിനെ ഉറക്കുന്ന ആ കപോതപുഷ്പം (Dove Orchid) കവിമനസ്സിൽ അസൂയയുണർത്തുന്നു. കാരണം, ആ പിറാ വിന് പാടുകയും പറക്കുകയും വേണ്ട, ഇര തേടുകയും ഇണക്കിളി

യുടെ പരിഭവം കണ്ട് കൺനിറയുകയും വേണ്ട, മക്കളെച്ചൊല്ലി കരയേണ്ട, ശത്രുവിന്റെ നിഴൽ കണ്ട് തളരേണ്ട. രോഗദാരിദ്ര്യപീഡകളില്ല. അതുല്യമായ ശാന്തിമാത്രം. രോഗതപ്തമായ ശരീരം, മനക്കരുത്തിനെ വാട്ടുമ്പോൾ ഉതിർന്നുവീഴുന്നതാണ് ഈ ആത്മഗതം. ശാന്തിയുടെ കേദാരമായ പുഷ്പപുത്രിയ്ക്കുമുന്നിൽ അസൂയാലുവായി നിൽക്കുകാണ് കവിമനസ്സ്.

നിശാഗന്ധിപ്പൂവിന്റെ മൃദുലശുഭ്രസൗന്ദര്യത്തെ വാഴ്ത്താൻ തന്റെ പരുഷവാക്കുകൾ മതിയാകുന്നില്ലല്ലോ എന്ന പരിദേവനം നിശാഗന്ധി (1967) എന്ന കവിതയിൽ തെളിയുന്നു. മർത്ത്യഭാഷയുടെ പരിമിതികൾ ഉള്ളിൽ തെളിയുന്നു.

"ഞങ്ങൾതൻ പരിമിത
മർത്ത്യഭാഷയാൽ നിന്നെ-
യെങ്ങനെ മൃദുലതേ
ശുഭ്രതേ വാഴ്ത്തീടേണ്ടൂ."

അതിനിർമ്മലമായി, ശിശുഹൃദന്തംപോലെ ധവളാഭമായി ചുഴന്ന മണം വീശിത്തിളങ്ങുന്ന ഇരുളുകളും നിറഞ്ഞ അല്ലിച്ചാർത്തിൻ വിചിത്രപേലവതകളും ദിവ്യാനുഭൂതികളിലേക്ക് കവിയെ കൊണ്ടുപോകുന്നു.

"പൂർവ്വരാഗത്തിൻ ശോക
സ്മൃതിപോലേതോ തീരെ
നേരിയ സുഗന്ധമേ-
ന്നാത്മാവു മുകർന്നല്ലോ!"

ഇതിലും വെളുത്തതായി, ഇതിലും നനുത്തതായി, ഇതിലും വിശുദ്ധമായി മന്നിലൊന്നുമില്ലല്ലോ എന്ന് ശിരസ്സുനമിക്കുന്നു. ഈ ക്ഷണികസൗഭാഗ്യം പുലരിയെത്തുമ്പോൾ വാടിത്താഴുമല്ലോ എന്ന് പരിതപിക്കുന്നു. എങ്കിലും, നിലാവിന്റെ വെൺമ പോലും മങ്ങിക്കുന്ന

ആ പൂർണസൗന്ദര്യത്തിൽ വിശ്വചാരുതയെ ഒന്നാകെത്തന്നെ നുകർന്ന് നിർവൃതിയടയുന്നു.

1961-ൽ എഴുതിയ 'പാതിരാപ്പൂക്കൾ' എന്ന കവിതയിൽ സ്വാനുഭവം ആഖ്യാനം ചെയ്യുന്നു. ലോകനാഥന്റെ മുന്നിൽ തംബുരു മീട്ടിപ്പാടാനാഗ്രഹിക്കുന്ന കവി, വഴിയിൽ ഇരുൾ വീഴവേ തെല്ലൊന്നിടറിപ്പോകുന്നു. ആകാശപ്പൊയ്കയിൽ തിങ്കൾപ്പൂവും, ആമ്പൽമലരായി ഏകാന്തതാരയും വിരിയുമ്പോൾ കണ്ണീരുമാഞ്ഞ് കാരുണ്യനിലാവിൽ മുഴുകി വീണ്ടും പാടാൻ തുടങ്ങുന്നു. ഇരവിൽ താൻ കോർത്തെടുക്കുന്ന ഈ പൂവുകൾ, നാളെ വെയിൽച്ചൂടിൽ വാടിപ്പോയെന്നുവരും. എങ്കിലും ആ ഗാനങ്ങൾ ഉയിരിൽ പേറി വിരഹിയായ ഏകാന്തപാന്ഥൻ, വിഭുവിനെ തേടിക്കൊണ്ടേയിരിക്കും. ദുഃഖത്തിന്റെ ഇരുളിൽ വിടരുന്ന തന്റെ കാവ്യമലരുകളെ പാതിരാപ്പൂക്കളായി സങ്കല്പിച്ച് ലോകനായകന് മുന്നിൽ അർച്ചന ചെയ്യുന്നു.

കിഴക്കൻ മാമലമുകളിലെവിടെയോ, വാർധക്യപ്പടിവാതിലിൽ നിൽക്കുന്ന തനിക്കു കേറിച്ചെല്ലാൻ കഴിയാത്ത ദിക്കിൽ, കടലുപോലെ നീലക്കുറിഞ്ഞി പൂക്കുന്നൊരിടമുണ്ടെന്ന് മറ്റുള്ളവർ പറയുമ്പോൾ, അതു കാണാൻ കൊതിതുള്ളുകയാണ് കവിമനസ്സ്. (കുറിഞ്ഞിപ്പൂക്കൾ, 1983). പന്ത്രണ്ട് വർഷങ്ങൾ കൂടുമ്പോളാണ് നീലക്കുറിഞ്ഞി പൂക്കുന്നത്. ആകാശത്തെപ്പോലും ഹരിതമയമാക്കുന്ന ആ കാഴ്ച കാണാൻ തന്നെയും ആ പൂക്കൾ വിളിക്കുന്നുണ്ട്. പക്ഷേ, ശാരീരികമായി ദുർബലയായതിനാൽ തനിക്കുവേണ്ടിത്തൻ കിടാങ്ങൾ കാണുമാവസന്തമെന്നു ജപിക്കാനേ കഴിയുന്നുള്ളൂ.

"അവിടെക്കാറ്റല്ല, അവിടെപ്പൂങ്കാറ്റാ-
ണതിനു കണ്ണന്റെയുടലൊളിയുമാ-
ണതു കോരിക്കുടിക്കാൻ തോന്നിടും
മതിവരില്ലെന്നവർ പറയുന്നു."

മഴുവും തീയും കഴുകൻകണ്ണുകളുമായി മനുഷ്യന്റെ ദുര അവിടെയെത്തുമോ എന്ന ഭയം വേട്ടയാടുമ്പോൾ, ഇനിയുമൊരു പന്തീരാണ്ടുകാലം കാത്തിരിക്കാൻ വയ്യെന്ന് പുലമ്പിക്കൊണ്ട് ഉൻമത്തമായ മനസ്സ് കിളിയെപ്പോൽ പറന്ന് പൂങ്കടൽത്തിരകളിൽ പതിക്കുന്നു. നറും നിലാവിൽ എന്നപോൽ അതിൽക്കളിക്കുന്നു, ചിറകിളക്കുന്നു. പ്രകൃതിസംരക്ഷണസമിതി അംഗങ്ങൾ ചേർന്ന് നടത്തിയ കുറിഞ്ഞിമല യാത്രയിൽ സുഗതകുമാരിക്ക് പങ്കെടുക്കാൻ കഴിഞ്ഞില്ലെന്നും ആ പരിഭവമാണ് 'കുറിഞ്ഞിപ്പൂക്കൾ' എന്ന കവിതയായി വിരിഞ്ഞത് എന്നും വിഷ്ണുനാരായണൻ നമ്പൂതിരിയുടെ മകൾ അദിതി എഴുതുന്നു.[5] മക്കൾ കാണുന്ന, തനിക്കു കാണാനാവാത്ത, കയറാനാവാത്ത പൂമല, വാർധക്യത്താൽ തനിക്കു തികച്ചും അപ്രാപ്യമാകുന്ന ആ സൗന്ദര്യത്തിന്റെയും ആനന്ദത്തിന്റെയും ഉയരം പ്രണയത്തിന്റേതു കൂടിയാണെന്നു സ്പഷ്ടം'[6] എന്ന് സജയ് കെ.വി. നിരീക്ഷിച്ചിട്ടുണ്ട്. കുറിഞ്ഞിത്തിണൈയുമായാണ് അദ്ദേഹം സുഗതകുമാരിക്കവിതയെ ബന്ധിപ്പിക്കുന്നത്.

കാമുകന് ആത്മനിവേദനം നൽകാനെത്തുന്ന രാഗവതിയായ പെൺകിടാവിന്റെ മുഖംതന്നെയാണ് പവിഴമല്ലിക്കും കവി നൽകുന്നത്. (പവിഴമല്ലി 1986) കാവ്യപ്രചോദനത്തിന്റെ അധികമാനം കൂടി പവിഴമല്ലിപ്പൂക്കൾക്ക് നൽകുന്നുണ്ട് സുഗതകുമാരി. ഇരുളിൽ ഉറങ്ങാതിരിക്കുന്ന കവിയുടെ മിഴിയിൽ നിലാവു പൂശിക്കൊണ്ട് അഴിവാതിലിനുള്ളിലൂടെ പരുങ്ങിവന്നെത്തുന്നതാണ് പവിഴമല്ലിപ്പൂവിൻ പ്രേമം. ആ നറുമണം കൈനീട്ടി വാങ്ങവേ, മിഴികൾ നിർവൃതിയിൽ അടഞ്ഞുപോകുന്നു. പിറ്റേന്ന്, കൊഴിഞ്ഞ പൂക്കൾ കൊരുത്തെടുക്കാൻ പുലരി വന്നെത്തിനോക്കുമ്പോൾ കാണുന്നത്, കണ്ണീരു വീണുനനഞ്ഞ കടലാസിന്റെ മാറിൽ, മണമുള്ള പവിഴവും മുത്തും ഒരുപിടി വാക്കായ്

തിളങ്ങിക്കിടക്കുന്നതാണ്. വാക്കുകളെ പവിഴങ്ങളും മുത്തുകളുമാക്കുന്ന രാസപരിണാമമാണല്ലോ കാവ്യരചനയിൽ സംഭവിക്കുന്നത്. അതിൽ ഉൽപ്രേരകമായി, പ്രചോദനമായി വർത്തിക്കുക എന്ന ദൗത്യം കൂടി നിറവേറ്റുന്നവളാണ് കവിയ്ക്ക് പ്രിയങ്കരിയായ പവിഴമല്ലി. ഇതേ പവിഴമല്ലി മരം, ചേച്ചിയുടെ മരണത്തെത്തുടർന്ന് പെട്ടെന്നുണങ്ങിപ്പോയതിന്റെ ദുഃഖം പങ്കുവെക്കുന്ന കവിതയാണ് 'പവിഴമല്ലിയുടെ മരണം' (2015) ചേച്ചിയ്ക്ക് ഏറെ പ്രിയപ്പെട്ടവളായ ആ മരം ചേച്ചിക്ക് തുണ പോയതാണോ എന്നും സംശയിക്കുന്നു.

"ചിരിതൂകിപ്പൂവിട്ടു തലപൊക്കി നിൽക്കവേ
മൃതിവന്നു തൊട്ടതുപോലെ
പരിചിതമാക്കെ പിടിച്ചുനീയിഷ്ടമാം
തുണയായ് അനുഗമിച്ചെന്നോ?..."

'സ്നേഹത്തിനെന്തേ നിറം' (1980) എന്ന കവിതയിൽ വെൺമുലപ്പാലിന്റെ വെളുപ്പ്, വെയിലിന്റെ പൊൻനിറം, തീർത്ഥബിന്ദുവിൽ കുളുർമ എന്നിവ ശൈശവം, മധ്യവയസ്സ്, വാർധക്യം എന്നീ ജീവിതഘട്ടങ്ങളെ പ്രതിനിധീകരിക്കുന്ന കാവ്യബിംബങ്ങളാകുമ്പോൾ യൗവനത്തിന്റെ നിറമാകുന്നത് 'ചൊടിയാർന്നു വിടരുന്ന ചെമ്പനീർപ്പൂവിന്റെ തുടുതുടെച്ചോപ്പ്' ആണ്.

"സ്നേഹത്തിനെന്തേ നിറം?
യൗവനസ്വപ്ന
ദാഹശതങ്ങൾക്കു മുന്നിൽ
ചൊടിയാർന്നു വിടരുന്ന
ചെമ്പനീർ പൂവുപോൽ
തുടുതുടെച്ചോന്നതാണല്ലോ."

എങ്കിലും കവിമനസ്സിനെ പ്രണയോൻമാദിയാക്കുന്നത് നിശാപുഷ്പങ്ങൾ തന്നെ. 'അകലെനിന്നൊരു സുഗന്ധം' (1977) എന്ന കവിതയിൽ, രാത്രിയിൽ വഴിയിലൂടെ ഏകനായ് നടക്കുമ്പോൾ, എവിടെനിന്നോ ഒഴുകിയെത്തുന്ന നേർത്തമണം. 'പാല പൂത്തുവോ ദൂരത്തെങ്ങാൻ, അല്ല. നിലാവത്തു മുല്ല പൂത്തുവോ എന്നിങ്ങനെയുള്ള ചിന്തകൾ മനസ്സിൽ നിറയ്ക്കുന്നു. ആദ്യപ്രേമം പോലെ, സിരകളിൽ ഉന്മാദം തുള്ളിപ്പതയുന്ന അനുഭവം. അതൊരു വെളുപ്പുനിറപ്പൂവായിരിക്കുമെന്ന് മനസ്സ് ഉറപ്പിക്കുന്നു.

"വെളുപ്പാംനിറം? ശ്യാമ-
  രാത്രിക്കു ചൂടാൻ പണ്ടേ
വെളുത്ത നക്ഷത്ര-
  പ്പൂവിനെയല്ലോ പ്രിയം."

എന്ന കല്പനയിലെ ശ്യാമരാവ് പ്രണയാതുരമായ കവിഹൃദയം തന്നെ. 'ഇരുൾച്ചിറകുകൾ' (1969) എന്ന കവിതയിൽ യാമിനി മഹാസുഖദായിനിയാകുന്നത്, നിശാഗന്ധിസൂനവും തെളിമുല്ലമലരും വെള്ളാമ്പലും പവിഴമല്ലിപ്പൂക്കളും ആയിരം ധവളസുരഭിലസ്വപ്നസൗന്ദര്യങ്ങളായി വിരിയുന്നതുകൊണ്ടാണ് എന്ന് കല്പന കാണാം.

അന്തിമവിശകലനത്തിൽ, രാവിൽ വിരിയുന്ന ധവളമൃദുലവും സുഗന്ധവാഹിയുമായ പൂക്കളോട് സുഗതകുമാരിയ്ക്കുള്ള പ്രത്യേകമമത തെളിഞ്ഞുനിൽക്കുന്നു. നിശാഗന്ധിയുടെ ശുഭ്രദിവ്യലോലസുഗന്ധവും മുല്ലപ്പൂവിന്റെ സ്നിഗ്ദ്ധനൈർമല്യവും മംഗല്യഗന്ധവും പാലയുടെ തീക്ഷ്ണസൗരഭ്യവും പവിഴമല്ലിപ്പൂക്കളുടെ നേർത്ത സൗഗന്ധവും വെള്ളാമ്പലിന്റെ പാൽച്ചിരിയും കവിയെ മുഗ്ധയാക്കുന്നു. നിർമ്മലവും സുഗന്ധവാഹിയുമായ അനുരാഗത്തിന്റെ ഓർമ്മപ്പെടുത്തലുകളായി പ്രകൃതി കനിഞ്ഞേകുന്ന അനുഗ്രഹങ്ങളാണ് നിത്യപ്ര

ണയിനിയായ കവിയിത്രിയ്ക്ക് ആ പാതിരാപ്പൂക്കൾ. പാലപ്പൂവിനോടുള്ള മമത ഏറിനിൽക്കുന്നതിനാലും പ്രണയത്തിന്റെ വിരഹഭാവമാണ് കവിതകളിൽ മുന്തിനിൽക്കുന്നത് എന്നതിനാലും പാലൈ എന്ന തിണയോടാണ് സുഗതകുമാരിക്കവിതകൾ ഏറെ ചേർന്നുനിൽക്കുന്നത്.

## കുറിപ്പുകൾ

1. സജയ് കെ.വി., *മണമുള്ള പവിഴവും മുത്തും* Litart web weekly, Issue 1, Jan 6, 2021
2. ബി. ഹൃദയകുമാരി, *കാല്പനികത*, മാതൃഭൂമി ബുക്സ്, 2013, പു.102
3. വി.ജെ. സെബാസ്റ്റ്യൻ, *ആധുനികകവിതയും തിണസങ്കൽപ്പനവും*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, പു. 12
4. ബാലചന്ദ്രൻ ചുള്ളിക്കാട്, (അവതാരിക), *പൂവഴി മരുവഴി*, ഡി. സി. ബുക്സ്, കോട്ടയം, പു.13
5. അദിതി, *അറിഞ്ഞിരിക്കുമോ അച്ഛൻ*, മാതൃഭൂമി വാരാന്തപ്പതിപ്പ്, ഫെബ്രുവരി 6, 2021, പേജ് 3
6. സജയ് കെ.വി, *കുറിഞ്ഞിപ്പൂവിന്റെ കാവ്യശാസ്ത്രം*, ഭാഷാപോഷിണി, ഫെബ്രുവരി 2021. പുസ്തകം 45, ലക്കം 2, പു. 66-69

## സഹായകഗ്രന്ഥങ്ങൾ

1. അദിതി, *അറിഞ്ഞിരിക്കുമോ അച്ഛൻ*, മാതൃഭൂമി വാരാന്തപ്പതിപ്പ്, ഫെബ്രുവരി 6, 2021.
2. ബാലചന്ദ്രൻ ചുള്ളിക്കാട്, *ലോകാനുരാഗത്തിന്റെ അഭിജ്ഞാനം* (അവതാരിക), പൂവഴി മരുവഴി, ഡി.സി. ബുക്സ്, കോട്ടയം.
3. ബി. ഹൃദയകുമാരി, *കാല്പനികത*, മാതൃഭൂമി ബുക്സ്, 2013.

# സുഗതകുമാരിക്കവിത പ്രതിരോധനത്തിന്റെ പ്രകൃതിപാഠങ്ങൾ

**ഡോ.സംഗീത കെ.**

മലയാളകവിതയിൽ കാല്പനികതയുടെ പിന്തുടർച്ചയായി നവഭാവുകത്വം രൂപപ്പെടുത്തിയ കവിയാണ് സുഗതകുമാരി. വിഷാദവും പ്രണയവും പ്രകൃതിയും സുഗതകുമാരിയുടെ കവിതകളിലെ സാന്നിധ്യമാണ്. ആത്മനിഷ്ഠഭാവവും സംഗീതാത്മകതയും ആ കവിതകളിലെ പൊതുസവിശേഷതയാണ്. ചുറ്റിലുമുള്ള അസംതൃപ്തമായ സാമൂഹികപരിസരം സുഗതകുമാരിയെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. അറിയപ്പെടുന്ന സാമൂഹിക-പാരിസ്ഥിതിക പ്രവർത്തക കൂടിയായ സുഗതകുമാരി പ്രതിലോമകരമായ രാഷ്ട്രീയ-സാമൂഹികസ്ഥിതിഗതികളോട് നിരന്തരം കലഹിക്കുന്നുണ്ട്. പാരിസ്ഥിതികസ്ത്രീവാദവിഷയങ്ങളോടുള്ള അവരുടെ സമീപനം ഇതിനുദാഹരണമാണ്.

ഇരുപതാംനൂറ്റാണ്ടിൽ ഏറ്റവും കൂടുതൽ പ്രതിസന്ധി നേരിട്ട മേഖലകളിലൊന്നായിരുന്നു പരിസ്ഥിതി. സമകാലസ്ഥിതിയും വ്യത്യസ്തമല്ല. പ്രകൃതിസംരക്ഷണത്തിന്റെ പ്രാധാന്യം ബോധപൂർവ്വം നമ്മുടെ ചിന്തയുടെയും പ്രവർത്തനത്തിന്റെയും ഭാഗമായി മാറിയ കാലഘട്ടമാണിന്ന്. കാല്പനികകാലഘട്ടത്തിൽ കുമാരനാശാൻ പ്രകൃതിസ്നേഹത്തിന് പ്രാധാന്യം കൊടുത്തപ്പോൾ പിന്തുടർച്ചയായി വന്ന പി.കുഞ്ഞിരാമൻനായർ പരിസ്ഥിതിപ്രണയത്തോടൊപ്പം പരിസ്ഥിതിവിനാശത്തിന്റെ തലങ്ങളെക്കൂടി കവിതയിലൂടെ ആവിഷ്കരിച്ചു. എന്നാൽ സുഗതകുമാരിയുടെ കാലഘട്ടമായതോടെ പരിസ്ഥിതിപ്രമേയങ്ങൾ പ്രതിരോധത്തിന്റെ തലത്തിലേക്കെത്തി. ഇതിനു കാരണം പ്രകൃതി മനുഷ്യന് ഉപഭോഗത്തിനുള്ള വസ്തുമാത്രമായി

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

മാറി എന്നതാണ്. "1978-80 കാലഘട്ടങ്ങളിലാണ് സൈലന്റ്‌വാലി സംരക്ഷണപ്രതിരോധങ്ങളിൽ പങ്കുചേർന്നുകൊണ്ട് നമ്മുടെ എഴുത്തുകാർ പാരിസ്ഥിതിക ആക്ടിവിസത്തിലേക്കും ഭാവുകത്വത്തിലേക്കും കടന്നുചെന്നത്." (ഹരിതനിരൂപണം മലയാളത്തിൽ, 2002:10) ഇത് മലയാളകവിതയിൽ അതുവരെയുണ്ടായിരുന്ന പാരിസ്ഥിതികാവബോധത്തിന് പുതുവെളിച്ചം പകർന്നു. എഴുത്തുകാരുടെയും പരിസ്ഥിതിപ്രവർത്തകരുടെയും നേതൃത്വത്തിൽ പരിസ്ഥിതിക്കുവേണ്ടി സംഘടന രൂപം കൊണ്ടു. എൻ.വി. കൃഷ്ണവാരിയർ, അയ്യപ്പപ്പണിക്കർ, ഒ.എൻ.വി. കുറുപ്പ്, സുഗതകുമാരി, വിഷ്ണുനാരായണൻ നമ്പൂതിരി, ഡോ. കെ. വേലായുധൻ നായർ എന്നിവരുടെ നേതൃത്വത്തിൽ രൂപംകൊണ്ട 'പ്രകൃതിസംരക്ഷണസമിതി' പരിസ്ഥിതിയുമായി ബന്ധപ്പെട്ട് സാഹിത്യത്തിലും സാമൂഹികമണ്ഡലത്തിലും ധീരമായ പ്രവർത്തനങ്ങൾ രൂപപ്പെടുത്തി. നവമായൊരു പാരിസ്ഥിതികദർശനം ഈ സംരംഭത്തിലൂടെ കവിതയിൽ ദൃശ്യമായി. സുഗതകുമാരിയുടെ സാമൂഹികപാരിസ്ഥിതിക പ്രതിരോധപ്രവർത്തനത്തിന്റെ അടിത്തറ കൂടിയായിരുന്നു പ്രകൃതിസംരക്ഷണസമിതിയുടെ രൂപീകരണം.

പ്രകൃതിസംരക്ഷണസമിതിയുടെ നേതൃത്വത്തിൽ പരിസ്ഥിതിക്കുവേണ്ടി പ്രവർത്തിച്ചവർ 'മരക്കവികൾ' എന്ന പേരിൽ മറ്റുള്ളവരുടെ പരിഹാസത്തിന് പാത്രമായെങ്കിലും തളരാതെ 'തോല്ക്കുന്ന യുദ്ധത്തിലെ പടയാളികളായി' അവർ പരിസ്ഥിതിക്കുവേണ്ടി പോരാടി. "സൈലന്റ്‌വാലിപ്രശ്നവുമായി ബന്ധപ്പെട്ട് കേരളത്തിലുണ്ടായ ചലനം കവികളുടെ ഇടയിൽ ഹരിതദർശനത്തിന് കാര്യമായ സ്ഥാനം നേടിക്കൊടുത്തു. ആക്ഷേപങ്ങൾ അനവധി ഉയരുമ്പോഴും പരിസ്ഥിതി സംരക്ഷണത്തിന്റെ സാധ്യതകളും ബാധ്യതകളും ഉറപ്പിക്കാൻ അവർ ശ്രമിച്ചു. കവിത എഴുതുക മാത്രമല്ല പരിസ്ഥിതിസംരക്ഷണത്തിനായി

പൊതുസമൂഹത്തിൽ ഇറങ്ങി പ്രവർത്തിക്കുകയും ചെയ്യുന്നതിന് അവർ തയ്യാറായി" (ഹരിതദർശനം ആധുനികാനന്തരകവിതയിൽ 2007: 75) എന്ന സി.ആർ.പ്രസാദിന്റെ നിരീക്ഷണം സുഗതകുമാരി അടക്കമുള്ള കവികൾ പരിസ്ഥിതിസംരക്ഷണത്തിന് നല്കിയ സംഭാവനകളെ അട യാളപ്പെടുത്തുന്നതാണ്.

മുറിവേറ്റ ഭൂമിക്കും സ്ത്രീകൾക്കും കുട്ടികൾക്കുംവേണ്ടി ഒരു പോലെ പ്രവർത്തിച്ച വ്യക്തിയാണ് സുഗതകുമാരി. "മലയാളകവിത യിൽ പ്രകൃതിയെ ആദരിക്കുകയും പ്രകീർത്തിക്കുകയും ചെയ്യുന്ന എത്രയോ കവികളും കവിതകളും ഉണ്ടായിട്ടുണ്ട്. എന്നാൽ സുഗതകു മാരിയുടെ കവിതകൾ കേവലം പ്രകൃതിയുടെ അപദാനങ്ങളോ സ്തുതി കളോ അല്ല. നവമനുഷ്യനും പ്രകൃതിയും തമ്മിലുള്ള ബന്ധവും അതി നുമപ്പുറമുള്ള നിതാന്തസത്യവും അന്വേഷിച്ചുപോകുന്ന ലക്ഷ്യവേദി യായ ഒരു ശരമാണ്. പ്രകൃതി സംസ്കൃതി ബന്ധങ്ങളുടെ സമകാലി കതയാണ് ആ കവിതകൾ അനാവരണം ചെയ്യുന്നത്" (കാട്ടുകിളി യുടെ പാട്ട്, 2011: VII) എന്ന എം.ആർ.തമ്പാന്റെ നിരീക്ഷണം സുഗത കുമാരിക്കവിതകളിലെ പാരിസ്ഥിതികാവബോധത്തെയും സാമൂഹികാ വബോധത്തെയും സാക്ഷ്യപ്പെടുത്തുന്നു. മനുഷ്യന്റെ ചൂഷണത്തിനി രയായി തീർന്ന പ്രകൃതിക്ക് വേണ്ടിയാണ് അവർ എന്നും നിലകൊ ണ്ടിട്ടുള്ളത്. മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന കൈയേറ്റങ്ങളെ ശക്ത മായി എതിർക്കുന്ന സുഗതകുമാരി വനസംരക്ഷണത്തിനുവേണ്ടി നട ത്തുന്ന പോരാട്ടം കവിതയ്ക്ക് പാരിസ്ഥിതികമായ ഉള്ളടക്കമാണ് പകർ ന്നു നല്കിയത്. അങ്ങനെയാണ് വൃക്ഷം പ്രതിരോധചിഹ്നമായി അവ രുടെ രചനകളിൽ കടന്നുവരുന്നത്. വൃക്ഷങ്ങളെ ആരാധനയോടെയും സമഭാവനയോടെയും കണ്ടിരുന്ന ആർഷഭാരതപാരമ്പര്യമാണ് സുഗ തകുമാരിക്കവിതയുടെ അടിത്തറ.

**പരിസ്ഥിതിചൂഷണപ്രതിരോധചിഹ്നങ്ങൾ**

ഇരുപത്തിയൊന്നാംനൂറ്റാണ്ട് പാരിസ്ഥിതികവും സാമൂഹിക വുമായ ധാരാളം വെല്ലുവിളികൾ നിറഞ്ഞതായിരുന്നു. പരിസ്ഥിതി യുടെ സൗന്ദര്യത്തെ പ്രകീർത്തിക്കുന്ന കാല്പനികഘട്ടത്തെ തുടർന്നു വന്ന ആധുനികത തിരിച്ചറിവുകളുടെ കാലമായിരുന്നു. എന്നാൽ ഉത്ത രാധുനികതയിലേക്കെത്തുമ്പോൾ ഈ തിരിച്ചറിവ് പ്രതിരോധമായി മാറുന്നു. മലയാളകവിതയിൽ ഇത് ഏറ്റവും കൂടുതൽ ദൃശ്യമാവുകയും ചെയ്തു. സമകാലികതയിൽ പരിസ്ഥിതിസൗന്ദര്യശാസ്ത്രത്തിന്റെ ധാര സജീവമാണ്. ഈ മൂന്നുകാലഘട്ടത്തിലും സജീവസാന്നിധ്യമാ യിരുന്ന സുഗതകുമാരിയുടെ രചനകളിൽ പാരിസ്ഥിതികചൂഷണത്തി നെതിരെയുള്ള ശക്തമായ പ്രതിരോധം കണ്ടെത്താൻ കഴിയും.

പ്രകൃതിയിലേക്കുള്ള മനുഷ്യന്റെ കൈയേറ്റത്തിന്റെയും അധി നിവേശത്തിന്റെയും രൂക്ഷതയെ സമൂഹത്തിന് ബോധ്യപ്പെടുത്തിയത് സൈലന്റ് വാലിസമരമാണ്. നാശോന്മുഖമായ പരിസ്ഥിതിയെ സംര ക്ഷിക്കുക എന്ന ബൃഹത്പദ്ധതിയാണ് സുഗതകുമാരിയിലൂടെ കേരളം കണ്ടത്. വികസനത്തിന്റെ പേരിൽ ഇല്ലാതായിക്കൊണ്ടിരിക്കുന്ന പുഴയ്ക്കും കാടിനും വൃക്ഷങ്ങൾക്കും വേണ്ടി വ്യത്യസ്തമായ സമര പാതയിലൂടെ പ്രവർത്തിക്കുകയും സർഗ്ഗാത്മകസാഹിത്യത്തിലൂടെ അത്തരം പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകുകയും ചെയ്തു. പ്രകൃതി-മനുഷ്യബന്ധത്തിന്റെ പാരസ്പര്യം വിളിച്ചോതുന്ന കവിത കൾ ഇതിനുദാഹരണാണ്. മനുഷ്യന്റെ കടന്നുകയറ്റത്തിൽ നദികൾ നഷ്ടമാവുകയും വൃക്ഷങ്ങൾ വെട്ടിമുറിക്കപ്പെട്ട് മൊട്ടക്കുന്നുകളാകു കയുമാണ് ചെയ്യുന്നത്. ഇങ്ങനെ പുഴകൾ അണകെട്ടി തടഞ്ഞുനിർത്തി വികസനം വരുത്തുന്നതിനെതിരെയും വനംകൊള്ളയ്ക്കെതിരെയും സുഗതകുമാരി തീവ്രമായി പ്രതികരിച്ചു. ഇതിന്റെ ഭാഗമായാണ്

പ്രകൃതിസംരക്ഷണസമിതിയുടെ മേൽനോട്ടത്തിൽ നടന്ന പ്രശസ്തമായ സമരങ്ങൾ. സൈലന്റ്‌വാലിസമരം, മൂച്ചിക്കുണ്ട് വനംകൊള്ളയ്ക്കെതിരെയുള്ള സമരം, അട്ടപ്പാടി വനവൽക്കരണം എന്നിവ ഇതിനുദാഹരണമാണ്.

**പരിസ്ഥിതിചൂഷണവും വൃക്ഷചിഹ്നവും**

1980–കൾക്കുശേഷം മലയാളകവിതയിൽ സൈലന്റ്‌വാലിസമരപദ്ധതി പുതിയൊരുഭാവുകത്വം തന്നെ രൂപപ്പെടുത്തി. ഇത് പരിസ്ഥിതിസാഹിത്യത്തിന്റെ ഉദയത്തിന് വഴിതെളിച്ചു. തുടർന്നങ്ങോട്ടുണ്ടായ കവിതകളിലധികവും പരിസ്ഥിതിയിലേക്കുള്ള മനുഷ്യന്റെ കടന്നുകയറ്റത്തെ പ്രതിരോധിക്കുന്നവയായിരുന്നു. പുരോഗതിയെയും വികസനത്തെയും കുറിച്ചുള്ള കാഴ്ചപ്പാടിൽ തന്നെ മൗലികത പ്രകടമായി. കാടിനുനാവു നൽകിയ കവി (പരിസ്ഥിതി കവിതയ്ക്കൊരാമുഖം, 1995:88) എന്ന് പി.പി.കെ. പൊതുവാൾ വിശേഷിപ്പിച്ച സുഗതകുമാരിയുടെ രചനകൾ പാരിസ്ഥിതികപ്രതിരോധത്തിനുദാഹരണമാണ്. നശിപ്പിക്കുന്ന കാടുകൾക്കും മരങ്ങൾക്കുംവേണ്ടി നിരന്തരം പോരാടിയിരുന്ന വ്യക്തിത്വമാണ് സുഗതകുമാരിയുടേത്. തന്റെ കവിതകളിലെ സൂക്ഷ്മരാഷ്ട്രീയത്തെ ഭൂമിയുടെയും മനുഷ്യന്റെയും നിലനിൽപ്പിനാവശ്യമായ പരിസ്ഥിതിരാഷ്ട്രീയമായി പരിവർത്തിപ്പിക്കുന്നു അവർ. എവിടെയെങ്കിലും ഒരു മരത്തിന് മഴു വീഴുമ്പോൾ അവിടെയെത്തി അതിനെ സംരക്ഷിക്കുന്ന സാമൂഹികപ്രവർത്തക കൂടിയായിരുന്നു സുഗതകുമാരി. വൃക്ഷങ്ങളുടെ പ്രാധാന്യം സമൂഹത്തിന് ബോധ്യപ്പെടുത്തുന്നതിൽ പ്രധാനപങ്കുവഹിച്ചിട്ടുണ്ട്. 'മരക്കവി' എന്ന വിശേഷണം ചാർത്തിക്കിട്ടിയെങ്കിലും ഒരു പരിഹാസത്തിലും തളരാതെ മനുഷ്യന്റെ ഉപഭോഗാർത്തിക്കെതിരെ പരിസ്ഥിതിക്കുവേണ്ടി അഹോരാത്രം പ്രവർത്തിച്ചു. പരിസ്ഥിതിസമരങ്ങളിൽനിന്ന് ഊർജ്ജം ഉൾക്കൊണ്ട

അനുഭവാത്മകസമീപനമാണ് സുഗതകുമാരിയുടെ കവിതകളിൽ കാണുന്നത്. പരിസ്ഥിതിചൂഷണത്തെ പ്രതിരോധിക്കാൻ വൃക്ഷചിഹ്നങ്ങളെ ഉൾപ്പെടുത്തി ധാരാളം കവിതകൾ സുഗതകുമാരി രചിച്ചിട്ടുണ്ട്.

പരിസ്ഥിതിസംരക്ഷണത്തിന്റെ ഭാഗമായി ബോധപൂർവ്വമായി പരിസ്ഥിതിപ്രശ്നത്തെ ആവിഷ്കരിക്കുന്ന രചനയാണ് 'മരത്തിനു സ്തുതി'. മനുഷ്യൻ പ്രകൃതിയിലേക്കു നടത്തുന്ന ചൂഷണത്തിന്റെ തീവ്രത ഈ കവിതയിൽ വ്യക്തമാകുന്നുണ്ട്. വൃക്ഷത്തിന്റെ പ്രാധാന്യത്തെ അടയാളപ്പെടുത്തുന്ന ഈ കവിത മലയാളത്തിലെ ആദ്യത്തെ മരക്കവിതയായി പി.പി.കെ.പൊതുവാൾ വിലയിരുത്തുന്നുണ്ട്. (പരിസ്ഥിതി കവിതയ്ക്കൊരാമുഖം 1995:90) എല്ലാം തരുന്ന മരത്തിനുസ്തുതി പാടുകയാണ് കവി.

"തണുത്ത പൂന്തണൽ വീശി
പടർന്നു ചൂഴ്ന്നു നില്ക്കുന്ന
മരത്തിന്റെ തിരുമുടി-
ക്കിത തൊഴുന്നേൻ."

(സു.ക.സ., മരത്തിനു സ്തുതി, പു.502)

പൗരാണിക ഭാരതത്തിന്റെ സംസ്കൃതിയും ശാസ്ത്രീയമായ അറിവും ചേർത്തുവച്ചാണ് വൃക്ഷപ്രാധാന്യത്തെ കവി അടയാളപ്പെടുത്തുന്നത്. എല്ലാം നൽകി അനുഗ്രഹിക്കുന്ന മരത്തിന്റെ തിരുമുടിയെ കവി നമസ്കരിക്കുകയാണ്. ശിവന്റെ ജടയോട് താരതമ്യപ്പെടുത്തി മരത്തിന്റെ തിരുമുടിയെന്ന് വിശേഷിപ്പിക്കുമ്പോൾ പ്രാചീനമായ വൃക്ഷാരാധനയുടെ തലം വ്യക്തമാക്കുന്നു. മനുഷ്യന്റെ ജനനം മുതൽ മരണം വരെ വൃക്ഷസാന്നിധ്യമുണ്ട്. മഴയും കുളിരും കുഞ്ഞുങ്ങൾക്കുള്ള കളിപ്പാട്ടവും വൃദ്ധർക്കുള്ള ഊന്നുവടിയും മനുഷ്യനു ഭക്ഷ്യമാർഗ്ഗവും നല്കുന്ന വൃക്ഷങ്ങൾ നീലകണ്ഠസ്വാമിയെപ്പോലെ വിഷം താനേ

ഭുജിച്ച് പ്രാണവായു തരികയും ചെയ്യുന്നു. അവസാനം പട്ടടച്ചാമ്പലിനു വിറകായും അനുഗ്രഹവർഷങ്ങൾ ചൊരിയുന്നു. എന്നാൽ എല്ലാം കൊടുത്തിട്ടും അവസാനം മനുഷ്യൻ തിരിച്ചു നല്കുന്നത് മഴുപ്പാട് മാത്രമാണ്. അടിവേരു തൊട്ട് മുടിയില വരെ മനുഷ്യനുവേണ്ടി നല്കുന്ന വൃക്ഷം ഭൂമിയുടെ തന്നെ പ്രതീകമാണ്. ഇങ്ങനെ വൃക്ഷത്തെ നമിക്കുമ്പോൾ ആർഷഭാരതപാരമ്പര്യത്തെ തന്നെയാണ് കവി നമിക്കുന്നത്.

'ദശപുത്രോസമദ്രുമഃ' എന്ന പൗരാണികവൃക്ഷമാഹാത്മ്യത്തിന് തുല്യമാണീ കവിതയിലെ വൃക്ഷം. കൂടാതെ 'കൗശികീയ'ത്തിലെ വൃക്ഷമാഹാത്മ്യത്തെ കൂടി ഈ കവിതയോടു ചേർത്തു വായിക്കാം.

"യാനീഹ ഭൂതാനി വസന്തിതാനി
ബലിംഗൃഹീത്വാ വിധിവൽ പ്രയുക്തം
അന്യത്ര വാസം പരികൽപ്പയാമി
ക്ഷമന്തു താനദ്യ നമോസ്തുതേഭ്യഃ"

(കൗശികീയം, കാട്ടുകിളിയുടെ പാട്ട്, പു. VII)

വാസ്തുശില്പശാസ്ത്രമായ കൗശികീയത്തിൽ വൃക്ഷത്തെ പ്രകീർത്തിക്കുന്ന ഭാഗമാണിത്. ജീവിച്ചുകഴിഞ്ഞ് എല്ലാം നേടിക്കഴിഞ്ഞ മരം തന്നെ വെട്ടിയെടുത്ത് മനുഷ്യന് ഉപകാരപ്രദമാക്കുവാൻ സന്തോഷത്തോടെ സമ്മതിക്കുന്നു. വൃക്ഷത്തോട് പ്രാർത്ഥിക്കുമ്പോൾ അനുഗ്രഹിക്കുന്നു. കൂടാതെ മരം മുറിക്കുന്നതിനുമുൻപ് മരത്തിൽ പാർക്കുന്ന പക്ഷികളോട് മാറി താമസിക്കുവാൻ അപേക്ഷിച്ച് പ്രാർത്ഥിക്കുകയും വേണം. എങ്കിൽ ആ മരത്തിൽ നിർമ്മിക്കുന്ന ശില്പങ്ങളും മറ്റും കാലാകാലം ജ്വലിക്കും എന്നാണ് ശാസ്ത്രം. കൗശികീയത്തിലെ ഈ അർത്ഥതലം തന്നെയാണ് ഓരോ വൃക്ഷത്തിനും ഉള്ളത്. വൃക്ഷങ്ങളെ ആരാധിച്ചിരുന്ന സമൂഹത്തിന്റെ പിൻമുറക്കാരാണിന്ന് സ്വാർത്ഥലാഭത്തി

ന്റെയും വികസനത്തിന്റെയും പേരു പറഞ്ഞ് വൃക്ഷങ്ങളെ നശിപ്പിക്കുന്നത്. പരിസ്ഥിതിരാഷ്ട്രീയത്തിന്റെ പുതിയൊരു മുഖമാണ് 'മരത്തിന് സ്തുതി' എന്ന കവിതയിലൂടെ കവി അവതരിപ്പിക്കുന്നത്. വൃക്ഷത്തിന് ഇവിടെ സംരക്ഷകന്റെ ചിഹ്നമാണ്. സമൂഹത്തിന്റെ നിലനിൽപ്പിന് വൃക്ഷത്തിന്റെ പ്രാധാന്യം അടയാളപ്പെടുത്തുന്ന ഈ കവിത പരിസ്ഥിതിചൂഷണത്തിനെതിരെയുള്ള ശക്തമായ താക്കീതാണ്. മനുഷ്യനെ പ്രകൃതിയിലേക്ക് തിരിച്ചുപോകാൻ പ്രേരിപ്പിക്കുന്ന 'മരത്തിനു സ്തുതി'യിൽ അഗാധപരിസ്ഥിതിവാദത്തിന്റെ തലം ദർശിക്കാൻ സാധിക്കും.

പരിസ്ഥിതിചൂഷണത്തിന്റെ ഭയാനകമായ ആശങ്ക പങ്കുവയ്ക്കുന്ന കവിതയാണ് 'കുറിഞ്ഞിപ്പൂക്കൾ'. പ്രകൃതി കനിഞ്ഞനുഗ്രഹിക്കുന്നതാണ് പ്രകൃതിസമ്പത്ത്. പന്ത്രണ്ടുവർഷം കൂടുമ്പോൾ പൂക്കുന്ന കുറിഞ്ഞിപ്പൂക്കൾ വിരിഞ്ഞിരിക്കുന്നതുകണ്ട് കവി ആനന്ദം കൊള്ളുന്നുണ്ടെങ്കിലും ആശങ്കാകുലയാവുകയാണ്. ദുരമൂത്ത മനുഷ്യൻ മഴുവും തീയും കഴുകൻ കണ്ണുമായി നാളെ ആ മലമുകളിലും വന്നെത്തുമല്ലോ എന്ന് കവി ഭീതിയോടെ ചിന്തിക്കുന്നു.

> "നിനക്കുവേണ്ടി നിൻ കിടാങ്ങൾ കാണുമാ
> വസന്തമെന്നു ഞാൻ ജപിക്കുന്നു, പക്ഷേ
> മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്
> വരില്ലയോ മർത്ത്യൻ അവിടെയും നാളെ?
> അവിടെ റബ്ബറിൻ നിരകൾ നീളുമോ?
> അവിടെപ്പദ്ധതിയിരമ്പിയെത്തുമോ
> ഇനിയിപ്പന്തീരാണ്ടു കഴിയുമ്പോ വീണ്ടും
> കിഴക്കൻ മേട്ടിലാക്കുറിഞ്ഞിപ്പൂക്കുമോ?..."

(സു.ക.സ., കുറിഞ്ഞിപൂക്കൾ, പു.529,530)

ഒരു കാലത്ത് കേരളത്തിലങ്ങളോളമിങ്ങോളം വൃക്ഷങ്ങൾ വെട്ടിമാറ്റിയും കാടും മലയും വെട്ടിനിരത്തിയും റബ്ബർ നട്ടുപിടിപ്പിക്കുക വ്യാപകമായിരുന്നു. നാണ്യവിളകളിലൊന്നായ റബ്ബർ വൈദേശികവൃക്ഷം കൂടിയാണ്. വൈദേശികസംസ്കാരത്തിന്റെ കടന്നുകയറ്റവും അതുപോലെ ഉപഭോഗത്വരയുമാണിവിടെ റബ്ബർമരത്തെ ചിഹ്നവൽക്കരിക്കുന്നതിലൂടെ വ്യക്തമാക്കുന്നത്. റബ്ബറിൻ നിരകൾ വരുന്നതോടൊപ്പം ആ മലമുകളിൽ ഏതെങ്കിലും പദ്ധതികൾ ഇരമ്പി എത്തുമോ എന്നും കവി ആശങ്കപ്പെടുന്നുണ്ട്. കുന്തിപ്പുഴയിൽ അണകെട്ടി വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള ശ്രമത്തിലാണ് സൈലന്റ്‌വാ ലിസമരം ഉടലെടുത്തത്. ഭൂമിയുടെ ഹരിതാഭയാണ് മലകളും കാടുകളും. ഈ ആശയത്തെ പ്രകീർത്തിക്കുന്ന പരിസ്ഥിതിചൂഷണത്തിന്റെ തീവ്രത അവതരിപ്പിക്കാനും 'കുറിഞ്ഞിപ്പൂക്കൾ' എന്ന കവിതയിലൂടെ കവിക്ക് സാധിക്കുന്നു. "ജാഗ്രതയുടെ സ്വപ്നാവിഷ്കാരമാണ് സുഗതകുമാരിയുടെ കവിത" (കുടത്തിലെ കടൽ, 2014:7) എന്ന പി.കെ.രാജശേഖരന്റെ നിരീക്ഷണം ഈ കാവ്യത്തോട് ചേർത്തുവായിക്കാവുന്നതാണ്. എല്ലാം മനുഷ്യപുരോഗതിക്ക് എന്നു പറഞ്ഞ് വേട്ടയെ വ്യവസ്ഥയാക്കി മാറ്റുന്ന ഭരണകൂടത്തിന്റെ പരിസ്ഥിതിവിരുദ്ധനിലപാടുകളോടുള്ള ശക്തമായ എതിർപ്പുകൂടിയാണീ കവിത.

കവിതയിൽ പരിസ്ഥിതിപ്രശ്നം ബോധപൂർവ്വം രൂപപ്പെടാൻ കാരണം സൈലന്റ്‌വാലിസമരങ്ങളാണെന്ന് നേരത്തെസൂചിപ്പിച്ചിട്ടുണ്ട്. വികസനത്തിന് പ്രകൃതിചൂഷണം അനിവാര്യമാണെന്ന ഭരണകൂടനയങ്ങളെ വിമർശിക്കുന്ന സൈലന്റ്‌വാലി സമരപദ്ധതി പരിസ്ഥിതിപ്രവർത്തനങ്ങൾക്ക് ഊർജ്ജവും നാവുമായിരുന്നു. ഈ സമരപ്രക്ഷോഭത്തിന്റെ ഭാഗമായി സുഗതകുമാരി രചിച്ച കവിതയാണ് 'സൈലന്റ്‌വാലി'. ഈ കവിതയിലും പരിസ്ഥിതിചൂഷണത്തിനെതി

രെയുള്ള പ്രതിരോധത്തിന്റെതലം കാണാം. പരിസ്ഥിതിജാഗ്രത അധികാരികൾക്കും സമൂഹത്തിനും ഉണ്ടാക്കുക എന്ന ലക്ഷ്യവും ഈ രചന മുന്നോട്ടുവയ്ക്കുന്നു. ചൂഷകരുടെ കൈയിൽനിന്നും നിത്യഹരിതവനമായ സൈലന്റ്വാലിയെ രക്ഷിച്ച് സംരക്ഷിത വനമേഖലയായി പ്രഖ്യാപിച്ചപ്പോൾ എഴുതിയതാണ് ഈ കവിത.

കറുത്തിരുണ്ട് നിശ്ശബ്ദമായ കാനനത്തോട് അതിനെ നിശ്ശബ്ദമായി നോക്കിക്കാണാൻ കവി അനുവാദം ചോദിക്കുകയാണ്. വൃക്ഷങ്ങൾ നിറഞ്ഞ ആ പ്രദേശത്തെ കരിങ്കടലായാണ് കവി കാണുന്നത്. ആ വനത്തെ കവി അമ്മയായും സഹോദരിയായും സുഹൃത്തായും പുത്രിയായും സങ്കൽപ്പിക്കുന്നു. മരംവെട്ടാനായി ഓരോ മരത്തിനും നമ്പർ ചാർത്തിയപ്പോൾ ഓരോ വൃക്ഷത്തെയും കാനനഗോവായിക്കാണുകയും കന്യകയായ ആശ്രമധേനുവാണവൾ എന്നും അതിനെ കൊല്ലരുതെന്നും ആവശ്യപ്പെട്ടു. ഇവിടെ ആർഷഭാരതപാരമ്പര്യവും കാളിദാസകൃതികളുടെ സ്വാധീനവും കാണാം. കാടിന്റെ നിലനില്പിനുവേണ്ടിയുള്ള ആഹ്വാനവും അതിന്റെ പ്രയത്നവുമാണ് പിന്നീടുള്ള വരികളിൽ വിവരിക്കുന്നത്.

“ഒപ്പം നടന്ന സുഹൃത്തേ, നമുക്കൊന്നു
നിൽക്കുക ധന്യമുഹൂർത്തമിതോർക്കുക
നാം മറക്കാതെയിരിക്കുക, തപ്തമാ
യാമങ്ങൾ, തീവ്രയത്നത്തിന്റെ ധന്യത
അശ്രുവിൽ മുക്കി നാം കാക്കുക, ദീർഘമാ-
വർഷങ്ങൾ കാടിന്നു കാവലായ് നിന്നവ
കാടിനു നാവു കൊടുത്തവർ നാം ഒത്തു
പാടുക! നാടിൻ തുയിലുണർത്തീടുക! ”

(സു.ക.സ., സൈലന്റ്വാലി, പു. 532)

വനമാണ് നാടിന്റെ സംസ്കൃതി എന്നടയാളപ്പെടുത്തുന്ന വരികളാണിവ. ഒത്തൊരുമയോടെയുള്ള പ്രവർത്തനഫലമായാണ് സൈലന്റ്‌വാലി കാടിനു മഴുവീഴാതിരുന്നത്. കണ്ണീരിന്റെയും പ്രയത്നത്തിന്റെയും ദിനരാത്രങ്ങൾ, ദീർഘമായ വർഷങ്ങൾ കാടിനുകാവൽ നിന്നവർ, കാടിനു നാവുകൊടുത്തവരാണ് കവയത്രി ഉൾപ്പെടെയുള്ള പരിസ്ഥിതിസംരക്ഷണസമിതിയിലെ പ്രവർത്തകർ. കാടിനു ജീവനേകാൻ പാടാൻ കവി ആഹ്വാനം ചെയ്യുന്നു. വികസനത്തിനുവേണ്ടി പ്രകൃതിസമ്പത്ത് നശിപ്പിക്കുന്ന പ്രവണതയാണ് കവി വിമർശിക്കുന്നത്. നിശ്ശബ്ദമായ ആ കാടിനെ നോക്കി ആർദ്രമായി അഭയത്തോടെ ‘അമ്മേ’ എന്നു വിളിക്കുമ്പോൾ കാട് കനിഞ്ഞു ‘പൈതലേ’ എന്നു വിളികേൾക്കുന്നതായി കവിക്കു തോന്നുന്നു. പ്രകൃതിയെ അറിഞ്ഞു ജീവിക്കണം എന്ന ബദൽ സന്ദേശം ഇവിടെ അവതരിപ്പിക്കുന്നുണ്ട്. പ്രകൃതിഹിംസയിലൂടെയാണ് വികസനം നടപ്പാക്കേണ്ടതെന്ന അധികാരമാർഗ്ഗത്തിന്റെ അന്ധമായകാഴ്ചപ്പാടിനെ നഖശിഖാന്തം എതിർക്കുകയാണ്. ഇന്ന് അവശേഷിക്കുന്ന പ്രകൃതിസമ്പത്തുകൊണ്ട് നിറഞ്ഞ ബയോറിസർവുകളിൽ ഒന്നാണ് സൈലന്റ്‌വാലി. അപൂർവ്വമായ പ്രകൃതിവൈവിധ്യങ്ങളുടെയും ജീവജാലങ്ങളുടെയും കലവറയായ ഭൂമി മനുഷ്യന് മാത്രമുള്ളതല്ല എന്ന ദർശനം കാഴ്ചവയ്ക്കുന്ന അഗാധപരിസ്ഥിതിവാദതലവും ഈ കവിത മുന്നോട്ടുവയ്ക്കുന്നു.

പരിസ്ഥിതിചൂഷണത്തിന്റെ സമകാലികദുരന്തത്തെ അവതരിപ്പിക്കുന്ന കവിതയാണ് ‘നിങ്ങളെൻ ലോകത്തെയെന്തു ചെയ്തു’? എന്നത്. ഭൂമിയിലെ സകലചരാചരങ്ങളും മനുഷ്യന്റെ നേർക്കിന്നു ചോദിക്കുന്ന ചോദ്യമാണിത്. മനുഷ്യൻനടത്തുന്ന വനവിധ്വംസനത്തിന്റെ രൂക്ഷതയെ ‘കിളിയുടെ വിലാപ’ത്തിൽ കാണാം. കിളി കുഞ്ഞുങ്ങൾക്കുള്ള ഭക്ഷണവുമായി വരുമ്പോൾ കൂടുമില്ല കൂടുനിന്നിരുന്ന

മരവുമില്ല, കുഞ്ഞുങ്ങളുമില്ല. അവിടെ ആകെ അവശേഷിച്ചത് ചോര ക്കറയുണങ്ങാത്ത മരത്തിന്റെ കുറ്റികൾ മാത്രം.

"അവളോടൊപ്പമെൻ കരളുരുകുന്നു
അവളോടൊപ്പം ഞാൻ തിരഞ്ഞു ചുറ്റുന്നു
കിളിയുടെ ചെല്ലക്കിടാങ്ങൾ വായ്പൊളി-
ച്ചിരുന്ന കുഞ്ഞിക്കൂടെവിടെ? കൂടുള്ള-
മരമെവിടെ? യാമരം മണിപ്പീലി
വിരുത്തി നിന്ന കാടെവിടെവിടെ, യാ-
കിളിയോടൊപ്പം ഞാൻ കരഞ്ഞു ചുറ്റുന്നു!
അവിടെശ്ശേഷിപ്പതിതുമാത്രം;
ക്കറയുണങ്ങാത്ത മരത്തിൻ കുറ്റികൾ
തിളച്ചു വീഴുന്ന കടുംവെയിൽ, കേണു
മരിച്ച കാടിന്റെ മഹാശാപചൂടും.

(സു.ക.സ., നിങ്ങളെൻലോകത്തെയെന്തു ചെയ്തു, പു.542)

കൂടുനഷ്ടപ്പെട്ട കിളി പ്രകൃതിചൂഷണത്തിനിരയായ ആധുനികമനുഷ്യൻ തന്നെയാണ്. കൂടുനഷ്ടപ്പെട്ട കിളിയോടൊപ്പം മരങ്ങൾനഷ്ടപ്പെട്ട ഭൂമി യോടൊപ്പം കവി മാത്രമാണ് വേദനിക്കാനുള്ളത്. വനത്തിന്റെ പിടഞ്ഞുള്ള മരണത്തിനു മാത്രമിവിടെ വിലയില്ല എന്നും കവി വില പിക്കുന്നു. മരവും കാടും സമൃദ്ധമായി നിലനിന്നിരുന്ന കേരളത്തിന്റെ പ്രകൃതിസമ്പത്തിനെ ഓർമ്മിപ്പിക്കുന്നു. ഒരു വൃക്ഷം ഇല്ലാതാവുന്ന തിനു യാതൊരു വിലയുമില്ല, പക്ഷേ പ്രകൃതി തന്റെ നഷ്ടത്തിന്റെ കണക്ക് കാണുന്നുണ്ടെന്ന് കവി പറയുന്നു. ആശ്രയിച്ചും സഹകരിച്ചും കഴിയേണ്ട ഭൂമിയാണ് ഇന്ന് ഈ അവസ്ഥയിലേക്കെത്തിയിരിക്കുന്ന ത്. ഇതിനുത്തരവാദികൾ മനുഷ്യൻ മാത്രമാണ്. വെട്ടിമുറിക്കപ്പെട്ട വൃക്ഷം സമകാലികലോകത്തിലെ സർവ്വനാശത്തിന്റെ സൂചനയാണ്.

'ഒരു പാട്ടു പിന്നെയും' എന്ന കവിതയിലും പരിസ്ഥിതിചൂഷണത്തിന്റെ തീവ്രമുഖം വൃക്ഷചിഹ്നങ്ങളിലൂടെ അവതരിപ്പിക്കുന്നുണ്ട്. പ്രകൃതിയിലേക്കുള്ള കടന്നുകയറ്റവും പ്രകൃതിധ്വംസകരോടുള്ള രോഷവുമാണ് ഈ കവിത. മഴുതിന്ന മാമരക്കൊമ്പിലിരുന്ന് ചിറകൊടിഞ്ഞകാട്ടുപക്ഷി ഹൃദയംനൊന്തുപാടുകയാണ്. ഇവിടെ ചിറകൊടിഞ്ഞകാട്ടുപക്ഷി 'കവി' തന്നെയാണ്. ആരുംതുണയില്ലാതെ നോവുന്നമനസ്സും ശരീരവുമായി കിളിപാടുന്നത് ഭൂമിയുടെരോദനമാണ്. പരിസ്ഥിതിദുരന്തത്തിന്റെ തീവ്രമായ ആവിഷ്കാരം വളരെ ലളിതമായി പ്രകൃതിചിഹ്നങ്ങളിലൂടെ ഉദാത്തവൽക്കരിക്കാൻ സുഗതകുമാരിക്കവിതകൾക്ക് സാധിക്കുന്നുണ്ട്. മുറിവേറ്റകിളിയുടെ പാട്ടു കേൾക്കാൻ പ്രകൃതിയുണ്ട്. മരങ്ങളും മഴയും കുളിരും കൂടെയുണ്ട് എന്നത് ഇതിന് സാക്ഷ്യമാണ്. ചിറകുകരിഞ്ഞതാണെങ്കിലും ആ പാട്ടിൽനിറയെ നാളെയുടെ സ്വപ്നമാണ് പങ്കുവയ്ക്കുന്നത്. അതിജീവനത്തിന്റെയും പ്രതിരോധത്തിന്റെയും സന്ദേശം കൂടി ചിറകൊടിഞ്ഞ കാട്ടുകിളി സമകാലികലോകത്തിനു നൽകുന്നുണ്ട്. ഈ കവിതകളോടെല്ലാം ചേർത്തുവായിക്കാവുന്ന കവിതയാണ് ഒ.എൻ.വി. കുറുപ്പിന്റെ 'ഭൂമിക്ക് ഒരു ചരമഗീതം.' മനുഷ്യമനസ്സിന്റെ സ്വാർത്ഥതയിൽ മരിച്ചുകൊണ്ടിരിക്കുന്ന ഭൂമിയുടെ വിലാപമാണ് ഈ കവിത.

> "ഇനിയും മരിക്കാത്തഭൂമി!-നിന്നാസന്ന-
> മൃതിയിൽ നിനക്കാത്മശാന്തി!
> ഇത് നിന്റെയും (എന്റെയും) ചരമശുശ്രൂഷയ്ക്ക്
> ഹൃദയത്തിലിന്നേ കുറിച്ച ഗീതം"

(ഒ.എൻ.വി., ഭൂമിക്കൊരു ചരമഗീതം, പു. 377)

മനുഷ്യന്റെ കുടിലതകൾ പ്രകൃതിക്കാഘാതമാകുമ്പോൾ പ്രകൃതിയുടെ ദയനീയാവസ്ഥയാണീ കവിതകളെല്ലാം വെളിപ്പെടുത്തുന്നത്.

പ്രകൃതിദുരന്തത്തിന്റെ സമാനത വെളിപ്പെടുത്തുന്ന മറ്റൊരു കവിതയാണ് 'ഇനിയീമനസ്സിൽ കവിതയില്ല'. എല്ലാ പച്ചപ്പുകളും വെട്ടി മാറ്റി വികസനത്തിന്റെ പാതയുണ്ടാക്കുമ്പോൾ ഗ്രാമങ്ങൾ പോലും നഗരങ്ങളാവുകയാണ്. ഇതിനെ കവി വേദനയോടെകാണുന്നു. മനുഷ്യന്റെ സ്വാർത്ഥത കാരണം പ്രകൃതി ദുരന്തത്തിനിരയാകുന്നത് കാണുമ്പോൾ കവിയുടെ മനസ്സിൽ കവിതയില്ല എന്നു പറയുകയാണ്. ചുറ്റും ദുരിതങ്ങളുടെ കയത്തിൽ നിൽക്കുമ്പോൾ മനസ്സിലുണ്ടായിരുന്ന മധുവും മണവും കിനാക്കളും പൂക്കളും മഴയും പ്രഭാതവുമെല്ലാം അപ്രത്യക്ഷമാവുന്നു. എല്ലാം നഷ്ടമായിക്കൊണ്ടിരിക്കുന്ന ഇന്നത്തെ ലോകത്തിന്റെ അവസ്ഥയും ഇതുതന്നെയാണ്.

"ഇരുളും മനസ്സിലിന്നോണമില്ല
ചിരിയില്ല കളിയില്ല ചിറകുമില്ല
മലർ തേടിയോടും മലഞ്ചരിവിൽ
തണൽ വീശി നിന്ന തേന്മാവുമില്ല.
.........................................................
ഇനിയീ മനസ്സിൽ കവിതയില്ല"
(സു.ക.സ., ഇനിയീ മനസിൽ കവിതയില്ല, പു.564)

ഉപഭോഗസംസ്കാരത്തിലകപ്പെട്ട മനുഷ്യനിന്ന് എല്ലാം വലിച്ചെറിയൽ സംസ്കാരമാണ്. ആഘോഷങ്ങളോ ചിരിയോ ഒന്നുമില്ലാത്ത വെറും പൊള്ളയായ സമൂഹമാണിന്നുള്ളത്. ഗ്രാമങ്ങളും നന്മകളുമില്ല. തണൽവീശിനിന്ന തേന്മാവും തറവാട്ടുമുറ്റത്തെ പൂക്കളും ഊഞ്ഞാലിടുന്ന ഇലഞ്ഞിമരവും അപ്രത്യക്ഷമായി. ഗൃഹാതുരത്വമൂറുന്ന സംസ്കാരമിന്ന് വികസനത്തിന്റെ മഴവെള്ളപ്പാച്ചിലിൽ നഷ്ടപ്പെട്ടു. പാരമ്പര്യവും സംസ്കാരവും യഥാർത്ഥത്തിൽ പരിസ്ഥിതി തന്നെയാണെന്ന് കവി ഓർമ്മപ്പെടുത്തുന്നു. 'വൃക്ഷം' ഇവിടെ സംസ്കാരന

ഷ്ടത്തിനും പരിസ്ഥിതിചൂഷണത്തിനുമെതിരെയുമുള്ള പ്രതിരോധചി ഹ്നമാണ്. കാല്പനികതയുടെ ഗൃഹാതുരത്വം കലർന്ന ഓർമ്മകളാണ് പ്രകൃതിചിഹ്നങ്ങളിലൂടെ ദൃശ്യവല്കരിക്കുന്നത്. പി.പി.രാമചന്ദ്രന്റെ മാമ്പഴക്കാലം എന്ന കവിതയിൽ ഈ പൊള്ളയായ സംസ്കാരത്തെ അവതരിപ്പിക്കുന്നുണ്ട്.

"വാങ്ങുക കുടിക്കുക വലിച്ചെറിയുക
ജീവിതം നിറച്ചൊരീ കൂടുകൾ നാളേക്കില്ല."

(പി.പി.രാമചന്ദ്രൻ, മാമ്പഴക്കാലം, പു. 55)

എന്ന വരികൾ വലിച്ചെറിയൽ സംസ്കാരത്തിനുടമകളായ ഒരു സമൂ ഹത്തെ ആവിഷ്കരിക്കുമ്പോൾ സുഗതകുമാരിക്കവിതയോട് ഈ വരി കളെ ചേർത്തുവയ്ക്കാം.

പാരിസ്ഥിതികചൂഷണത്തിന്റെ ഭീകരതവ്യക്തമാക്കുന്ന മറ്റൊരു കവിതയാണ് 'വനരോദനം'. വർദ്ധിച്ചുവരുന്ന വനനശീകരണം ആണ് ഈ കവിതയിലും വിഷയം. തൃശ്ശൂർ മൃഗശാലയിൽ മാനുകൾ കൂട്ട മായി തലതല്ലിച്ചത്തതിനെക്കുറിച്ച് എഴുതിയതാണീ കവിത. ഇവിടെ വനങ്ങളുടെ വീഴ്ചയെ മാൻകൂട്ടങ്ങൾ തലതല്ലിചത്തതിനോട് താര തമ്യംചെയ്യുകയാണ്. മനുഷ്യരുടെ കൈയേറ്റത്തിൽ തലതല്ലിച്ചത്ത മാൻകൂട്ടങ്ങളെപ്പോലെ മലനാട്ടിലെ കാടുകൾ ഞെട്ടുന്നു. മനുഷ്യൻ മഴുവുമായ് കാടുകയറുകയാണ്. അതുകണ്ട് മലനാടൻകാടുകൾ വിര ണ്ടുപോകുന്നു. വലിയ മരങ്ങളൊക്കെ കശാപ്പു ചെയ്തിരിക്കുകയാ ണ്. കാട്ടിലും കടലിലും കണ്ണീരിന്റെവേലിയേറ്റം മാത്രം. ആറ്റിലാവട്ടെ വെട്ടിയിട്ടമരങ്ങളുടെ ചോരനാറ്റവും. ഇതെല്ലാം കണ്ട് മലനാട്ടിലെകാടു കൾ ഞെട്ടിത്തരിച്ച് തലതല്ലിച്ചാകാൻ വെമ്പുകയാണ്. കാടുകൾ കൈയേറുമ്പോൾ വറുതിയും പ്രളയവും മലയിടിച്ചിലും മച്ചിയായപാട വുമാണ് ബാക്കിയാവുന്നത്. ഭൂമിയുടെകോപം പ്രകൃതിദുരന്തത്തിന്റെ

ഭീകരതകളിലൂടെ കവി അവതരിപ്പിക്കുന്നു. വരണ്ടമണ്ണ് കല്പവൃക്ഷത്തിന്റെ കടയിലെ പുണ്ണുപോലെയാണ്. കല്പവൃക്ഷത്തിന് ഒരിക്കലും നാശമില്ലാത്തതാണ്. എന്നാൽ അതിന് കേടുപാടുകൾ സംഭവിക്കുന്നത് തിരിച്ചുകൊണ്ടുവരാൻ പറ്റാത്ത പ്രകൃതിനാശത്തിന്റെ ഭീകരതയെ വ്യക്തമാക്കുന്നു. രൂക്ഷമായപാരിസ്ഥിതികദുരന്തത്തിന്റെ കാഴ്ചകളെ കാട്വെട്ടുന്നതിലൂടെയും വൃക്ഷചിഹ്നങ്ങളിലൂടെയും ആവിഷ്ക്കരിക്കുമ്പോൾ വൃക്ഷം ഇവിടെ പരിസ്ഥിതിചൂഷണത്തിനെതിരെയുള്ള പ്രതിരോധത്തിന്റെ ചിഹ്നംകൂടിയാവുന്നു.

എല്ലാക്കാലത്തും മലയാളികൾ ഉള്ളതിനെവച്ച് ആഘോഷിക്കുകയാണ് പതിവ്. 'എന്തിനെച്ചൊല്ലി' എന്ന കവിതയിലും ഈ ഊറ്റംകൊള്ളലിനെ കവി വിമർശിക്കുന്നു. നാല്പത്തിനാല് നദികളുടെയും വിദ്യാസമ്പന്നതയുടെയും ഐക്യത്തിന്റെയും പേരിൽ പ്രബുദ്ധരാണെന്ന് സ്വയം അവകാശപ്പെട്ടവരായിരുന്നു മലയാളികൾ. എന്നാലിന്ന് പ്രബുദ്ധകേരളത്തിൽ കണ്ണീരുവീണു സഹ്യൻ പിന്മാറുന്നു. കൂടാതെ മഴുതിന്ന്ശോഷിച്ചഭൂമി മരുപ്പറമ്പായിമാറിയിരിക്കുന്നു. ആധുനികമനുഷ്യൻ അറിവിനെ പണം നേടാനുള്ളമാർഗ്ഗമായി വിൽക്കുകയാണ്. ഒരുകാലത്ത് ആശ്രമഭൂമിയായിരുന്ന നാടിന്റെ സമകാലികാവസ്ഥയാണ് ഇവിടെ സൂചിപ്പിക്കുന്നത്. എവിടെ നോക്കിയാലും ഇന്ന് മനുഷ്യൻ ഐക്യമില്ലാതെ ഉപരിപ്ലവമൂല്യവുമായി ജീവിക്കുന്നവരായി മാറിയിരിക്കുന്നു. ആധുനികമനുഷ്യൻ പ്രകൃതിയെ നശിപ്പിച്ച് പിന്നെ എന്തിനെചൊല്ലി അഭിമാനംകൊള്ളുന്നുവെന്നു ചോദ്യം കവി സമൂഹത്തിനുനേരെ ഉന്നയിക്കുന്നു.

മലയാളികളുടെ സാംസ്കാരികശൂന്യതയും പ്രകൃതിനാശത്തിന്റെ രൂക്ഷതയും അവതരിപ്പിക്കുന്ന കവിതയാണ് 'ആന'. ആന കേരളീയർക്കെന്നും വിശ്വാസത്തിന്റെയും സൗന്ദര്യത്തിന്റെയും പ്രതീ

കമാണ്. ആനപ്പുറത്തെഴുന്നള്ളത്തും ഉത്സവവുമെല്ലാം മലയാളികൾക്ക് ഒഴിച്ചുകൂടാനാവാത്ത ഒന്നാണ്. പ്രകൃതിയോടായാലും മിണ്ടാപ്രാണിയോടായാലും സഹജീവികളോട് മനുഷ്യൻ കാട്ടുന്ന ക്രൂരതയാണ് ഈ കവിതയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്. ആനയോടുള്ള ചൂഷണത്തോടൊപ്പം തന്നെ പരിസ്ഥിതിചൂഷണവും കവി അവതരിപ്പിക്കുന്നു. വൃക്ഷത്തിന്റെ ജഡം കയറാൽ കെട്ടിവലിക്കുന്ന ആന, മനുഷ്യപീഡനത്തിന്റെ ഇരയാവുകയാണ്.

"ഉൽക്കട ഭാരം! താങ്ങാൻ വയ്യ!
വീണു പോം.....വയ്യ!
ചത്തൊരാ മരം മൂകം മൊഴിവൂ,
'കുഞ്ഞേ, നീയും
ചത്തിരുന്നെങ്കിൽ; കാണാൻ
വയ്യേ നിൻ മഹാദുഃഖം'."

(സു.ക.സ., ആന, പു.665)

ഇവിടെ ആനയുടെ ദുഃഖം വൃക്ഷത്തിന്റേതുകൂടിയാണ്. അതാണ് ആനയുടെ ദുരിതം കണ്ട് ചത്തുപോയ വൃക്ഷം തന്നെപ്പോലെ ആനയും മരിച്ചിരുന്നെങ്കിൽ എന്ന് വിലപിക്കുന്നത് ദയനീയമാണ്. മനുഷ്യൻ പ്രകൃതിയിൽ നടത്തുന്ന അധിനിവേശത്തിന്റെ ഭീകരതയാണിവിടെ ചൂണ്ടിക്കാണിക്കുന്നത്. നമ്മുടെ സാംസ്കാരികാധഃപതനമാണിതിലൂടെ കവി വരച്ചുകാട്ടുന്നത്.

പരിസ്ഥിതിരാഷ്ട്രീയത്തിന്റെ സൂക്ഷ്മവശങ്ങൾ സുഗതകുമാരിക്കവിതയെ വ്യത്യസ്തമാക്കുന്നു. വനവിധ്വംസനത്തിനെതിരെ നടന്ന മനുഷ്യന്റെ വിവേകപൂർണ്ണമായ പ്രവർത്തനഫലമായി ഭൂമി പച്ചപ്പുവീണ്ടെടുത്ത് അതിന്റെ മുറിവുണക്കുന്നു. അട്ടപ്പാടിയിൽ കവയിത്രിയുടെ നേതൃത്വത്തിൽ നടന്ന വനവൽക്കരണപദ്ധതി മനുഷ്യന്റെ ഹീന

മായ കൈയേറ്റത്തിന് ബദലായി പ്രകൃതിക്കുവേണ്ടി നടത്തിയ മുറിവുണക്കൽ തന്നെയായിരുന്നു. പ്രകൃതി തന്റെ തനിമ വീണ്ടെടുക്കുന്നത് പ്രതിപാദിക്കുന്ന കവിതയാണ് 'തുലാവർഷപ്പച്ച'. അട്ടപ്പാടി വനമേഖലയിൽ മഴ പല താളത്തിൽ പെയ്യുന്നത് കണ്ട് കവി ആഹ്ലാദിക്കുകയാണ്. അട്ടപ്പാടിയുടെ ദുഃഖം മറഞ്ഞപ്പോൾ പ്രകൃതിയാകെ പട്ടുപുതച്ചുനിൽക്കുന്നു. ഇന്നലെവരെ പിച്ചക്കാരിയും നഗ്നശരീരയുമായി നിന്ന പ്രകൃതി മനുഷ്യന്റെ വിവേകപൂർണ്ണമായ പെരുമാറ്റത്തിൽ നവോഢയെപ്പോലെ പച്ചപ്പണിഞ്ഞു നിൽക്കുകയാണ്. പ്രകൃതിസംരക്ഷണ സമിതിയുടെ നേതൃത്വത്തിൽ അട്ടപ്പാടിക്കുന്നുകളിൽ മരംനട്ടുപിടിപ്പിച്ചപ്പോൾ മരുഭൂമിയായി കിടന്ന ഭൂമി പച്ചപുതച്ചു ആർദ്രമായി മാറുന്നു. തളിർത്ത് പൂത്തിരുണ്ട് കാടായിമാറിയ പ്രകൃതിയെ സൗഭാഗ്യവതിയായസ്ത്രീയോടാണ് കവി താരതമ്യപ്പെടുത്തുന്നത്. ചൂഷണവും അധിനിവേശവും പ്രകൃതിക്ക് ക്ഷതം വരുത്തുമ്പോൾ പോലും ഭൂമി സർവ്വംക്ഷമിച്ച് അവനുവേണ്ടി നിലകൊള്ളുന്നു. പാരിസ്ഥിതികസ്ത്രീവാദത്തിന്റെ തലവും ഈ കവിതയിൽ വായിച്ചെടുക്കാം.

മനുഷ്യന് ആവശ്യത്തിനുള്ളത് ഭൂമിയിലുണ്ട്. അത്യാഗ്രഹത്തിനുള്ളത് ഇല്ല എന്ന ഗാന്ധിയൻ വചനങ്ങൾ ഓർമ്മിപ്പിക്കുന്നവയാണ് സുഗതകുമാരിയുടെ മിക്ക കവിതകളും. ഈ ചിന്തയിൽ അധിഷ്ഠിതമാണ് 'മരങ്ങൾ' എന്ന കവിത. ശാസ്ത്രയുഗത്തിന്റെ വളർച്ചയിൽ യന്ത്രസംസ്കാരം മരങ്ങളെയെല്ലാം വെട്ടിമാറ്റി തരിശുഭൂമിയാക്കുന്ന കാഴ്ചയാണ്. വൃക്ഷങ്ങൾ ഭൂമിയുടെ നിലനിൽപ്പിനു അത്യന്താപേക്ഷിതമാണെന്ന തിരിച്ചറിവ് ഈ കവിതയിലൂടെ കവി വ്യക്തമാക്കുന്നു. നട്ടുപിടിപ്പിച്ച ഓരോമരത്തെച്ചൊല്ലിയും കവി ആശങ്കപ്പെടുന്നു. കുന്നിൻമുകളിൽ നട്ട കൊന്നത്തൈ കിളിച്ചോ, കരിഞ്ഞോ എന്നു തുടങ്ങി അമ്പലനടയിൽ ലേലംചെയ്ത പാല വെട്ടിയോ, അതോ മുറിവേറ്റു നിൽക്കു

കയാണോ, വീണോ എന്നും, നഗരത്തിൽ നട്ട ആൽമരം വളർന്നോ യെന്നും വ്യവസായശാലയുടെ പുറകിൽ മഴയും വെയിലും മാറിമാറി വരുന്ന നാളിൽ നിറയെ മരത്തൈ വച്ചതും ആ വഴി പോകുമ്പോൾ ആ മരങ്ങൾ ചെറുചില്ലകളാട്ടി വീശിക്കാണിക്കുന്നതും കവി ഓർമ്മി ക്കുന്നു. വൃക്ഷങ്ങൾ നട്ടുപരിപാലിക്കുമ്പോൾ മാതൃത്വഭാവമാണ് കവിക്കുള്ളത്. തന്റെ മക്കളെയെന്നപോലെ ആ വൃക്ഷത്തൈകളെ കവി പരിഗണിക്കുന്നു. 'മരം ഒരു വരം' എന്ന ചൊല്ല് സാർത്ഥകമാകുക യാണ് കവയത്രിയുടെ ഈ പ്രവൃത്തിയിലൂടെ. മനുഷ്യപ്രകൃതി ബന്ധ ത്തിന്റെ ഉദാത്തതയും സ്നേഹവും വ്യക്തമാക്കുന്ന ചിഹ്നങ്ങളാണ് ഈ കവിതയിലെ മരങ്ങൾ. തുടർന്നും 'മരങ്ങൾ' എന്ന കവിതയിൽ വൃക്ഷചിഹ്നങ്ങൾ കടന്നുവരുന്നുണ്ട്.

> "നമ്മളാ സ്കൂളിൻ മുന്നിൽ നട്ടൊരാൽമരം കുട്ടി-
> യെന്നാലും നാമം ജപിച്ചീടുന്നൂ നിരന്തരം
> .......................................................
> ചിരിയിൽ വസന്തത്തിൻ വണ്ടുമൂളുവാൻ, പൂക്കൾ
> ചിറകിട്ടിളക്കുവാൻ കിളി പാടുവാൻ തളിർ-
> ക്കുലയിലിളം കാറ്റു കുലുങ്ങിച്ചിരിക്കുവാൻ."
>
> (സു.ക.സ., മരങ്ങൾ, പു.662, 663)

ഇവിടെ വൃക്ഷം നന്മയുടെപ്രതീകമാകുന്നു. സ്കൂളിനുമുന്നിൽ നട്ട ആൽമരം ചെറുതാണെങ്കിലും നിരന്തരം നാമം ജപിക്കുന്നുവെന്ന് കവി സാക്ഷ്യപ്പെടുത്തുന്നു. ആധ്യാത്മികതയുടെ ചിഹ്നം കൂടിയാണ് ഇവിടെ വൃക്ഷം. ചരാചരപ്രകൃതിയുടെ ഒത്തൊരുമയും നന്മയും വിളംബരം ചെയ്യുന്നവയാണ് വൃക്ഷങ്ങൾ. അരയാൽ ചുവട്ടിലിരുന്ന് നാമംജപി ക്കുന്ന മുനിവര്യന്മാരും അധ്യയനം നടത്തുന്ന കുട്ടികളും ആർഷഭാര തപാരമ്പര്യത്തിന്റെ അടയാളങ്ങളാണ്. മനുഷ്യമനസ്സിൽ കാരുണ്യവും

ദയയും വളർത്തുന്ന വൃക്ഷങ്ങൾ മനുഷ്യനും പരിസ്ഥിതിയും അടങ്ങുന്ന സമൂഹത്തിലെ പരസ്പരാശ്രിതത്വം വിളംബരം ചെയ്യുന്നു. അതുകൊണ്ടുതന്നെ സാമൂഹികപരിസ്ഥിതിവാദത്തിന്റെ തലം 'മരങ്ങൾ' എന്ന കവിതയിൽ ദർശിക്കാൻ കഴിയും.

വ്യവസായവൽക്കരണത്തിന്റെയും നഗരവൽക്കരണത്തിന്റെയും ഭാഗമായി പ്രകൃതിക്കുണ്ടാകുന്ന നാശം കവി സൂചിപ്പിക്കുന്നു. ചുറ്റും പുകയും ഭീതിയും ചതിക്കുഴികളും മരിക്കുന്നപുഴകളും ഭൂമിയുടെതാപവും ഒടുവിൽ അനുഭവിക്കുന്നത് മനുഷ്യൻ തന്നെയാണ്. അവനുവേണ്ടിയാണ് ഓരോ മരവും വച്ചുപിടിപ്പിക്കുന്നത്. തണൽവിരിക്കാൻ മരങ്ങൾ നട്ടുപിടിപ്പിച്ചവർ കഷ്ടതകൾ സഹിച്ച് പ്രവർത്തിച്ചവരാണ്. 'തണലേ ധനം' എന്നു കരുതുന്ന ഒരു സമൂഹത്തിന്റെ പിന്മുറക്കാരാണ് കവിയെപ്പോലുള്ളവർ. നട്ടുവളർത്തിയ മരങ്ങളെ ഓർക്കുന്നതിലൂടെ നാളേക്കുവേണ്ടിയുള്ള പ്രകൃതിസംരക്ഷണമാണ് കവി ആവശ്യപ്പെടുന്നത്. ഭൂമിയുടെ സംരക്ഷകരാണ് മരങ്ങൾ. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള സഹവർത്തിത്വമാണ് ഈ വൃക്ഷചിഹ്നങ്ങളിലൂടെ 'മരങ്ങൾ' എന്ന കവിത മുന്നോട്ടുവയ്ക്കുന്ന പ്രമേയപരിസരം.

സമകാലികപരിസ്ഥിതികൈയേറ്റത്തെ തീവ്രമായി ആവിഷ്കരിക്കുന്ന കവിതയാണ് 'ആദിവാസി സാക്ഷരത'. ആധുനികമനുഷ്യൻ പ്രകൃതിയോടവലംബിക്കുന്ന സമീപനവും അതിനോടുള്ള പാരിസ്ഥിതികപ്രതിരോധവുമാണീ കവിത. പ്രകൃതിയെ ആശ്രയിച്ചു ജീവിക്കുന്നവരാണ് ഒരു പ്രദേശത്തെ ഗോത്രജനത. കാടിനെ ആശ്രയിച്ചു കഴിയുന്ന ഇവർക്കിടയിലേക്ക് പരിഷ്കൃതമനുഷ്യൻ കാടുകയറിയപ്പോൾ ആദിവാസികൾക്ക് അവരുടെ ആവാസവ്യവസ്ഥയാണ് നഷ്ടപ്പെട്ടത്. മനുഷ്യന്റെ ചൂഷണം മണ്ണിനോടും മലകളോടും കാടുകളോടുമാകുമ്പോൾ ഒരു ജനത കാടിറങ്ങാൻ നിർബന്ധിതരാകുന്നു. ഇതിനുദാഹ

രണമാണ് അട്ടപ്പാടിയിലെ ആദിവാസിജനവിഭാഗത്തിന്റെ അവസ്ഥ.

"എഴുതിക്കാനെത്തിയ രാശാക്കളെ
എഴുതേണ്ട മൊഴിയൊക്കെക്കട്ടുപോയീ
.........................................................
കാർന്നോന്മാർ പണ്ടേ പറഞ്ഞിരുന്നേ
കാക്കേണ്ടതൊക്കെയും കാക്കണംന്ന്."

(സു.ക.സ., ആദിവാസി സാക്ഷരത, പു.816)

വർഗ്ഗപരമായും സാമൂഹികപരമായും പാരിസ്ഥിതികമായും ചൂഷണം അനുഭവിക്കുന്നവരാണ് ആദിവാസിജനത. പരിഷ്കൃതർ ഇന്ന് അവരുടെ സ്വത്വമെല്ലാം കട്ടുകൊണ്ടുപോയി പ്രതികരണമില്ലാത്തവരാക്കുന്നു. മരങ്ങളെല്ലാം മലയിറങ്ങിപ്പോവുകയാണ്. പട്ടണം കുടിയേറുന്നതിനു മുൻപും തമ്പുരാക്കന്മാർ വരുന്നതിനു മുൻപും ആ മലനിരകളിലൊക്കെ തിങ്ങിനിറഞ്ഞ കാടായിരുന്നു. സമൃദ്ധമായ ആ കാട് ആ ജനതയുടെ ജീവിതമാർഗ്ഗമായിരുന്നു. വെള്ളവും ഫലവർഗ്ഗവും കനിഞ്ഞു നൽകിയ മണ്ണ്, ഇന്ന് പണയവസ്തുപോലെ അത് അന്യാധീനപ്പെട്ടുപോയി. സംരക്ഷിക്കേണ്ടതിനെ മുൻകൂട്ടി സംരക്ഷിക്കണം എന്ന കാരണവന്മാരുടെ വാക്കുകൾ ഇന്നത്തെ പരിസ്ഥിതിചൂഷണത്തെ മുൻകൂട്ടി കണ്ടുകൊണ്ടുള്ളതാണ്. മനുഷ്യൻ കാടുകൈയേറിയതോടെ കാടിന് സ്വന്തമായതെല്ലാം നശിച്ചുപോവുകയാണ്.

കയ്യേറിത്തമ്പ്രാക്കന്മാർക്കു കാട്
കള്ളച്ചീട്ടൊള്ളവർക്കൊക്കെക്കാട്
അണകെട്ടിത്തമ്പ്രാക്കന്മാർക്ക് കാട്
അതിലേ നടന്നോർക്കുമൊണ്ട് കാട്
.........................................................
കാടു ചുടുന്നവർക്കൊക്കെ കാട്
കാടിൻ കിടാങ്ങൾക്കേ കാടില്ലാത്തൂ

ഒള്ളതു കണ്ണീരൊലിപ്പു മാത്രം
ഒള്ളതീയുള്ളിലെ നീറ്റൽ മാത്രം

(സു.ക.സ., ആദിവാസിസാക്ഷരത, പു.818)

പട്ടിണിമാത്രമാണ് ഇന്ന് ആദിവാസികൾക്ക് സ്വന്തമായുള്ളത്. കൈയേറിയ തമ്പുരാക്കന്മാർക്ക് കാടുണ്ട്. അണകെട്ടിയവർക്കും കാടുണ്ട്. ആയിരം പള്ളിക്കും കാടുണ്ട്. ആദിവാസിക്കുമാത്രം കാടില്ല. കാട് കച്ചവടമാകുന്നതു കണ്ട് നെടുവീർപ്പിടുകയാണ് ഓരോ ആദിവാസിയും. ഒരു കൈയിൽ പുസ്തകവും മറുകൈയിൽ തോക്കുമായി വന്ന് രാശാക്കളുടെ വഞ്ചനകളും വാഗ്ദാനങ്ങളും തിരിച്ചറിയുകയാണവർ. തങ്ങളെ മുഴുവൻ വിറ്റുതിന്നവരുടെ ചൂഷണങ്ങൾ തിരിച്ചറിയാൻ സാക്ഷരത നേടിയവരാണിന്ന് ആദിവാസികൾ. സൈലന്റ് വാലി സമരപ്രവർത്തനകാലത്ത് പ്രകൃതിക്കുവേണ്ടി ഉയർത്തിയശബ്ദം, അത് ആദിവാസികൾ തിരിച്ചറിയുകയാണ്. “അന്നുവരെ ഉണ്ടായിരുന്ന ഞങ്ങളല്ല ആ കാലഘട്ടത്തിന്റെ ചൂടിലൂടെ കടന്ന് ഇപ്പുറത്തെത്തിയ ഞങ്ങൾ. ഞങ്ങൾ മനസ്സുകൊണ്ട് ഭൂമിയെ പുണർന്നവരായി” (കാട്ടുകിളിയുടെ പാട്ട് 2011: 121) എന്ന കവയത്രിയുടെ തന്നെ വാക്കുകൾ ആ കാലഘട്ടത്തിലെ ജനങ്ങൾക്ക് പകർന്നുകൊടുത്ത പരിസ്ഥിതിബോധത്തിന്റെ തിരിച്ചറിവുകൂടിയാണ്. ഇത്തരത്തിൽ പരിസ്ഥിതിയവബോധമുണർന്ന ഒരു തലമുറയുടെ ആവിഷ്കാരമാണ് ‘ആദിവാസിസാക്ഷരത’ എന്ന കവിത. സമകാലികകപടരാഷ്ട്രീയത്തോടുള്ള ശക്തമായ പ്രതിഷേധവും ഈ കവിതയിൽ ദൃശ്യമാകുന്നു. പ്രകൃതിധ്വംസനത്തിനെതിരെയുള്ള ജനമുന്നേറ്റത്തിന്റെയും പ്രതിരോധത്തിന്റെയും അടയാളം കൂടിയാണ് ഈ കവിത.

പ്രകൃതിസംരക്ഷണത്തിന് മാതൃക കാട്ടിക്കൊടുത്ത സമരപദ്ധതിയായിരുന്നു ‘അട്ടപ്പാടി വനവൽക്കരണം’. തരിശായിക്കിടന്ന

കുന്നുകൾ മരങ്ങൾ വച്ചുപിടിപ്പിച്ച് പ്രകൃതിയുടെ പച്ചപ്പ് വീണ്ടെടുത്തിരിക്കുന്നു. ഈ സംഭവത്തെ അനുസ്മരിച്ച് എഴുതിയ കവിതയാണ് 'അട്ടപ്പാടിയെ സ്വപ്നം കണ്ട് ഞാനിന്നും' എന്നത്. ഒരിക്കൽ മനുഷ്യന്റെ ഇടപെടൽ കാരണം സർവ്വവും നഷ്ടപ്പെട്ട് പാഴ്ഭൂമിയായി നിന്നിരുന്ന അട്ടപ്പാടിയെ അതേ മനുഷ്യന്റെ തന്നെ സ്നേഹപൂർണ്ണമായ ഇടപെടൽ നഷ്ടമായ പച്ചപ്പ് നേടിക്കൊടുക്കുകയാണ്. മരങ്ങൾ വെട്ടി മുറിച്ച് മൊട്ടക്കുന്നായ് മാറിയ മലനിരകൾ മൗനത്തിലാണ്ടിരിക്കുകയായിരുന്നു. എന്നാലിന്ന് പ്രകൃതി മുറിവുണക്കി കരിംപച്ചയണിഞ്ഞ് നിറഞ്ഞുനിൽക്കുകയാണ്. കവയത്രി അടക്കമുള്ളവരുടെ പ്രവർത്തനഫലമായി അട്ടപ്പാടിയിൽ കൃഷ്ണവനം പുനർജനിക്കുന്നു. മനുഷ്യൻ പ്രകൃതിചൂഷണത്തിന്റെ അന്തകനാകുമ്പോൾ അതേ മനുഷ്യൻ നടത്തിയ ഇടപെടൽ പ്രകൃതിക്ക് കാരുണ്യവും നനവും നൽകുന്നു. എങ്കിലും കവിക്ക് അട്ടപ്പാടിയെ കുറിച്ച് ഓർക്കുമ്പോൾ വേദനയാണ്.

അവിടെ ഇന്നും അഴൽക്കുന്നുകൾ ബാക്കിയാണ്. വെട്ടിയ മരക്കുരിശിൻ നിരയാണിവിടെ കാണാനുള്ളത്. എന്നോ ഉണ്ടായിരുന്ന കാടിന്റെ പ്രേതബാധകൾ മാത്രമാണിവിടെയുള്ളത്. ഇല്ലാതായ നൂറു ചോലകളുടെ ശാപവും ബാക്കിയാവുന്നു. മനുഷ്യചൂഷണത്തിന്റെ നേർമുഖങ്ങളായി ഇന്നും ആ കുന്നുകൾ നിൽക്കുന്നത് കവിയ്ക്ക് വേദനയുണ്ടാക്കുന്നു. ഇവിടെ വെട്ടിമാറ്റപ്പെട്ട മരക്കുറ്റികൾ, കാടില്ലാത്ത മൊട്ടക്കുന്നുകൾ തുടങ്ങിയവ പാരിസ്ഥിതികദുരന്തത്തിന്റെ തീവ്രമായ അടയാളപ്പെടുത്തലുകളാണ്.

'സൈലന്റ്‌വാലിയിൽവീണ്ടും' എന്ന കവിതയും മുൻസൂചിപ്പിച്ച കവിതയിലെ ആശയമാണ് അവതരിപ്പിക്കുന്നത്. വർഷങ്ങൾക്കു ശേഷം മഴുവിന്റെ കൈയിൽനിന്നും രക്ഷപ്പെടുത്തിയ സൈലന്റ്‌വാലിയിൽ കവി വീണ്ടുമെത്തുകയാണ്. പക്ഷേ ഇന്നും ആ നിശ്ശബ്ദതാഴ്വര

കാട്ടുതീയിനെയും കാട്ടാളരായ മനുഷ്യരെയും മഴുവിനെയും ഭയപ്പെ ടുകയാണ്. വിശപ്പുമാറാത്ത വൻനഗരത്തിന്റെ വിഹ്വലതകളെ കുന്തി പ്പുഴ ഭയപ്പെടുകയാണ്. പേടിക്കേണ്ടെന്നു കവി മന്ത്രിക്കുന്നുണ്ടെങ്കിലും ആ വനകന്യക ഭയപ്പാടോടെ നിലകൊള്ളുന്നു. എത്രയൊക്കെയാ യാലും മനുഷ്യൻ ആ കാടിനെ തേടി വരുമോ എന്ന ഭയം സമകാ ലികപരിസ്ഥിതിദുരന്തത്തിന്റെ തീവ്രത വെളിപ്പെടുത്തുന്നു. അതിര പ്പള്ളി പോലുള്ള കാടിനെ തേടി വികസനത്തിന്റെ പേരുപറഞ്ഞ് അധി കാരികൾ ഭീഷണിയുമായി നിൽക്കുമ്പോൾ ആണ് ഇത്തരം കവിതക ളുടെ പ്രസക്തി.

സ്വപ്നങ്ങളും പ്രതീക്ഷകളും സുഗതകുമാരിക്കവിതകളുടെ മുഖ മുദ്രകളാണ്. അതോടൊപ്പം തന്നെ ചൂഷണത്തിനെതിരെയുള്ള പ്രതി ഷേധവും കൂടിയാണവ. സമകാലികജീവിതത്തോടും പ്രശ്നങ്ങളോടും സംവദിക്കുന്ന അവരുടെ രചനകൾ പ്രതിരോധത്തിന്റെ കവിതയാണ്. സമരോന്മുഖവും സംഘർഷഭരിതവുമായ ജീവിതമാണ് ഓരോ കാടിനും ഉള്ളതെന്ന് കാടിനു നാവുകൊടുത്ത കവി തന്റെ രചനകളി ലൂടെ ലോകത്തിന് വെളിപ്പെടുത്തുന്നു. അനുഭവത്തിന്റെ ഊർജ്ജം ഉൾക്കൊണ്ടെഴുതിയതാണ് സുഗതകുമാരിയുടെ ഓരോ കവിതയും. അതുകൊണ്ടുതന്നെ അവയ്ക്ക് ജനകീയതലം കൂടിയുണ്ട്. ഈ കവി തകളിലെല്ലാം വൃക്ഷവും കാടും മനുഷ്യരുടെ ചൂഷണത്തിനെതിരെ യുള്ള പ്രതിരോധചിഹ്നമായി കടന്നുവരുന്നു. പ്രകൃതിയും മനുഷ്യനും പരസ്പരാശ്രിതത്തിലൂന്നുന്ന അഗാധപരിസ്ഥിതിവാദത്തിന്റെയും സാമൂഹികപരിസ്ഥിതിവാദത്തിന്റെ തലങ്ങൾ പൊതുപ്രത്യേകതയായി ഈ കവിതകളിലെല്ലാം കാണാമെന്നതും മറ്റൊരു പൊതുസവിശേഷ തയാണ്.

## സഹായകഗ്രന്ഥങ്ങൾ


1. അച്യുതൻ എം. പ്രൊഫ., *പാശ്ചാത്യസാഹിത്യദർശനങ്ങൾ*, ഡി. സി. ബുക്സ്, കോട്ടയം, 2011.
2. ആനന്ദ് കാവാലം ഡോ., *മലയാളകവിതയും പരിസ്ഥിതിയും*, കറന്റ് ബുക്സ്, തൃശ്ശൂർ, 2013.
3. ഉണിത്തിരി എൻ.വി.പി. ഡോ., *വൃക്ഷായുർവേദഗ്രന്ഥങ്ങൾ ഒരു പഠനം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
4. ടോണി മാത്യു പ്രൊഫ., *കാട്ടുകിളിയുടെ പാട്ട്*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.
5. തമ്പാൻ എം.ആർ. ഡോ., *പൂക്കാതിരിക്കാനാവാത്ത കവിതകൾ*, മെലിൻഡ ബുക്സ്, തിരുവനന്തപുരം, 2010.
6. പൊതുവാൾ പി.പി.കെ., *പരിസ്ഥിതിക്കവിതയ്ക്ക് ഒരാമുഖം*, ഡി. സി.ബുക്സ്, കോട്ടയം, 1995.
7. പോൾ എം.എസ്.ഡോ., *ഉത്തരാധുനിക കവിതാപഠനങ്ങൾ*, റെയിൻബോബുക്സ് പബ്ലിഷേഴ്സ്, ചെങ്ങന്നൂർ, 2010.
8. പ്രകൃതിസംരക്ഷണസമിതി (സമ്പാദകർ), *വനപർവ്വം*, ഡി. സി.ബുക്സ്, കോട്ടയം, 1983.
9. പ്രതാപൻ തായാട്ട് (എഡി.), *പരിസ്ഥിതിദർശനം* (ലേഖനങ്ങൾ), ഹരിതംബുക്സ്, കോഴിക്കോട്, 2008.
10. പ്രസാദ് സി.ആർ. ഡോ., *ഹരിതദർശനം ആധുനികാനന്തര കവിതയിൽ*, സെഡ് ലൈബ്രറി, തിരുവനന്തപുരം, 2007.
11. ബഞ്ചമിൻ ഡി. ഡോ., കാല്പനികത മലയാളകവിതയിൽ, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2013.
12. മധുസൂദനൻ ജി., (എഡി.), *ഹരിതനിരൂപണം മലയാളത്തിൽ*, കറന്റ് ബുക്സ്, തൃശ്ശൂർ, 2002.

13. മസനോബു ഫുക്കുവോക്ക, *പ്രകൃതിയിലേക്കു മടങ്ങാൻ*, മോഹനൻ കെ.എം.ആർ. (വിവ.), ഡി.സി. ബുക്സ്, കോട്ടയം, 2004.
14. രാജശേഖരൻ എസ്., *പരിസ്ഥിതിദർശനം മലയാളകവിതയിൽ*, കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2010.
15. സുഗതകുമാരി, *എൻ.വിയും പ്രകൃതിയും* (സമ്പാദനവും പഠനവും), കേരളഭാഷാഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.
16. ..........................., *കാടിനുകാവൽ*, ഡി.സി. ബുക്സ്, കോട്ടയം, 2014.
17. ..........................., *കുടത്തിലെ കടൽ*, ഡി.സി.ബുക്സ്, കോട്ടയം, 2014.
18. ..........................., *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, 2016.

# സുഗതകുമാരിക്കവിതകളിലെ ജീവിതവ്യഥകൾ

**ഹർഷ സിറിയക്**

കേരളത്തിന്റെ സാംസ്കാരിക രംഗത്ത് ഏറെ ശ്രദ്ധേയമായ പേരാണ് സുഗതകുമാരി. കവയിത്രിയായും, സാമൂഹികപ്രവർത്തകയായും ദേശീയശ്രദ്ധ പിടിച്ചുപറ്റിയ വ്യക്തിത്വമാണ് അവരുടേത്. 2006-ൽ രാഷ്ട്രം പത്മശ്രീ പുരസ്കാരം നൽകിയാദരിച്ച സുഗതകുമാരിക്ക് മികച്ച പരിസ്ഥിതി പ്രവർത്തകയ്ക്കുള്ള വൃക്ഷമിത്ര പുരസ്കാരവും (1986) സ്ത്രീ സംരക്ഷണ പ്രവർത്തനങ്ങൾക്കായി സ്ത്രീശക്തി പുരസ്കാരവും (2010) ആൾ ഇന്ത്യ വുമൺസ് കോൺഫറൻസ് ഡയമണ്ട് ജൂബിലി പുരസ്കാരവും ഉൾപ്പെടെ ധാരാളം അംഗീകാരം ലഭിച്ചിട്ടുണ്ട്. സാഹിത്യകാരി എന്ന നിലയിൽ കേരളസാഹിത്യ അക്കാദമി അവാർഡ്, കേന്ദ്രസാഹിത്യ അക്കാദമി അവാർഡ്, എഴുത്തച്ഛൻ പുരസ്ക്കാരം, വയലാർ അവാർഡ്, വള്ളത്തോൾ അവാർഡ്, ബാലാമണിയമ്മ അവാർഡ് എന്നിങ്ങനെ ഒട്ടനവധി പുരസ്ക്കാരങ്ങൾ ലഭിച്ച സുഗതകുമാരി 2012-ൽ സരസ്വതി സമ്മാനത്തിനും അർഹയായി. ഇത്തരത്തിൽ സാഹിത്യ-സാമൂഹിക മണ്ഡലങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ച സുഗതകുമാരിയുടെ കാവ്യലോകം അവരുടെ വ്യക്തിചേതനയുമായും, പ്രവർത്തനമണ്ഡലവുമായും അഭേദ്യമായ ബന്ധം പുലർത്തുന്നു.

മലയാള കാവ്യരംഗത്തേയ്ക്ക് 'ശ്രീകുമാർ' എന്ന തൂലികാനാമത്തിൽ കടന്നുവന്ന സുഗതകുമാരിയെ അക്കാലത്ത് മാതൃഭൂമി ആഴ്ചപ്പതിപ്പിന്റെ പത്രാധിപരായിരുന്ന കവി എൻ.വി. കൃഷ്ണവാര്യരാണ് സഹൃദയർക്ക് പരിചയപ്പെടുത്തിയത്. എഴുത്തിന്റെ ആരംഭദശക

ളിൽത്തന്നെ ഏറെ വായിക്കപ്പെടുകയും നിരൂപകശ്രദ്ധ പിടിച്ചുപറ്റുകയും ചെയ്ത സുഗതകുമാരിയുടെ ആദ്യ കാവ്യസമാഹാരം 1961–ൽ പ്രസിദ്ധീകൃതമായ 'മുത്തുച്ചിപ്പി'യാണ്. 'സ്വപ്നഭൂമി' 'പാവം മാനവ ഹൃദയം', 'പാതിരാപ്പൂക്കൾ', 'ഇരുൾച്ചിറകുകൾ', 'രാത്രിമഴ', 'അമ്പല മണി', 'കുറിഞ്ഞിപ്പൂക്കൾ', 'തുലാവർഷപ്പച്ച', 'കൃഷ്ണകവിതകൾ', 'മണലെഴുത്ത്' എന്നിങ്ങനെ ഒരുപിടി കാവ്യസമാഹാരങ്ങൾ അവർ കൈരളിക്ക് സമർപ്പിച്ചു.

താനും തനിക്ക് ചുറ്റുമുള്ള ലോകവും ജീവിതമെന്ന മഹാത്ഭുതവുമാണ് സുഗതകുമാരിയുടെ കവിതകളുടെ ആധാരശില. അതുകൊണ്ടുതന്നെ സുഗതകുമാരിയുടെ ജീവിതദർശനവും ലോകവീക്ഷണവും അവരുടെ കാവ്യമണ്ഡലത്തെ ആഴത്തിൽ സ്വാധീനിക്കുന്നതായി കാണാം. ജീവിതയാത്രയിലെ ഓരോഘട്ടങ്ങളും അവരെ രൂപപ്പെടുത്തിയ ഓരോ അനുഭവങ്ങളും ആ കവിതകളിൽ പ്രതിഫലിക്കുന്നു. സമൂഹത്തിന്റെ വേദനകളെ സ്വന്തം വേദനയായി നെഞ്ചിലേറ്റിയ സുഗതകുമാരിയുടെ കവിതകൾ വ്യക്തിമനസ്സിൽ നിന്നും സമൂഹമനസ്സിലേയ്ക്കും, നേർത്ത വിഷാദത്തിൽ നിന്നും കടുത്ത പ്രതിഷേധത്തിലേയ്ക്കും വളരുന്നു. നിസ്സഹായതയും, വിഷാദവും മനസ്സിന്റെ അസ്വസ്ഥതകളും കവിതയിൽ ആവിഷ്കരിച്ച എഴുത്തുകാരി തന്റെ ദുഃഖ കാരണം അനുവാചകരുമായി പങ്കുവയ്ക്കുന്നുണ്ട്. പ്രകൃതി, സ്ത്രീ, സമൂഹം, ഭക്തി, സ്നേഹം, ധർമ്മം എന്നിവയെക്കുറിച്ചെല്ലാം തനതു വീക്ഷണമുള്ള വ്യക്തിയാണ് സുഗതകുമാരി. അവ ഓരോന്നും സാഹിത്യകാരിയുടെ വ്യക്തിസത്തയിലും കാവ്യചേതനയിലും പ്രകടമാകുന്നു.

പാശ്ചാത്യലോകത്ത് ഉദയം കൊണ്ട ആധുനികതാവാദം മലയാളകാവ്യരംഗത്ത് മുദ്രപതിപ്പിച്ചത് അയ്യപ്പപണിക്കരുടെ 'കുരു

ക്ഷേത്ര'ത്തിലാണ്. അയ്യപ്പപണിക്കരുടെ സമകാലികയായ സുഗതകുമാരിയുടെ കവിതകളിലും ആധുനികതയുടെ അടയാളങ്ങൾ കണ്ടെടുക്കാനാകും. 'സുഗതകുമാരിയുടെ കവിതയും ജീവിതദർശനവും' എന്ന ലേഖനത്തിൽ ഡോ. ബി. ബാലാനന്ദൻ കുറിക്കുന്നു "ആധുനിക പ്രവണതകളുടേതായ മുദ്രകൾ മലയാളകവിത ഏറ്റുവാങ്ങിത്തുടങ്ങിയ ഘട്ടത്തിൽത്തന്നെയാണ് സുഗതകുമാരിയുടെ കാവ്യപ്രവേശം. എന്നാൽ ആധുനിക കാവ്യസമീപനങ്ങളായ പാരമ്പര്യനിരാസമോ, ശുഭാപ്തിവിശ്വാസരാഹിത്യമോ, തത്വശാസ്ത്രാവലംബമോ, തത്വശാസ്ത്രനിഷേധമോ, പ്രത്യയശാസ്ത്രാഭിമുഖ്യമോ, നിസ്സംഗത്വമോ സുഗതകുമാരിയുടെ കവിതകളിൽ ദർശിക്കാവതല്ല. ആധുനിക കവിതാധർമ്മങ്ങൾ എന്ന നിലക്ക് വിഷാദാത്മകത, സ്വപ്നഭംഗം തുടങ്ങിയ ചിലഭാവങ്ങൾ അവരുടെ കവിതയിൽ ദൃഷ്ടമാണ്"[1]. ആധുനിക കവിതയിലെ അടിസ്ഥാനഭാവങ്ങളായ നിരാശ, രോക്ഷം, അസ്ഥിത്വവ്യഥ, സ്വത്വാന്വേഷണത്വര, തത്വാഭിമുഖ്യം എന്നിവ സുഗതകുമാരിയുടെ കാവ്യരചനയിൽ എത്രമാത്രം സ്വാധീനം ചെലുത്തിയിട്ടുണ്ടെന്നത് ചിന്തനീയമാണ്.

തനിക്കു ചുറ്റുമുള്ള ലോകത്തിന്റെ വേദനകളെയും ദുഃഖങ്ങളെയും ആശങ്കകളെയും തന്റേതായി സ്വീകരിച്ച കവയിത്രിയാണ് സുഗതകുമാരി. സ്വാതന്ത്ര്യാനന്തരഘട്ടത്തിൽ സമൂഹത്തിനു സംഭവിച്ച മൂല്യച്യുതിയും ധാർമ്മികാധഃപതനവും അവരുടെ കവിതയിൽ നിരാശകലുഷമായ വിഷാദത്തോടെ, രോഷത്തോടെ ആവിഷ്കരിക്കപ്പെടുന്നു. സ്വാതന്ത്ര്യാനന്തര ഭാരതത്തിന്റെ രാഷ്ട്രീയധർമ്മച്യുതി കേന്ദ്രമാക്കി രചിച്ച 'ധർമ്മം എന്ന പശു' എന്ന കവിതയിൽ വെട്ടിമാറ്റപ്പെട്ട് ഒറ്റക്കാലിൽ നരകയാതനയനുഭവിക്കുന്ന നിസ്സഹായയായ പശുവിനെ സുഗതകുമാരി ധർമ്മത്തിന്റെ പ്രതീകമായി സ്വീകരിക്കുന്നു. ഇവിടെ പശു ഭാരതീയ സംസ്ക്കാരത്തിന്റെ നഷ്ടമൂല്യങ്ങളെയും കൃഷ്ണസങ്കല്പ്പ

ത്തെയുമൊക്കെ അനുസ്മരിപ്പിക്കുന്നുണ്ട്.

"പാവം എത്രനാൾ പാടു-
പെട്ടു! തൻ മെലിവാർന്ന
കാലുകൾ മൂന്നും വെട്ട-
പ്പെട്ടു നിസ്സസഹായയായ്
ഒരു കാലിന്മേൽ നിന്നു
തപിച്ചാളേറെക്കാലം,
അരുതേ പശുദ്രോഹ
മെന്നമ്മ തേങ്ങീടിലും
കറുകപ്പുല്ലും ഗംഗാ
ജലവും നൽകിത്തൊഴു-
തിവളെ ശുശ്രൂഷിച്ചു
മൂഢരാം പിതാമഹർ"[2]

എന്നു പാടുന്ന കവയിത്രി ആർഷഭാരതത്തിൽ പൂജിക്കപ്പെട്ട ധർമ്മത്തെയും സ്വാതന്ത്ര്യനന്തരഘട്ടത്തിൽ തിരസ്കൃതയായ ധർമ്മ ത്തെയും ചിത്രകരിച്ചതിനു ശേഷം,

"നാൾകളങ്ങനെ പോയീ,
പിന്നെയും സ്വാതന്ത്ര്യത്തിൽ
നാണമില്ലാത്തീപ്പുത്തൻ
പുലരിയുദിച്ചപ്പോൾ
നന്ന്, ഇന്നീസ്സുദിനത്തിൽ
ഒരുകാലിയാം ധർമ്മം
മന്നിൽ വീണനങ്ങാതെ
കിടന്നൂ കണ്ണീർ ചിന്നി
അമ്മ നിൽക്കുന്നു ചാരെ,

ക്കരയാൻപോലും വയ്യാ-
തെങ്ങളോ പരസ്പരം
സ്മിതങ്ങൾ കൈമാറുന്നു
(അമ്മയോർക്കയാം, മണി
കെട്ടിയോരിവൾ, പൊന്നിൻ
കിങ്ങിണി ചാർത്തും താനും,
കൂത്താടിക്കളിച്ചതും
പിന്നെ, യൗവനത്തിങ്കൽ
പുണ്യമീമെയ്യിൽ തൊട്ടു
കണ്ണിൽ വെച്ചിട്ടേ മെല്ലെ-
ത്തുടങ്ങും ദിനങ്ങളും)
പാവം, എത്രനാൾ പാടു-
പെട്ടു! നാം നാലാമത്തെ-
ക്കാലു വെട്ടീടും മുമ്പേ,
പശിയാൽ മരിച്ചല്ലോ!"[3]

എന്നിങ്ങനെ ധർമ്മത്തിന്റെ മരണവും അവതരിപ്പിക്കുന്നു. ഒടുവിൽ ധർമ്മത്തിന്റെ മഹത്വം വാഴ്ത്തിപ്പാടിയ ശേഷം കവിതയവസാനിപ്പിക്കുന്നു. ധർമ്മത്തെക്കുറിച്ചും നീതിയെക്കുറിച്ചും വ്യക്തമായ കാഴ്ചപ്പാടുകൾ പുലർത്തുന്ന വ്യക്തിയാണ് സുഗതകുമാരി. അതുകൊണ്ട് തന്നെയാവാം അനീതികൾക്കും അധർമ്മങ്ങൾക്കുമെതിരെ അവർ നിരന്തരം ശബ്ദമുയർത്തുന്നത്. ധർമ്മബോധമില്ലാത്ത, ധർമ്മത്തെ ഹസിക്കുന്ന പുതുയുഗത്തോടുള്ള കവിയുടെ എതിർപ്പ് ഈ കവിതയിൽ ആദ്യന്തം നിറഞ്ഞുനിൽക്കുന്നുണ്ട്. ഈ സമൂഹ ത്തിന്റെ ഭാഗം തന്നെയാണ് കവി എന്ന ബോധവും, അതിൽ നിന്നുരുവം കൊള്ളുന്ന ആത്മവ്യഥയും നിരാശയും രോഷവും കവിതയിൽ ആളി

പ്പടരുന്നു. ഓരോ വായനക്കാരിലേക്കും തറച്ചുകയറുന്ന കുറ്റബോധത്തിന്റെയും ആത്മവ്യഥയുടെയും കാരമുള്ള് 'ധർമ്മം എന്ന പശുവിനെ' കൂടുതൽ ശ്രദ്ധേയമാക്കുന്നു.

പ്രപഞ്ചത്തെയാകെ ധർമ്മാധർമ്മയുദ്ധം നടക്കുന്ന കുരുക്ഷേത്ര ഭൂമിയായി ചിത്രീകരിക്കുന്ന കവിതയാണ് 'കുരുക്ഷേത്രത്തിൽ'.

"എവിടെയെൻ മിന്നൽ വാൾ? പൊന്നലുക്കാടുന്ന
　　കൊടികൾ? ഉച്ചണ്ഡമാമെൻ പടഹം?
എവിടെൻ വെളുത്തു മദിച്ചു തുള്ളും പട-
　　ക്കുതിര? വൻപാമ്പൊത്തൊരെന്റെ ചാപം?
അൻപൊടെൻ ദുർഗ്ഗേ, പറഞ്ഞാലുമെങ്ങെന്റെ-
　　യമ്പൊടുങ്ങാതുള്ളൊരാവനാഴി?
കട്ടിയിരുമ്പിൻ ചിരിമുനയേൽക്കിലും
　　പൊട്ടിപ്പിളരാത്ത പൊൻ കവചം?
ഹാ! പറഞ്ഞാലും, കനിഞ്ഞു നീയെന്നെന്റെ
　　സാഹസോന്മത്തമാം വീര്യബോധം?"[4]

എന്നു ചോദിക്കുന്ന നിസ്സഹായനായ, നിരായുധനായ അർജ്ജുനനായി ഈ പ്രപഞ്ചത്തിൽ കവയിത്രി സ്വയം തിരിച്ചറിയുന്നു.

"ഇവിടെയിക്രൂരമാം മൃത്യുവിൻ കാട്ടി, ലീ-
പ്പട നിലത്തന്ധനാം പൈതലെപ്പോൽ,
ഇരുളിലൂടെങ്ങും മുഴങ്ങിപ്പരക്കുന്ന
മുറവിളിക്കുള്ളി, ലിത്തീമഴയിൽ,
ആളുന്ന വാൾ വീശൽ നോക്കിയോഴിയുവാ-
നാവാതെ ചോരപ്പുഴയിൽ മുങ്ങി,
അറിയാതെ പിന്നിലൂടെത്തിത്തറയ്ക്കു വോ-
രൊളിയമ്പുകൊണ്ടെൻ കരൾ നുറുങ്ങി,

ഒരു വാളുപോലും കരത്തിലില്ലാതെ, പാഴ്-
ചിരികൾക്കുമേകശരവ്യമായി,
ഉഴറിത്തളർന്നു നിൽക്കുന്നൊരിക്കയ്യുക-
ളുയരാത്ത പാർത്ഥനെയൊന്നു നോക്കൂ!
പറയുനീ ലോകത്തിലുണ്ടോയിതിന്നുമേൽ
ദയനീയമാം ദൃശ്യമൊന്നു ദേവീ?"[5]

എന്നിങ്ങനെ അർജ്ജുനന്റെ ദയനീയമായ ചിത്രം അവതരിപ്പിക്കുന്ന കവയിത്രി അർജ്ജുനനെപോലെ പരിതപിക്കുന്നു. മഹാഭാരതയുദ്ധഭൂമിയിൽ അർജ്ജുനന് ധർമ്മം ഉപദേശിക്കാൻ സാരഥിയായ കൃഷ്ണനുണ്ടായിരുന്നു. ഇന്ന് മാർഗദർശനം നൽകാൻ പ്രാണനാം തേരാളി കൂടെയില്ലാതെ, എന്താണ് തന്റെ കർമ്മമെന്ന് തിരച്ചറിയാനാകാതെ കണ്ണീരൊഴുക്കി നിൽക്കുന്ന എഴുത്തുകാരി നിസ്സഹായതയുടെ ദുഃഖം പേറുന്നു. സമൂഹത്തിൽ സംഭവിച്ച മൂല്യച്യുതിയും, അധർമ്മത്തിന്റെ സംഹാരതാണ്ഡവവും ധർമ്മത്തിന്റെ നിസ്സഹായതയും ആവിഷ്കരിക്കുന്ന ഈ കവിത നിരാശയുടെ ഛായ പ്രതിഫലിപ്പിക്കുന്നു.

പച്ച, വിദ്യ, മതം എന്നിങ്ങനെ മൂന്നു ഖണ്ഡങ്ങളായി രചിച്ച 'എന്തിനെച്ചൊല്ലി'? എന്ന കവിത കേരളീയ സമൂഹത്തിനു സംഭവിച്ച അധഃപതനം അവതരിപ്പിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടെന്ന് ഊറ്റം കൊള്ളുന്ന കേരളത്തിന്റെ പുതിയമുഖമാണ് ഇവിടെ അനാവൃതമാകുന്നത്. പ്രകൃതിയിൽ നിന്നും വേറിട്ട് മനുഷ്യന് ജീവിതമില്ലെന്നറിയുന്ന സുഗതകുമാരി പ്രകൃതിയുടെ നാശം മാനവരാശിയുടെ മുഴുവൻ നാശമാണെന്ന് തിരിച്ചറിയുന്നു. മനുഷ്യനും പ്രകൃതിയും പരസ്പരാശ്രയത്തോടുകൂടി കഴിയുന്ന പുതുലോകം അവരുടെ കവിതകളിൽ നിറയുന്നുണ്ട്. 'പച്ച' എന്ന ആദ്യഖണ്ഡത്തിൽ ഈശ്വരൻ കനിഞ്ഞനുഗ്രഹിച്ച കേരളീയ പ്രകൃതിയെ, ആറുമാസം പെയ്യുന്ന മഴയെക്കു

റിച്ചും വാത്സല്യം ചുരത്തുന്ന വറ്റാത്ത പുഴകളെക്കുറിച്ചും മലയാളമണ്ണിന്റെ നിത്യാർദ്രഭാവത്തെകുറിച്ചും വാഴ്ത്തിപ്പാടിക്കൊണ്ട് അവതരിപ്പിക്കുന്ന കവയിത്രി,

"ഊറ്റമാർന്നിതേ മൂന്നു
ഭാഗ്യങ്ങളെണ്ണും മല-
നാട്ടിന്റെ മക്കൾ, മറു
നാട്ടുതോഴൽ തൻ മുന്നിൽ
മലർ പോൽ മഴയാറു
മാസവും കനിയുമീ
മലയാളത്തിൻ നറും
മുഖശ്രീ വാഴ്ത്തിച്ചൊല്ലി
ഊറ്റമാർന്നിതേ നമ്മ-
ളെന്നെന്നും; ഇന്നോ മൂകം
നീട്ടിയ കയ്യിൽ കണ്ണീ-
രുപ്പു വീണുണങ്ങുന്നൂ
മുകളിൽ പിൻവാങ്ങുന്നൂ
സഹ്യനും; മുദ്രാവാക്യ
മുഖരം മഴു തിന്നു
ശോഷിച്ച തപോവനം"[6]

എന്നു കേരളീയ പ്രകൃതിയുടെ പുതുമുഖം നോക്കി ദുഃഖിക്കുന്നു. 'വിദ്യ' എന്ന രണ്ടാംഖണ്ഡത്തിൽ സമ്പൂർണ്ണസാക്ഷരെന്നഭിമാനിക്കുന്ന കേരളീയരുടെ ചിത്രം അവതരിപ്പിച്ചതിനു ശേഷം,

'ഞങ്ങൾക്കു മൊഴിമാതും
പൂമാതുമൊരുപോലെ-
യമ്മമാർ; മലയാളി-

യാരുണ്ടു വിദ്യാഹീനൻ?
ഏതു നാട്ടിലും മരു-
ക്കാട്ടിലും കേറിച്ചെന്നൂ
കേരളപുത്രിൻ, വിദ്യാ-
കവചം ധരിച്ചവൻ...
ഊറ്റമേലേങ്ങാ മേലിൽ
വിദ്യയെച്ചൊല്ലി; പ്പച്ച
നോട്ടുകൾക്കായിദ്ദേവീ
വിഗ്രഹം വിറ്റോർ ഞങ്ങൾ..."[7]

എന്ന് അറിവിനെ കച്ചവടച്ചരക്കാക്കി മാറ്റുന്ന കേരളീയരുടെ വർത്തമാനമുഖം അൽപ്പം പരിഹാസത്തോടെ, നിരാശയോടെ കവയിത്രി അനാവൃതമാക്കുന്നു. മൂന്നാംഖണ്ഡത്തിന് 'മതം' എന്നാണ് സുഗതകുമാരി പേരു നൽകുന്നത്. മതസഹിഷ്ണുത പുലർത്തിയിരുന്ന കേരളീയരുടെ മതബോധനത്തിന് സംഭവിച്ച പരിണാമങ്ങൾ ആവിഷ്കരിക്കുന്ന ഈ ഖണ്ഡം തമ്മിൽ കൊലക്കത്തിയുയർത്താത്ത, ഭ്രാതാവിന്റെ വീടെരിക്കാത്ത, എല്ലാ മതങ്ങൾക്കും അഭയം നൽകിയ കേരളത്തിലെ കാറ്റിൽ ഇന്ന് പകയുടെ ചുടലപ്പുകനാറ്റം നിറഞ്ഞ കഥ സഹൃദയരുമായി പങ്കുവെക്കുന്നു. കേരളീയർക്ക് ഇനി അഭിമാനിക്കാൻ എന്താണു ബാക്കി? എന്ന ചോദ്യം ഈ കവിതയിൽ മുഴങ്ങി കേൾക്കാനാകും. കേവലം കാൽപ്പനികമായ വിഷാദമല്ല, കവയിത്രിയുടെ മനസ്സിലെ കടുത്ത നിരാശയും രോഷവുമാണ് ഈ കവിതയുടെ അന്തർഭാവം.

പഞ്ചാബിലെ തീവ്രവാദവും വിഭജനവാഞ്ചയും അതിനെ തുടർന്നുണ്ടായ ശിഥിലീകൃതാവസ്ഥയും പശ്ചാത്തലമാക്കി രചിച്ച കവിതയാണ് 'പഞ്ചാബ്'. ഒരമ്മയുടെ മക്കളായി കഴിഞ്ഞവർ തമ്മിൽ

തോക്കിൻ കുഴൽചൂണ്ടുന്നതിന്റെ ദയനീയ അവസ്ഥ സഹൃദയരിലേക്ക് പകരുന്ന സുഗതകുമാരി തന്റെ മാനസിക വ്യഥയെക്കൂടിയാണ് അനാവരണം ചെയ്യുന്നത്. പഞ്ചാബിൽ ആളിപ്പടരുന്ന തീവ്രവാദത്തിന്റെ അന്തസാരശൂന്യത വെളിപ്പെടുത്തുന്ന കവയിത്രി ഒടുവിൽ,

"ഈ വീണ മക്കൾക്കിട-
യ്ക്കാർത്തയായ് മുഖമോരോ-
ന്നോരോന്നു കുനിഞ്ഞയ്യോ!
തിരഞ്ഞും പിടഞ്ഞുഴ-
ന്നോടിയുമത്യുച്ചത്തിൽ
ഭ്രാന്തിയായ് കേഴുന്നതീ
നാടാണ്, നിന്നമ്മയാ-
ണെന്നറിഞ്ഞീലേ പഞ്ചാബ്?
ആ വീണു കിടപ്പതി-
ലൊന്ന് നിൻ മുഖമാണ
തീ ഞങ്ങൾക്കുയിരാണെ-
ന്നറിഞ്ഞീലെന്നോ പഞ്ചാബ്?"[8]

എന്നിങ്ങനെ തീവ്രവാദത്തിന്റെ ഭീകരചിത്രവും അവതരിപ്പിക്കുന്നു. മതത്തിന്റെയും വർണ്ണത്തിന്റെയും ഭാഷയുടേയുമൊക്കെ പേരു പറഞ്ഞ് തമ്മിൽത്തല്ലുന്ന ഭാരതീയരെയും വ്രണിതമായ ഭാരത സമൂഹത്തെയും നമുക്ക് ഈ കവിതയിൽ കണ്ടെത്താനാകും. ഇവിടെ പഞ്ചാബ് കേവലം പഞ്ചനദികളുടെ നാടല്ല, ഇന്നത്തെ ഇൻഡ്യ തന്നെയാണ്.

സ്വയം തിരിച്ചറിയാനാവാതിരിക്കുന്നതിന്റെ ദുഃഖവും അതിൽ നിന്നുരുവം കൊള്ളുന്ന സ്വത്വാന്വേഷണത്വരയും ആധുനികതയുടെ മുഖമുദ്രകളാണ്. സുഗതകുമാരിയുടെ 'അകത്താര്' എന്ന കവിതയിൽ

സ്വത്വാന്വേഷിയുടെ സ്വരം ഒട്ടൊക്കെ പ്രകടമാണ്. അകത്താരെന്നറിയാനാകാതെ കുഴയുന്ന കവിയെ അസ്ഥിത്വവ്യഥയനുഭവിക്കുന്ന ആധുനികമനസ്സിന്റെ പ്രതിരൂപമായി വേണം കാണാൻ.

"അകത്താര്? രാവിൻ നിഗുഢനിശ്ശബ്ദ
മിരുട്ടിൽ വെള്ളിടിയിരമ്പും പോലാരോ
വിളിച്ചു ചോദിപ്പൂ, മറുപടിയില്ലാ
തിരുട്ടിൽ ഞാൻ മൂകം നിനച്ചിരിക്കുന്നു
അറിവീ, ലാരു ഞാൻ! പറയേണ്ടതെന്തെ
ന്നറിവീ, ലെൻ ഭാഗം മറന്നുപോയവൾ
ഒരു നിത്യാസ്വാസ്ഥ്യം ചിറകിലേന്തുവോൾ
തിരുവരങ്ങിലിന്നെനിക്കെന്തേ വേഷം?
(പ്രണയിനീ? പണ്ടേ മരിച്ചുപോയവൾ
അവൾക്കൊരുപിടി മഴയും പൂക്കളും
പ്രിയപത്നീ? മുഖം തിരിച്ചുപോയ് പതി
അവൾ തന്നോർമ്മയ്ക്കീച്ചെരാതുമെണ്ണയും
ഒരമ്മയല്ലീ ഞാൻ! മടുത്തുപോയ് മക്കൾ
അവൾ തൻ ചൂടാറ്റാൻ ജപവും കാലവും)
പതിവു വേഷങ്ങൾ പരാജയപ്പെട്ടോൾ
കവിത മൂളിക്കൊണ്ടലഞ്ഞുഴലുവോൾ"[9]

എന്ന വരികളിൽ ലോകവേദിയിൽ സ്വന്തം വേഷമെന്തെന്നു തിരിച്ചറിയാനാകാതെ പകച്ചു നിൽക്കുന്ന മനുഷ്യനെ കാണാം. ഡോ. എസ്.ശാരദക്കുട്ടി "അകത്താരെന്നു നിശ്ചയിക്കാനാവാതെ കുഴങ്ങുന്ന കവിത തന്നെത്തന്നെ തിരിച്ചറിയുന്നതിന്റെ സൂചനകൾ നൽകുന്നതായി"[10] ഈ കവിതയെ നിരീക്ഷിക്കുന്നുണ്ട്. മനുഷ്യരുടെ ജീവിതയാത്രയെയും യാത്രയിലുടനീളം അവർ അനുഭവിക്കുന്ന ആന്തരിക

സംഘർഷത്തെയും കവയിത്രി അനുവാചകരുമായി പങ്കുവെക്കുന്നു.

സുഗതകുമാരിയുടെ ആദ്യസമാഹാരമായ 'മുത്തുച്ചിപ്പി' എന്ന കവിതയിൽ വേദനയേയും അസ്വസ്ഥതയേയും പ്രണയിക്കുന്ന, അസ്ഥിത്വവ്യഥയിൽ മുഴുകുന്ന ആധുനിക മനുഷ്യത്മാവിനെയാണ് നമുക്ക് ദർശിക്കാനാവുക.

"രാഗമാല്യവും പേറി
നാളത്തെ പ്രഭാതത്തിൻ
വേദിയിലെത്താനെന്നെ
വിളിക്കും കരങ്ങളേ!
നിങ്ങളെ സ്നേഹിപ്പൂ ഞാൻ
എങ്കിലും ഹൃദയത്തിൽ
മിന്നലും കൊടുങ്കാറ്റും
തന്നെയാണെനിക്കിഷ്ടം!"[11]

മുത്തുച്ചിപ്പി എന്ന കവിത ജ്ഞാനാന്വേഷിയായ മനുഷ്യന്റെ ജ്ഞാനോദയത്തെ ആവിഷ്ക്കരിക്കുമ്പോൾ, പരമമായ സത്യമായി, ജ്ഞാനമായി സഹൃദയർക്കു മുന്നിൽ അവതരിപ്പിക്കുന്നത് 'വിണ്ണിൻ കണ്ണുനീർത്തുള്ളി'യെയാണ്. "അനന്തതയിൽ, അഗാധതയിൽ, ജീവിതസത്യം തേടിയലയുകയും ദുഃഖസത്യം കണ്ടെത്തുകയും ചെയ്യുന്ന മനുഷ്യാത്മാവിന്റെ ധീരസാഹസ പ്രയാണങ്ങൾ സൂഷ്മാൽ സൂഷ്മവും ദുർഗ്ഗമവും ദുർവാഹകവുമായ മാർഗങ്ങളിൽ അയാളോടൊപ്പം പോയി അതു നമ്മെക്കൊണ്ടനുഭവിപ്പിക്കാൻ ഒരു മുത്തുച്ചിപ്പിയുടെ പ്രതീകം കൊണ്ട് സാധിച്ചിരിക്കുന്നു"[12] എന്ന ഡോ.എം.ലീലാവതിയുടെ നിരീക്ഷണം ഏറെ ശ്രദ്ധേയമാണ്.

'ദേവദാസി' എന്ന സമാഹാരത്തിലെ ശ്രദ്ധേയമായ ഒരു രചനയാണ് 'ത്രികാലപൂജ'. "മാറിവരുന്ന കാലങ്ങളിൽ മാറിക്കൊണ്ടിരി

ക്കുന്ന വ്യക്തിസത്തയെ ആവിഷ്കരിക്കുന്ന കവിത"[13] എന്ന് ഡോ. എസ്. ശാരദക്കുട്ടി വിശേഷിപ്പിച്ച ഈ കവിത മാനസിക വളർച്ചയുടെ വിവിധ തലങ്ങളെയും യൗവ്വനത്തിൽ നിന്നും വാർദ്ധക്യത്തിലേയ്ക്കുള്ള യാത്രയെയും അടയാളപ്പെടുത്തുന്നു.'ഉഷ', 'ഉച്ച', 'പന്തീരടി' എന്നിങ്ങനെ മൂന്ന് ഖണ്ഡങ്ങളിലായി രചിച്ചിരിക്കുന്ന കവിതയിൽ ജീവിതത്തിന്റെ ഉഷസ്സായി യൗവനത്തെയാണ് അവതരിപ്പിക്കുന്നത്. വർണ്ണശബളവും സുഗന്ധപൂരിതവുമായ യൗവ്വനം അശ്രുവും പൂക്കളും സ്വപ്നവും പ്രണയവും നിറഞ്ഞതാണെന്ന് പറയുന്ന കവയിത്രി യൗവ്വനത്തിന്റെ അടയാളമായി കാമാസ്ത്രമായ മാമ്പൂങ്കുലയെയും അധിദേവനായി നന്ദബാലനെയുമാണ് കാണുന്നത്. മദ്ധ്യവയസ്സിനെ ജീവിതത്തിന്റെ മദ്ധ്യാഹ്നമായി അടയാളപ്പെടുത്തുമ്പോൾ അതിന് പുകയുടേയും തീയുടേയും കരിനീലവിഷത്തിന്റേയും ചുട്ടപൊന്നിന്റെയും യുദ്ധ ഭൂമിയുടെയും നിറവും മണവുമാണെന്ന് കവയിത്രി പറഞ്ഞുവെക്കുന്നു. ഇങ്ങനെ മദ്ധ്യവയസ്സിന്റെ ഗൗരവഭാവത്തെയും മുൻകോപത്തെയും മാനസിക സംഘർഷങ്ങളെയും അവതരിപ്പിച്ചുകൊണ്ട് അതിന്റെ അടയാളമായി പ്രചണ്ഡസൂര്യനെയും അധിദേവനായി 'അമ്പിളിപ്പിറയിലും പാമ്പിൻ ചുരുൾ ചുഴുന്ന' മഹാരുദ്രനെയും സുഗതകുമാരി പ്രതിഷ്ഠിക്കുന്നു. പന്തീരടി എന്ന ഖണ്ഡത്തിൽ നിറവും മണവുമില്ലാത്ത 'മതിമതി' എന്ന മന്ത്രം ചൊല്ലുന്ന ധ്യാനാത്മകമായ വാർദ്ധക്യത്തെ സമാന ഹൃദയർക്കായി സുഗതകുമാരി പകർത്തിവെക്കുന്നു.

"ഇതിനടയാളം?
        നടക്കുവാൻ വയ്യാത്തൊ
രജം; അധിദേവനോ?
        ധ്യാനബുദ്ധൻ"[14]

എന്നു കവയിത്രി കുറിക്കുമ്പോൾ നന്ദബാലനിൽ നിന്നും ധ്യാനബുദ്ധനിലേക്കുള്ള യാത്രയായി ജിവിതം അടയാളപ്പെടുന്നു. 'പാതിരാപ്പൂക്കൾ' എന്ന കാവ്യസമാഹാരത്തിലെ 'ആവാഹനം', 'ഒരു നിലാവിന്റെ ലഹരി' എന്നീ കവിതകളിലും തത്വചിന്തയുടെ സ്പർശം കാണാം. 'സർഗശക്തിതൻ വിശുദ്ധമാം അഗ്നികുണ്ഡത്തിൽ' മുന്നിലിരുന്ന് പ്രപഞ്ചചൈതന്യത്തെ ഹൃദയത്തിലാവാഹിക്കുന്ന, പ്രപഞ്ചത്തിലെ ഇരുളിനെ ആട്ടിയകറ്റാനാഗ്രഹിക്കുന്ന കവിയെ ആണ് 'ആവാഹന'ത്തിൽ കാണാനാകുക.

"ഇങ്ങു ജീവിതം തേങ്ങി-
ത്തളർന്നു, മാർഭാടത്തിൻ
തൊങ്ങലൊക്കെയും വാരി
ചുറ്റിയും, ഭയത്താലേ
കണ്ണു മങ്ങിയും, കണ്ണീർ
ചിന്നിയും വിഷാദത്തിൻ
മങ്ങലിൽകൂടിത്താനേ
പാഞ്ഞുപോകുന്നൂ ദൂരം"[15]

എന്നിങ്ങനെ മനുഷ്യജീവിതത്തെ ചിത്രീകരിക്കുന്ന കവയിത്രി ലോകജീവിതം നന്മതിന്മകൾ തമ്മിലുള്ള സംഘർഷമാണെന്ന് തിരിച്ചറിയുന്നു. കാപട്യത്തെയും ക്രോധത്തേയും വിശപ്പിനേയും നിരാശയേയും ഭയത്തേയുമൊക്കെ അതിജീവിക്കാൻ, ഇവയെല്ലാം ഒരു ക്രൂരസത്വത്തെപ്പോലെ ഒന്നുചേർന്നാക്രമിക്കുമ്പോൾ അതിനെ എരിച്ചുകളയാൻ, അവർ പാടുന്നു. 'ഒരു നിലാവിന്റെ ലഹരി' എന്ന കവിതയിൽ അറിവിന്റെ തീവ്രസൗന്ദര്യവും ലഹരിയുമാണ് ആവിഷ്ക്കരിക്കുന്നത്.

"കറുത്ത കൂരിരുൾക്കാട്ടിൽ
കാന്തിനിർച്ഛരിയെന്ന പോൽ

കരിമേഘപ്പടർപ്പിങ്കൽ
　　　　കണിത്താരകയെന്ന പോൽ
അസ്വസ്ഥമാം മനസ്സിങ്ക-
　　　　ലാദ്യ പ്രണയമെന്നപോൽ
കദനം വിങ്ങുമെന്നുള്ളിൽ
　　　　കണ്ണനീരു തുളുമ്പവേ
അതു പിന്നെ മഹാഗംഗാ-
　　　　നദിയായോഴുകീടവേ
അലമാലകൾ ചേർന്നേതോ
　　　　കടലായിട്ടിരമ്പവേ"[16]

എന്ന് ബോധോദയത്തെ അവതരിപ്പിക്കുന്ന കവിത, കണ്ണുനീർ മഹാഗംഗാനദിയാകുന്നതായും, ഗംഗാനദി അലമാലകൾ ചേർന്ന കട ലാകുന്നതായും പറഞ്ഞുവെക്കുന്നു. അണുവിൽ നിന്നും മഹാവിശ്വ ത്തിലേക്കുള്ള വളർച്ചയെ ആവിഷ്ക്കരിച്ചുകൊണ്ട് അറിവിന്റെ ലഹരി യിൽ ചക്രവാളത്തെയും അതിലംഘിക്കുന്ന മനുഷ്യാത്മാവിനെയാണ് സുഗതകുമാരി അവതരിപ്പിക്കുന്നത്. എന്നാൽ തൊട്ടടുത്ത നിമിഷം അവർ ഭൂമിയിലേക്ക് മടങ്ങിവരുന്നു. ഭൂമിയെ തന്റെ ആഹ്ലാദത്തിൽ പുഞ്ചിരികൊള്ളുന്ന അമ്മയായി കൽപ്പിക്കുന്ന കവയിത്രി ഭൂമിയുടെ ബന്ധനത്തിൽ നിന്നും മുക്തമാകാനാവാത്ത മനുഷ്യമനസ്സിന്റെ പ്രതീ കമായി മാറുന്നു ഇവിടെ.

പ്രകൃതിയും മനുഷ്യനും സ്ത്രീയും പുരുഷനും സമ്പന്നനും ദരിദ്രനുമെല്ലാം ഒരേ മനസ്സോടെ വാഴുന്ന നവലോകം സുഗതകുമാരി സ്വപ്നം കാണുന്നു. ആധുനികതയുടേതായ അസ്ഥിത്വവ്യഥയും നി രാശബോധവും ധാർമ്മികരോഷവും പ്രതീക്ഷാരാഹിത്യവുമൊക്കെ ടീച്ചറുടെ കവിതകളിലും ലയിച്ചു ചേർന്നിട്ടുണ്ട്. ഈ ആധുനികത രൂ

പപരമല്ല, ആശയപരമാണ്. ചട്ടക്കൂടുകൾക്കുള്ളിൽ ഒതുങ്ങിനിൽക്കാനല്ല, ചട്ടക്കൂടുകളെ അതിലംഘിച്ചുകൊണ്ട് ആകാശവിതാനങ്ങളിൽ പറന്നുയരുവാനാണ് സുഗതകുമാരിയുടെ കാവ്യലോകം ശ്രമിക്കുന്നതെന്ന് നിസംശയം പറയാം.

## കുറിപ്പുകൾ

1. ടോണിമാത്യൂ (എ.ഡി), *കാട്ടുകിളിയുടെ പാട്ട്*, കേരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011, പുറം: 179.
2. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ*, ഡി.സി. ബുക്ക്സ്, കോട്ടയം, 2011, പുറം: 347.
3. അതേപുസ്തകം, പുറം: 349.
4. അതേപുസ്തകം, പുറം: 58.
5. അതേപുസ്തകം, പുറം: 58.
6. അതേപുസ്തകം, പുറം: 543.
7. അതേപുസ്തകം, പുറം: 544.
8. അതേപുസ്തകം, പുറം: 594.
9. അതേപുസ്തകം, പുറം: 882.
10. ടോണിമാത്യൂ (എ.ഡി), *കാട്ടുകിളിയുടെ പാട്ട്*, കേരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011, പുറം: 116.
11. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, 2011, പുറം: 27.
12. ലീലാവതി എം.ഡോ.,*വർണ്ണരാജി*, നാഷണൽ ബുക്സ്റ്റാൾ, തിരുവനന്തപുരം, 2008, പുറം:118.
13. ടോണി മാത്യൂ (എഡി.), *കാട്ടുകിളിയുടെ പാട്ട്*, കേരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011, പുറം:118.

14. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, ഡി.സി.ബുക്സ്, കോട്ടയം, 2011, പുറം: 843.
15. അതേപുസ്തകം, പുറം: 198.
16. അതേപുസ്തകം, പുറം: 200.

## സഹായകഗ്രന്ഥങ്ങൾ


1. ടോണി മാത്യൂ (എഡി.), *കാട്ടുകിളിയുടെ പാട്ട്*, കരളാഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.
2. തിലക് പി.കെ.ഡോ., *കവിതാ പഠനങ്ങൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2012.
3. ലീലാവതി എം. ഡോ., *നവകാന്തം*, നാഷണൽ ബുക്സ്റ്റാൾ, തിരുവനന്തപുരം, 2012.
4. ലീലാവതി എം. ഡോ., *മലയാളകവിതാ സാഹിത്യചരിത്രം*, കേരളസാഹിത്യ അക്കാദമി, തൃശ്ശൂർ, 2011.
5. ലീലാവതി എം. ഡോ., *വർണ്ണരാജി*, നാഷണൽ ബുക്സ്റ്റാൾ, തിരുവനന്തപുരം, 2008.
6. വസന്തൻ എസ്.കെ.ഡോ., *പടിഞ്ഞാറൻ കാവ്യമീമാംസ മലയാളികൾക്ക്*, മലയാളപഠന ഗവേഷണകേന്ദ്രം, തൃശ്ശൂർ, 2015.

# പ്രണയ-സ്ത്രൈണഭാവങ്ങളുടെ ആവിഷ്കാരം

**ഡോ.രമ്യ ആർ.**

**പ്രണയവും സാഹിത്യഭാവനയും**

സ്നേഹം എന്ന അനാദിയായ വികാരത്തിന്റെ നിറഭേദങ്ങളിലൊന്നാണ് പ്രണയം. സ്ത്രീ പുരുഷന്മാർക്കിടയിലുണ്ടാകുന്ന പരസ്പരാകർഷണത്തെയാണ് പ്രണയം എന്ന് വിവക്ഷിക്കുന്നത്. പ്രണ യം ദിവ്യമായ ഒരനുഭൂതിയാണ്. അത് ഒരേ സമയം വേദനയും ആനന്ദവും ആണ്. സ്വീകരണത്തിന്റെയും ത്യാഗത്തിന്റെയും സഹനത്തിന്റെയും മുദ്രകൾ അതിൽ പതിഞ്ഞിരിക്കുന്നു. പ്രണയിക്കുന്നവർക്ക് വിശുദ്ധമായ അകലങ്ങളിലേക്ക് പറന്നകലാനാകും. സ്വാതന്ത്ര്യം ആണതിന്റെ ആത്മാവ്. അതുകൊണ്ട് തന്നെ പ്രണയത്തെ മറച്ചുവയ്ക്കാവാനുമാകില്ല. പ്രണയത്തിന്റെ ഭാവം കാമമാണ്. നമ്മുടെ ലാവണ്യശാസ്ത്രത്തിൽ നാട്യശാസ്ത്രത്തിനും അലങ്കാരശാസ്ത്രത്തിനുമുള്ളതിനേക്കാൾ പ്രാധാന്യം കാമശാസ്ത്രത്തിന് നൽകിയിരിക്കുന്നു എന്ന വസ്തുത പ്രണയത്തിന്റെ പ്രാധാന്യത്തിലേക്കാണ് വിരൽ ചൂണ്ടുന്നത്.

യഥാർത്ഥ പ്രണയത്തിൽ പ്രണയിക്ക് താൻ പ്രണയിക്കുന്ന വ്യക്തി തന്റെ നിലനില്പിന്റെ കേന്ദ്രത്തിൽ പ്രതിഷ്ഠിക്കപ്പെട്ടുവെന്ന് തോന്നലുണ്ടാക്കുന്നു. ഈ അനുഭവത്തിൽ സന്തോഷവും ദുഃഖവും അപ്രധാനമാണ്. മറ്റൊരു വ്യക്തിയിൽ വിശ്വാസമർപ്പിക്കുന്നതിന് സ്വയം വിശ്വാസമുണ്ടാവുക എന്നതും പ്രധാനമാണ്. സ്വാർത്ഥയുടെ സമ്പൂർണ്ണമായ നിരാസം പ്രണയത്തിന്റെ ലക്ഷ്യമാണ്.

പ്രണയവും ലൈംഗികതയും ജീവശാസ്ത്രപരമായും ഒരു മുഖ്യ വിഷയമാണ്. സ്ത്രീ പുരുഷ ദ്വന്ദ്വങ്ങളുടെ സംയോഗത്തിനുള്ള തൃഷ്ണ ജീവിവർഗ്ഗത്തിന്റെ നിലനില്പിന്റെ അടിസ്ഥാനഘടകമാണ്. ദൈവം മനുഷ്യനെ ഭിന്നലിംഗങ്ങളാക്കി വേർപിരിച്ചു. തന്നിൽ നിന്ന് വേറിട്ട ഭാഗത്തെ തേടലിന്റെ ആവിഷ്കാരമാണ് പ്രണയം. ആദമിന്റെ വാരിയെല്ലിൽ നിന്ന് ഹവ്വയെ സൃഷ്ടിച്ചു എന്ന ബൈബിൾ കഥ ഈ ആശയത്തെ പ്രതിഫലിപ്പിക്കുന്നുവെന്ന് എറിക് ഫ്രോം നിരീക്ഷിക്കുന്നു. അദ്ദേഹം പറയുന്നു, "ലൈംഗികമായ ധ്രുവീകരണം മനുഷ്യന് തന്റെ ഏകാന്തയെക്കുറിച്ച് ബോധ്യം സൃഷ്ടിക്കുകയും ചെയ്യുന്നു. പൗരുഷത്തിന്റെയും സ്ത്രൈണതയുടെയും ആശയങ്ങൾ പോലെ തന്നെ ശരീരശാസ്ത്രപരമായി പുരുഷശരീരത്തിലും സ്ത്രീ ശരീരത്തിലും വിപരീത ലിംഗങ്ങളുടെ ഹോർമോണുകൾ സ്ഥിതി ചെയ്യുന്നുണ്ട്. ഈ ഉഭയലിംഗത മനഃശാസ്ത്രപരമായും സ്ത്രീ പുരുഷന്മാരിൽ പ്രകടമാണ്. പദാർത്ഥത്തിന്റെയും ആത്മാവിന്റെയും ഈ പരസ്പര ആശ്രയത്വം അവരിൽ പ്രകടമാണ്. എല്ലാത്തരത്തിലുമുള്ള സൃഷ്ടി സത്തയുടെയും കേന്ദ്രം ഇതുതന്നെയാണ്."[1] "പ്രണയം സ്ത്രീയെ സംബന്ധിച്ചിടത്തോളം ഒരു അവശ്യ വസ്തുവാണ്. അതു തുടർച്ചയായ ഒരു പ്രക്രിയയാണ്, ചില പ്രത്യേക ഘട്ടത്തിൽ മാത്രമുള്ളതല്ല. അതുകൊണ്ടു തന്നെ പ്രണയ നൈരാശ്യം സ്ത്രീയെ വേദനിപ്പിക്കുമെന്നതിലുപരി ജീവിതത്തെ മാറ്റിമറിക്കുമെന്ന് മനഃശാസ്ത്രജ്ഞനായ എബിങ് പറയുന്നു."[2] പ്രണയവും കാമവും വിഭിന്ന ലിംഗങ്ങളിൽ വ്യത്യസ്ഥ മാനങ്ങളിലാണ് കാണപ്പെടുന്നതെന്ന് സാരം.

**പ്രണയം : പാശ്ചാത്യ പൗരസ്ത്യ വീക്ഷണം**

പ്രണയത്തേയും ലൈംഗികതയേയും സംബന്ധിച്ച് കിഴക്കും പടിഞ്ഞാറും വ്യത്യസ്ഥമായ കാഴ്ചപ്പാടുകളാണ് പുലർത്തിയിരുന്നത്.

പ്രാചീനകാലം മുതൽക്കുതന്നെ കലാസാഹിത്യങ്ങളിൽ പ്രണയത്തിനും ലൈംഗികതയ്ക്കും പ്രമുഖമായ സ്ഥാനമുണ്ടായിരുന്നു. പ്രാചീന മെസപ്പോട്ടോമിയൻ നഗരമായ സുമേറിയയിൽ ഇത് തെളിയിക്കുന്ന അവശിഷ്ടങ്ങൾ വളരെക്കൂടുതൽ കണ്ടെത്തിയിട്ടുണ്ട്. ബാബിലോണിയൻ അസീറിയൻ ദേവതയായ ഇഷ്ടാറിന് ഇത്തരം കലകളിൽ പ്രമുഖ സ്ഥാനമുണ്ടായിരുന്നു.

ക്രിസ്തുമതത്തിന്റെ സ്വാധീനശക്തി വർദ്ധിച്ചതോടെ പാശ്ചാത്യ സമൂഹം ലൈംഗികതയെ ഒരു പാപമായി വീക്ഷിച്ചു. വിശുദ്ധ ഗ്രന്ഥത്തിന്റെ കാലത്ത് യഹൂദന്മാർ കാമാർത്തിയാണ് എതിർത്തിരുന്നത്. മദ്ധ്യയുഗത്തിൽ ഇത് ലൈംഗികവിരുദ്ധ മനോഭാവമായി പരിണമിച്ചു. പഴയ നിയമത്തിലെ ഉത്തമഗീതത്തിൽ ലൈംഗികതയുടെ അതിപ്രസരമുള്ളതിനാൽ പഴയ നിയമത്തിന്റെ വായന ക്രിസ്തീയ പിതാക്കന്മാർ നിരോധിച്ചിരുന്നു. കൂടാതെ ലൈംഗികത നിയമ പരിധിയിലാക്കുകയും നിയമം ലംഘിക്കുന്നവർക്ക് കടുത്ത ശിക്ഷകൾ നൽകുകയും ചെയ്തു.

പാശ്ചാത്യ ലോകത്തു നിലനിന്നിരുന്ന ഈ അതിരുകടന്ന യാഥാസ്ഥിതികതയെ ഞെട്ടിച്ചുകൊണ്ട് സെക്സിനെപ്പറ്റി തുറന്നു പറഞ്ഞത് ഫ്രോയിഡാണ്. ഹെന്റി ഹാവ്ലോക് എല്ലിസും റിച്ചാർഡ് വോൺ ക്രാഫ്റ്റ് എബിങ്ങും ഈ രീതിയിൽ തന്നെ ശ്രദ്ധേയരായി. സാഹിത്യത്തിൽ ലൈംഗികതയ്ക്ക് പൂർണ്ണസ്വാതന്ത്ര്യം നൽകിയതിനാൽ വിമർശിക്കപ്പെട്ട എഴുത്തുകാരനാണ് ഡി.എച്ച്. ലോറൻസ്. ഫെമിനിസ്റ്റ് ആശയങ്ങൾ പ്രോത്സാഹനം ചെയ്ത പാശ്ചാത്യലോകം തുടർന്ന് ലൈംഗികതയെ കൂടുതൽ ഗൗരവത്തോടെ സമീപിച്ചു.

ക്രിസ്തുമതത്തിലെ പാപത്തെ സംബന്ധിക്കുന്ന ദീർഘമായ സമീക്ഷ കാവ്യത്തിന്റെ രൂപത്തിൽ ഡാന്റെയുടെ 'ഡിവൈൻ കോമഡി'

യിൽ അവതരിപ്പിച്ചിട്ടുണ്ട്. ഫ്രോയിഡ് തുടങ്ങിയ ചിന്തകർ ഈ പാപ ബോധത്തെ തിരുത്തിയിട്ടുണ്ട്. ഇന്നു പ്രണയത്തേയും ലൈംഗിക സ്വാതന്ത്ര്യത്തെയും പറ്റി അവിടുത്തെ യുവതലമുറ പുലർത്തുന്ന വീക്ഷണം അപകടകരവും ദയനീയവുമാണ്.

പാശ്ചാത്യലോകം മുമ്പു ലൈംഗികതയെ പാപമെന്നുകണ്ട് അമർത്തിവെച്ചപ്പോൾ പൗരസ്ത്യർ വിശേഷിച്ചും ഭാരതീയർ തുറന്ന മനസ്സോടെ അതിനെ സമീപിച്ചു. ധർമ്മാർത്ഥ കാമമോക്ഷങ്ങളാകുന്ന പുരുഷാർത്ഥങ്ങളിൽ ധർമ്മാർത്ഥങ്ങൾക്കു ശേഷം മോക്ഷത്തിലേയ്ക്കു കടക്കുന്നതിനുള്ള വാതായനമായിട്ടാണ് കാമത്തെ ഭാരതീയ ഋഷിമാർ വിഭാവനം ചെയ്തത്. മതപരമായ രീതിയിൽ ലൈംഗികതയെ ഇത്ര മാത്രം സ്വാംശീകരിച്ച മറ്റൊരു സംസ്കാരവും ഉണ്ടെന്നു തോന്നുന്നില്ല.

ഭാരതീയരെ സംബന്ധിച്ചിടത്തോളം സൃഷ്ടി എന്നതുതന്നെ ശിവശക്തി സംയോഗം അഥവാ പുരുഷ പ്രകൃതി സംയോഗമാണ്. നമ്മുടെ കലകളിൽ ഭക്തിയും കാമവും ഒരു നിതാന്ത സാന്നിദ്ധ്യമായി അനുഭവപ്പെടുന്നത് ശ്രദ്ധേയമാണ്. "ഭൗതിക ജീവിതത്തെ സാത്വിക വികാരം കൊണ്ട് ഭാരതീയ കല പരിപോഷിപ്പിക്കുന്നത് ഭൗതികാതീതമായ മറ്റൊരു ജീവിതത്തിലേയ്ക്ക് കടക്കുവാനുള്ള കരുത്ത് നൽകുന്നതിനാണ്"[3] എന്ന അഭിപ്രായം ഭാരതീയ കലയുടെ സമഗ്രജീവിത വീക്ഷണത്തെ ശരിവയ്ക്കുന്നു. ബ്രഹദാരണ്യകോപനിഷത്തിൽ മൈഥുനത്തിന്റെ ശാസ്ത്രവിധികൾ പ്രതിപാദിക്കുന്നുണ്ട്. പൂരമഹോത്സവവും കാവടിയാട്ടവും മറ്റും മൈഥുന കർമ്മത്തിന്റെ സുന്ദരമായ സിംബോളിക് ആവിഷ്കരണങ്ങളാണ്. ഭാരതീയ സംസ്കൃതിയുടെ യഥാർത്ഥ അടിസ്ഥാനം ഭൗതികതയുടെയും ആത്മീയതയുടെയും സമന്വയമാണ്. ശങ്കരാചാര്യർ 'സൗന്ദര്യലഹരി' രചിച്ചതും കാളിദാസകവി ഉമാമഹേശ്വര സംഭോഗം വർണ്ണിച്ചതും ഇതേ തത്വത്താലാണ്.

**പ്രണയവും ഭക്തിയും**

ഈശ്വരനോടുള്ള പ്രേമമാണ് ഭക്തി. ഭക്തിക്ക് പ്രേമത്തിന്റെ രൂപം ലഭിക്കുന്നത് വൈഷ്ണവ താന്ത്രിക മതത്തിൽ നിന്നാണ്. രാധാ കൃഷ്ണ പ്രണയം പ്രേമത്തിന്റെയും ഭക്തിയുടെയും ഉത്തമ മാതൃക യാണ്. രാധാകൃഷ്ണ പ്രണയത്തിലെ സംഭോഗ ശൃഗാരത്തെ ജയദേ വകവി 'ഗീതാഗോവിന്ദ'ത്തിൽ ആവിഷ്കരിച്ചിരിക്കുന്നു. വിഷയാനു ഭൂതിയെ ബ്രഹ്മാനുഭൂതിയായി രൂപാന്തരപ്പെടുത്തും വിധം പ്രേമ ത്തേയും കാമത്തേയും ഹൃദയാവർജ്ജകമായ ഗീതകമാക്കി കവി രചി ച്ചിരിക്കുന്നു.

"പ്രത്യദ്ധകുഞ്ജദ്രൂമം, രാധാമാധവയോർ
ജയന്തി യമുന കുലേ രഹഃ."[4]

എന്നു രാധാകൃഷ്ണന്മാരുടെ പ്രേമസല്ലാപങ്ങൾ വർണ്ണിക്ക പ്പെടുന്ന കാവ്യത്തിൽ ഇരുപത്തിമൂന്നാം അഷ്ടപദിയിൽ, തന്നിൽ നിന്നു ലഭിക്കുന്ന പ്രേമ സാഫല്യത്തെ 'നാരായണാനന്ദ' സംപ്രാപ്തി യായി ധ്യാനിക്കുവാൻ കൃഷ്ണൻ രാധയെ ഉപദേശിക്കുന്നു. പ്രേമത്തേ യും കാമത്തേയും ആത്മീയതയിൽ നിന്നകറ്റിയ ക്രൈസ്തവ പാരമ്പ ര്യത്തിലും അവയുടെ സമന്വയം സാദ്ധ്യമാക്കുന്ന ഒരു ദർശനധാര യുടെ സാന്നിദ്ധ്യത്തെ സോളമന്റെ 'ഉത്തമഗീതം', കുരിശിന്റെ യോഹ ന്നാൻ രചിച്ച 'ആത്മഗീതം', 'ഇരുളടഞ്ഞ രാത്രി' തുടങ്ങിയ കൃതികൾ ഓർമ്മിപ്പിക്കുന്നു.

"വനവൃക്ഷങ്ങൾക്കിടയിൽ ആപ്പിൾ മരം
പോലെയാണ് യുവാക്കന്മാരുടെ മദ്ധ്യത്തിൽ
എന്റെ പ്രാണപ്രിയൻ
അതിന്റെ തണലിൽ ഞാൻ
ആനന്ദത്തോടെയിരുന്നു"[5]

ഉത്തമഗീതം

ആത്മഗീതത്തിൽ കവി കാമുകിയായി പ്രാണനാഥനോട് പ്രേമഭിക്ഷ യാചിക്കുന്നു. ഈ ഗീതങ്ങളിൽ പ്രേമവും ഭക്തിയുമുണ്ട്. ഈശ്വരനാണ് പ്രാണപ്രിയൻ. പരമാത്മാവിനോട് ചേരാനുള്ള ജീവാത്മാവിന്റെ അഭിലാഷത്തെ പ്രേമത്തിന്റെ ജീവിതഭൂമികയിലാണ് കവികൾ സാക്ഷാത്കരിച്ചിരിക്കുന്നത്. അത് ഉപരിപ്ലവമായ ആത്മീയതയല്ല. കാല്പനിക പ്രണയവും ആത്മീയപ്രണയവും സമന്വയിക്കുന്ന അനുഭൂതി വിശേഷത്താൽ ശ്രദ്ധേയമാണ് ആശാന്റെ കാവ്യങ്ങൾ.

"എന്റെയേക ധനമങ്ങു ജീവന-
ങ്ങെന്റെ ഭോഗമതുമെന്റെ മോക്ഷവും
എന്റെയീശ! ദഢമീ പദാംബുജ
ത്തിന്റെ സീമ, ഇതു പോകിലില്ല ഞാൻ"

എന്ന 'നളിനി'യിലെ വരികൾ ഇതു വ്യക്തമാക്കുന്നു. "ഈശ്വരൻ പ്രണയിയായി മാറുന്ന മധുര ഭക്തി സങ്കല്പത്തെ മറിച്ചിട്ടുകൊണ്ട് പ്രണയി പ്രണയം തന്നെയും ആ പ്രണയം ഈശ്വരനുമായി മാറുന്ന അത്ഭുതമാണ് ആശാൻ കവിതകളിൽ സംഭവിക്കുന്നത്"[6] എന്ന നിരീക്ഷണം പ്രേമ ഭക്തി സങ്കല്പങ്ങളുടെ അതിർവരമ്പുകൾ മായ്ക്കുന്നു

കാൽപ്പനികതയും ആധുനികതയും ഊടുംപാവുമിട്ടതാണ് സുഗതകുമാരിയുടെ കവിത. അകാരണവും അനാദ്യന്തവുമായ ഒരു വിഷാദം കവിതയുടെ അന്തഃസത്തയാണ്. അസംതൃപ്തമായ അനുരാഗത്തിന്റ അന്തർദാഹമാണ് കൃഷ്ണകവിതകളിൽ കവയിത്രി വ്യഞ്ജിപ്പിക്കുന്നത്. ജീവിതസത്യം തേടി ദുഃഖസത്യം കണ്ടെത്തുന്ന ഭാരതീയദർശനം തന്നെയാണ്. 'കൃഷ്ണ,നീയെന്നെയറിയില്ല' എന്ന കവിതയിലും കവയിത്രി ആവിഷ്ക്കരിക്കാൻ ശ്രമിക്കുന്നത്. അനുരാഗം തുറന്നുപറയാനാകാതെ വിങ്ങിപ്പൊട്ടുന്ന മനസ്സാണ് ഗോപികയുടേത്. അവൾ തന്റെ ആത്മാർത്ഥ പ്രണയം കൃഷ്ണനോട് തുറന്നു പറയു

ന്നില്ല. ഒരിക്കലും തന്റെ പ്രണയം കൃഷ്ണന് അറിയില്ല എന്നവൾ കരുതുന്നുണ്ടെങ്കിലും കവിതയുടെ അവസാനം കൃഷ്ണന് അവളെ അറിയാമായിരുന്നു എന്നു മനസ്സിലാക്കുന്നു. മനം കുളിർപ്പിക്കുന്ന മായാ ലീലകളാൽ അമ്പാടിയിലുള്ള സകലരുടെയും ഹൃദയങ്ങളിൽ കൃഷ്ണൻ അലിഞ്ഞു ചേരുന്നു. അവിടെ നടക്കുന്ന ലീലകളിൽ അമ്പാടി നിവാസികൾ പങ്കാളികളാകുമ്പോൾ, അമ്പാടിയുടെ ഒരു ചെറു കോണിലുള്ള മൺകുടിലിൽ താമസിക്കുന്ന ഗോപികയ്ക്ക് ആ ലീല കളെ സ്വപ്നം കാണുവാൻ മാത്രമേ കഴിയുന്നുള്ളു. ഒരുപാട് ഞൊറി കളുള്ള പാവാടയും കിലുങ്ങുന്ന കാൽത്തളയും ധരിച്ച് അരയിൽ തിള ങ്ങുന്ന കുടവുമായി ജലമെടുക്കാനെന്ന വ്യാജേന അവൾ കൃഷ്ണന്റെ മുന്നിൽ പോയിട്ടില്ല. ചപലയായ കാളിന്ദിയുടെ കുളിരലകളിൽ നാണിച്ച് മിഴികൂപ്പി സ്വന്തം ഉടയാട വാങ്ങാനും അവൾ പോയിട്ടില്ല. അമ്പാടി യിൽ കൃഷ്ണൻ അംഗമായ ഒരു ലീലകളിലും അവൾ പങ്കാളിയാകു ന്നില്ല. ഇങ്ങനെ ഒരിക്കലും ഒന്നിലും പങ്കുചേരാത്ത തന്നെ കൃഷ്ണൻ അറിയാൻ വഴിയില്ല എന്നു ഗോപിക വ്യാകുലപ്പെടുന്നു.

വനമദ്ധ്യത്തിലെ കടമ്പിൻചോട്ടിലിരുന്ന് കൃഷ്ണൻ ഓടക്കു ഴൽ വിളിക്കുമ്പോൾ, മറ്റു ഗോപസ്ത്രീകൾ വീട്ടുവേല തീർക്കാതെ, പാൽ തിളച്ചു തൂലുന്നതറിയാതെ, മുടിയഴിയുന്നതും ഉടുചേലയഴിഞ്ഞു പോകുന്നതുമറിയാതെ, സ്വന്തം പൈതങ്ങളെയും ഭർത്താവിനെയും ഉപേക്ഷിച്ച് കൃഷ്ണന്റെ പക്കലെത്തുന്നു. എന്നാൽ, ഗോപിക ഇതു പോലെ ഓടക്കുഴൽ വിളികേട്ട് കൃഷ്ണന്റെ അരികിലേക്ക് ഓടിയിട്ടി ല്ല. കൃഷ്ണന്റെ കുഴൽവിളി കേട്ട് ചഞ്ചലചിത്തരായി ഓടുന്നവരുടെ ചിലമ്പൊച്ച അകലെ മറയുന്നത് ദർശിച്ചതിനു ശേഷം മിഴി താഴ്ത്തി തിരികെയെത്തുന്ന ഗോപികയ്ക്ക് കുടിലിൽ നൂറായിരം ജോലികളാണ് ചെയ്തു തീർക്കാനുള്ളത്. തന്റെ ഉത്തരവാദിത്വങ്ങളെ മറന്ന് ഒരിക്കലും

കൃഷ്ണനോടൊപ്പം പോകാൻ ഗോപിക തയ്യാറാകുന്നില്ല. നിപുണയായ തോഴി വശം തന്റെ പ്രണയം  അവൾ കൃഷ്ണനെ അറിയിച്ചതുമില്ല. രാവിന്റെ സുന്ദരയാമങ്ങളിൽ നീലവിരിമാറിൽ ഗോപിക തലചായ്ച്ച് നിന്നിട്ടില്ല. ഓടക്കുഴൽ വിളിച്ച് കൃഷ്ണൻ വസന്തത്തെ വരവേൽക്കുമ്പോൾ ഗോപിക തന്റെ പാഴ്ക്കുടിൽ തഴുതിട്ടിരുന്ന് ആനന്ദബാഷ്പം പൊഴിക്കുന്നു. അമ്പാടിയിൽ നിന്ന് കൃഷ്ണനെ കൂട്ടിക്കൊണ്ടു പോകാനായ് വന്ന അക്രൂരനെ, 'ക്രൂരനക്രൂരൻ'  എന്ന് ഗോപിക സംബോധന ചെയ്യുന്നു. ഒന്നും മിണ്ടാതെ ഉമ്മറതിണ്ണയിലിരുന്ന ഗോപിക കൃഷ്ണൻ പോകുന്ന രഥത്തിന്റെ ഘോഷവും കുളമ്പൊച്ചയും കേൾക്കുന്നു. കൊടിയാടുന്ന തേരിൽ കൃഷ്ണൻ നിറതിങ്കൾ പോലെയാണ് വിളങ്ങുന്നത്. കൃഷ്ണന്റെ നേർക്ക് കൈനീട്ടി ഗോപികമാരും പിറകേ കുതിച്ച് പൈക്കളും കരയുന്നു.  അപ്പോൾ കൃഷ്ണൻ കലങ്ങിച്ചുവന്ന കണ്ണുകൾ കൊണ്ട് അവരെ തിരിഞ്ഞു നോക്കുന്നു. കരയാതെ അനങ്ങാതെ ഒരു ശിലാബിംബം കണക്കെനിന്ന ഗോപികയെ കൃഷ്ണൻ അറിയില്ല എന്നു കരുതിയെങ്കിലും ഒരു നിമിഷം കൃഷ്ണന്റെ രഥം ഗോപികയുടെ കുടിലിനു മുന്നിൽ നിൽക്കുന്നു. കണ്ണീർ നിറഞ്ഞ മിഴികൾ ഗോപികയുടെ നേർക്ക് ചായുകയും ഒരു ദിവ്യസ്മിതം അവൾക്കായ് നൽകുകയും ചെയ്യുന്നു. അപ്പോൾ കൃഷ്ണാ, എന്നെനീയറിയുമോയെന്ന് ഗോപിക ആശ്ചര്യപ്പെടുന്നു.

സ്ത്രീ, പ്രണയവിഷയത്തിന് പ്രാധാന്യം നൽകിക്കൊണ്ട് രചിച്ച കവിതയാണ് 'രാധയെവിടെ'. ഒൻപതു ഖണ്ഡങ്ങളിലായി രചിച്ചിരിക്കുന്ന പ്രസ്തുത കവിതയിൽ ആദ്യത്തെ നാലുഖണ്ഡങ്ങളിൽ പ്രണയത്തിന്റെ വിവിധ മുഖങ്ങളും തുടർന്നുള്ള ഭാഗങ്ങളിൽ സ്ത്രീത്വത്തിന്റെ ഭാവതലങ്ങളും നമുക്ക് ദർശിക്കാൻ കഴിയും.

കവിതയുടെ ആദ്യഭാഗത്ത് കൃഷ്ണൻ അമ്പാടിയിലേക്ക് യാത്ര

പറഞ്ഞ് മഥുരയ്ക്കു പോകുന്ന ദിനത്തിലെ സന്ധ്യാകാലത്തിന്റെ വർണ്ണനയാണ്. അമ്പാടിയിലെങ്ങും അന്തിവിളക്ക് കൊളുത്തിയിട്ടില്ല, പൈക്കൾക്കൊപ്പം ബാലികമാർ ഓടിക്കളിക്കുന്നില്ല, തങ്ങളെതന്നെ മറന്നുകൊണ്ട് ഗോപികമാർ വഴിവക്കിൽ നിൽക്കുന്നില്ല, കിളികൾ പാടുന്നില്ല, അമ്പാടി നിശ്ചലമായിരിക്കുന്നു. കൃഷ്ണൻ അമ്പാടിവിട്ട് പോയ ശേഷം രാധയെ ആരും കാണുന്നില്ല. കവയിത്രി രാധയെ അന്വേഷിക്കുകയാണീക്കവിതയിലൂടെ. കരഞ്ഞു തളർന്നു കിടക്കുന്ന യശോദയുടെ അരികിലോ, കൃഷ്ണന്റെ വ്യകൃതിക്കഥകൾ പറഞ്ഞ് കരയുകയും ചിരിക്കുകയും ചെയ്യുന്ന ഗോപികമാർക്കിടയിലോ രാധയുടെ കുടിലിലോ അവളെ കണ്ടെത്താനാകുന്നില്ല. രാധയുടെ വളർത്തുതത്തയും രാധയെ അന്വേഷിച്ചലയുന്നു. കൃഷ്ണൻ അമ്പാടി വിട്ട് പോകാനൊരുങ്ങുന്ന വേളയിൽ രാധയുടെയടുത്ത് ഒരുമാത്ര നേരമെത്തി, ആലിംഗനം ചെയ്ത് 'എൻ രാധികേ പിരിയുന്നു ഞാൻ' എന്നു മാത്രം പറഞ്ഞുകൊണ്ട് വിട്ടകന്നു. 'പെട്ടെന്ന് നിലാവ് മാഞ്ഞു, വിണ്ണിലിടിവെട്ടി എല്ലാം കരിഞ്ഞുപോയി- കൃഷ്ണന്റെ വേർപാട് രാധയിലുണ്ടാക്കിയ ആഘാതമാണ് ഈ വരികൾ വ്യക്തമാക്കുന്നത്. താൻ തിരികെ വരുമെന്നോ അൽപകാലവിരഹം സഹിക്കാൻ പ്രാപ്തിയുണ്ടാകണമെന്നോ പറഞ്ഞ് ആശ്വസിപ്പിക്കാതെയാണ് കൃഷ്ണൻ പോയത്. അധരത്തോടധരം ചേർത്ത് കൃഷ്ണൻ പറഞ്ഞ വാക്കുകൾ പൊള്ളയായിരുന്നോ എന്നു സങ്കടത്തോടെ അവൾ ചിന്തിക്കുന്നു. കൃഷ്ണന്റെ രഥത്തിനു പിന്നാലെ ഓടിപ്പോകുന്ന ഉന്മാദിനിയെപ്പോലുള്ളൊരു വിരഹിണിയെ കണ്ടതായി അകലത്തുള്ള ചിലർ പിന്നീട് പറഞ്ഞുകേട്ടത്രെ. ഒപ്പം ഓടിയെത്താൻ പാടില്ലെന്ന് മനസ്സിലാക്കിയാവാം ഏതോ വഴിക്ക് അവൾ തിരിഞ്ഞു, അരചനാവാൻ പിറന്ന കൃഷ്ണന്റെ പീതാംബരവും ഇടയപ്പെണ്ണിന്റെ ചേലാഞ്ചലവും കൂട്ടിക്കെട്ടിയാൽ മുറുകുകയില്ലെന്ന്

രാധ മനസ്സിലാക്കുന്നു.

കവിതയുടെ അവസാനഭാഗങ്ങളിൽ രാധയെത്തേടിയലഞ്ഞ കവയിത്രി, ഹിമവാന്റെ മുകൾത്തട്ടിലെത്തുന്നു. അവിടെ പാതി ഭദ്രയും പാതി രുദ്രനുമായ അർദ്ധനാരീശ്വരരൂപം കാണുന്നു. വിരഹിണിയായ രാധ മഹാദേവനോട് പറയുന്നു, 'ഞാൻ പരിത്യക്തയായ രാധ', പാൽക്കാരിയാണെങ്കിലും രാധ വിശ്വസൗഭാഗ്യറാണിയാണ്. ശിവന്റെ അമ്പിളിക്കീറിനെ മയിൽപ്പീലിയാക്കാനും ആടുന്ന ജടയിൽ ഗംഗയേയോ പാമ്പിനേയോ അല്ലാതെ മുല്ലമാല ചാർത്താനും കപാല മാല്യത്തിനു പകരം കണ്ഠത്തിൽ വനമാല ചാർത്താനും മഴുമാറ്റി കൈകളിൽ മുളങ്കുഴലാക്കാനും രാധ, ശിവനോടപേക്ഷിക്കുന്നു. കന്മദ മണമായ് മഞ്ഞായ് നിലാത്തുടിപ്പായ് രാധ അവിടെയലിഞ്ഞുവോയെന്നു കവയിത്രി വിഷാദിക്കുന്നു. ഒടുവിൽ 'ഇനി വയ്യ'എന്നു വിലപിച്ചു നിൽക്കെ അവളുടെ ചിത്തം നൂറായ് നുറുങ്ങി, ഓരോ നുറുങ്ങും ഭാരതത്തിന്റെ മണ്ണിൽ തെറിച്ചുവീണ് പുകഞ്ഞുയർന്നുവെന്നും അത് മുളപൊട്ടി ജന്മജന്മാന്തരങ്ങളിലൂടെ അലയുന്നുവെന്നും വിഭാവന ചെയ്തിരിക്കുന്നു.

പിന്നീട് രാധയുടെ അവതാരങ്ങളാണെന്നു കവയിത്രി വിശ്വസിക്കുന്ന ഭക്തമീര, ചൈതന്യൻ, ആണ്ടാൾ, കുറൂരമ്മ എന്നിവരെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. കൃഷ്ണനെത്തേടി അലയുന്നതിന്റെ വേദനയും സാക്ഷാത്കാരത്തിന്റെ ആനന്ദവും മാറിമാറി അനുഭവിച്ചറിയുന്നവരാണ് അവരെല്ലാവരും. കറ്റമെതിക്കുന്നവരിലും, മണ്ണുചുമക്കുന്നവരിലും, പാട്ടുപാടുന്നവരിലും, തേയിലനുള്ളുന്നവരിലും, വെയിലിൽ കരിങ്കല്ലുടയ്ക്കുന്നവരിലും, അടുക്കള ചൂടിൽ കരിഞ്ഞിടുന്ന പെങ്ങളിൽ പോലും രാധയുടെ മുഖം കവയിത്രി കാണുന്നു. എല്ലാവരും തേടിയലയുന്നവർ, എന്നാൽ കണ്ടെത്താൻ കവിയാത്തവർ.

ഓരോ ഭാരതീയനാരിയിലുടേയും രാധ ഇന്നും ജീവിക്കുന്നുവെന്ന് സങ്കൽപിക്കുകയാണ് കവയിത്രി. ഓരോ സ്ത്രീയിലും രാധയുടെ വിരഹിതമായ മുഖം കവയിത്രി കാണുന്നു, എത്ര ജന്മങ്ങൾ കഴിഞ്ഞാലും ആ നിത്യപ്രേമത്തിന്റെ പേര് 'കൃഷ്ണൻ' എന്നു തന്നെയാണ്. കൃഷ്ണനെ സർവ്വസ്വമായിക്കാണുന്നവർക്ക്, കൃഷ്ണനില്ലാതൊരു ജീവിതമില്ലെന്ന് അറിഞ്ഞുകൂടെയെന്ന് കവയിത്രി കൃഷ്ണനോടു ചോദിക്കുന്നു. പിന്നീടുള്ള ഭാഗങ്ങളിൽ അഭിമാനിയായ സ്ത്രീയുടെ ഭാവങ്ങളാണാവിഷ്ക്കരിക്കുന്നത്. രാധയുടെ ചിത്തം കരിങ്കല്ലായി അഹല്യയായി പോയെന്നും അവൾ ഇനി കൃഷ്ണന്റെ മുന്നിൽ കൈനീട്ടുകയില്ലെന്നും കവയിത്രി പറയുന്നു. പാൽക്കുടം പോലെ കഠിനമായ ദുഃഖം ചുമക്കുന്ന രാധയുടെ അനുരാഗം കൃഷ്ണൻ അറിയുന്നില്ലെങ്കിൽ കൃഷ്ണന്റെ കരുണയും നിഷേധിച്ച് പിന്തിരിയുന്ന ഈ രാധ മരിക്കുകയില്ല, ഇവൾക്ക് ശാന്തിയില്ലെന്ന് കവയിത്രി പരിതപിക്കുന്നു. ആവർത്തനത്താൽ വിരസമാവാത്തതായി ഭൂമിയിൽ പ്രേമമല്ലാതെ മറ്റൊന്നുമില്ലയെന്നു സ്ഥാപിക്കാനാഗ്രഹിക്കുന്ന കവയിത്രി, ഇന്നീ ഇരുപതാം നൂറ്റാണ്ടിലും സൂര്യോദയം കാത്ത് വിങ്ങിക്കറങ്ങുന്ന ഭൂമിയെപ്പോലെ, കവിയത്രിയടക്കമുള്ള ഇന്ത്യയുടെ പെൺമനം കൃഷ്ണനെത്തന്നെ തിരയുന്നതായി പറയുന്നു. പ്രണയത്തിന്റെയും സ്ത്രീത്വത്തിന്റെയും വിവിധ മുഖങ്ങൾ ആവിഷ്കരിക്കുന്ന പ്രസ്തുത കവിത സമകാലിക ഭാരതത്തിന്റെ കണ്ണുനീരിന്റെ കാവ്യമെന്ന പദവിയിലേക്ക് ഉയർത്തപ്പെടുന്നു.

കാൽപ്പനികകവികൾക്ക് എന്നും പ്രചോദനമായിട്ടുള്ള വിഷയങ്ങളിലൊന്നാണ് പ്രണയം. അതുകൊണ്ടുതന്നെ പ്രണയത്തിന്റെ മധുരവും തീവ്രവും ഉജ്ജ്വലവുമായി ഒട്ടേറെ മുഹൂർത്തങ്ങൾ സുഗതകുമാരിക്കവിതകളിൽ ദൃശ്യമാണ്. പ്രണയത്തെക്കുറിച്ചു സംസാരിക്കുമ്പോൾ

സുഗതകുമാരി കൂടുതൽ വാചാലയാകുന്നു. ആ പ്രണയത്തിലാകട്ടെ ജീവിതത്തിന്റെ സമസ്തഭാവങ്ങളും അന്തർഭവിച്ചിരിക്കുന്നു. കൃഷ്മ നോടുള്ള നിർവാച്യമായ ഭക്തിയാണ് കവയിത്രിയെ പ്രണയത്തിലേക്ക് നയിക്കുന്നത്. ഈ വസ്തുത 'രാധയെവിടെ?', 'കൃഷ്ണാ, നീയെന്നെയറിയില്ല' എന്നീ കവിതകളിലൂടെ കവയിത്രി തന്നെ വര ച്ചുകാട്ടുന്നുണ്ട്.

രാധാമാധവ സങ്കല്പത്തിൽ അധിഷ്ഠിതമായ പ്രണയം, ഭക്തി രസം തുളുമ്പുന്ന സുഗതകുമാരിക്കവിതകളിൽ, പൂക്കളിൽ പൂന്തേനെ ന്നപോലെ കാണാവുന്നതാണ്. 'രാധയെവിടെ?' എന്ന കവിത പരി ശോധിക്കുമ്പോൾ ഈ സങ്കൽപം തെളിഞ്ഞു കാണാനാകുന്നു. ഒൻപതു ഖണ്ഡങ്ങളിലായി രചിച്ചിരുന്ന പ്രസ്തുത കവിതയുടെ ഒന്നു മുതൽ നാലുവരെയുള്ള ഖണ്ഡങ്ങളിൽ രാധാകൃഷ്ണ പ്രണയത്തിന്റെ ഭാവസാന്ദ്രമായ ചിത്രങ്ങൾ നമുക്ക് കാണാൻ കഴിയും. കൃഷ്ണൻ വിട്ട കന്നതിനു ശേഷവും, കൃഷ്ണനുമായി പങ്കുവച്ച ഓരോ നിമിഷവും രാധയുടെ ഉള്ളിൽ അവാച്യമായ പ്രണയത്തിന്റെ വിവിധ മുഖങ്ങൾ ഉണർത്തുന്നതായിരുന്നു.

കൃഷ്ണൻ അമ്പാടി വിട്ടുപോകുന്നുവെന്ന വാർത്തകേട്ട് നിശ്ച ലാവസ്ഥയിലിരിക്കുന്ന രാധയുടെ അടുക്കൽ വന്ന കൃഷ്ണൻ അവളെ മാറോടണച്ച്, 'എൻ രാധികേ പിരിയുന്നു ഞാൻ' എന്നുമാത്രം പറ ഞ്ഞുകൊണ്ട് അകലുന്നു. ആ പ്രണയഭംഗത്തിന്റെ ആഘാതത്തിൽ ദേഹി വെടിഞ്ഞ ദേഹം പോലെയാകപ്പെട്ട രാധ, പ്രണയമൂർദ്ധന്യാവ സ്ഥയിൽ കൃഷ്ണനുമായി പങ്കുവച്ച നിമിഷങ്ങളുടെ ഓർമ്മകളിലേക്കു വഴുതിവീഴുന്നു. ആ ഓർമ്മകളിൽ പ്രണയത്തിന്റെ ഉദാത്തവും ഭൗതി കവുമായ ഭാവങ്ങൾ പ്രവഹിക്കുന്നതു കാണാം. കാളിന്ദിയിൽ കുളി ക്കാൻ രാധ തോഴിമാരോടൊപ്പം പോയപ്പോൾ കൃഷ്ണനെ അവിടെ

കണ്ട് തോഴിമാർ ചിരിച്ചതും, പ്രണയസല്ലാപങ്ങൾക്കിടയിൽ അധര ത്തോടധരമമർന്നതും, കാട്ടിലൂടെ കുടവുമായി നടക്കവെ കൃഷ്ണൻ കുടം പൊട്ടിച്ചപ്പോൾ രാധയ്ക്കുണ്ടായ കോപം കൃഷ്ണന്റെ ചുംബന ത്താൽ മാഞ്ഞതും അങ്ങനെ രാധാമാധവ പ്രണയത്തിൽ സംഭവ്യ മായ എല്ലാ വസ്തുതകളും വളരെ ആർദ്രവും, എന്നാൽ തീവ്രവുമായ രീതിയിൽ കവിതയിലുടനീളം വരച്ചു കാട്ടുന്നുണ്ട്.

"കളിയൂഞ്ഞാലാടുവോർ നമ്മളൊന്നാണെന്നു
കിളികൾക്കറിയാം നമുക്കറിയാം
തരളയാം രാവിന്നു,മീമലർക്കാവിനും
കരിമുകിലിനും ശരിക്കറിയാം"

എന്ന കൃഷ്ണന്റെ വാക്കുകളിൽ നിറഞ്ഞ അനുരാഗം അനശ്വ രമായ ആദർശത്തിന്റെ തലത്തിലേക്കുയരുന്നു. ഇത്രയും ആത്മാർത്ഥ പ്രണയത്തിനൊടുവിൽ കൃഷ്ണൻ രാധയിൽ നിന്നുവിട്ടകന്നപ്പോൾ അവളിലുണ്ടായ മാനസ്സികസംഘർഷം വളരെ തീവ്രമാണ്.

"അത്രയ്ക്കഗാധമായ് സ്നേഹിച്ചതിൻശേഷ-
മത്രയ്ക്കു ലാളിച്ചതിന്നുശേഷം
ഇത്രയെളുപ്പമോ വിട്ടുപോയീടുവാൻ?
കൃഷ്ണ, നീയെത്രയകലെയായി!"

അതുപോലെ കവിതയുടെ അവസാന ഭാഗത്ത്

"ആവർത്തനത്താൽ വിരസമാവാത്തതായ്
പ്രേമമൊന്നല്ലാതെയെന്തു പാരിൽ"(7)

എന്ന വരികളിലൂടെ പ്രണയത്തെക്കുറിച്ചുള്ള കവിയുടെ കാഴ്ച പ്പാട് നമുക്കു മനസ്സിലാക്കാം. അഗാധപ്രണയത്തിന്റെ വിസ്മൃതമാ കാത്ത ഓർമ്മകളും വിരഹദുഃഖത്തിൽ നിന്നുണ്ടായ മാനസ്സിക സം ഘർഷങ്ങളും സമ്മിശ്രമായി ചേർന്ന കവിതയാണ് 'രാധയെവിടെ?'.

സ്നേഹത്തിന്റെയോ ഭക്തിയുടെയോ ആനന്ദവും വേദനയും അറിയാൻ കഴിവുള്ളവർക്കെല്ലാം ഈ കൃതിയിലെ ഓരോ രംഗവും പ്രേമാനന്ദലഹരി ഉളവാക്കുന്നു.

'കൃഷ്ണാ, നീയെന്നെയറിയില്ല' എന്ന കവിതയിലാകട്ടെ പ്രണയത്തിന്റെ വിഭിന്നമുഖമാണ് കാണാനാകുന്നത്. കൃഷ്ണനോടുള്ള പ്രണയം തുറന്നു പറയാൻ വിമുഖത കാട്ടി തന്റെ മനസ്സാകുന്ന ചങ്ങല കൊണ്ട് ആ പ്രണയത്തെ സ്വയം ബന്ധിക്കുന്ന ഗോപികയെയാണീ കവിതയിൽ കാണാനാകുന്നത്. പ്രലോഭനങ്ങളേറെ ഉണ്ടായിരുന്നിട്ടും കൃഷ്ണനോടുള്ള അനുരാഗം മൂകമായി തന്റെയുള്ളിൽ തന്നെ ഗോപിക സൂക്ഷിക്കുന്നു. കൃഷ്ണൻ മഥുരയിലേക്കു പോകുന്നു എന്ന സത്യം അവളുടെ ഉള്ളിലൊരു മരവിപ്പായി അരിച്ചുകയറി. കൃഷ്ണൻ തന്റെ കുടിലിനു മുന്നിലൂടെ പോയപ്പോൾ അവൾ മിഴികളുയർത്തി നോക്കി. രഥം ഒരു മാത്ര കുടിലിനു മുൻപിൽ നിർത്തിയിട്ട് കണ്ണുനീർ നിറഞ്ഞ മിഴികൾ അവളുടെ നേരെ ചാഞ്ഞു. 'കരുണയാലാകെത്തളർന്ന ദിവ്യസ്മിതം' അവൾക്കായി നൽകുന്നു. ആ മുഹൂർത്തം വരെ കൃഷ്ണന് തന്റെ അനുരാഗം അറിയില്ല എന്നവൾ കരുതിയിരുന്നു. കാരണം, കാമപീഡിതരായി ചമഞ്ഞൊരുങ്ങിച്ചെന്ന ഗോപികമാരുടെ കൂട്ടത്തിൽ അവളുണ്ടായിരുന്നില്ല. കാളിന്ദിയിലെ കുളിരലകളിൽ ഉടൽ പാതിമറച്ചുനിന്ന്, നാണിച്ച് ഉടയാടകൾ കൈനീട്ടി വാങ്ങിയവരുടെ കൂട്ടത്തിൽ അവളുണ്ടായിരുന്നില്ല. രാസക്രീഡയിലുമവൾ പങ്കാളിയായിരുന്നില്ല. അപ്പോഴൊക്കെ അവൾ, തന്റെ പാഴ്ക്കുടിലടച്ച് തഴുതിട്ടിരുന്ന് ആനന്ദബാഷ്പം പൊഴിച്ചതേയുള്ളൂ. കൃഷ്ണനോടുള്ള തന്റെ അനുരാഗം മറ്റാർക്കുമറിയില്ലയെന്നവൾ വിശ്വസിച്ചിരുന്നു. ആ വിശ്വാസത്തെ തകർക്കുന്ന തരത്തിലുള്ള പ്രതികരണമായിരുന്നു കൃഷ്ണനിൽ നിന്നുണ്ടായ ആ നോട്ടം.

“അറിയില്ലയെന്നെ നീ
യെങ്കിലും കൃഷ്ണാ, നിൻ
രഥമെന്റെ കുടിലിന്നു മുന്നിൽ
ഒരുമാത്ര നിൽക്കുന്നു!
കണ്ണീർ നിറഞ്ഞൊരാ
മിഴികളെൻ നേർക്കു ചായുന്നു!
കരുണയാലാകെത്തളർന്നോരാ
ദിവ്യമാം
സ്മിതമെനിക്കായി നൽകുന്നു!”(8)

ഗോപികയുടെ ആത്മസമർപ്പണം വ്യർത്ഥമായില്ലെന്നുള്ളതിന്റെ സൂചനയാണ് ഈ വരികൾ.

സുഗതകുമാരിക്കവിതകളിലെ പ്രണയസങ്കൽപം എത്ര തീവ്രവും അനശ്വരവുമാണ് എന്ന യാഥാർത്ഥ്യം ‘രാധയെവിടെ?’, ‘കൃഷ്ണ, നീയെന്നെയറിയില്ല’ എന്നീ കവിതകളിൽ പ്രകടമാകുന്നു. പ്രേമത്തെപ്പറ്റി നൂറ്റാണ്ടുകളോളം ഇന്ത്യയിലെ നാനാമൂലകളിലുള്ള കവികൾ പാടിത്തിമിർത്തിട്ടും അവയിൽ നിന്നെല്ലാം വ്യത്യസ്തമായ പുതുകൽപനകൾ സുഗതകുമാരിക്കവിതകളിൽ പ്രത്യക്ഷമാണ്. ‘രാധയെവിടെ’ എന്ന കവിതയിൽ വിരഹദുഃഖത്തിൽ സ്വയംമറന്ന രാധയെക്കാണുമ്പോൾ അതിൽ നിന്നും തികച്ചും വ്യത്യസ്തയായി പ്രേമസാക്ഷാത്ക്കാരത്തിന്റെ ഒരുമാത്ര ജീവിതത്തിലുണ്ടായതിൽ സന്തുഷ്ടയായ ഗോപികയെയാണ് ‘കൃഷ്ണാ,നീയെന്നെയറിയില്ല’ എന്ന കവിതയിൽ കാണുന്നത്. പ്രണയത്തിന്റെ അസാധാരണഭാവങ്ങൾ മഴവില്ലായി ഈ രണ്ടു കവിതകളിലും സമ്മേളിക്കുന്നു. പ്രണയത്തിന്റെ ഉത്തുംഗശൃംഗത്തിലെത്തുമ്പോൾ കവി എത്രമാത്രം വാചാലയാകുന്നുവെന്ന യാഥാർത്ഥ്യം ഈ കവിതകൾ വരച്ചു കാട്ടുന്നു.

സ്ത്രീയെ ദേവതയായും പ്രകൃതിയായും സങ്കൽപ്പിച്ചുപോന്ന സംസ്ക്കാരത്തിന്റെ വിളനിലമാണ് ഭാരതം. അതിനാൽ തന്നെയാകണം ഭാരതത്തിന്റെ ഓരോ കോണിലും ജന്മം കൊണ്ട സകല സാഹിത്യ മേഖലകളിലും സ്ത്രീയെ ശക്തിമതിയായും ഒപ്പം ദുർബലയായും ചിത്രീകരിക്കുന്നത്. ഇതോടൊപ്പം തന്നെ സ്ത്രീയുടെ പ്രണയവിവശതയും സ്നേഹത്തിനു വേണ്ടിയുള്ള അവളുടെ അന്വേഷണവും സാഹിത്യത്തിന് വിഷയമായിട്ടുണ്ട്. സീതയും ശകുന്തളയും ദമയന്തിയും, കേട്ടാലും കേട്ടാലും മതിവരാത്ത പുരാണ കഥകളിലെ കന്യകാരത്നങ്ങളാണ്. അവരെപ്പോലെതന്നെ പ്രണയത്തിന്റെ അനശ്വരത വിളങ്ങി നിൽക്കുന്ന രൂപമാണ് രാധയുടേതും. രാധാകൃഷ്ണ പ്രണയം ലോകപ്രസിദ്ധമാണ്. പുരാതന കവികളുടെ കാവ്യവിഷയം രാധാകൃഷ്ണ പ്രണയമായിരുന്നു. ആധുനിക കാലഘട്ടത്തിലും രാധാകൃഷ്ണ പ്രണയത്തിലൂടെ, ആത്മാർത്ഥമായ സ്നേഹത്തെ അനുവാചകനിൽ എത്തിക്കുകയാണ് സുഗതകുമാരി. ‘കൃഷ്ണൻ’ എന്ന ദൈവത്തോടും മനുഷ്യനോടുള്ള സ്ത്രീയുടെ വൈകാരികമായ അടുപ്പമാണ് ‘കൃഷ്ണാ നീയെന്നെയറിയില്ല’, ‘രാധയെവിടെ?’ എന്നീ കവിതകളിൽ സുഗതകുമാരി പ്രതിഫലിപ്പിക്കുന്നത്. ഈ രണ്ടു കവിതകളിലും നിരന്തരമായി സ്നേഹം കാംക്ഷിക്കുന്ന സ്ത്രീത്വത്തിന്റെ ആവിഷ്ക്കരണമാണ് കവയിത്രി നടത്തിയിരിക്കുന്നത്. പ്രേമമെന്ന മൂല്യത്തെയും സ്ത്രീയുടെ സ്വാതന്ത്ര്യത്തെയുമൊരുമിച്ച് അന്തഃരംഗപീഠത്തിൽ പ്രതിഷ്ഠിക്കുന്നുവെന്നതാണ് സുഗതകുമാരിയുടെ സ്ത്രീദർശനത്തിന്റെ മഹത്വം. ദ്വാപരയുഗത്തിലെ വേദേതിഹാസങ്ങളിൽ എഴുതാതെപോയ, കൃഷ്ണനെ പ്രണയിക്കുന്ന അമ്പാടിയിലെതന്നെ ഒരു ഗോപികയുടെ കഥയാണ് ‘കൃഷ്ണ, നീയെന്നെയറിയില്ല’. ഗോപികയൊരിക്കലും തന്റെ പ്രണയം കൃഷ്ണനോടു തുറന്നു പറയുന്നില്ല. ‘രാധയെവിടെ?’

എന്ന കവിതയിലാകട്ടെ ലോകപ്രശസ്തമായ രാധാകൃഷ്ണ പ്രണയ മാണ് വിഷയം. കൃഷ്ണനോട് അനുരാഗം തുറന്നുപറഞ്ഞ സ്ത്രീയാണ് രാധ. ഈ രണ്ടുകഥാപാത്രങ്ങളും ഒരേകാലത്ത് ജീവിച്ചിരുന്നവരാണെ ങ്കിലും രണ്ടുപേരുടെയും പ്രണയത്തെക്കുറിച്ചുള്ള ചിന്തകളിൽ വലിയ അന്തരമുണ്ട്. ഒരേ കാലഘട്ടത്തിൽ പ്രണയം തുറന്നു പറഞ്ഞ സ്ത്രീയേയും പറയാത്ത സ്ത്രീയേയും നമുക്ക് കാണാൻ കഴിയും. സർവ്വവും ത്യജിച്ച് പ്രണയത്തിനു പിന്നാലെ പോകാതെ, ചുമതലക ളിൽ ശ്രദ്ധയർപ്പിച്ച് ജീവിക്കാനാഗ്രഹിക്കുന്ന സ്ത്രീയാണ് 'കൃഷ്ണ, നീയെന്നെയറിയില്ല' എന്നതിലെ ഗോപിക. തന്റെ ആത്മനൊമ്പരങ്ങൾ കൃഷ്ണനോട് മൗനമായി പങ്കുവയ്ക്കുന്ന ഗോപികയെയാണ് സുഗത കുമാരി ഈ കവിതയിൽ ചിത്രീകരിക്കുന്നത്. അമ്പാടിയിലെ എല്ലാ വരും തന്നെ ഭഗവാന്റെ ലീലകളിൽ പങ്കാളികളായപ്പോൾ അവരോ ടൊപ്പം ചേരാതെ മാറിനിന്ന ഭഗവാന്റെ മഹത്വത്തെ സ്തുതിക്കുക യാണ് ഗോപിക. സ്ത്രീ, എന്നും ചുമതലകളിൽ ബന്ധിക്കപ്പെട്ടവളാ ണെന്ന ബോധം അവളുടെ അന്തരാത്മാവിനെ നൊമ്പരപ്പെടുത്തുന്നു.

"എന്റെ ചെറുകുടിലിൽ
നൂറായിരം പണികളിൽ
എന്റെ ജന്മം ഞാൻ തളച്ചു
കൃഷ്ണ, നീയെന്നെയറിയില്ല"[9] എന്ന വരികളിൽ അമ്പാടി യിലെ ഗോപികമാർ സുമംഗലികളാണെന്ന ബോധവും തങ്ങളുടെ ചുമ തലകളുമെല്ലാം മറന്ന് കൃഷ്ണനരികിലേക്കോടുമ്പോഴും തന്റെ ചുമ തലകളെ മറക്കാതെ കൃഷ്ണനെ അറിയുന്നവളാണ് ഗോപിക എന്ന് വെളിവാകുന്നു. മറ്റുള്ളവരുടെ ചിലങ്കാനാദം അകലെ മായുമ്പോൾ, അവരെപ്പോലെയാകാനാകാതെ ഗോപിക, മിഴികൾ താഴ്ത്തി തന്റെ ചെറുകുടിലിൽ, തന്റെ ഉത്തരവാദിത്വങ്ങളിൽ സ്വയം ജന്മം തളയ്ക്കു

ന്നു. ഇങ്ങനെയുള്ള തന്നെ കൃഷ്ണൻ ഒരുനാളും അറിയാൻ സാധ്യതയില്ലെന്നാണ് അവളുടെ നിരാശ. കൃഷ്ണന്റെ ലീലകളിൽ പങ്കാളിയാകാൻ അവളിലെ സ്ത്രീ അതിയായി ആഗ്രഹിക്കുന്നുണ്ടെങ്കിലും സാമൂഹികാന്തരീക്ഷവും കർത്തവ്യബോധവും അതിലുപരി താനൊരു ഭർതൃമതിയും മാതാവുമാണെന്ന വിചാരവും അവളുടെ മോഹങ്ങളെ നിഷ്ഫലമാക്കുന്നു. തന്റെ പ്രണയം വാക്സാമർത്ഥ്യമുള്ള തോഴിവശം കൃഷ്ണനെ അറിയിക്കുന്നില്ല. "ഗോപികയുടെ പ്രണയം മാംസനിബദ്ധമല്ല, അത് ജീവാത്മാവിന്റെയും പരമാത്മാവിന്റെയും താദാത്മ്യം പ്രാപിക്കലാണ്."(10) കൃഷ്ണന്റെയും ഗോപികയുടെയും ബന്ധം ആത്മാവുകൾ തമ്മിലുള്ളതാണ്, അവിടെ നിരർത്ഥകമായ ശബ്ദങ്ങൾക്കോ ശരീരത്തിനോ സ്നേഹപ്രകടനങ്ങൾക്കോ യാതൊരു സ്ഥാനവുമില്ല. കൃഷ്ണന്റെ സ്നേഹലാളനകൾ കൊതിച്ച് കൃഷ്ണന്റെ പിറകെ പാഞ്ഞ് ആനന്ദം കണ്ടെത്തുന്ന അമ്പാടിയിലെ സ്ത്രീകളുടെ പ്രണയം പോലെ ചാപല്യം നിറഞ്ഞതല്ല അവളുടെ പ്രണയം. കൃഷ്ണന്റെ കുഴൽവിളി മനസ്സിനോടു ചേർത്ത് തന്റെ പാഴ്ക്കുടിലിലിരുന്ന് സ്വന്തം ആത്മാവിനെ ആരുമറിയാതെ കൃഷ്ണനിലർപ്പിച്ച് ആനന്ദബാഷ്പം പൊഴിക്കുകയാണവൾ. കൃഷ്ണൻ മഥുരയ്ക്ക് പോകുന്നതറിഞ്ഞ് ഗോകുലം മുഴുവനും വിരഹ വേദനയിലായി. അക്രൂരൻ കൃഷ്ണനെ കൊണ്ടുപോകാനായെത്തി. പലരും ആർത്തുനിലവിളിച്ച് കൃഷ്ണന്റെ രഥത്തിനു പിന്നാലെയോടിയപ്പോൾ ഗോപിക ഒരു ശിലാബിംബത്തെപ്പോലെ നിന്നു. അവൾ കരുതിയത് കൃഷ്ണന് തന്നെയറിയില്ലയെന്നാണ്. എന്നാൽ, കൃഷ്ണന്റെ രഥം ഗോപികയുടെ കുടിലിനു മുൻപിൽ ഒരു മാത്ര നിന്നു. കണ്ണുനീർ നിറഞ്ഞ കൃഷ്ണന്റെ മിഴികൾ അവളുടെ നേർക്കു ചാഞ്ഞു. കൃഷ്ണൻ നൽകിയ ആ നോട്ടവും ആ ദിവ്യസ്മിതവും അവളുടെ ഹൃദയത്തെയും ഒപ്പം ആത്മാവിനെയും ധന്യമാക്കി

ത്തീർത്തു.

'രാധയെവിടെ?' എന്ന കവിതയുടെ ഇതിവൃത്തം, ശ്രീകൃഷ്ണന്റെ പ്രിയസഖിയായിരുന്ന രാധയെത്തേടിയുള്ള അലച്ചിലാണ്. മഥുരയ്ക്കു പോയ കൃഷ്ണനെയോർത്ത് കാതരയായിക്കഴിയുന്ന രാധയെയെങ്ങും കാണുന്നില്ല. വൃന്ദാവനത്തിലെ ശ്രേഷ്ഠയായ വധുവായാണ് രാധയെ സുഗതകുമാരി ചിത്രീകരിച്ചിരിക്കുന്നത്. കൃഷ്ണനില്ലാതെ രാധ എങ്ങനെ ജീവിക്കുമെന്നറിയാതെ വൃന്ദാവനനിവാസികൾ ദുഃഖിക്കുന്നു. രാധ വളർത്തിയ പൈങ്കിളി പോലും രാധയെ കാണാഞ്ഞ് ദുഃഖിക്കുന്നു. മഥുരയിൽ പോകാൻ നേരം രാധയോട് യാത്ര പറയാനായി കൃഷ്ണൻ വരുന്നു. ഇരുട്ടിൽ വന്ന് ആലിംഗനം ചെയ്ത് ചുംബനം നൽകി 'എൻ രാധികേ പിരിയുന്നു ഞാൻ' എന്നു മാത്രം പറഞ്ഞ് ഇരുട്ടിൽ മറയുന്നു. പ്രണയബദ്ധരായിരുന്നപ്പോൾ പറഞ്ഞ മധുരവാക്കുകളെല്ലാം വ്യർത്ഥമായി. കൃഷ്ണന്റെ ചിരിയും രാധയുടെ ദുഃഖയും ഒരിക്കലും ഒന്നാവുകയില്ല. തനിക്ക് സ്വന്തമായി ഒരു പ്രണയിനിയുണ്ടായിരുന്നിട്ടും അന്യതൻ കുങ്കുമം പറ്റിയ മാറുമായി വരുന്ന കൃഷ്ണനോട് പിണങ്ങിയത് രാധ ഓർക്കുന്നു.

"ഇത്തിരി ഞാനൊന്നഹങ്കരിച്ചോ! പ്രേമ
മുഗ്ദ്ധനെൻ നാഥൻ പൊറുത്തിടട്ടെ
..........................
എൻ കണ്ണാ, ഞാനറിയുമേ നീ ദയാഹീനനല്ലോ"[11] ഇവിടെ സ്ത്രീമനസ്സിന്റെ ചഞ്ചലതയും പ്രണയ പാരവശ്യവും ഒരേസമയം സൂചിതമാകുന്നു.

പ്രേമം, ഭക്തിപാരവശ്യമായി മാറിയ മീരയെക്കുറിച്ചും കവയിത്രി വാചാലയാകുന്നു. സ്ത്രീത്വത്തിന്റെ ഉത്തമാവിഷ്ക്കാരമാണ് മാതൃത്വം. മാതൃത്വത്തിന്റെ പ്രതീകമായ കൂറുരമ്മയെക്കുറിച്ചും 'രാധ

യെവിടെ?' എന്ന കവിതയിൽ സൂചിപ്പിക്കുന്നു. രാധയുടെ പുനർജന്മ മാണ് ഭക്തമീരയെന്ന് കവയിത്രി വിശ്വസിക്കുന്നു. സ്ത്രീയുടെ മുഖം എക്കാലവും വിരഹതപ്തമാണെന്നാണ് സുഗതകുമാരി വിശേഷിപ്പി ക്കുന്നത്. "രാധയുടെ വിരഹദുഃഖം തലമുറകളിലൂടെ സഞ്ചരിച്ച് ഇന്നും തുടരുന്നു. കറ്റമെതിക്കുന്നവരിലും, മണ്ണു ചുമക്കുന്നവരിലും, പാട്ടുപാ ടുന്നവരിലും, തേയിലനുള്ളുന്നവരിലും, വെയിലിൽ കരിങ്കല്ലുടയ്ക്കു ന്നവരിലും, അടുക്കള ചൂടിൽ കരിഞ്ഞിടുന്ന പെണ്ണുങ്ങളിൽ പോലും നൂറ്റാണ്ടുകളായി സ്ത്രീയനുഭവിക്കുന്ന വിരഹവേദന തുടരുന്നു. ഇവ രിൽ നിത്യവിരഹതപ്തമായ രാധയുടെ മുഖം കൽപ്പിക്കാനാണ് കവ യിത്രിയുടെ സർഗ്ഗവാസന ശ്രമിക്കുന്നത്."(12) കവിതയുടെ അവസാന ഭാഗത്തിൽ രാധയെ സ്ത്രീ സമൂഹത്തിന്റെ തന്നെ പ്രതിനിധിയായി കവയിത്രി ചിത്രീകരിക്കുന്നു. നിത്യമായ പ്രേമത്തെയാണ് കൃഷ്ണ നെന്ന് വിളിച്ചതെന്നും, കൃഷ്ണൻ ഉപേക്ഷിച്ചുപോയിട്ടും തീയെക്കൊതിക്കുന്ന ശലഭത്തെപ്പോലെ കൃഷ്ണന്റെ നീലനിറത്തെ തന്നെ വലത്തുവയ്ക്കുന്ന രാധയെ അറിയുന്നില്ലയോയെന്നും വില പിക്കുന്നു. സ്നേഹം നിരസിക്കപ്പെട്ട രാധ ഒടുവിൽ മനം കല്ലാക്കി പ്രതികരിക്കുന്നതായി കാണാം.

"ഇവളഭിമാനിനി, ഹേ കണ്ണാ, നിൻ മുന്നി
ലിനിയിവൾ കൈ നീട്ടി നിൽക്കയില്ല"

എങ്കിലും കൃഷ്ണന്റെ ഓർമ്മകളിൽ നിന്നും മുക്തയാകാൻ രാധയ്ക്കു കഴിയുന്നില്ല. രാമന്റെ പിറകെയലഞ്ഞ സീതയും രാധയുടെ പ്രതിരൂപമാണെന്ന് സമർത്ഥിച്ച കവയിത്രി, കൃഷ്ണൻ ക്രൂരനും കഠിന ചിത്തനുമാണെന്നും രാധയ്ക്ക് നിത്യമായ ശാന്തിപോലും നൽകിയി ല്ലെന്നും പറയുന്നു. ആവർത്തനത്താൽ വിരസമല്ലാത്തതായി ഭൂമിയിൽ പ്രേമമല്ലാതെ മറ്റൊന്നുമില്ലെന്നു സ്ഥാപിക്കാനാഗ്രഹിച്ചു കവയിത്രി,

ഇന്നീ ഇരുപതാം നൂറ്റാണ്ടിലും സൂര്യോദയം കാത്ത് വിങ്ങിക്കറങ്ങുന്ന ഭൂമിയെപ്പോലെ, കവയിത്രിയടക്കമുള്ള ഇന്ത്യയുടെ പെൺമനം കൃഷ്ണനെത്തന്നെ തിരയുന്നതായി പറയുന്നു. കാലദേശഭേദമന്യേ സ്ത്രീമനം എന്നും സ്നേഹവും പ്രണയവും കൊതിക്കുന്നുവെന്ന സത്യമാണ് കവയിത്രി ഇവിടെ പറയാതെ പറയുന്നത്.

നിരവധി ഉത്തരവാദിത്തങ്ങൾ കല്പിക്കപ്പെട്ടിട്ടുള്ളവളാണ് സ്ത്രീ. അതോടൊപ്പം തന്നെ അനശ്വരപ്രണയത്തെ മനസ്സിൽ സൂക്ഷിക്കുന്നവളുമാണവൾ. ഇത്തരത്തിൽ തന്റെ ഉത്തരവാദിത്വങ്ങൾ നിറവേറ്റി കൃഷ്ണനെ നിശബ്ദമായി പ്രണയിക്കുന്നവളാണ് ഗോപിക. സുഗതകുമാരിക്കവിതകളിൽ പ്രത്യക്ഷപ്പെടുന്ന സ്ത്രീകഥാപാത്രങ്ങളുടെ പ്രണയവഴികളിൽ പ്രതിഫലിക്കുന്നത് കേവലം ചപലമായ പ്രേമത്തിന്റെ വികാരപ്രകടനങ്ങളല്ല. സുഗതകുമാരിയുടെ പ്രണയസങ്കൽപത്തിന്റെ വിഭിന്നമുഖങ്ങളാണ് ഈ രണ്ടു കവിതകളിലും ദർശിക്കാനാകുന്നത്. സ്ത്രീ, സർവ്വംസഹയാണെന്നും അവളുടെ പ്രണയം അനശ്വരമാണ് എന്നതുമാണ് സുഗതകുമാരിയുടെ സ്ത്രീ, പ്രണയസങ്കൽപം. വിരഹത്തോട് ചേർന്നു നിൽക്കുന്ന പ്രണയത്തെയാണ് സുഗതകുമാരിയുടെ കവിതയിൽ നമുക്ക് ദൃശ്യമാകുന്നത്. 'രാധയെവിടെ?' എന്ന കവിതയിൽ ഒരു മുന്നറിയിപ്പും കൂടാതെയും യാത്ര ചോദിക്കാതെയും തന്നെ തനിച്ചാക്കി പുറപ്പെടുമ്പോഴും കാമുകൻ അനാകുലനാണെന്ന് രാധ മനസ്സിലാക്കുന്നു. അങ്ങനെയുള്ള കൃഷ്ണനു മുൻപിൽ അഭിമാനിയായ താൻ ദൈന്യത കാട്ടി കൈനീട്ടി നിൽക്കുകയില്ലെന്നും അവൾ പറയുന്നു. ഇവിടെ ഏത് ദുർഘടഘട്ടത്തിലും സ്വന്തം നിലമറക്കാതെ, മനസ്സുറപ്പോടെ നിൽക്കുന്ന സ്ത്രീയുടെ ചിത്രമാണ് നമുക്ക് കാണാൻ കഴിയുന്നത്. എന്നാൽ 'കൃഷ്ണാ, നീയെന്നെയറിയില്ല' എന്നതിൽ പ്രണയത്തിൽ സർവ്വവും ത്യജിക്കാതെ തന്റെ കടമകളെക്കൂടി

നിറവേറ്റുന്ന ഗോപികയിലൂടെ പ്രണയത്തിന്റെ ആദർശതലത്തെയാണ് സുഗതകുമാരി അവതരിപ്പിക്കുന്നത്. ചപലമായ പ്രണയചിന്തകൾക്കപ്പുറം സ്ത്രീയുടെ അഭിമാനബോധവും സമചിത്തതയും ഈ രണ്ടു കവിതകളിലൂടെ സഹൃദയ ലോകത്തിന് വായിച്ചെടുക്കാൻ കഴിയുന്നു.

## കുറിപ്പുകൾ

1. എറിക് ഫ്രോം,*പ്രണയം എന്ന കല*, പുറം 37.
2. എബിങ് റിച്ചാർഡ് വോൺ ക്രാഫ്റ്റ്, *ലൈംഗികമനോരോഗങ്ങൾ*, പുറം 21.
3. ശ്രീധരൻ. സി.പി., *അനശ്വരശില്പങ്ങൾ*, പുറം 41.
4. നിത്യചൈതന്യയതി, *പ്രേമവും ഭക്തിയും*, പുറം 86.
5. ബൈബിൾ പഴയ നിയമം, *ഉത്തമഗീതം*, പുറം 771.
6. ഗീത - മാതൃഭൂമി ആഴ്ചപ്പതിപ്പ്, പുറം 29.
7. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, പുറം 717.
8. അതേ പുസ്തകം, പുറം 720.
9. അതേ പുസ്തകം, പുറം 732.
10. ലീലാവതി.എം, *നവകാന്തം*, പുറം 137.
11. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, പുറം 748.
12. ലീലാവതി.എം (അവതാരിക), *രാധയെവിടെ*, സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം, പുറം 706.

## സഹായകഗ്രന്ഥങ്ങൾ


1. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ-സമ്പൂർണ്ണം*, ഡി. സി.ബുക്സ്, കോട്ടയം, 2011.
2. നിത്യചൈതന്യയതി, *പ്രേമവും ഭക്തിയും*, കറന്റ് ബുക്സ്, തൃശൂർ
3. ജോർജ് കെ.എം.(ഡോ)., *ആധുനിക മലയാള സാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, ഡി.സി.ബുക്സ്, കോട്ടയം, 2010.
4. ഗീത, *പ്രണയം ലൈംഗികത അധികാരം*, കറന്റ് ബുക്സ്, കോട്ടയം, 2010.
5. ജാൻസി ജെയിംസ് (ഡോ.), *ഫെമിനിസം*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2000.
6. മഞ്ജുള കെ.വി.(ഡോ.), *സ്ത്രീയും സമുദായവും*, കൈരളി ബുക്സ്, കണ്ണൂർ, 2005.

# രാധാമാധവസങ്കല്പം സുഗതകുമാരിക്കവിതകളിൽ

**മഹാലക്ഷ്മി പി.ജെ.**

മലയാള കവിതയിലെ ഒരപൂർവതയാണ് സുഗതകുമാരി എന്ന കവയിത്രി. പ്രണയത്തെക്കുറിച്ചും പ്രകൃതിയെക്കുറിച്ചും മരണത്തെക്കുറിച്ചും സുഗതകുമാരി പാടുമ്പോൾ അതിന് ആത്മീയമായ ഒരു ചൈതന്യം കൈവരുന്നു; അതുകൊണ്ടുതന്നെയാണ് 'ആർദ്രതയുടെ ഗായത്രി' എന്ന് അയ്യപ്പപ്പണിക്കർ, സുഗതുകമാരിയെ വിശേഷിപ്പിച്ചത്. ഈ കവയിത്രിയുടെ കവിതകളിലെമ്പാടും പരിശുദ്ധിയും നിർമ്മല സ്നേഹവും നിറഞ്ഞുനിൽക്കുന്നു. "കവിതയിലെ ആധുനികത കാൽപ്പനികതയുടെ വർണ്ണനൂലുകൾ കൊണ്ട് ബന്ധിച്ച കവയിത്രിയാണ് സുഗതകുമാരി".(1) 1950 കളുടെ രണ്ടാം പകുതിയിൽ സാഹിത്യരംഗത്ത് നിലയുറപ്പിച്ച സുഗതകുമാരി 'മുത്തുച്ചിപ്പി' എന്ന ആദ്യകവിതാസമാഹാരത്തിലൂടെ തന്റെ സ്ഥാനം മലയാള കവിതാസാഹിത്യത്തിൽ ഉറപ്പിച്ചു കഴിഞ്ഞിരുന്നു. മിത്തുകളുടെ സാന്നിദ്ധ്യം ആ വരികൾക്കിടയിൽ പലപ്പോഴും കണ്ടെത്താൻ കഴിയും.

സുഗതകുമാരിക്കവിതകളിൽ കടന്നു വരുന്ന മിത്തുകളുടെയും പുരാവൃത്തങ്ങളുടെയും ഭാരതീയ സംസ്കൃതിയുടെയും ഉദാഹരണമായി കവയിത്രിയുടെ കൃഷ്ണകവിതകളെ കാണാനാകും. സുഗതകുമാരിക്കവിതകളിലെ രാധാമാധവസങ്കല്പം മറ്റു കവികളുടേതിൽ നിന്നും വ്യത്യസ്തമാണെന്നു കാണാം. സഹനത്തിന്റെ പരകോടിയിലും സ്നേഹത്തിന്റെ വിശുദ്ധി മാത്രം കാണാൻ കഴിയുന്ന മനസ്സിൽ നിന്നേ ഇത്തരം ഒരാവിഷ്കാരം സാധ്യമാവുകയുള്ളൂ. രാധാമാധവപ്രണയം

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

വെറും പൈങ്കിളിയാണെന്നു കൊട്ടിഘോഷിക്കുന്നവർക്കെതിരേയുള്ള മറുപടി കൂടിയാണ് കൃഷ്ണരാധാപ്രണയം പ്രമേയമായി വരുന്ന സുഗതകുമാരിക്കവിതകൾ. കൃഷ്ണനിൽ ലയിച്ചുചേർന്ന് സായൂജ്യമടയാൻ കഴിയുന്ന ഭാഗ്യവതിയായ രാധയല്ല സുഗതകുമാരിയുടേത്. അവൾ നിത്യവിരഹിണിയാണ്. 'കൃഷ്ണ, നീയെന്നെയറിയില്ല' എന്നു പറയുവാൻ അവൾക്കു മാത്രമേ കഴിയൂ. മനുഷ്യമനസ്സിന്റെ ആകുലതകളും പ്രണയവിരഹവും ആസ്തിക്യബോധവും ഇഴചേർത്ത് സുഗതകുമാരി അവതരിപ്പിച്ച രാധാ-മാധവ സങ്കൽപ്പത്തെക്കുറിച്ച് 'ഒരു വൃന്ദാവന രംഗം', 'കൃഷ്ണ, നീയെന്നറിയില്ല' എന്നീ കവിതകളെ മുൻനിർത്തി പഠിക്കുകയാണ് ഈ പ്രബന്ധത്തിൽ.

**ഒരു വൃന്ദാവനരംഗം**

ഒരു ലഘുകാവ്യമാണെങ്കിലും സഹൃദയശ്രദ്ധ നേടത്തക്കവിധത്തിൽ മികച്ചതാണ് സുഗതകുമാരിയുടെ 'ഒരു വൃന്ദാവനരംഗം' (കാടാണ്) എന്ന മനോഹരകവിത. രാധാമാധവന്മാരുടെ അനേകം സമാഗമകേളികളിൽ നിന്ന് ഒരു മുഹൂർത്തം അടർത്തിയെടുത്ത് വാങ്മയ ചിത്രത്തിലൂടെ അന്വർത്ഥമാക്കുകയാണ് കവയിത്രി ഈ കവിതയിൽ. അതോടൊപ്പംതന്നെ എല്ലാ സ്ത്രീകൾക്കുള്ളിലും ഒരു രാധയുണ്ടെന്നും ഈ ലോകത്തിന്റെ നിലനിൽപ്പുതന്നെ അഗാധമായ സ്നേഹത്തിന്റെ അനന്തരഫലമാണെന്നും ഉള്ള പ്രാപഞ്ചികസത്യവും സുഗതകുമാരി ഈ കവിതയിലൂടെ വെളിപ്പെടുത്തുന്നു. എല്ലാ സ്ത്രീമനസ്സുകളിലും ആന്തരികമായി ഒരു കാമുകസങ്കല്പം കുടികൊള്ളുന്നുണ്ട്; ഈ കാമുകസങ്കല്പത്തിന്റെ പ്രത്യക്ഷവൽക്കരണമാണ് പ്രസ്തുത കവിതയിലെ കൃഷ്ണൻ. കൃഷ്ണന്റെ സാമീപ്യത്തിൽ നിർവൃതി കൊള്ളുന്ന രാധയാകട്ടെ സ്ത്രീവർഗ്ഗത്തിന്റെ പ്രതിനിധിയുമാണ്.

കവിതയുടെ ആദ്യഭാഗത്തിൽ "തരളവും മധുരവും ഹൃദ്യവുമായ

ഭാവം ഉൾക്കൊള്ളുന്ന രാധാമാധവന്മാർ ഒരുപോലെ സമാഗമത്തിൽ ലയിക്കുന്നു."[2] കാവ്യാരംഭത്തിലെ പശ്ചാത്തലം മുഴുവൻ അനുരാഗം നിറഞ്ഞുനിൽക്കുന്നതു കാണാം. കാട്ടിൽനടക്കുന്ന സംഭവവികാസങ്ങളെ ഒരു ദൃക്സാക്ഷി എന്ന നിലയിലാണ് കവയിത്രി അവതരിപ്പിക്കുന്നത്.

"കാടാണ്, കാട്ടിൽ കടമ്പിന്റെ കൊമ്പത്തു
കാൽതൂക്കിയിട്ടിരിപ്പാണു രാധ
താഴെപ്പടിഞ്ഞിരുന്നേകാഗ്രമായതിൽ
കോലരക്കിൻ ചാറു ചേർപ്പുകണ്ണൻ!"

ഇപ്രകാരം രാധാമാധവപ്രണയത്തിന്റെ ഒരു രംഗം വിവരിച്ച കവയിത്രി തുടർന്നുള്ള അവസ്ഥകളെ വർണിക്കുമ്പോൾ അതൊരു ചലച്ചിത്ര പ്രതീതിയുളവാക്കുന്നു. കാലിക്കോലും ഓടക്കുഴലും നിലത്തുവെച്ച്, മയിൽപ്പീലിചാഞ്ഞിരിക്കുന്ന മനോഹരമായ നെറ്റിയിൽ വിയർപ്പുപൊടിഞ്ഞ്, കടമ്പു വൃക്ഷത്തിൽ ചാരിയിരിക്കുന്ന രാധയുടെ താമരത്താരൊത്ത പാദം കൈകളിലേന്തി, അതിൽ ഏകാഗ്രതയോടെ ചിത്രം വരയ്ക്കുന്ന കണ്ണൻ കവയിത്രിയുടെ വാക്കുകളിലൂടെ സഹൃദയർക്കു മുന്നിൽ പ്രത്യക്ഷപ്പെടുന്നു. പ്രേമത്താലും ഭക്തിയാലും പുളകിതയാകുന്ന രാധയും കരുണാമയനായ കൃഷ്ണനും അനുവാചകരിലും ഹർഷോന്മാദം ചൊരിയുന്നു. കവയിത്രി തന്നെ തുടർന്നുള്ള വരികളിൽ അത് വിവരിക്കുന്നുണ്ട്.

"ആനന്ദബാഷ്പം നിറയും മിഴിയുമായ്
ഞാനതും നോക്കി മറഞ്ഞുനിൽക്കെ
പെട്ടെന്നു ഹർഷം പൊറാഞ്ഞു കടമ്പതാ
ഞെട്ടിയടിമുടി പൂത്തുപോയീ!"

പ്രപഞ്ചത്തിന്റെ ആദികന്ദമായ ആ നീലമുകിലിന്റെ അളവില്ലാത്ത

കരുണയ്ക്കും സ്നേഹത്തിനും രാധ പാത്രമാകുന്ന കാഴ്ചകണ്ട്, ദൃക്സാക്ഷിയായി മറഞ്ഞുനിന്ന കവയിത്രിയുടെ കണ്ണുകളിൽ ആനന്ദബാഷ്പം നിറഞ്ഞു. ആ കാഴ്ചയുടെ സന്തോഷം സഹിക്കാനാകാതെ കടമ്പുവൃക്ഷം അടിമുടി പൂവിട്ടു. പ്രകൃതിയുടെ നിലനിൽപ്പിനാധാരമായ പ്രകൃതി-പുരുഷബന്ധം കൂടി ഇവിടെ സൂചിപ്പിക്കപ്പെടുന്നുണ്ട്. തന്റെ നീലിച്ച നീൾമിഴി ഉയർത്തി ആ പൂങ്കുലകളെ നോക്കവേ, കാടാണെങ്കിലും കാണുവാനാരുമില്ലെങ്കിലും ലജ്ജയാൽ രാധയുടെ മിഴി കൂമ്പുകയാണ്; കൃഷ്ണന്റെ ചുവന്ന കൈവെള്ളയിൽ വെച്ചിരിക്കുന്ന മനോഹരമായ പാദങ്ങൾ വിറച്ചുപോവുകയാണ്. രാധയുടെ ഉള്ളിലെ ഹർഷോന്മാദത്താൽ ഉണ്ടായ ഈ വിറയൽ കൃഷ്ണന്റെ ഏകാഗ്രമായ ചിത്രംവര തെറ്റിക്കുന്നു.

"എന്തിത്? തെറ്റീവര!" എന്നു മാധവൻ
തൻ കുനുചില്ലി ചൂളിച്ചിടുന്നു.
ഓളങ്ങൾ മിന്നിക്കുലുങ്ങുന്നു! തോഴിയാം
കാളിന്ദി പുഞ്ചിരിക്കൊണ്ടിടുന്നൂ!...."

കൃഷ്ണന്റെ ഈ 'കുനുചില്ലി ചൂളിയ്ക്കൽ' രാധയുടെ ഉള്ളിലെ പ്രണയത്തിന്റെ ആർദ്രതയും ഹർഷോന്മാ'ദവും അറിഞ്ഞുകൊണ്ടു തന്നെയാണ്; ഒരു പ്രണയ കലഹത്തിനും പിന്നീടുള്ള അനുനയിപ്പിക്കലിനും അറിഞ്ഞുകൊണ്ടൊരു തുടക്കമിടലാണിത്. ഇപ്രകാരം, പ്രണയാതുരയായ രാധയേയും രാധയെ ശുണ്ഠിപിടിപ്പിക്കുവാൻ ശ്രമിക്കുന്ന കൃഷ്ണനേയും കണ്ട് തോഴിയായ കാളിന്ദി തന്റെ ഓളങ്ങൾ മിന്നിച്ച് കുലുങ്ങിക്കുലുങ്ങി ചിരിക്കുന്നു.

രാധാമാധവപ്രണയത്തിലെ ഒരു രംഗം വാങ്മയചിത്രമായി അവതരിപ്പിച്ച കവയിത്രി തുടർന്നുള്ള വരികളിൽ ആവിഷ്കരിക്കുന്നത് ഒരു ആത്മഗതമാണ്; ഈ ആത്മഗതം തന്നെയാണ് കവിതയുടെ

ആത്മാവും.

"തീരെ ദരിദ്രമെൻ നാട്ടിലെയേതൊരു

നാരിയും രാധികയല്ലിയുള്ളിൽ?"

എന്ന സത്യം അത്ഭുതം നിറഞ്ഞ ചോദ്യഭാവത്തോടെ കവയിത്രി മുന്നോട്ടുവെക്കുന്നു. എല്ലാ സ്ത്രീകളും ആന്തരികമായി ഒരു കാമുകനെ സൂക്ഷിക്കുന്നു എന്ന വസ്തുതയാണിവിടെ വ്യക്തമാക്കപ്പെടുന്നത്. ആ കാമുകസങ്കല്പം ആത്മീയമായ ഒരു യാഥാർത്ഥ്യമായി രൂപം കൊള്ളുന്നു. ജീവിതത്തിലെ കഷ്ടതകൾ സഹിക്കേണ്ടിവരുമ്പോഴും, ഭൗതികമായ ആ യാഥാർത്ഥ്യങ്ങൾക്കപ്പുറത്ത് ആത്മീയമായ ഒരു യാഥാർത്ഥ്യമുണ്ട്. "ഇവിടത്തെ പാവപ്പെട്ട പെണ്ണിന്റെ ഭൗതിക 1
യാഥാർത്ഥ്യം, ദാരിദ്ര്യം, അതിനൊപ്പം അവളുടെ ആത്മീയ യാഥാർത്ഥ്യങ്ങളിലൊന്ന് ഉള്ളിനുള്ളിൽ ഒരു രാധിക പ്രതിഷ്ഠിതയായിട്ടുണ്ടെന്നുള്ളതും."[3] 'തന്റെ കൃഷ്ണനെ കാത്തിരിക്കുന്ന രാധയാണ് ഏതൊരു സ്ത്രീയും എന്നതാണ് രാധാമാധവസങ്കല്പത്തിന്റെ കാതലായ സത്യം; അതിനെ അംഗീകരിക്കുകയാണ് കവയിത്രി. കവിതയുടെ തുടർന്നുള്ള വരികളിൽ രാധയുടെ വിവിധ ഭാവങ്ങൾ കവയിത്രി വർണ്ണിക്കുന്നു. കണ്ണൻകാലിൽ ചുവപ്പു ചാർത്തുന്ന രാധയായും, കണ്ണന്റെ വലംതോളത്ത് ചാരിനിന്ന് കോലക്കുഴൽവിളി പഠിക്കുന്ന രാധയായും, ഒടുവിൽ, കാണാത്ത കണ്ണനെത്തേടി കണ്ണീരണിഞ്ഞ മിഴിയുമായി വിരഹിണിയായലയുന്ന രാധയായും, തന്റെ മുക്തിമാർഗ്ഗം തിരിച്ചറിഞ്ഞ്, ദുഃഖങ്ങളെല്ലാമകറ്റുന്ന സൂര്യനെ ഭൂമിയെന്നപോലെ കൃഷ്ണനെ വലം വയ്ക്കുന്ന, തന്റെ ലോകം തന്നെ കൃഷ്ണനാണെന്നു കരുതുന്ന രാധയായും അവൾക്ക് ഭാവമാറ്റം സംഭവിക്കുന്നു. ഇവയിൽ സ്ത്രീയുടെ ആന്തരികഭാവങ്ങൾ വ്യക്തമാണ്. പുരുഷന്റെ പരിലാളനകൾ ഏൽക്കാൻ വെമ്പുന്നതായ സ്ത്രീമനസ്സിനെയും ഒടുവിൽ, പ്രണയത്തെ പല ജീവി

തചര്യകളിൽ ഒന്നായി മാത്രം അംഗീകരിക്കുന്ന പുരുഷന്റെ വേർപാടിൽ അവനെ തേടി അലയുന്ന അസ്വസ്ഥചിത്തയെയും പിന്നീട് 'അവനേ തന്റെ ലോകം' എന്നു മനസ്സിലുറപ്പിക്കുകയും ചെയ്യുന്ന പെൺമനസ്സിനെയും അനുവാചകർക്കു ഇവിടെ ദർശിക്കാം.

വ്യക്തിസങ്കല്പത്തിൽ ആരംഭിക്കുന്ന രാധാമാധവസങ്കല്പം അതിരുകളേതുമില്ലാത്ത ഒരു പ്രാപഞ്ചികസത്യമായി മാറുന്ന കാഴ്ചയാണ് ഈ കവിതയിൽ കാണാൻ കഴിയുന്നത്.

"ഈ രാധയുള്ളിൽ പ്രതിഷ്ഠിതയാകയാൽ
തീരാത്ത തേടലാകുന്നു ജന്മം!"

തന്റെയുള്ളിലെ പുംഭാവമായ 'അനിമസി'നെ തേടി സ്വപൂർത്തീകരണവ്യഗ്രത കൊതിക്കുന്ന സ്ത്രീമനസ്സിനെ ഇവിടെ ദർശിക്കാം. എല്ലാം സ്ത്രീകളും ഇത്തരത്തിൽ ഒരന്വേഷണതൃഷ്ണ ഉള്ളിൽ പേറുന്നു. എന്നാൽ, 'ജന്മം തന്നെ തീരാത്ത തേടലാകുന്നു' എന്ന സൂചന ആസ്തിക്യബോധത്തിലേക്ക് വിരൽ ചൂണ്ടുന്നു. താനെന്ന സത്യംതേടി അലയുന്ന, അന്വേഷിക്കുന്ന ഏതൊരു വ്യക്തിയും കണ്ണനെ തേടി അലയുന്ന രാധയാണെന്ന സത്യം കവയിത്രി വെളിപ്പെടുത്തുകയാണിവിടെ. തന്റെ അസ്തിത്വത്തെ തേടുന്ന മനുഷ്യനെ ഇവിടെ ദർശിക്കാം. ജന്മം പരമസത്യത്തിനായുള്ള തീരാത്ത തേടലാണെന്ന യാഥാർത്ഥ്യം കവയിത്രി ലളിതമായി ആവിഷ്ക്കരിക്കുകയാണിവിടെ, ചുരുങ്ങിയ വാക്കുകൾക്കുള്ളിൽ വലിയ ആശയപ്രപഞ്ചമാണ് ഈ കവിതയിലൂടെ സുഗതകുമാരി മുന്നോട്ട് വെക്കുന്നത്.

**കൃഷ്ണ, നീയെന്നെയറിയില്ല**

സുഗതകുമാരിയുടെ 'കൃഷ്ണ, നീയെന്നെയറിയില്ല' എന്ന കവിത പ്രത്യക്ഷത്തിൽ രാധാമാധവപ്രണയമല്ല കാഴ്ച്ചവെക്കുന്നത്. തന്റെ ആത്മാവ് കൂടി കൃഷ്ണനിലർപ്പിച്ച് നിശബ്ദമായി കൃഷ്ണനെ പ്രണ

യിക്കുന്ന ഒരു ഗോപികയുടെ ആത്മാലാപനമാണിവിടെ കേൾക്കാനാകുന്നത്. "ഗീതാഗോവിന്ദത്തിലെ രാധയിൽ നിന്നും താൻ വ്യത്യസ്തയാണെന്നവൾ ബോധ്യപ്പെടുത്തുന്നു."[4] എന്നാൽ, സുഗതകുമാരിക്കവിതകളിലെ രാധയുമായി അവൾക്ക് സാമ്യമുണ്ട്. സുഗതകുമാരിയുടെ രാധ കൃഷ്ണനിൽ സായൂജ്യമടയാൻ ഭാഗ്യം സിദ്ധിച്ചവളല്ല; മറിച്ച്, കൃഷ്ണനെന്ന തന്റെ ആത്മാവിനെത്തേടി അസ്വസ്ഥചിത്തയായും വിരഹിണിയായും അലയാൻ വിധിക്കപ്പെട്ടവളാണ്. സുഗതകുമാരി ആവിഷ്ക്കരിച്ച രാധാസങ്കൽപ്പം, ഈ ഗോപികയുടെ അന്തരാത്മാവുതന്നെയാണ്. അങ്ങനെ നോക്കുമ്പോൾ ഒരേ വ്യക്തിസത്തയാണ് ആന്തരികമായി ഇരുവർക്കുമുള്ളത്.

തന്റെ അഴലുകളും വ്യഥകളും കൃഷ്ണൻ അറിയുന്നുണ്ടെന്ന പ്രത്യാശയമാണ് സുഗതമാകുമാരി ആവിഷ്കരിച്ച രാധാസങ്കല്പത്തെ മുന്നോട്ടു നയിക്കുന്നത്. പക്ഷേ, ഈ കവിതയിൽ 'കൃഷ്ണൻ തന്നെ അറിയില്ല' എന്നു ഗോപിക കരുതുമ്പോൾ, ഒടുവിൽ, 'എല്ലാം ഞാനറിഞ്ഞിരുന്നു' എന്ന സൂചന 'കരുണയാലാകെത്തളർന്ന ആ ദിവ്യസ്മിത'ത്തിലൂടെ അവൾക്ക് നൽകപ്പെടുന്നു. അൽപ്പം അകലെ നിന്നു നോക്കിയാൽ അലയാൻ വിധിക്കപ്പെട്ട ആർത്തയായ രാധയെക്കാൾ (സുഗതകുമാരിയുടെ രാധാസങ്കല്പം) ഭാഗ്യവതിയാണ് ഈ ഗോപിക എന്നു തോന്നാം. എന്നാൽ, സൂക്ഷ്മനിരീക്ഷണത്തിൽ ഈ ഗോപികയുടെ അന്തരംഗം കണ്ണനെത്തേടി അലഞ്ഞ രാധയുടേതാണെന്നും, അലച്ചിലിനും യാതനകൾക്കും വേദനകൾക്കും ഒടുവിൽ അവൾക്കു ലഭിക്കുന്ന ആശ്വാസം, ഈ ഗോപികയ്ക്കും ലഭിച്ച 'കരുണാർദ്രമായ പുഞ്ചിരി'യാണെന്നും അനുവാചകർക്ക് ബോധ്യമാകുന്നു.

മഥുരയിലേക്ക് കൃഷ്ണനെ കൊണ്ടുപോകാനായി അക്രൂരരഥമെത്തുമ്പോൾ കൃഷ്ണന്റെ വിയോഗമോർത്ത് വേദനിക്കുന്ന ഒരു

ഗോപികയാണീ നായിക. അമ്പാടിയിലെ ഒരു കോണിൽ, ഒരു മൺകുടിലിൽ വസിക്കുന്ന വെറുമൊരു ഗോപികയാണവൾ. യാതൊരു അസാധാരണത്വവും അവൾക്കില്ല. "എന്നാൽ അവൾ പ്രേമവതിയായിരുന്നു. ആ പ്രേമം ഏകാന്തവും ഏകാഗ്രവും നിരൂപാധികവുമായിരുന്നു. ആ പ്രേമം അവളിൽ മാത്രം അടങ്ങുന്നതായിരുന്നു".[5] മനോമോഹനനായ കൃഷ്ണന്റെ മുന്നിൽ ആ മിഴികളുടെ ഒരു നോട്ടത്തിനായോ, ഒരു കള്ളപ്പുഞ്ചിരിക്കായോ അവൾ ഒരു നാളും ചെന്നു നിന്നിട്ടില്ല.

"അരയിൽ തിളങ്ങുന്ന
കുടവുമായ്, മിഴികളിൽ
അനുരാഗമഞ്ജനം ചാർത്തി
ജലമെടുക്കാനെന്ന
മട്ടിൽ ഞാൻ തിരുമുമ്പി -
ലൊരുനാളുമെത്തിയിട്ടില്ല"

അതുകൊണ്ടുതന്നെ കൃഷ്ണന് തന്നെ അറിയില്ല എന്നവൾ അടിയുറച്ച് വിശ്വസിച്ചിരുന്നു. കൃഷ്ണന് തന്നെ അറിയില്ലെന്ന് പറയുവാനുള്ള കാരണങ്ങളേ അവൾക്കറിയൂ. കൃഷ്ണന് തന്നെ അറിയാമെന്ന് പറയുവാനാകുന്ന ഒരു സന്ദർഭം പോലും ഓർമയുടെ വിദൂരതയിലെങ്ങും അവൾക്കില്ല. കാളിന്ദിയുടെ കുളിരലകളിൽ പാതിമറഞ്ഞ് വിറപൂണ്ട കൈകൾ നീട്ടി, നാണത്താൽ കൂമ്പിയ മിഴികളുമായി ഉടയാടകൾ വാങ്ങിയ ഗോപാംഗനമാരിൽ അവളുണ്ടായിരുന്നില്ല. കൃഷ്ണന്റെ ഓടക്കുഴൽനാദം കേൾക്കുമ്പോൾ എല്ലാം മറന്ന് അരികിലേക്ക് ഓടിയെത്തിയ ഗോപസ്ത്രീകളുടെ കൂട്ടത്തിലും അവളുണ്ടായിരുന്നില്ല. കൃഷ്ണനോടുള്ള ആത്മസമർപ്പണത്തിന്റേതായ അനുരാഗത്താൽ സ്വയം മറക്കുന്ന ഗോപികമാർ, അണിയൽ മുഴുമിക്കാതെ, തിളച്ചുപൊങ്ങി പാലൊഴുകുന്നതോർക്കാതെ, വീട്ടുജോലികൾ തീർക്കാതെ,

കരയുന്ന കുഞ്ഞിന്റെയും പുരികംചുളിക്കുന്ന ഭർത്താവിന്റെയും സാമീപ്യംപോലും അറിയാതെ സ്വയം മറന്നാണ് കൃഷ്ണന്റെ അരികിലേക്ക് പായുന്നത്. ആ പാച്ചിലിനിടയിൽ ഉടുചേല കിഴിയുന്നതും മുടിയഴിയുന്നതും അവരറിയുന്നില്ല. അവരുടെയെല്ലാം ചിലമ്പൊച്ചകൾ അകലെ മായവേ മിഴികൾ താഴ്ത്തി തന്റെ കുടിലിലേക്ക് തിരികെ വരുന്ന അവൾ, തന്റെ ജന്മംതന്നെ, കുടിലിനുള്ളിലെ നൂറായിരം പണികളിൽ തളച്ചിടുകയാണ്. ഒരുവേള, ആ ഗാനത്തിൽ സ്വയം മറന്ന്, ഓടിക്കിതച്ച്, കൃഷ്ണന്റെ പാദാരവിന്ദങ്ങളിൽ ചെന്നു തലചായ്ച്ചാലോ എന്നു കരുതിയാവാം അവൾ തന്റെ ജന്മം തന്നെ നൂറായിരം പണികളിൽ തളച്ചിടുന്നത്.

"എന്റെ ചെറുകുടിലിൽ
നൂറായിരം പണികളിൽ
എന്റെ ജന്മം ഞാൻ തളച്ചു,
കൃഷ്ണ, നീയെന്നെയറിയില്ല."

കൃഷ്ണന് തന്നെ അറിയില്ലെന്ന് വീണ്ടും വീണ്ടും അവൾ മനസ്സിലുറപ്പിക്കുകാണ്. വൃന്ദാവനത്തിലെ രാത്രികളിൽ ഒരു നീലചന്ദ്രനെപ്പോലെ നിൽക്കുന്ന കൃഷ്ണനു ചുറ്റും കാൽത്തളകൾ കിലുക്കി, പൊട്ടിച്ചിരികൾ ഉതിർത്ത് ഗോപികമാർ ആടിയുലയുമ്പോൾ, അവരുടെ തളിർമേനികളും തരിവളയാണിക്കൈകളും തുകിൽ ഞൊറികളും മഴവില്ലൊളി പകരുന്ന ആ അന്തരീക്ഷത്തിൽ ഈ ഗോപിക ഒരിക്കലും 'മുടിയഴിഞ്ഞ് അണിമലർക്കുല പൊഴിഞ്ഞ്' ആടിയിട്ടില്ല. വള്ളിക്കുടിലിനുള്ളിൽ കണ്ണന്റെ കാലൊച്ച കാതോർത്ത് ചകിതമാനസയായി അവൾ കഴിഞ്ഞിട്ടുമില്ല. ഇക്കാരണങ്ങൾ കൊണ്ടുതന്നെ കൃഷ്ണനൊരിക്കലും തന്നെ അറിയുകയില്ലെന്നവൾക്കുറപ്പായിരുന്നു.

കൃഷ്ണനോടുള്ള ആത്മാർപ്പണം പ്രകടിപ്പിക്കാൻ അവസരങ്ങൾ

ഉണ്ടായിട്ടുപോലും അതിനു മുതിരാതെ നിഷ്കാമമായ ഭക്തിയും സ്നേഹവും ആത്മാവിൽ സൂക്ഷിക്കുകയായിരുന്നു അവൾ. "ആ പ്രേമം അവളിൽ മാത്രം അടങ്ങുന്നതായിരുന്നു. തന്റെ ഹൃദയത്തിൽ വെച്ച് താൻ പൂജിക്കുന്ന പുരുഷൻ പുറമേ കാണുന്നവനല്ല. ആ പ്രേമസാക്ഷാൽക്കാരം ഒരിക്കലും ശരീരങ്ങളുടെ സമാഗമമല്ല. ഈ ഗോപികയുടെ അന്വേഷണയാത്ര ഒരിക്കലും ഒരു ശരീരത്തിന്റെ ഉപലബ്ധി കൊണ്ട് തൃപ്തിയടയുകയില്ല. ഈ ഗോപിക, പ്രേമത്തെ ഉള്ളറയിൽ നീറ്റിയെടുത്ത് അസാധാരണമായ തപഃശക്തിയാക്കി മാറ്റുന്നവളാണ്. തിരസ്കാരം കൊണ്ടോ അവഗണന കൊണ്ടോ അവളെ സ്പർശിക്കാൻ കഴിയില്ല. കാരണം അവളുടെ ശക്തി ആത്മസമർപ്പണത്താൽ പൂജിക്കപ്പെടുന്ന അന്തര്യാമിയാണ്."[6] കാമുകനായ കൃഷ്ണന്റെ ഭൗതികസാന്നിദ്ധ്യം അവൾ ആഗ്രഹിക്കുന്നില്ല. ഇവിടെയാണ് രാധയും ഈ ഗോപികയും തമ്മിലുള്ള വ്യത്യാസം. ഒടുവിൽ രണ്ടുപേരും ആഗ്രഹിക്കുന്ന സാക്ഷാത്കാരസാഫല്യം ഒന്നുതന്നെയാണെന്നിരിക്കിലും അവർ രണ്ടുപേരെയും ഈയൊരു ഘടകം വ്യത്യസ്തരാക്കുന്നു. കൃഷ്ണന്റെ ഓടക്കുഴൽവിളി 'പോരൂ വസന്തമായ്' എന്ന് ഈ ഗോപികയുടെ അന്തരംഗത്തെ തൊട്ട് പാടുമ്പോൾ അതിനെ ജയിക്കുവാനുള്ള ശക്തി ഗോപികയുടെ മനസ്സിനുണ്ട്. ആ ശക്തിനൽകുന്നതാകട്ടെ, കൃഷ്ണനോട് അവൾക്കുള്ള ആത്മാർത്ഥ സ്നേഹമാണ്. കണ്ണന്റെ ഓടക്കുഴൽവിളി തനിക്കുവേണ്ടിയാണ് ഉയരുന്നതെന്നറിയുമ്പോൾ, തന്റെ പാഴ്ക്കുടിലിനുള്ളിൽ തഴുതിട്ടിരുന്ന് ആനന്ദബാഷ്പം പൊഴിക്കുകയാണവൾ;

"ഞാനെന്റെ പാഴ്ക്കുടിലടച്ചു തഴുതിട്ടിരു -
ന്നാനന്ദ ബാഷ്പം പൊഴിച്ചു
ആരോരുമറിയാതെ നിന്നെയെന്നുള്ളിൽവ -

ച്ചാത്മാവു കൂടിയർപ്പിച്ചൂ!"

മറ്റ് ഗോപികമാർ കൃഷ്ണനെ തനിക്കുവേണ്ടി ആഗ്രഹിക്കുമ്പോൾ ഈ ഗോപികയാകട്ടെ തിരികെ മറ്റൊന്നും പ്രതീക്ഷിക്കാതെ തന്റെ ആത്മാവു കൂടി കൃഷ്ണനുവേണ്ടി നൽകുകയാണ്.

കൃഷ്ണൻ മഥുരയിലേക്ക് പോകുന്ന വാർത്ത ഗോകുലത്തെ മുഴുവൻ കരയിക്കുന്നു. ആ നിമിഷം പോലും കൃഷ്ണന്റെ മുന്നിൽ ചെല്ലുവാനോ തന്റെ നിഷ്കാമസ്നേഹം അറിയിക്കുവാനോ അവൾ തയ്യാറാകുന്നില്ല. ഒന്നും മിണ്ടാതെ, അനങ്ങുവാൻ പോലുമാകാതെ തന്റെ ദുഃഖം ഉള്ളിലൊതുക്കി ഇരിക്കുന്ന അവളുടെയുള്ളിൽ 'കൃഷ്ണന് തന്നെ അറിയില്ലെ'ന്ന ചിന്ത അപ്പോഴും ശക്തമായിരുന്നു. തന്റെ കുടിലിനു മുന്നിലൂടെ നൃപചിഹ്നമാർന്ന രഥത്തിൽ മഥുരയിലേക്ക് പോകുന്ന, നിറതിങ്കൾ പോലെയുള്ള കൃഷ്ണനു പിന്നാലെ ഗോപികമാർ കൈനീട്ടി കേഴുകയും ഗോക്കൾ കേണുകൊണ്ട് പിന്നാലെ കുതിക്കുകയും ചെയ്യുന്ന കാഴ്ചയാണ് മിഴിയുയർത്തി നോക്കുന്ന അവൾ കാണുന്നത്. കരുണാമയനായ കൃഷ്ണനാകട്ടെ, തിരുമിഴികൾ രണ്ടും കലങ്ങിച്ചുവന്ന് അവരെ തിരിഞ്ഞുനോക്കുകയാണ്. അപ്പോഴും തന്റെ സ്നേഹത്തെ മറച്ചു വയ്ക്കുകയാണീ ഗോപിക. മറ്റുള്ളവരെപ്പോലെ ദുഃഖത്താൽ പൊട്ടിക്കരയുകയോ, കൃഷ്ണനു പിന്നാലെ കൈനീട്ടിക്കേഴുകയോ ചെയ്യുന്നില്ലവൾ. എങ്കിലും, 'കൃഷ്ണാ നീയെന്നെയറിയില്ല' എന്ന വേദന മാത്രമായിരുന്നു അവളുടെയുള്ളിൽ. ഈ വേദനയെ നിമിഷനേരം കൊണ്ട് തിരുത്തിക്കുറിക്കുകയാണ് കൃഷ്ണൻ. ഏതൊക്കെ കാരണങ്ങൾ കൊണ്ട് കൃഷ്ണന് തന്നെ അറിയില്ലെന്ന് ഗോപിക പറഞ്ഞിരുന്നുവോ, അതേ കാരണങ്ങൾ കൊണ്ടുതന്നെ കൃഷ്ണൻ അവളെ അറിഞ്ഞിരുന്നു.

"അറിയില്ലയെന്നെ നീയെങ്കിലും കൃഷ്ണ, നിൻ

രഥമെന്റെ കുടിലിന്നു മുന്നിൽ
ഒരു മാത്ര നിൽക്കുന്നു! കണ്ണീർ നിറഞ്ഞൊരാ
മിഴികളെൻ നേർക്കു ചായുന്നു !
കരുണയാലാകെത്തളർന്നൊരാ ദിവ്യമാം
സ്മിതമെനിക്കായി നൽകുന്നൂ!"

അവളുടെ ഉള്ളിലെ പവിത്രമായ സ്നേഹം താനറിഞ്ഞിരുന്നെന്നും, അവൾക്കൊപ്പമെന്നും താനുണ്ടായിരുന്നെന്നും തെളിയിക്കുന്നതാണ് കൃഷ്ണന്റെ ദിവ്യമായ മന്ദസ്മിതം. അതാകട്ടെ, ഗോപികയെ അത്ഭുതപരതന്ത്രയും ആഹ്ലാദചിത്തയും ആക്കിത്തീർക്കുകയാണ്.

"കൃഷ്ണ, നീയറിയുമോ എന്നെ?
കൃഷ്ണ! നീയറിയുമോ എന്നെ!!"

ഗോപികയുടെ ഉള്ളിൽ ആദ്യം ഉയരുന്നത് 'കൃഷ്ണ, നീയറിയുമോ എന്നെ?' എന്ന ചോദ്യമാണ്. അതിനുള്ള ഉത്തരമാണ് കൃഷ്ണന്റെ പുഞ്ചിരി എന്നതിനാൽ, പിന്നെ അവളിൽ 'കൃഷ്ണ നീയറിയുമോ എന്നെ!' എന്ന അത്ഭുതം ജനിക്കുന്നു. കവിതയിലെ ഈ അവസാന വരികൾ ഉണർത്തുന്ന വൈകാരികാനുഭൂതി, സുഗതകുമാരിയുടെ, വിരഹാർത്തയും ആത്മാന്വേഷിയുമായി അലഞ്ഞുതിരിയാൻ വിധിക്കപ്പെട്ട രാധയ്ക്കുള്ള മറുപടി കൂടിയാകുന്നു. ഒരേ സമയം തന്നെ, കൃഷ്ണന്റെ കാരുണ്യവും ഗോപികയുടെ വിശുദ്ധ പ്രണയത്തിന്റെ സാഫല്യവും വ്യഞ്ജിപ്പിക്കുന്നതിൽ കവയിത്രി സമർത്ഥമായി വിജയിച്ചിരിക്കുന്നു.

ഏതൊരു സ്ത്രീയും, തന്റെ ഉള്ളിൽ ഒരു കാമുകനെ കാത്തിരിക്കുന്നവളാണ്. സ്ത്രീയുടെ അബോധചേതസ്സിൽ കുടികൊള്ളുന്ന 'പും' ഭാവ (അനിമസ്)ത്തിന്റെ പൂർത്തീകരണ വ്യഗ്രതയാണതിനു കാരണം. ഇത്തരത്തിൽ നോക്കുമ്പോൾ കാമുകനായ കൃഷ്ണനെത്തേടി അല

യുന്ന രാധ സ്ത്രീവർഗ്ഗത്തിന്റെയാകെ പ്രതീകമായി മാറുന്നു.

എല്ലാ സ്ത്രീകളുടെ ഉള്ളിലും ഒരു രാധ കൂടിയിരിക്കുന്നുണ്ടെന്ന യാഥാർത്ഥ്യം വ്യക്തമാക്കുന്നതാണ് സുഗതകുമാരിയുടെ 'ഒരു വൃന്ദാവനരംഗം' എന്ന കവിത. ഇതിൽ കൃഷ്ണൻ പ്രത്യക്ഷമായ ഒരു കഥാപാത്രമായി ആദ്യാവസാനം വർത്തിക്കുന്നു. ഈ കവിതയിൽ യാതൊരു അമാനുഷികതയുമില്ലാതെ കൃഷ്ണനെ അവതരിപ്പിച്ചിരിക്കുന്നു കവയിത്രി. സ്ത്രീ മനസ്സിന്റെ വിവിധതലങ്ങൾ ഇതിലെ രാധയിലൂടെ കവയിത്രി അവതരിപ്പിക്കുന്നു. ജന്മം പരമസത്യത്തിനായുള്ള ഒരു തീരാത്ത തേടലാണെന്ന സത്യംകൂടി കവയിത്രി ഈ കവിതയിൽ ആവിഷ്ക്കരിക്കുന്നുണ്ട്.

മലയാള കവിതാസാഹിത്യത്തിലെ അനശ്വരമായ കവിതയാണ് സുഗതകുമാരിയുടെ 'കൃഷ്ണ, നീയെന്നെയറിയില്ല'. ഈ കവിതയിലെ കേന്ദ്രകഥാപാത്രം രാധയല്ല, ഗോപികയാണ്. അവൾക്കു മുന്നോട്ടു പോകുവാൻ ആരോരുമറിയാതെ ഉള്ളിൽവച്ചു പൂജിക്കുന്ന അന്തര്യാമിയായ കൃഷ്ണന്റെ സാമീപ്യം മാത്രം മതി. കൃഷ്ണൻ തന്നെ അറിയില്ലെന്ന ദുഃഖം പോലും കൃഷ്ണസ്മരണ പോലെ അവളിൽ ആനന്ദം പകരുന്നു.

കൃഷ്ണനെത്തേടി അലയുന്ന രാധയും 'കൃഷ്ണ, നീയെന്നെയറിയില്ല' എന്നു പറയുന്ന ഗോപികയും വ്യത്യസ്തരാണെന്നു തോന്നുമെങ്കിലും ആത്മസത്യം എന്തെന്ന തിരിച്ചറിവുണ്ടായവരാണിവർ രണ്ടുപേരും. ആന്തരികമായി വിരഹിണിയായ രാധയും ഈ ഗോപികയും ഒന്നുതന്നെ; രാധ, ലയിച്ചുചേരുവാൻ വെമ്പൽ കൊള്ളുന്നതും ഈ ഗോപിക ആരോരുമറിയാതെ അന്തരംഗത്തിൽ വെച്ചു പൂജിച്ചു നിർവൃതി കൊള്ളുന്നതും കൃഷ്ണനെയാണെന്നതാണതിന്റെ പ്രധാന കാരണം. സ്നേഹത്തിനു വേണ്ടിയുള്ള അടങ്ങാത്ത ദാഹമാണ് സുഗ

തകുമാരിക്കവിതകളുടെ പ്രത്യേകത. കൃഷ്ണനെത്തേടി അലയാൻമാത്രം വിധിക്കപ്പെട്ട രാധയിലെത്തുമ്പോൾ ഈ അന്തർദാഹം അതിന്റെ സീമയിലെത്തുന്നു.

രാധ, കാമുകനെത്തേടുന്ന കാമുകിയുടെയും പരമാത്മാവിനെത്തേടുന്ന ജീവാത്മാവിന്റെയും പ്രതീകമാകുമ്പോൾ, കാമുകനായും പരമാത്മാവായും അവതരിപ്പിക്കപ്പെടുന്ന കൃഷ്ണൻ അവളിൽത്തന്നെ ലയിച്ചിരുന്നു എന്ന സത്യം വെളിപ്പെടുത്തുന്നു സുഗതകുമാരി.

മനുഷ്യജന്മത്തിന്റെ, ആരംഭവും അവസാനവും അറിയാത്ത അനന്തമായ യാത്രയിലെ, തീരാത്ത തേടലാണ് സുഗതകുമാരിക്കവിതയിലെ രാധാമാധവസങ്കല്പത്തിലൂടെ വെളിപ്പെടുന്നത്. ആ അന്വേഷണത്തിന്റെ പല രൂപഭാവങ്ങളാണ് നമുക്ക് ചുറ്റും കാണുന്ന എല്ലാ അന്വേഷണങ്ങളും. ചുരുക്കത്തിൽ, നിത്യതയെ പുൽകാൻ വെമ്പുന്ന മനുഷ്യനെത്തന്നെയാണ് രാധാമാധവസങ്കല്പത്തിലൂടെ സുഗതകുമാരി അവതരിപ്പിക്കുന്നത്.

## കുറിപ്പുകൾ

1. ഗണേഷ്, സി. '*സുഗതകുമാരിയുടെ ഓണക്കവിതകൾ*' (ലേഖനം) ടോണി മാത്യു, പ്രൊഫ. '*കാട്ടുകിളിയുടെ പാട്ട്*', പുറം - 137.
2. മാലതി, ഡോ. കെ.പി.'*രാധയ്ക്കെന്തുപറ്റി?*' (ലേഖനം) ടോണി മാത്യു, പ്രൊഫ. '*കാട്ടുകിളിയുടെ പാട്ട്*', പുറം - 339.
3. ലീലാവതി, ഡോ. എം. '*അവതാരിക - അമ്പലമണി*', പുറം - 21.
4. ടോണി മാത്യു, പ്രൊഫ. '*കാട്ടുകിളിയുടെ പാട്ട്*', പുറം - 339.
5. അതേപുസ്തകം, പുറം - 339.
6. അതേപുസ്തകം, പുറം - 341.

## സഹായകഗ്രന്ഥങ്ങൾ


1. അയ്യപ്പപ്പണിക്കർ, ഡോ. '*അയ്യപ്പപ്പണിക്കരുടെ ഏഴ് കവിതകൾ : പഠനങ്ങളും*', ഡി.സി.ബുക്സ്, കോട്ടയം, 1983.
2. ടോണി മാത്യു. പ്രൊഫ. '*കാട്ടുകിളിയുടെ പാട്ട്*', കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2011.
3. ലീലാവതി. ഡോ. എം. '*ആദിപ്രരൂപങ്ങൾ സാഹിത്യത്തിൽ – ഒരു പഠനം*', ഡി.സി.ബുക്സ്, കോട്ടയം.
4. ലീലാവതി. ഡോ. എം. '*കവിതാരതി*', മാതൃഭൂമിബുക്സ്, കോഴിക്കോട്, 1997.
5. സുഗതകുമാരി, '*കൃഷ്ണകവിതകൾ*', ഡി.സി.ബുക്സ്, കോട്ടയം, 1996.
6. സുഗതകുമാരി. '*മണലെഴുത്ത്*', ഡി.സി.ബുക്സ്, കോട്ടയം, 2006.
7. സുഗതകുമാരി. '*രാധയെവിടെ?*', ഡി.സി.ബുക്സ്, കോട്ടയം, 1995.

# പെണ്ണും പ്രകൃതിയും സുഗതകുമാരിക്കവിതകളിൽ

**പാർവതികൃഷ്ണ പി.എൽ.**

പ്രകൃതിയുടെ പൂർണ്ണമായ അവസ്ഥയെയാണ് പരിസ്ഥിതി ദർശനം കൊണ്ട് ആവിഷ്കരിക്കുന്നത്. വ്യവസായവൽക്കരണവും നാഗരികതയും ശക്തിപ്രാപിച്ചതോടുകൂടി പ്രകൃതി നാശത്തിന്റെ വക്കിലെത്തി. പ്രകൃതിയെ അതിന്റെ തനിമയോടുകൂടി തിരിച്ചുകൊണ്ടുവന്നേ മതിയാവൂ എന്ന ലക്ഷ്യം ഉരുത്തിരിഞ്ഞു. പ്രകൃതി സംരക്ഷിക്കപ്പെടേണ്ട ഒന്നാണ് എന്ന ബോധം ജനങ്ങളിലുണ്ടായി. ഈ ഒരു പ്രശ്ന പരിസരത്ത് ഉദയം കൊണ്ടതാണ് പരിസ്ഥിതിദർശനവും പരിസ്ഥിതി സൗന്ദര്യശാസ്ത്രവും.

മനുഷ്യൻ ഇന്ന് ഉപഭോഗസംസ്കാരത്തിന്റെ ഭാഗമായിത്തീർന്നിരിക്കുന്നു. പ്രകൃതിയിലേക്കുള്ള മടങ്ങിപ്പോക്ക് ക്ലേശകരമാണ് എന്ന വിപത്ത് മുൻകൂട്ടി തിരിച്ചറിഞ്ഞ് പ്രവചിച്ചവരാണ് കവികൾ. പരിസ്ഥിതി ദർശനം എന്ന പേരിലല്ലെങ്കിലും മലയാളസാഹിത്യത്തിൽ ആദികാലം മുതൽ തന്നെ പ്രകൃതിയുടെ സജീവസാന്നിധ്യം ഉണ്ടായിരുന്നു. 1990-കളിലാണ് മലയാളത്തിൽ പാരിസ്ഥിതിക സൗന്ദര്യശാസ്ത്ര ചിന്തയുണ്ടാകുന്നത്. മലയാളത്തിലെ ആദ്യത്തെ പരിസ്ഥിതി സൗന്ദര്യശാസ്ത്ര രചന എന്നു പറയുന്നത് 1992-ൽ പ്രസിദ്ധീകരിച്ച ടി.പി.സുകുമാരന്റെ 'പരിസ്ഥിതി സൗന്ദര്യശാസ്ത്രം: ഒരു മുഖവുര' എന്ന കൃതിയാണ്.[1] ഈ കൃതി മാനുഷികതയിൽ ഊന്നി നിന്നുകൊണ്ട് പരിസ്ഥിതി സൗന്ദര്യശാസ്ത്രം വികസിപ്പിക്കാൻ നിഷ്കർഷിച്ചു.

പരിസ്ഥിതിവാദ പ്രസ്ഥാനത്തിന്റെ സമാന്തരഭാഗമായാണ്

പാരിസ്ഥിതിക സ്ത്രീവാദം ഉടലെടുക്കുന്നത്. പെണ്ണും പ്രകൃതിയും സമാനരീതിയിൽ തന്നെയാണ് ചൂഷണം ചെയ്യപ്പെടുന്നതെന്നും അതുകൊണ്ട് അവ രണ്ടും ഐക്യപ്പെട്ടുകൊണ്ടുള്ള പ്രതിരോധമാണ് അഭികാമ്യമെന്നും സ്ത്രീപക്ഷ കവിതകൾ തിരിച്ചറിയുന്നു. സ്ത്രീ സ്വാതന്ത്ര്യത്തെ വിശദമാക്കാൻ പ്രകൃതിയെ തിരിച്ചറിയുകയും പ്രകൃതി യുടെ പ്രശ്നങ്ങൾ മാനവരാശിയുടെ തന്നെ പ്രശ്നങ്ങളായി ഉൾക്കൊ ള്ളുകയും പരിസ്ഥിതി പ്രശ്നവും സ്ത്രീപ്രശ്നവും സമന്വയിപ്പിച്ച് പാരിസ്ഥിതിക സ്ത്രീവാദമായി കാണാവുന്നതുമാണ്.ആധുനിക ഫെമിനിസ്റ്റ് സൈദ്ധാന്തികരുടെ ഇടയിൽ സ്ത്രീയെ പ്രകൃതിയുമായി ബന്ധിപ്പിച്ച് ആദ്യം ചിന്തിച്ചത് 'സീമോങ് ദ ബുവ്വ്'ആണ്.

മലിനീകരണത്തിന്റെയും ചൂഷണത്തിന്റെയും സമാനാനുഭവ മാണ് പ്രകൃതിയും സ്ത്രീയും നേരിടുന്നത്. ഇത്തരം പ്രശ്നങ്ങളിൽ നിന്ന് സ്ത്രീയെയും പ്രകൃതിയെയും രക്ഷിക്കണം എന്ന് പാരിസ്ഥി തിക സ്ത്രീവാദികൾ വിശ്വസിക്കുന്നു. സാഹിത്യം, ചിത്രകല, ശാസ്ത്രം തുടങ്ങിയ പ്രവൃത്തിമണ്ഡലങ്ങളിൽ ഉറച്ചുനിന്നു അവർ മുന്നോട്ടു പോകുന്നു.

മലയാളിയുടെ സാഹിത്യസൗന്ദര്യബോധത്തിൽ വലിയ മാറ്റം ഉണ്ടാക്കിയ ഒന്നായിരുന്നു ആധുനികത. ഈ കാലഘട്ടത്തിൽ കാല്പ നികതയുടെ ഭാവഗുണങ്ങൾ കൈവിടാതെ കവിതകളെഴുതാൻ കഴിഞ്ഞ എഴുത്തുകാരിയാണ് സുഗതകുമാരി.സുഗതകുമാരിയുടെ കാവ്യസരണിയിൽ ഒരിക്കലും വറ്റാത്ത ഉറവയാണ് പ്രകൃതി. പ്രകൃതിയും പ്രകൃതി സംരക്ഷണവുമൊക്കെ പരിസ്ഥിതിപ്രേമികളുടെ വിഷയം ആകുന്നതിനുമുൻപുതന്നെ സുഗതകുമാരി പ്രതികരിക്കാൻ തുടങ്ങിയിരുന്നു. പ്രകൃതിവാദ കവിതകൾ, സ്ത്രീവാദ കവിതകൾ, പാരിസ്ഥിതിക സ്ത്രീവാദകവിതകൾ എന്നിങ്ങനെയൊരു വളർച്ച

സുഗതകുമാരിക്കവിതകളിൽ കാണാം.

പ്രകൃതിയോട് വളരെയധികം ഇഴികിച്ചേർന്ന കവിതകളാണ് സുഗതകുമാരിയുടേത്. ജീവിതത്തോടുള്ള പ്രണയവും കലഹവും എല്ലാം പ്രകൃതിയിലൂടെ ആവിഷ്കരിച്ചിരിക്കുന്നു. മുത്തുച്ചിപ്പി, തുലാവർഷപ്പച്ച, രാത്രിമഴ,ഇരുൾച്ചിറകുകൾ, നിലാവിനുമണമുണ്ട് തുടങ്ങിയ കവിതകളിൽ പ്രകൃതിജീവിതമാണ് കാവ്യവിഷയം.

എൺപതുകളിൽ സുഗതകുമാരിയുടെ കവിതകൾ വലിയ മാറ്റങ്ങൾക്ക് വിധേയമാകുന്നുണ്ട്. കവിതകളിലുടനീളം സാമൂഹിക പ്രതിബദ്ധത നിറഞ്ഞുനിൽക്കുന്നു. അമ്മ, മകൾ, സഹോദരി തുടങ്ങി സ്ത്രീയുടെ വിഭിന്ന ഭാവങ്ങളെ കവിതകളിൽ ആവിഷ്കരിക്കുന്നു.

വെറും വിലാപഗാനം എന്നതിലുപരിയായി എക്കാലത്തും ഏതു ദേശത്തുമുള്ള സ്ത്രീകളുടെ സ്വാതന്ത്ര്യബോധത്തിന്റേതും അവകാശനേട്ടത്തിന്റേതുമായ സ്ത്രീചരിത്രങ്ങൾ കവിതകളിൽ ഇടം പിടിച്ചു. ഒപ്പം സഹനത്തിന്റേയും ആശ്വാസത്തിന്റേയും സന്തോഷത്തിൽ മുഴുകുന്ന സ്ത്രീകളേയും കാണാം. ഇത്തരത്തിൽ സുഗതകുമാരിയുടെ ഒരു കാലഘട്ടത്തിലെ എഴുത്തിലുണ്ടായ മാറ്റം ശക്തമായി അടയാളപ്പെടുത്തുന്ന കവിതയാണ് 'രാത്രിമഴ' .

കാല്പനികാഭിരതി സ്വത്വാവബോധത്തിലേക്ക് എങ്ങനെ തിരിയുന്നു എന്നതിന് തെളിവാണ് ഈ കൃതി.

'രാത്രിമഴ, ചുമ്മാതെ
കേണും ചിരിച്ചും
വിതുമ്പിയും നിർത്താതെ
പിറുപിറുത്തും നീണ്ട
മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നോരു

യുവതിയാം ഭ്രാന്തിയെപ്പോലെ'[3]

ഭ്രാന്തിയായ, ഇത്തരം ചേഷ്ടകൾ കാണിക്കുന്ന സ്ത്രീയോട് രാത്രിമഴയെ ബിംബവൽക്കരിച്ചിരിക്കുന്നു. ഇവിടെ മഴ, സ്ത്രീ സ്വത്വത്തെ ആവിഷ്കരിക്കുന്നു. ഭ്രാന്തിയായ യുവതിയും ഖിന്നയായ സ്ത്രീയുമായി മഴ മാറുമ്പോൾ അവളുടെ സ്വത്വപ്രതിസന്ധിയാണ് മൂടുപടം മാറ്റുന്നത്.

'ആരോ പറഞ്ഞു
മുറിച്ചുമാറ്റാം കേടു -
ബാധിച്ചോരവയവം ;
പക്ഷെ, കൊടും കേടു
ബാധിച്ച പാവം മനസ്സോ?'[4]

സ്വപ്നങ്ങൾക്കോ സങ്കല്പങ്ങൾക്കോ ഉള്ള എല്ലാ സാധ്യതകളും രാത്രിമഴ നിരസിക്കുന്നു. വർത്തമാനകാലത്തിന്റെ നീറുന്ന യാഥാർത്ഥ്യങ്ങളെ കവിതയിൽ അവതരിപ്പിക്കുന്നു. എന്റെ രോഗശയ്യയിൽ ഒരു പ്രിയ ജനത്തെപ്പോലെ നീ എന്നെ ആശ്വസിപ്പിച്ചു. നിന്റെ തണുത്ത വിരലുകൾ കൊണ്ട് എന്റെ ദുഃഖം നീ ശമിപ്പിച്ചു. എന്നിങ്ങനെ മഴയുടെ വിവിധ ഭാഗങ്ങളെ ചിത്രീകരിക്കുന്നതോടൊപ്പം തന്നെ മനസ്സിന്റെ വ്യാകുലതകളെ എങ്ങനെ അകറ്റാനാണ് എന്നൊരു ചിന്ത കൂടി കടന്നു വന്നു. ദുരന്ത യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുകയാണ് കവിയിത്രി ഇവിടെ.

തന്റെ സൗഭാഗ്യരാത്രികളിൽ തനിക്ക് സന്തോഷം പകരുകയും തന്റെ രോഗശയ്യയിൽ തനിക്കു താങ്ങാവുകയും കരയാൻ മറന്ന് ശിലപോലെ നിശ്ചലയായ തനിക്കു മുന്നിൽ ദുഃഖ സാക്ഷിയായി നിലകൊള്ളുന്ന രാത്രിമഴയോട് പറയുന്നത് ഇപ്രകാരമാണ്. നിന്റെ ശൂന്യതയും ദുഃഖവും രോഷവും എല്ലാം മനസ്സിലാകുന്നു. രാത്രി മുഴുവൻ

ആരും കാണാതെ തേങ്ങുകയും പകൽ ചിരിച്ച മുഖത്തോടെ യുള്ള നിന്റെ നാട്യവും എല്ലാം. കാരണം ഞാനും നിന്നെപ്പോലെയാണ് എന്നു എഴുത്തുകാരി സമർഥിക്കുന്നു. ഏതോ നിഗൂഢ രഹസ്യം തനിക്കും പ്രകൃതിയ്ക്കും ഇടയിലുള്ളതുകൊണ്ടാണ് പ്രകൃതിയുടെ ഉള്ളിലെ രോദനം തനിക്ക് തിരിച്ചറിയാനാവുന്നത് എന്ന് കവിയത്രി പറയുന്നു.

പ്രകൃതിയും സ്ത്രീകളും തമ്മിലുള്ള പാരസ്പര്യം സൂസൻ ഗ്രിഫിന്റെ "Women and Nature : The Roaring inside Her" എന്ന ഗ്രന്ഥത്തിൽ പറയുന്നു. നമ്മൾ സ്ത്രീകളാണ്

'നമ്മൾപ്രകൃതിയാണ്
നമ്മൾ പൂക്കളും കാറ്റും പറവകളുമാണ്
നമ്മൾ പ്രകൃതിയും സ്ത്രീകളുമാണ്
അവൻ പറയുന്നു,
നമ്മുടെ സംസാരം അവൻ കേൾക്കുന്നില്ല എന്ന്
പക്ഷെ നാം കേൾക്കുന്നു.' [5]

ഇവിടെ സ്ത്രീയുടെയും പ്രകൃതിയുടെയും വേദനയും രോദനവും അവർ പരസ്പരം കേൾക്കുന്നു.

'പുലരിയെത്തുമ്പോൾ
മുഖം തുടച്ചുള്ള നിൻ
ചിരിയും തിടുക്കവും
നാട്യവും ഞാനറിയും
അറിയുന്നതെന്തുകൊ
ണ്ടെന്നോ ? സഖീ, ഞാനു
മിതുപോലെ, രാത്രമഴ പോലെ' [6]

ഈ തിരിച്ചറിവ് , സ്ത്രീയുടെയും പരിസ്ഥിതിയുടെയും സംരക്ഷണ

ത്തിലൂടെ മാത്രമേ സാമൂഹ്യ വ്യവസ്ഥിതിയിൽ പ്രശാന്തതയും സമൃദ്ധിയും നിലനിർത്താനാകൂ എന്ന ഒരു പാരിസ്ഥിതിക സ്ത്രീവാദ കാഴ്ചപ്പാട് ഈ കവിതയിൽ നിലനിർത്തുന്നു.

പാരിസ്ഥിതിക നാശം ബാധിക്കുന്നത് ജീവന്റെ നിലനിൽപ്പിനെയാണ്. സ്ത്രീയെ ചൂഷണം ചെയ്യുന്ന പുരുഷാധിപത്യ പ്രവണതകളെ, പ്രകൃതിയുടെ നേർക്കുള്ള വ്യാവസായിക സമൂഹത്തിന്റെ ചൂഷണങ്ങളോടു സാമ്യപ്പെടുത്തുന്നു. ഇത്തരത്തിലുള്ള ഒരു ഇക്കോഫെമിനിയൻ ചിന്തയാണ് സുഗതകുമാരിയുടെ 'മരങ്ങൾ' എന്ന കവിത യിൽ കാണുന്നത്.

'അവനായ് മരം നട്ടും നനച്ചും തണൽ വെച്ചും
അവനായ് പൂവും കിളിമുട്ടയും പാട്ടും കാത്തും
ഉഴലുന്നവർ ഞങ്ങൾ , ഭൂമിയെ പൈതങ്ങളെ
മഴയെ, ക്കാരുണ്യത്തെ, ശ്ശാന്തിയിലെ സനേഹിപ്പവർ'[7]

സ്ത്രീയ്ക്ക് പരിസ്ഥിതിയോടുള്ള സവിശേഷബന്ധിത്തിലാണ് കവിത നിലയുറപ്പിക്കുന്നത്. പെണ്ണിനെ ചൂഷണം ചെയ്യുന്ന പുരുഷൻ എന്നതുപോലെ പരിസ്ഥിതിയ്ക്ക് യന്ത്ര-സംസ്കൃതി എന്നൊരു സമവാക്യം ഇക്കോഫെമിനിസം കണ്ടെത്തുന്നു.8

സ്ത്രീയെ. സ്ത്രീയവസ്ഥയെ പ്രകൃതിയിലേക്ക് സന്നിവേശിപ്പിക്കുന്ന മറ്റൊരു കവിതയാണ് ഇരുൾച്ചിറകുകൾ സത്രൈണ പാരിസ്ഥിക മൂല്യങ്ങളുടെ വീണ്ടെടുപ്പ് ഈ കൃതിയിൽ കാണാം. രാത്രിയുടെ സൗന്ദര്യവും ഭയാനകതയും പേറി ഇരുളിലേയ്ക്ക് ചിറകുവിരിക്കുന്ന സ്ത്രീയാണ് ഇവിടെ.

'നിന്നെ ഞാൻ. നിദ്രേ ഗാഢം
സ്നേഹിപ്പൂ, പക്ഷേ നിന്റെ
പിന്നിലായ് മുഖം താഴ്ത്തി

ക്കാത്തുനിന്നിടുവോളെ'[10]

സ്വപ്നങ്ങളിലൂടെ പറന്നുയരുന്ന അവളെ പൊൻനൂലു കൊണ്ട് പൊൻകിളിക്കൂടിനുള്ളിൽ അടച്ചിട്ടാല്ലോ എന്നവൾ ഭയക്കുന്നു. സ്നേഹത്തിലൂടെ അവളുടെ കാലുകൾ ബന്ധിപ്പിച്ച് യാത്ര തടഞ്ഞലോ എന്നവൾ ഭയപ്പെടുന്നു.

'ഇരുളിൽ കാണാവുന്ന
കണ്ണുകളിളം മഞ്ഞ
നിറമായ് തിളങ്ങിയും
മങ്ങിയ ചിറകുകൾ
കുടഞ്ഞും നഖരങ്ങൾ
വളഞ്ഞും താഴും രാവി
ന്നിരതേടിടും ക്രൂര -
മുഖരമാം പറവകൾ[11]

ഇതിൽ നിന്നൊക്കെ വിടുതി തേടി, കടൽ കിളിയെ പോലെ വിഹായസ്സിൽ, വൻ കയങ്ങളിൽ മുങ്ങിയും പൊങ്ങിയും വിഹരിക്കുന്നു. ഒടുവിൽ വാടിയ പൂവുപോലെ തൻ കൂട്ടിലേയ്ക്ക് തിരികെയെത്തുന്നു. ഇരുട്ടിൽ ചിറകു വിരിക്കാൻ വെമ്പുന്ന സ്ത്രീയും പ്രകൃതിയും ഇവിടെ സമാനാനുഭവങ്ങൾ ആകുന്നു. പ്രകൃതിയുടെ വശ്യതയും സൗന്ദര്യവും തൊട്ടുപിന്നാലെ ഭീകരതയുടെ കിങ്കരന്മാരും ഇരുളിനെ സവിശേഷമാക്കുന്നു.

'സ്ത്രീശാപം കൊണ്ടും ബാലശാപം കൊണ്ടും പ്രകൃതിശാപം ദുസ്സഹമായ ഒരു കാലഘട്ടത്തെ , ദു:ഖത്തിന്റെയും രോഷത്തിന്റെയും നീതിബോധത്തിന്റെയും അഗ്നിബാധ കൊണ്ടു പ്രതിരോധിക്കുന്ന വാങ്മയം സുഗതകുമാരിയുടെ ലോകാനുരാഗത്തിന്റെ ദുർഗാമുഖമത്രേ'[12] എന്ന് സുഗതകുമാരി കവിതകളെ ഒന്നടങ്കം വളരെ

സവിശേഷമായി എടുത്തു പറഞ്ഞിരിക്കുകയാണ് ലോകാനുരാഗ ത്തിന്റെ അഭിജ്ഞാനം എന്ന ലേഖനത്തിൽ 'ബാലചന്ദ്രൻ ചുള്ളിക്കാട്'.

ഇന്ന് വികസനമെന്ന പേരിൽ പ്രത്യക്ഷത്തിൽ നടക്കുന്നത് പ്രകൃതി ചൂഷണമാണ്. ബലമുള്ളവൻ അതിജീവിക്കുകയും ദുർബലൻ കീഴടങ്ങുകയും ചെയ്യുന്നു എന്ന പ്രകൃതി നിയമം, സ്ത്രീയെയും പ്രകൃതിയെയും സംബന്ധിച്ച് യാഥാർത്ഥ്യമായി മാറുന്നു. സ്ത്രീയെ രണ്ടാംതരം പൗരനായി മാത്രം കാണുന്ന സംസ്കാരം പ്രകൃതിയെ എങ്ങനെ കാണുന്നുവെന്ന് ഷെറി ഓർട്ട്നർ പറയുന്നു. സത്രീയെ തനിക്കുപയോഗിക്കാനുള്ള ഒരുപകരണം മാത്രമായിക്കാണുന്ന പുരുഷ സംസ്കാരം, പ്രകൃതിയെ സ്വാർത്ഥതാൽപര്യങ്ങൾക്കായി ഉപയോഗി ക്കുകയും ചൊൽപ്പടിയിൽ നിർത്തുകയും ചെയ്യുന്ന മാനവസംസ്കാ രത്തിൽ നിന്നു ഭിന്നമല്ല. സ്ത്രീയും പ്രകൃതിയും വിധേയത്വത്തിന്റേയും പുരുഷനും സംസ്കാരവും അധീശത്വത്തിന്റെയും ഭാഗത്തു നിലയുറ പ്പിച്ചിരുന്നു. [13]

മനുഷ്യരാശിയുടെ നിലനില്പിന് ആവശ്യമായ അവബോധം എന്ന നിലയിൽ പരിസ്ഥിതി ചിന്തകൾ ഇന്ന് മാറികഴിഞ്ഞു. പരിസ്ഥിതി നശീകരണത്തിനെതിരെ ജനങ്ങളിൽ ഒരു പുതിയ മാറ്റം ഉണർത്തിയ കവയത്രിയാണ് സുഗതകുമാരി. പരിസ്ഥിതി മൂല്യങ്ങളെ വീണ്ടെടു ക്കാൻ, ഒപ്പം ആരുമില്ലാത്തവർക്ക് അഭയം നൽകാൻ തന്റെ മനസ്സും തൂലികയും ഒരുമിച്ച് പ്രവർത്തിപ്പിച്ച എഴുത്തുകാരിയാണ് സുഗ തകുമാരി. പ്രകൃതിയെ തൊട്ടാൽ ഉണരുന്ന പ്രതിഷേധവും ഉപേക്ഷി ക്കപ്പെട്ടവരിൽ ഉണരുന്ന കരുണയും നിറഞ്ഞു തുളുമ്പുന്ന കാവ്യഭാവ നയും സുഗതകുമാരിയെന്ന എഴുത്തുകാരിയെ വ്യത്യസ്തയാക്കുന്നു. പെണ്ണും പ്രകൃതിയും ഇവിടെ ഭിന്ന ഭാവങ്ങളിൽ കവിതയിൽ നിറയുന്നു. അവരുടെ ദു:ഖം തന്റെയും ദു:ഖമായിരുന്നു. അതിഭാവുകത്വത്തിൽ

നിന്നും നീറുന്ന സത്യത്തിലേക്കുള്ള പരിണാമമാണ് സുഗതകുമാരി യുടെ ഓരോ കവിതകളും.

## കുറിപ്പുകൾ

1. മധുസൂദനൻ ജി., 2002, *ഹരിതനിരുപണം മലയാളത്തിൽ*, കറന്റ് ബുക്സ് , കോട്ടയം പുറം : 14
2. മധുസൂദനൻ ജി., 2011 , *കഥയും പരിസ്ഥിതിയും*, ഡി.സി.ബുക്സ്, കോട്ടയം, പുറം : 369
3. സുഗതകുമാരി, 2011, *സുഗതകുമാരി കവിതകൾ: സമ്പൂർണ്ണം* ഡി.സി.ബുക്സ്, കോട്ടയം പുറം : 320 .
4. സുഗതകുമാരി, 2011, *സുഗതകുമാരി കവിതകൾ: സമ്പൂർണ്ണം* ഡി.സി.ബുക്സ്, കോട്ടയം പുറം : 320 .
5. ജാൻസി ജെയിംസ് 2000, *ഫെമിനിസം*,കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട് തിരുവനന്തപുരം, പുറം : 368
6. സുഗതകുമാരി, 2011, *സുഗതകുമാരി കവിതകൾ സമ്പൂർണ്ണം:* ഡി.സി.ബുക്സ്, കോട്ടയം പുറം : 321 .
7. സുഗതകുമാരി, 1990, *തുലാവർഷപ്പച്ച :* ഡി.സി.ബുക്സ്, കോട്ടയം പുറം : 84.
8. മധുസൂദനൻ ജി., 2002, *ഹരിത നിരൂപണം മലയാളത്തിൽ*, കറന്റ് ബുക്സ് : കോട്ടയം, പുറം : 213.
9. സുഗതകുമാരി, 2011, *സുഗതകുമാരി കവിതകൾ സമ്പൂർണ്ണം* : ഡി.സി.ബുക്സ്, കോട്ടയം പുറം : 243.
10. സുഗതകുമാരി, 2011, *സുഗതകുമാരി കവിതകൾ സമ്പൂർണ്ണം :* ഡി.സി.ബുക്സ്, കോട്ടയം പുറം : 245.
11. മാത്രൂഭൂമി ആഴ്ചപതിപ്പ് , 2021 , ലക്കം 42, പുറം : 46

12. ജാൻസി ജെയിംസ്, 2000, *ഫെമിനിസം,* കേരള ഭാഷാ ഇൻസ്റ്റി റ്റ്യൂട്ട് തിരുവനന്തപുരം പുറം : 373

## സഹായകഗ്രന്ഥങ്ങൾ

1. ജയകൃഷ്ണൻ എൻ., *പെണ്ണെഴുത്ത്* , കേരളഭാഷ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം,2017.
2. ജാൻസി ജയിംസ്, *ഫെമിനിസം,* കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, 2000.
3.. മധുസൂദനൻ ജി., *ഹരിതനിരുപണം മലയാളത്തിൽ,* കറന്റ് ബുക്സ് തൃശൂർ, 2002.
4. മധുസൂദൻ. ജി., *കഥയും പരിസ്ഥിതിയും* , ഡി.സിസബുക്സ് കോട്ടയം, 2011.
5. സുഗതകുമാരി, *തുലാവർഷപ്പച്ച,* സി.ഡി. ബുക്സ് കോട്ടയം,1990.
6. സുഗതകുമാരി,*സുഗതകുമാരി കവിതകൾ സമ്പൂർണ്ണം:* ഡി.സി.ബുക്സ്, കോട്ടയം,2011.

## ആനുകാലികങ്ങൾ

1. മാതൃഭൂമി ആഴ്ചപ്പതിപ്പ്, 2021 , ലക്കം 42.
2. മാതൃഭൂമി ഓണപതിപ്പ് 2016 , ലക്കം 26.

# ഉപഭോഗസംസ്കൃതിയുടെ ആവിഷ്കാരം സുഗതകുമാരിക്കവിതകളിൽ

**സ്വാതി മോഹൻ ജെ.**

മാനവരാശിയുടെ നിലനില്പ്പ് ആത്യന്തികമായി പരിസ്ഥിതിയുടെ സന്തുലിതാവസ്ഥയിലാണ്. പുത്തൻ മുതലാളിത്ത വികസന സങ്കല്പത്തിൽ പരിസ്ഥിതി ഒരു വിപണി വിഭവം മാത്രമാണ്. ദൈവത്തിന്റെ സ്വന്തം നാട് എന്ന പരസ്യവാചകത്തിന്റെ ആത്മാവ് വരെ നഷ്ടപ്പെട്ട പുതിയൊരു പ്രകൃതിയെയാണ് നമുക്കിന്ന് കാണാൻ കഴിയുന്നത്. കേരളീയതയുടെ മുഖമുദ്രയായ ഹരിതഭംഗിയും കാലാവസ്ഥയും ഗൃഹാതുരമായ ഓർമ്മകൾ മാത്രമായി ചുരുങ്ങി. ഏത് നിമിഷവും പ്രകൃതിദുരന്തത്താൽ തകർന്നടിയാവുന്ന ഭീകരാവസ്ഥയെ മുന്നിൽ കണ്ട് ഭയചകിതരായി ജീവിക്കേണ്ട ദുരവസ്ഥയിലേക്ക് കേരളീയജനത മാറി. ആഗോളവത്കരണാനന്തരം പ്രകടമായ സാങ്കേതികവിദ്യ യുടെ അമിതമായ ധാരാളിത്തവും നഗരവത്കരണവും വിപണികേന്ദ്രീകൃത ജീവിതവ്യവസ്ഥയും ഉപഭോഗാസക്തിയും പരിസ്ഥിതിയുടെ രൂപ-ഭാവതലങ്ങളെ അതിശയകരമായ വിധം മാറ്റിമറിച്ചു. വികസന സങ്കല്പങ്ങളെല്ലാം പരിസ്ഥിതിയുടെ കടയ്ക്കൽ കത്തിവച്ചു മുന്നോട്ടു നീങ്ങി.

ഉപഭോഗവാഞ്ഛ മനുഷ്യസഹജമാണ്. എന്നാൽ ആഗോളവത്കരണാനന്തരം കേരളീയസമൂഹം ഉപഭോഗഭ്രമമുള്ള ഒരു ജനതയായിത്തീർന്നു. ലോകത്തെ ഒരൊറ്റ കുടക്കീഴിൽ കൊണ്ടുവന്ന് വിപണനം നടത്തുക എന്ന ബഹുരാഷ്ട്ര മുതലാളിത്തവ്യവസ്ഥയുടെ മുഖ്യ അജണ്ട കേരളത്തിലും പ്രാവർത്തികമായി. "അന്തർദേശീയ ഉപഭോ

ഗശൈലിയെ വളർത്തുവാൻ ബഹുരാഷ്ട്ര കോർപ്പറേഷനുകളുടെ ശക്തമായ പിൻബലത്തോടെ പ്രവർത്തിക്കുന്ന ഉത്തരാധുനിക സൃഷ്ടികളായ വിനോദവ്യവസായവും മാധ്യമവ്യവസായവും സംസ്കാരവ്യവസായവും ദേശീയവും പ്രാദേശികവും തദ്ദേശീയവുമായ ജീവിതശൈലികളെയും സാംസ്കാരിക രൂപങ്ങളെയും ഉള്ളടക്കുകയും (Subsume) ഒരു നവാധിനിവേശ സംസ്കാരത്തെ ഊട്ടിയുറപ്പിക്കുകയും ചെയ്യുന്നു" (സി. ബി സുധാകരൻ, 2001 :11). വിപണി കേന്ദ്രീകരിച്ചുള്ള പുത്തൻ ശീലങ്ങളിൽ പഴമയെ തഴഞ്ഞ് പുതുമയുടെ പിറകെ പായുകയും വൈദേശികബ്രാന്റുകളും സംസ്കാരവും വിപണിയിൽ ആധിപത്യം നേടുകയും ചെയ്തു. സകലതും ഉപഭോഗവസ്തുക്കളായി രൂപാന്തരപ്പെട്ടു.

നാട്ടിൻപുറത്തെ പലചരക്കുകടയിൽ നിന്ന് ഷോപ്പിംഗ് മാളുകളിലേക്ക് ചേക്കേറിയ മലയാളി ആഡംബരത്തിനു പുത്തൻ നിർവ്വചനം നൽകി. ഉല്പാദനമില്ലാതെയുള്ള ഉപഭോഗം ഒരു സംസ്കാരമായി മാറി. "നമ്മുടേതുപോലുള്ള ഒരു ഉപഭോഗസമൂഹം ബഹുരാഷ്ട്ര കോർപ്പറേഷനുകൾ നിർണ്ണയിക്കുന്ന കമ്പോളഘടനയുടെ പ്രവർത്തനയുക്തിക്കും അതുല്പാദിപ്പിക്കുന്ന സാംസ്കാരികമൂല്യങ്ങൾക്കും അനുസൃതമായി മുന്നോട്ടു പോകുന്ന ഒന്നാണ്. ഭൗതികസാഹചര്യങ്ങൾ വർദ്ധിപ്പിക്കുവാനും ലൗകികസുഖങ്ങൾ തേടുവാനും നമ്മെ പ്രേരിപ്പിക്കുന്ന യുക്തിയാണിതിന്റേത്. നൈമിഷികതയുടെയും ഭംഗുരതയുടെയും യുക്തി. ഒരു Throw way സംസ്കാരത്തെ സൃഷ്ടിക്കുന്ന യുക്തി" (സി.ബി സുധാകരൻ, 2001 :111). ലാഭം മാത്രം മുന്നിൽ കണ്ടുകൊണ്ടുള്ള കോർപ്പറേറ്റ് വ്യവസ്ഥയുടെ ഈ യുക്തി മലയാളിയെ പുത്തൻ ശീലങ്ങളിലേക്ക് നയിച്ചു.

കമ്പോളവ്യവസ്ഥിതിയുടെ ഫലമായി ഭൗതികസാഹചര്യത്തിൽ

വന്ന മാറ്റം മാനവികതയെ പുനർനിർവ്വചനത്തിനു വിധേയമാക്കി. മൂല്യത്തേക്കാൾ മൂലധനചിന്തയ്ക്ക് പ്രാമുഖ്യം വന്നപ്പോൾ മനുഷ്യൻ 'സ്വയം ചരക്കാവൽ' പ്രക്രിയയുടെ ഭാഗമായി. ലോകം ഒറ്റക്കമ്പോളമായി മാറി.

"ആളു തിക്കിത്തിരക്കിയേറുന്ന-
താണു ചന്തയാണെൻ പ്രപഞ്ചം.
വില്പനയ്ക്കു ചരക്കുകളും പേറി
വില്പനക്കാർ വരുന്നു, പോകുന്നു,
തങ്ങളെത്തന്നെ വിൽക്കുന്നു, വീണ്ടും
തങ്ങൾതന്നെ വിലപേശി നിൽപൂ"

(കുരുക്ഷേത്രം)

എന്ന അയ്യപ്പപ്പണിക്കരുടെ അടയാളപ്പെടുത്തൽ ഉത്തരാധുനികവിപണിവ്യവസ്ഥയോടും ജീവിതാവസ്ഥയോടും ചേർത്ത് വായിക്കാവുന്നതാണ്.

ഉപഭോഗപരതയുടെ പുത്തൻ സാംസ്കാരികാവസ്ഥയിൽ മണ്ണും പെണ്ണും ദളിതനും പരിസ്ഥിതിയുമടങ്ങുന്ന ഒരു വലിയ വിഭാഗം തീവ്രമായി അരികുവൽക്കരിക്കപ്പെടുന്നു. തണ്ണീർത്തടങ്ങളും ചതുപ്പുകളും നികത്തി പരിസ്ഥിതിയുടെ സ്വാഭാവികതയെ നഷ്ടപ്പെടുത്തിക്കൊണ്ട് ഉയരുന്ന ലക്ഷ്വറി അപ്പാർട്ട്മെന്റുകളും വൻകിട ഷോപ്പിംഗ് മാളുകളും ഉപഭോഗസംസ്കാരത്തെ അരക്കിട്ടുറപ്പിച്ചു. വനനശീകരണം, മണ്ണിടിച്ചിൽ, ചൂഷണാത്മകമായ വികസനം, സൗന്ദര്യവർദ്ധകവസ്തുക്കളുടെ നിർമ്മാണം, അനധികൃത കയ്യേറ്റങ്ങൾ തുടങ്ങി എല്ലാ പരിസ്ഥിതിവിരുദ്ധ പ്രവർത്തനങ്ങളും ഉപഭോഗസംസ്കാരത്തിന്റെ സംഭാവനയാണ്.

പ്രകൃതിധ്വംസനം നടക്കുന്ന ഇടങ്ങളിലെല്ലാം എഴുത്തുകാരുടെ

ശക്തമായ സാന്നിധ്യം പ്രകടമാണ്. പാത്രക്കടവ് പദ്ധതി, സൈലന്റ്‌വാലി, മതികെട്ടാൻമല, പെരിയാർ, ചാലിയാർ, കൃഷ്ണവനം, അട്ടപ്പാടി, പ്ലാച്ചിമട, എൻഡോസൾഫാൻ സമരം എന്നിവയ്ക്കെല്ലാം നേതൃത്വം നൽകിയവരിൽ എഴുത്തുകാർ മുൻപന്തിയിലുണ്ടായിരുന്നു. കപടവികസന പ്രവർത്തനങ്ങളാൽ പരിസ്ഥിതി ഘടനയ്ക്ക് വന്ന മാറ്റം അവർ കവിതയ്ക്കുള്ള ഇതിവൃത്തമാക്കി. സമരങ്ങൾക്ക് പലപ്പോഴും അതിന്റെ ആശയപരമായ കരുത്ത് നഷ്ടപ്പെടുകയും അവയെല്ലാം താല്ക്കാലിക പരിഹാരങ്ങൾക്കു വേണ്ടിയോ വ്യക്തിപരമായ നേട്ടങ്ങൾക്കു വേണ്ടിയോ ആകുന്ന സാഹചര്യത്തിലാണ് സുഗതകുമാരിയുടെ പാരിസ്ഥിതിക പ്രവർത്തനത്തിന്റെ പ്രസക്തി വേറിട്ട് നിൽക്കുന്നത്.

സാമൂഹ്യസേവനം ജീവിതലക്ഷ്യമായി കണ്ട് തിരസ്കൃതരായ എല്ലാ സ്വത്വങ്ങൾക്കും 'അഭയ'വും 'അത്താണി'യുമായി മാറാൻ തന്നാൽ കഴിയുംവിധം അക്ഷീണം പ്രയത്നിച്ച വ്യക്തിയാണ് സുഗതകുമാരി. ഏതെങ്കിലും പ്രസ്ഥാനത്തോടോ തത്വശാസ്ത്രത്തോടോ ആഭിമുഖ്യം പുലർത്താതെ വിശ്വമാനവികതയിലൂന്നിയുള്ള പ്രവർത്തനങ്ങളും മുന്നേറ്റങ്ങളുമാണ് ജീവിതത്തിലും എഴുത്തിലും കാണുന്നത്. മനുഷ്യപക്ഷ രാഷ്ട്രീയത്തോട് ആഭിമുഖ്യം പുലർത്തി അവശതയനുഭവിക്കുന്ന എല്ലാ വിഭാഗത്തെയും ചേർത്തുനിർത്തി പാരിസ്ഥിതിക സന്തുലിതാവസ്ഥയെ തകിടം മറിക്കുന്ന കപടവികസന പദ്ധതികൾക്കെതിരെ പ്രതികരിക്കുമ്പോൾ കവിത ആക്ടിവിസത്തിന്റെ, പ്രതിരോധത്തിന്റെ തലത്തിലേക്കുയരുന്നു. "പ്രകൃതിയുടെ മേൽ യാതൊരു ലജ്ജയുമില്ലാതെ നടത്തിയ നഗ്നമായ ആക്രമണങ്ങൾ വൻ ദുരന്തമായി ജനങ്ങളെ കാത്തിരിക്കുന്നു... ഭരണവും മാഫിയകളും ഇടനിലക്കാരും ചേർന്ന് നടത്തുന്ന ഈ കൊള്ളയ്ക്ക് നാം പറയുന്ന പേരാണ് വികസനം" (സുഗതകുമാരി, 2021:10) എന്ന സുഗതകുമാരിയുടെ വാക്കു

കൾ സമകാലികവികസന സങ്കല്പത്തെ പൊളിച്ചെഴുതുന്നു. ഈ വികസന സങ്കല്പത്തിനെതിരെയുള്ള പ്രതിഷേധവും പ്രതിരോധവുമായി കവിത മാറുന്നു. അവ വെറുതേ വായിച്ചു മറക്കാവുന്ന ഒന്നല്ല; നാളെയുടെ മരണക്കുറിപ്പടികളാണ്.

സസ്യജന്തുജാലങ്ങളോടും പരിസ്ഥിതിയോടും അടങ്ങാനാവാത്ത അനുകമ്പയും സ്നേഹവും കരുതലും സുഗതകുമാരിക്കവിതകളുടെ പ്രത്യേകതയാണ്. ഓരോ ഘട്ടത്തിലും പരിസ്ഥിതിയ്ക്ക് നേരിടേണ്ടി വന്ന മാറ്റം അവരുടെ കവിതകളിലും പ്രകടമാണ്. ഭാവഗീതാത്മകമായി നിലകൊള്ളുമ്പോഴും ഉള്ളിൽ ഇരമ്പുന്ന കടലായും എരിയുന്ന കനലായും പ്രതിഷേധമായും ആ കവിതകൾ മാറുന്നു. പരിസ്ഥിതി കവിതകളിലെ ഭാവുകത്വ പരിണാമം ഓരോ കാലഘട്ടത്തിലും വ്യത്യാസപ്പെട്ടിരിക്കുന്നു. കാല്പനിക വ്യഥകളും റിയലിസ്റ്റിക് ഭാവവും ഇടകലരുന്ന എഴുത്തിന്റെ ആദ്യഘട്ടത്തിൽ പ്രകൃതി പ്രതീക്ഷയുടെ ഉറവവറ്റാത്ത ബിംബമായി നിലകൊള്ളുന്നു. പിന്നീട് പ്രകൃത്യാവസ്ഥകളെ സ്വകാര്യദുഃഖങ്ങളാക്കി വിലപിച്ചും അവയോട് താദാത്മ്യപ്പെട്ടും മുന്നോട്ടു പോകുന്നു. എന്നാൽ ഉപഭോഗസംസ്കൃതിയുടെ തീവ്രമായ ആക്രമണത്തിൽ മൃതപ്രായമായ പ്രകൃതിയെ കാണുമ്പോൾ മനുഷ്യരാശിയുടെ ചെയ്തികളിൽ മനം മടുത്ത് മനുഷ്യനെ കാരുണ്യമറ്റ ക്രൂരനായി ചിത്രീകരിക്കുന്ന തലത്തിലേക്ക് എഴുത്തുകാരിയുടെ ഭാവതലം മാറുന്നു. 'കാവുതീണ്ടല്ലേ', 'വനരോദനം', 'സൈലന്റ്‌വാലി', 'പശ്ചിമഘട്ടം', 'കുറിഞ്ഞിപ്പൂക്കൾ', 'തൈവയ്ക്കൽ', കാലിഫോർണ്ണിയാ കാടുകളിൽ , പശ്ചിമഘട്ടത്തിൽ വീണ്ടും, 'കാക്കപ്പൂവ്', 'തുലാവർഷപ്പച്ച', 'തുമ്പപ്പൂ', 'തെംസ്നദിയോട്' തുടങ്ങി പരിസ്ഥിതിസംബന്ധമായ അനവധി കവിതകൾ വിലാപമായും പ്രതിഷേധമായും സുഗതകുമാരി എഴുതിയിട്ടുണ്ട്. 'കുറിഞ്ഞിപ്പൂക്കൾ', 'സൈലന്റ്‌വാലി', 'ആദിവാസി സാക്ഷ

രത്' എന്നീ കവിതകൾ ഇവിടെ സവിശേഷമായ വിശകലനസാധ്യതകൾ ഉൾക്കൊള്ളുന്നു.

പന്ത്രണ്ട് കൊല്ലത്തിലൊരിക്കൽ മാത്രം പൂക്കുന്ന നീലക്കുറിഞ്ഞിയുടെ സൗന്ദര്യത്തെയും അത് സമ്പന്നമാക്കുന്ന പ്രദേശത്തെയും വാഴ്ത്തുന്ന കവിതയാണ് കുറിഞ്ഞിപ്പൂക്കൾ. കുറിഞ്ഞി പൂത്തമലയിൽ എത്തിച്ചേരണമെന്ന ആഗ്രഹത്തിനു വിലങ്ങായി വാർദ്ധക്യത്തിന്റെ നിഴൽ നിൽക്കുന്നതിൽ എഴുത്തുകാരി നൊമ്പരപ്പെടുന്നു. ഒപ്പം പൂക്കൾ ധന്യമാക്കിയ ഇടത്തെ പൂങ്കാറ്റിനെയും ഹരിതാഭമായ ആകാശത്തെയുമോർത്ത് കവി ഹൃദയം സന്തോഷിക്കുകയും ചെയ്യുന്നു. പന്ത്രണ്ട് വർഷത്തെ കാത്തിരിപ്പിനെ, നിറവിനെ പ്രകൃതി ഓരോ പ്രാവശ്യവും ഉത്സവമായി കൊണ്ടാടുന്നു.

"വിളിച്ചുവോ പൂക്കൾ? പൊടുന്നനെച്ചിറ-
കിളക്കങ്ങൾ! മിന്നിത്തിളക്കങ്ങൾ! ജീവ
ചലനകോടികൾ! മുഴങ്ങും തംബുരു
ധ്വനികൾ! ഉത്സവം കൊടിയേറും വീണ്ടും!'

പൂത്തുതളിർത്തു നിൽക്കുന്ന പ്രകൃതിയുടെ മടിത്തട്ടിലേക്ക് കഴുകൻ കണ്ണുമായി മനുഷ്യർ എത്തിയാലുണ്ടായേക്കാവുന്ന അപകടത്തെക്കുറിച്ചോർത്ത് കവി വ്യാകുലപ്പെടുന്നു.

"മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്
വരില്ലയോ മർത്ത്യൻ അവിടെയും നാളെ?
അവിടെ റബ്ബറിൻ നിരകൾ നീളുമോ?
അവിടെപ്പദ്ധതിയിരമ്പിയെത്തുമോ?
ഇനിപ്പന്തീരാണ്ടു കഴിയുമ്പോൾ വീണ്ടും
കിഴക്കൻ മേട്ടിലാക്കുറിഞ്ഞി പൂക്കുമോ?..."

എന്ന ആശങ്ക കവയിത്രിയെ വിടാതെ പിന്തുടരുന്നു. ഇനിയൊരു പന്തീരാണ്ടു കഴിയുമ്പോൾ പുത്തൻ പദ്ധതികളിലും പരിഷ്കാരങ്ങളിലും

പെട്ട് കിഴക്കൻ മേട്ടിൽ കുറിഞ്ഞി പൂക്കുമോ എന്ന ആശങ്ക കവിത മുന്നോട്ടു വെക്കുന്നു.

എല്ലാ മാലിന്യവും പേറി വിങ്ങുന്ന നഗരത്തിന്റെ ശൂന്യതയിൽ നിന്നുകൊണ്ട് നിറഞ്ഞു തുളുമ്പുന്ന പ്രകൃതിഭംഗി അല്പം വിങ്ങലോടെ കവി ആസ്വദിക്കുന്നു, ഒരു പ്രതീക്ഷ നിലനിർത്തുന്നു.

"കദനവും ചൂടും പുകയും വിങ്ങുമീ
നഗരത്തിൻ ശൂന്യമനസ്സിൻ നേർക്കിതാ
വിദൂരമാമൊരു മധുരകൂജനം
അപൂർവ്വമാമൊരു സുനീലചൈതന്യം"

കാല്പനിക ഭാവുകത്വത്തിൽ നിന്ന് പൂർണ്ണമായും വിടുതൽ നേടാത്ത കാവ്യഭാഷയാണ് കുറിഞ്ഞിപ്പൂക്കളിൽ കാണാൻ കഴിയുന്നത്. ഹരിതഭംഗി ആസ്വദിക്കുമ്പോഴും ഉള്ളിന്റെയുള്ളിൽ ആശങ്കയുടെ വ്യഥ നീറിക്കൊണ്ടേയിരിക്കുന്നു. സ്വന്തം നിലനിൽപ് അപകടമാകുമെന്ന് അറിവുണ്ടായിട്ടും പിന്നെയും പരിസ്ഥിതിക്കു മേലുള്ള കടന്നുകയറ്റം ആവർത്തിച്ചുകൊണ്ടിരിക്കുന്ന മർത്യന് പ്രകൃതിയുടെ ഹരിതാഭയും ഭംഗിയും ഒരു സങ്കല്പം മാത്രമാക്കി മാറ്റാൻ നിമിഷനേരം മതി. ആ തിരിച്ചറിവുള്ളതിനാൽ എപ്പോഴും നൊമ്പരത്തിന്റെ ഒരു അന്തർധാര സുഗതകുമാരിക്കവിതകളിൽ പ്രകടമാണ്.

കേരളം നേരിട്ട ഏറ്റവും ശക്തമായ പരിസ്ഥിതി സംരക്ഷണ പ്രക്ഷോഭമായിരുന്നു സൈലന്റ്‌വാലി സംരക്ഷണ സമരം. പുഴയുടെ സ്വാഭാവികമായ ഒഴുക്കിനെ തടഞ്ഞു നിർത്തി, ഹെക്ടർ കണക്കിന് വനഭൂമി നശിപ്പിച്ചുകൊണ്ട് ഉയരുന്ന അണക്കെട്ട് നിർമ്മാണ പദ്ധതിക്കെതിരെയായിരുന്നു സമരം. ആ പദ്ധതി മഴക്കാടുകളെയും അതിനെ ആശ്രയിച്ച് ജീവിക്കുന്ന സിംഹവാലൻ കുരങ്ങുകൾ തുടങ്ങി അപൂർവ്വ സസ്യ-ജന്തുജാലങ്ങളുടെയും നിലനിൽപ്പിന് ഭീഷണിയായിരുന്നു.

സൈലന്റ് വാലി സംരക്ഷണത്തിനു വഴിതെളിച്ച പ്രതിഷേധം അതിന്റെ ലക്ഷ്യബോധം കൊണ്ട് ഏറെ ജനകീയമായി. വികസനത്തിന്റെ പേരിൽ ജൈവസമ്പത്തിനെ, പരിസ്ഥിതി സന്തുലിതാവസ്ഥയെ തകിടം മറിക്കുന്ന പദ്ധതികൾക്കെതിരെ ശബ്ദമുയർത്തിയവരിൽ പ്രധാനിയാണ് സുഗതകുമാരി. സൈലന്റ് വാലി എഴുത്തിന്റെയും ജീവിതത്തിന്റെയും വഴിത്തിരിവാണെന്ന് അവർ പറയുന്നു. പിന്നീടുള്ള പല ചെറുത്തു നിൽപ്പുകൾക്കും ശക്തമായ ഊർജ്ജം പകർന്ന പ്രക്ഷോഭത്തിൽ കലാ സാഹിത്യരംഗത്തുള്ള പ്രമുഖർ പ്രകൃതിക്കുവേണ്ടി എഴുതുകയും പാടുകയും നിരത്തിലിറങ്ങുകയും ചെയ്തു. കാടിനു വേണ്ടി കവിയരങ്ങുകൾ തീർത്തു. പരിസ്ഥിതി കവിതകളുടെ അരങ്ങുകൾ കൊണ്ട് കേരളം സമൃദ്ധമായി. വർഷങ്ങൾ നീണ്ട ചർച്ചകൾക്കും പ്രതിരോധത്തിനും വിദഗ്ധകമ്മീഷനുകൾക്കും ശേഷം നിത്യഹരിതവനങ്ങളുടെ പാരിസ്ഥിതിക പ്രതിസന്ധിയും മഴക്കാടുകൾ നിലനിൽക്കേണ്ടതിന്റെ ആവശ്യകതയും എത്രത്തോളമാണെന്ന് വിദഗ്ധസമിതിയ്ക്ക് വ്യക്തമായി. 1983 ൽ സൈലന്റ് വാലി പദ്ധതി നിരോധിക്കുകയും ഫോറസ്റ്റ് കൺസർവേഷൻ ആക്ടോടുകൂടി 1985 ൽ നിശബ്ദവനത്തെ ദേശീയോദ്യാനമാക്കി അംഗീകരിച്ചു സംരക്ഷിക്കുകയും ചെയ്തു.

കേരളം പരിസ്ഥിതിവിരുദ്ധപ്രവർത്തനങ്ങളുടെ വിളനിലമായി മാറിത്തുടങ്ങുന്നതിന്റെ ആരംഭത്തിൽ എഴുതിയ കവിതയാണ് സൈലന്റ് വാലി. ആത്മാംശം നിറഞ്ഞു നിൽക്കുന്ന കവിത. നിശബ്ദവനത്തിന്റെ പ്രൗഢിയെ, സമ്പത്തിനെ ദൈവമായി സങ്കല്പിച്ച് നിറഞ്ഞ കണ്ണുകളാൽ ആരതിയുഴിഞ്ഞ് കൂപ്പുകയ്യോടെ നിൽക്കുന്ന കവയിത്രി മതിവരുവോളം ആ ചൈതന്യം ആസ്വദിക്കുന്നു. എന്നാൽ ആസ്വാദനത്തിന്റെ ഉള്ളറയിലും വിഷാദാത്മകഭാവം നിഴലിച്ചു നിൽക്കുന്നു. മാതൃസ്ഥാനത്തു നിന്ന് മാനവകുലത്തെ സംരക്ഷിച്ചു പോരുന്ന

പ്രകൃതിയെ തിരിച്ചു സംരക്ഷിക്കേണ്ട അവസ്ഥയിൽ; 'അമ്മ പുത്രി യായി' മാറിയ വിധിയിൽ കവയിത്രി ചോദ്യചിഹ്നം തീർക്കുന്നു. എല്ലാ അർത്ഥത്തിലും പ്രകൃതിയുമായി താദാത്മ്യപ്പെടുന്നു.

പുത്തൻ പദ്ധതികളിൽ വേട്ടക്കാരന്റെ കയ്യിൽപ്പെട്ട വേട്ടമൃഗ ത്തിന്റെ അവസ്ഥയാണ് പ്രകൃതിക്ക്.

"പിന്നെക്കശാപ്പിന്നു നമ്പർ ചാർത്തിച്ചവർ
നിന്നെത്തെളിക്കവെ, "കൊന്നിടൊല്ലേ, ഇവൾ
കന്യയാമാശ്രമധേനു! അരുതരു"-
തെന്നു വിളിച്ചു വിളിച്ചു തടഞ്ഞിവർ
നിന്നെ നിഴൽ പോൽ തുടർന്നതുമെത്രനാൾ!"

എണ്ണമിട്ടു നിർത്തിയ കശാപ്പുമൃഗങ്ങൾ പോലെ നിസ്സഹായയായി നിൽ ക്കുന്ന നിശബ്ദവനം കവിയെ അസ്വസ്ഥമാക്കുന്നു. അരുതേയെന്ന് അവർ നിലവിളിക്കുന്നു. വലിയൊരു ആവാസവ്യവസ്ഥയെ തകിടം മറിച്ച് ഉയർന്നു പൊങ്ങുന്ന പദ്ധതികളിൽ നിന്ന് രക്ഷാകവചം സൃഷ്ടിച്ച് നിശബ്ദവനത്തെ കാക്കുവാൻ നിഴൽപോലെ പിന്തുടരുന്നു.

ഉപഭോഗസംസ്കൃതിയുടെ വിനാശകരമായ ഭാവിയെക്കുറി ച്ചോർത്ത് ഉറക്കം നഷ്ടപ്പെട്ട അവസ്ഥയിൽ ഭൂമിയുടെ, മാനവവംശ ത്തിന്റെ ദുരന്തം കവയിത്രിയുടെ മനസ്സിനെ വിടാതെ പിന്തുരുന്നു.

"എത്ര ദുഃസ്വപ്നങ്ങൾ കണ്ടു ഞെട്ടീ! ചുട്ടു
കത്തുന്ന നിൻ തിരുമാർത്തടം! ആർത്തല-
ച്ചറ്റു വീഴും മഹാവൃക്ഷങ്ങൾ! മിണ്ടാതെ
വറ്റുന്ന കുന്തിപ്പുഴതൻ നിലാവൊളി..."

വറ്റുന്ന നിലാവൊളി നിലവിളിയായി അവശേഷിക്കരുതെന്ന നിശ്ചയ ദാർഢ്യത്തിന്റെ ഫലമാണ് സൈലന്റ് വാലി സംരക്ഷണ പ്രക്ഷോഭവും കവിതയും. മരക്കവി എന്ന വിളിയെ അലങ്കാരമായി ഏറ്റുവാങ്ങി കുന്തി

പ്പുഴയെയും വംശമറ്റു പോകുമായിരുന്ന അനേകം പക്ഷിമൃഗാദികളെയും അമ്മയെപ്പോലെ സംരക്ഷിച്ച് ഓരോ ചുവടുവെപ്പിനെയും നിയോഗ മായി കണ്ട് കാടിനു കാവലു നിന്നതിന്റെ സാക്ഷ്യമായി സൈലന്റ് വാലി മാറുന്നു. അമ്മ- മകൾ ബന്ധത്തിന്റെ തീവ്രത നിശബ്ദമായി എഴുത്തുകാരിയെ പിന്തുടരുന്നു. കാടിന്റെ കാടത്തത്തിൽ മുഴുകി നിൽക്കുമ്പോൾ കാട്ടുകിളിയുടെ ചൂളം വിളിയും കുന്തിപ്പുഴയുടെ ഓളവും സൂര്യനും നിശബ്ദതയുടെ ആർദ്രമായ കൂരിരുൾപ്പച്ചയും ആസ്വദിച്ച് അമ്മയും പൈതലുമായി പരിണമിക്കുന്നു.

“നിറഞ്ഞ മനസ്സുമായ്
നിന്നെയുറക്കെ വിളിച്ചു പോകുന്നു ഞാൻ
അമ്മേ!... വിറകൊണ്ടു കാതോർത്തു നിൽക്കവേ
ഓരോ മരുവുമിലയും മുഴുവന-
ക്കാടും കനിഞ്ഞു വിളികേൾപ്പൂ— “പൈതലേ...”

നിലനിൽക്കുന്ന സസ്യജന്തുജാലങ്ങളെ സംരക്ഷിച്ചു കൊണ്ടുള്ള വികസനസങ്കല്പമല്ല ഇന്ന് നാം കണ്ടുവരുന്നത്. അത് പലപ്പോഴും മണ്ണിനും മനുഷ്യനും എതിരായി നിലകൊള്ളുന്നു. പരി സ്ഥിതിയുമായി സമരസപ്പെടാത്ത വികസനസാധ്യതകളിൽ നിന്ന് ഭര ണകൂടത്തെ പിന്തിരിപ്പിച്ച് പുത്തൻ പദ്ധതികളുടെ മറവിൽ നശിച്ചു പോകുമായിരുന്ന സൈലന്റ്വാലിയെ നിലനിർത്തിയതിൽ സുഗത കുമാരിക്കുള്ള പങ്ക് വളരെ വലുതാണ്. വികസനത്തിനും പുരോഗ തിക്കും സുഗതകുമാരിയെപ്പോലുള്ള എഴുത്തുകാർ എതിരാണെന്ന ദുർവ്യാഖ്യാനങ്ങളിൽ ഒട്ടും പതറാതെ പരിസ്ഥിതിക്കുവേണ്ടി നില കൊണ്ടതിന്റെ ഫലമാണ് ഇന്നും നിബിഢമായ നിശബ്ദവനം. കാടും കവയിത്രിയും തമ്മിലുള്ള നിശബ്ദസംഭാഷണമായി മാത്രം ഒതു ങ്ങാതെ കവിത സാമൂഹികമായ ഇടപെടലും സാധ്യമാക്കുന്നു.

പരിസ്ഥിതിചൂഷണം മൂലം ഇടം നഷ്ടപ്പെടുന്ന ഒരു വലിയ വിഭാഗം ജനത കാടിനുള്ളിലുണ്ട്. പ്രകൃതിയെ ആരാധിച്ചും ആശ്രയിച്ചും ജീവിക്കുന്നവർ. ആദിവാസികളെന്നോ അപരിഷ്കൃതരെന്നോ അറിയപ്പെടുന്ന, പരിസ്ഥിതിക്ക് ദോഷം വരുന്നതൊന്നും ചെയ്യാത്ത വിവേകശാലികൾ. അവരുടെ ജീവിതശൈലിയെ തകിടം മറിക്കുന്നത് പ്രകൃതിക്കു മേൽ നടത്തുന്ന അധിനിവേശം പോലെ തന്നെ നീതിരഹിതമായ പ്രവൃത്തിയാണ്. ഭ്രാന്തമായ ആഡംബരത്തിനും ധിക്കാരം നിറഞ്ഞ ധൂർത്തിനും സാമ്പത്തിക താല്പര്യത്തിനും വേണ്ടി ഇരയാകുന്നത് സുഗതകുമാരിയുടെ ഭാഷയിൽ പറഞ്ഞാൽ വനമക്കളാണ്.

പാർശ്വവൽക്കരിക്കപ്പെട്ട ഒരു വലിയ വിഭാഗം ജനതയുടെ ശബ്ദമായി മാറിയ കവിതയാണ് 'ആദിവാസി സാക്ഷരത' . ഗ്രാമ്യ ഭാഷയിലുള്ള അവതരണം കവിതയെ ആദിവാസി ജനതയുടെ സംസ്കാരത്തോട് ചേർത്തു നിർത്തുന്നു. ഭാഷയും സംസ്കാരവും അധിനിവേശത്തിനുള്ള ഉപാധിയാക്കി മാറ്റിയ ഒരു ജനതയുടെ പിൻഗാമിയാകുകയാണ് സമകാലനാഗരിക ജനത. അറിവുകൊണ്ട് ഒരു നാടിന്റ ആത്മാവുവരെ കൊള്ളയടിച്ച വൈദേശികരുടെ പ്രവർത്തിക്കു സമാനമാണ് ആദിവാസി ജനതയോടുള്ള ഇന്നിന്റെ സമീപനം. തങ്ങളെ എഴുത്തു പഠിപ്പിക്കാനെത്തിയ പരിഷ്കൃതജനതയോട് വനവാസികൾക്കുള്ള രോഷം കവിതയിൽ പ്രകടമാണ്. പഠിപ്പ് കഴിഞ്ഞ് പോകുമ്പോൾ മണ്ണും മരങ്ങളും മനുഷ്യനും പാതി വഴിയിൽ കുടിയിറക്കപ്പെടുന്നതിന്റെ ഭീകരമുഖം കവിത ചർച്ച ചെയ്യുന്നു.

"എഴുതിക്കാനെത്തിയ രാശാക്കളേ
എഴുതേണ്ട മൊഴിയൊക്കെ കെട്ടുപോയീ
എണ്ണം പടിപ്പിക്കാൻ വന്നവരേ
എണ്ണേണ്ട മരമൊക്കെ മലയെറങ്ങീ"

എണ്ണാൻ മരങ്ങളോ എഴുതാൻ കാടുകളോ ഇല്ലാതെ സ്വന്തം ഇടത്തു നിന്ന് തിരസ്കൃതരാകുന്ന സ്വത്വങ്ങളായി ആദിവാസികൾ രൂപാന്തര പ്പെടുന്നു.

തമ്പുരാക്കന്മാരുടെയും പട്ടണവാസികളുടെയും വരവിനു മുമ്പ്, ക്ഷേമപദ്ധതികൾക്ക് മറവിൽ നടക്കുന്ന കൊള്ളയ്ക്കും കാടു വെളുപ്പിക്കലുകൾക്കും മുൻപ് സംതൃപ്തരായി ജീവിച്ച കഴിഞ്ഞ കാലത്തെ, സമൃദ്ധിയെ കവിതയിൽ ഓർത്തെടുക്കാൻ ശ്രമിക്കുന്നു.

“കനിയൊണ്ട് കായും കെഴങ്ങുമൊണ്ട്
കരിയുന്ന വെയ്‌ലത്തും കുളിരൊറവ
കരിവള്ളിക്കുള്ളിലും കനിവൊറവ.....
മരവള്ളിത്തുഞ്ചത്തും തേൻകിനിവ്
നിറവയർച്ചേലാർന്ന മൺകനിവ്”

ഉർവ്വരയായ ഭൂമിയെ കരുതലോടെ പരിചരിക്കുന്ന മക്കൾക്കായ് എല്ലാം കരുതിവയ്ക്കുന്ന പ്രകൃതിയുടെ മാതൃമനസ്സിനെ ഇവിടെ കാണാം. അന്യോന്യം പങ്കിട്ട് സമഭാവനയോടെ പുലരുന്ന ദ്വന്ദ്വങ്ങ ളായി കാടും കാട്ടുമക്കളും മാറുന്ന കാഴ്ചയും വനവിഭവങ്ങളുടെ സമൃ ദ്ധിയും മനോഹരമായി സുഗതകുമാരി കവിതയിൽ ആവിഷ്കരിക്കുന്നു. ആ നല്ല കാലത്തെ ഓർമ്മയിൽ നിന്നുപോലും മായ്ച്ചു കളയാൻ തക്ക ശക്തിയുണ്ടായിരുന്നൂ, നാഗരികന്റെ കടന്നുവരവിന്.

ഒരു കയ്യിൽ പുസ്തകവും മറു കയ്യിൽ തോക്കുമായി വന്നവ രോട് എതിർത്തു നിൽക്കാൻ ശക്തിയില്ലാതെ കുമ്പിട്ടുനിൽക്കാൻ മാത്രമേ അവർക്ക് കഴിഞ്ഞുള്ളൂ. നൂറു കയ്യായി പകുത്ത് വനവിഭവം മാത്രമല്ല വനമക്കളെയും അവർ നശിപ്പിച്ചു. ആദിവാസിജനതയെ ആർക്കും എന്തും ചെയ്യാം, നിയമം പോലും തങ്ങളെ ശാസിക്കില്ല എന്ന അഹംഭാവം അവർക്കു മേലുള്ള നീതി നിഷേധത്തിനും അവ

കാശലംഘനത്തിനും ആക്കം കൂട്ടി. ആദിവാസികളുടെ ജീവന് വിലയില്ലാതെയായി. കാടു കയറിയ നഗരവാസികൾ ചാരായം നൽകിയും കള്ളമറിയാത്ത കാട്ടുപെണ്ണിനെ ഭോഗവസ്തുവായി മാത്രം കണ്ടും ചതിയുടെ പുത്തൻ അദ്ധ്യായം രചിച്ചു.

"നിറചേല കാശും വളയുമേകി
കൊതികാട്ടിപ്പെണ്ണിന്റെ കാൽ വഴുക്കി
എരിയും വയറ്റിനു പിള്ളയേകി
ഇരുളിൽ പെഴപ്പിച്ചെറിഞ്ഞ കയ്യ്..."

ക്ഷേമപദ്ധതികളുടെയും ആഡംബരജീവിതത്തിന്റെയും മറവിൽ അച്ഛനില്ലാത്ത കുഞ്ഞുങ്ങളും പട്ടിണിനിറഞ്ഞ ജീവിതവും മാത്രം കാടിനുള്ളിൽ ബാക്കിയായി. ആദിവാസികളുടെ പേരിൽ കള്ളപ്പട്ടയങ്ങളുണ്ടാക്കി ഏക്കറു കണക്കിന് വനഭൂമി സ്വന്തമാക്കി തോട്ടങ്ങളും റിസോർട്ടുകളും നിർമ്മിച്ച് ടൂറിസത്തിന്റെ പേരിൽ മഞ്ഞും മഴയും പുഴയും വിറ്റു കാശാക്കി. കാടു വെട്ടിപ്പിടിച്ചും വെട്ടിത്തെളിച്ചും കാട്ടുമക്കളെ ആട്ടിപ്പായിച്ചു. കാടിന്റെ അവകാശികൾ സ്വന്തം ഇടത്തു നിന്ന് കുടിയിറക്കപ്പെട്ടു. തണ്ണീർത്തടങ്ങളെല്ലാം മലിനമാക്കിയിട്ട് വോട്ടുവാഗ്ദാനങ്ങളിൽ കുടിവെള്ള പദ്ധതി ശുപാർശ ചെയ്യുന്നതിലെ വൈരുധ്യത്തെ പരിഹാസത്തോടെ സുഗതകുമാരി കവിതയിൽ ആവിഷ്കരിക്കുന്നു.

"വോട്ടു പിടിക്കാൻ വരുന്ന കയ്യ്
അടിവെള്ളം വേരോടുണക്കിയിട്ട്
കുടിവെള്ള ലോറി വരുത്തും കയ്യ്.."

വനനശീകരണം ഉൾക്കാടുകളിലേക്ക് ചേക്കേറിയപ്പോൾ കാടിന്റെ ദൈവവും മലമുത്തിയും കാട്ടുജീവികളും അന്യവൽക്കരിക്കപ്പെട്ടു. കാടിനു ചേരാത്ത പുത്തൻശീലങ്ങളുടെ അവശിഷ്ടം മാത്രം

ബാക്കിയായി. പള്ള കത്തുന്ന വിശപ്പിൽ മരുഭൂമിയെ നോക്കി അവർ വിലപിച്ചു;

"നട്ടാൽ, നടീലിനു മണ്ണെവിടെ!
ചത്താൽ, അടക്കാൻ പറമ്പെവിടെ!"

വന്നുകയറിയവർ കാര്യക്കാരായപ്പോൾ കാടിനെ പലതായി അവർ പങ്കുവച്ചു.

"കയ്യേറിത്തമ്പ്രാക്കന്മാർക്ക് കാട്
കള്ളച്ചീട്ടൊള്ളവർക്കൊക്കെക്കാട്
അണകെട്ടിത്തമ്പ്രാക്കന്മാർക്ക് കാട്
അതിലേ നടന്നോർക്കുമൊണ്ട് കാട്
ആയിരം പള്ളിക്കു വേറെ കാട്
ആതിവാസിക്കല്ലോ കാടില്ലാത്തൂ
കാടു മുടിച്ചവർക്കെല്ലാം കാട്...."

സ്വന്തം ഇടത്തിൽ അന്യവത്കരിക്കപ്പെടുന്ന ആദിവാസിജനതയുടെ വിലാപമായി കവിത മാറുന്നു. 'പ്രകൃതിയുമായുള്ള ലയം, പ്രപഞ്ചത്തിൽ എല്ലാ ജീവികൾക്കുമുള്ള സാമാന്യാവകാശം, ജൈവവ്യവസ്ഥയുടെ സമഗ്രസ്വഭാവം, ഭൂമിയുടെ പവിത്രത, സൃഷ്ടിക്കു മുമ്പുള്ള വിനയം എന്നിവയെല്ലാം പങ്കിടുന്ന ആദിവാസിയുടെ ജീവിതവും സംസ്കാരവുമാണ്' (സച്ചിദാനന്ദൻ, 2006: 50) പുരോഗതിയുടെ പേരിൽ മാറ്റിമറിക്കപ്പെട്ടത്. അതുകൊണ്ടുതന്നെ ഓരോ വാക്കിലും നിസ്സഹായതയുടെ നോവും അമർഷവും പ്രകടമാണ്.

പ്രകൃതിയെയും മാനവികതയെയും ഒരുപോലെ ചൂഷണം ചെയ്യുന്ന ഉപഭോഗസംസ്കാരത്തിന്റെ ആസക്തിയ്ക്ക് അറുതി വരുന്നില്ല. എഴുതി പഠിപ്പിക്കാൻ വന്ന ഇടമെല്ലാം സ്വന്തമാക്കിയിട്ടും ആർത്തി തീരാതെ കൊലക്കൈ നീട്ടുന്ന നാഗരികനോട് തങ്ങളുടെ

ചോദ്യം തുടർന്നു കൊണ്ടേയിരിക്കുന്നു;

"തന്തയില്ലാമക്കളൂരെല്ലാം പെരുകീട്ടും
തലയില്ലാമരമെല്ലാം പേയായിത്തുള്ളീട്ടും
കാടായ കാടെല്ലാം കച്ചോടമാക്കീട്ടും
കാര്യങ്ങളിന്നിയുമൊണ്ടുപോലും!"

"നിരന്തരമായ കയ്യേറ്റം നിമിത്തവും വനവികസനം എന്ന ഓമനപ്പേരുള്ള അശാസ്ത്രീയമായ സർക്കാരിന്റെ വനപരിപാടി നിമിത്തവും പൊതുസ്വത്തായ ബാക്കി വനഭൂമി മുഴുവനും നഷ്ടപ്പെട്ടു കഴിഞ്ഞിരിക്കുന്നു" (സുഗതകുമാരി, 2013: 4). മൃതമാക്കിയ മണ്ണിൽ നിന്നു കൊണ്ട് അവസാനമായി തങ്ങളുടെ ചാവുപാട്ടെഴുതാൻ വനമക്കൾ ആഹ്വാനം ചെയ്യുന്നു;

"എഴുതിക്കാനെത്തിയ രാശാക്കളേ
എഴുതാനിനിയൊന്നേ... ചാവുപാട്ട്!"

പരിസ്ഥിതിക്കു നേരെയുള്ള അതിക്രമങ്ങൾ മനുഷ്യനുള്ള ഇടത്തോളം അവസാനിക്കില്ല എന്നതിന്റെ നേർസാക്ഷ്യമാണ് കുറിഞ്ഞിപ്പൂക്കൾ, സൈലന്റ്‌വാലി, ആദിവാസി സാക്ഷരത എന്നീ കവിതകൾ. ജനസംഖ്യാവർദ്ധനവും ഭൗതികസാഹചര്യങ്ങളിലെ മാറ്റവും നാഗരികന്റെ അതിമോഹം നിറഞ്ഞ വികസനതന്ത്രങ്ങളും ഉപഭോഗസംസ്കൃതിയും പരിസ്ഥിതിഘടനയെ പുനർനിർമ്മിച്ചു. പരിസ്ഥിതിലോല പ്രദേശമായി രൂപാന്തരപ്പെട്ട കേരളം ഏതു നിമിഷവും പ്രളയത്തെ നേരിടേണ്ട അവസ്ഥയിലേക്ക് പരിവർത്തനപ്പെട്ടതിന്റെ ചരിത്രവും വർത്തമാനവും കവിതകൾ മുന്നോട്ടു വെക്കുന്നു. താൻ ജനിച്ചു വളർന്ന നാടും പിച്ചവച്ച പുഞ്ചയും പള്ളിയോടങ്ങൾ ഇളക്കിമറിച്ച പമ്പയാറും തുടങ്ങി നാടാകെ വികസനത്തിന്റെ പേരിൽ മലിനമാക്കപ്പെട്ടപ്പോൾ 'ഇനിയീ മനസ്സിൽ കവിതയില്ല' എന്ന് മനംനൊന്തു പാടിയ അവർ തന്റെ ഓരോ

കവിതയും മാനവസേവയ്ക്കുള്ള മാർഗ്ഗമായി സ്വീകരിച്ചു. 'കാവു തീണ്ടല്ലേ'യെന്ന് തല്ലിയും തലോടിയും യാചിച്ചും പറഞ്ഞ സുഗതകുമാരിയോട് നീതിപുലർത്താൻ കൂടെനിന്നവർക്ക് കഴിഞ്ഞില്ല എന്നതിന്റെ ദൃഷ്ടാന്തമാണ് സമീപകാലത്ത് നടന്ന കാവുപുനരുദ്ധാരണം. അപ്പോഴും മാനവികതയ്ക്കു വേണ്ടി അവസാനശ്വാസം വരെ എഴുത്തുകൊണ്ടും ജീവിതം കൊണ്ടും പ്രവർത്തിച്ച സുഗതകുമാരി പരിസ്ഥിതിസ്നേഹത്തിന്റെയും മാനുഷികതയുടെയും ബിംബമായി നിലകൊള്ളുന്നു.

## സഹായകഗ്രന്ഥങ്ങൾ


1. അയ്യപ്പപ്പണിക്കർ, *അയ്യപ്പപ്പണിക്കരുടെ തിരഞ്ഞെടുത്ത കവിതകൾ*, ഡി.സി ബുക്സ്, കോട്ടയം,2017.
2. രാജശേഖരൻ പി.കെ.,*ഏകാന്തനഗരങ്ങൾ*, ഡി.സി ബുക്സ്, കോട്ടയം,2015.
3. രാമചന്ദ്രൻ നായർ പന്മന (എഡി.), *പരിസ്ഥിതി പഠനങ്ങൾ*, കറന്റ് ബുക്സ്, കോട്ടയം, 2013.
4. സച്ചിദാനന്ദൻ, *അടിത്തട്ടുകൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2006.
5. സുഗതകുമാരി,*സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, ഡി.സി ബുക്സ്, കോട്ടയം, 2016.
6. സുധാകരൻ സി. ബി, *ഉത്തരാധുനികത മലയാള പാഠഭേദങ്ങൾ*, ഡി. സി ബുക്സ്, കോട്ടയം, 2001.


## ആനുകാലികം


1. മാതൃഭൂമി ആഴ്ചപ്പതിപ്പ്, അഭിമുഖം, പുസ്തകം 98, ലക്കം 42, 2021 ജനുവരി 03 – 09.

# കവിതയിലെ ബഹുധ്വനി

**അജി ഡി.**

സാഹിത്യം ദേശകാലങ്ങൾക്കതീതമായി നിലനിൽക്കുന്നത് മനുഷ്യജീവിതവുമായുള്ള അതിന്റെ സംവേദനക്ഷമതകൊണ്ടാണ്. സർവ്വ ജീവജാലങ്ങളുടെയും ദുഃഖത്തിന് ഒപ്പം നിൽക്കുകയും അവരുടെ കണ്ണീരൊപ്പുകയും ചെയ്യുക എന്നത് സാഹിത്യത്തിന്റെ ചിരന്തനമായ ധർമ്മമാണ്. വാത്മീകി മുതലിങ്ങോട്ടുള്ള ഭാരതീയ സാഹിത്യപാരമ്പര്യം ഈ സാഹിത്യമാനവികതയുടെ തുടർച്ചയാണ്. പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലുണ്ടായ അസന്തുലനാവസ്ഥ, മനുഷ്യസമൂഹത്തിൽ ഉണ്ടാവുന്ന വർഗ്ഗപരവും, ലിംഗപരവുമായ വൈരുദ്ധ്യങ്ങൾ എന്നിവയെല്ലാം ലോകസമൂഹത്തിന്റെ മുന്നോട്ടുള്ള പ്രയാണത്തെ നിർണ്ണായകമായി സ്വാധീനിച്ചിട്ടുണ്ട്. സാമ്പത്തിക സാമൂഹിക അധിനിവേശങ്ങൾ, അതിന്റെ ഭാഗമായ പ്രകൃതിചൂഷണം, പിതൃമേധാവിത്തം സമൂഹത്തിൽ സ്ത്രീസമൂഹം നേരിടുന്ന വെല്ലുവിളികൾ, ആദിവാസി-ദളിത് പ്രശ്നങ്ങൾ എന്നിവയെല്ലാം സാമൂഹിക ഘടനയിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥ സാഹിത്യത്തെ ബഹുമുഖമായ കാഴ്ചപ്പാടുകളിലേക്ക് നയിച്ചു. സാഹിത്യകാരന്മാർ ദന്തഗോപുരങ്ങളിൽ നിന്നുമിറങ്ങി മണ്ണിന്റെയും മനുഷ്യന്റെയും പടപ്പാട്ടുകാരായി മാറി. മലയാളത്തിൽ ആധുനിക കവിത്രയങ്ങളും എൻ.വി.കൃഷ്ണവാര്യരും പി.കുഞ്ഞുരാമൻ നായരും വൈലോപ്പിള്ളിയും ഇടശ്ശേരിയും സുഗതകുമാരിയും കടമ്മനിട്ടയും ജി. ശങ്കരപിള്ളയും ഒ.എൻ.വിയും വയലാറും പി.ഭാസ്ക്കരനും അടക്കമുള്ള കവികൾ മണ്ണിനേയും മനുഷ്യനേയും

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

കുറിച്ചുള്ള ദർശനങ്ങൾ അവതരിപ്പിച്ചു. മാതൃത്വത്തിന്റെ സ്ഥായിഭാവത്തിൽ പ്രകൃതിയേയും മനുഷ്യനേയും കുറിച്ച് പാടുകയും സ്നേഹിച്ചും, പ്രണയിച്ചും ചിലപ്പോൾ ക്ഷോഭിച്ചും ശാസിച്ചും അരികുവത്ക്കരിക്കപ്പെട്ട സമൂഹങ്ങളുടെ ശബ്ദമായി മാറിയ കവയിത്രിയാണ് സുഗതകുമാരി.

**മാനവികാവബോധം**

നോവിനെ കാവ്യവൽക്കരിക്കുക എന്നത് കവിതയുടെ സൃഷ്ടി ധർമ്മമായി കണ്ട് മാനവനുവേണ്ടി പാടുന്ന സുഗതകുമാരി ദേശകാലത്തിന് അതീതമായ മനുഷ്യസ്നേഹത്തിന്റെ ദർശനസൗഭഗം തന്റെ കവിതകളിൽ നിറച്ചു വെച്ചു.

"എങ്കിലുമെൻ കരം നീളുന്നു മക്കളെ
വൻകടലായിരം വൻകരയായിര-
മുണ്ട് നമ്മൾക്ക് നടുവിലെന്നാകിലും
എന്റെ കുലത്തിൽ പിറന്നവർ നിങ്ങളെ-
ന്നംബികതൻ മുലയുണ്ട് വളർന്നവർ
എൻ തറവാടിന്റെ ഭാഗ്യക്കുരുന്നുകൾ"

(ബയാഫ്ര)

വസുദൈവകുടുംബകം എന്ന ആർഷഭാരത സങ്കല്പനത്തിന്റെ സ്വാധീനം സുഗതകമാരിയുടെ മാനവികത ബോധത്തിൽ പ്രകടമാണ്.

"എൻമിഴിനനയുമിവയ്ക്കായി നിന്നുടെ
മിഴിയും നനയുന്നു
എന്നുടെ ചിറകുകൾ വിടരുമ്പോൾ, നീ
മിഴികളുയർത്തുന്നു
എന്നുടെ മുഖമറിവില്ലെങ്കിലുമീ

യുയിരിനെയറിയുന്നു
അങ്ങനെയെങ്ങോ സമാനഹൃദയ
വസിക്കുന്നുണ്ടാം നീ

(സമാനഹൃദയാ -നിനക്കായി പാടുമ്പോൾ)

ലോകത്തെവിടെയുമുള്ള മനുഷ്യഹൃദയങ്ങളെ സ്നേഹമെന്ന ചരടിൽ കോർത്ത് ഏകത്വത്തിലേക്ക് നയിക്കുന്ന വിശ്വമാനവികദർശനം സുഗതകുമാരി കവിതകളെ വ്യത്യസ്തമാക്കുന്നു. ദുരന്തങ്ങളെ അതിജീവിക്കാനും ഉന്നതി പ്രാപിക്കാനുമുള്ള മാനവഹൃദയത്തിന്റെ ശ്രേഷ്ഠതയെ കവി ഇങ്ങനെ വിവരിക്കുന്നു.

"ഒരു താരകയെ കാണുമ്പോളതു
രാവുമറക്കും, പുതുമഴകാൺകെ
വരൾച്ച മറക്കും, പാൽച്ചിരികണ്ടതു
മൃതിയെ മറന്നു സുഖിച്ചേപോകും
പാവം മാനവഹൃദയം"

(പാവം മാനവഹൃദയം)

അന്യന്റെ ദുഃഖം സ്വദുഃഖമായി കണ്ട് മുറിവേറ്റ ഹൃദയഭാഷ കൊണ്ടാണ് സുഗതകുമാരി കവിതകൾ എഴുതിയത്. ദുഃഖങ്ങളും പാപങ്ങളും കഴുകികളയാൻ പീഡയേൽക്കുന്ന കാളിയനെപ്പോലെ മനുഷ്യ ദുഃഖത്തിന്റെ തീയിൽ സ്വയമുരുകി വിമലീകരിക്കപ്പെട്ട് ആത്മശാന്തിയെ പുൽകുന്നു. "പരാഗരേണുക്കൾകൊണ്ട് ഹൃദയഭിത്തിയിൽ നടത്തുന്ന ചിത്രരചനയെ അവ ഓർമ്മിപ്പിച്ചു. മുറിവേറ്റ കരളിൽനിന്ന് വരുന്ന ചോരകൊണ്ട് കരാള ജീവിതദൃശ്യങ്ങൾ വരയ്ക്കുന്ന സിദ്ധിയും പിന്നിട് ശ്രദ്ധിച്ചു[(1)]. സ്നേഹത്തെ ലോകസമഷ്ടിയുടെ കേന്ദ്രസ്ഥാനത്ത് പ്രതിഷ്ഠിക്കുക, സ്നേഹശൈഥില്യത്തിൽ നിന്നുണ്ടാകുന്ന ദുരന്തങ്ങളെ ലോകസമൂഹത്തിന് മുന്നിൽ അവതരിപ്പിക്കുക എന്നീ ലക്ഷ്യങ്ങൾ

സാഹിത്യരചനയുടെ മുഖ്യധർമ്മമായി കവികാണുന്നു. അനാഥരായ കുഞ്ഞുങ്ങൾ, പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങൾ, വികസനത്തിന്റെ ആർത്തിമൂലം നശിപ്പിക്കപ്പെട്ട പരിസ്ഥിതി എന്നിവയുടെ അബോധപരമായ സ്വാധീനം സുഗതകുമാരിയുടെ മാനവികദർശനങ്ങളിൽ ഉൾച്ചേർന്നിരിക്കുന്നു.

**പാരിസ്ഥിതികാവബോധം**

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യമാണ് അതിജീവിനത്തിന്റെ അടിത്തറയായി വർത്തിക്കേണ്ടത്. ഈ ബന്ധത്തിൽ വൈരുദ്ധ്യങ്ങൾ വർദ്ധിക്കുമ്പോഴാണ് അതിജീവനം അസാധ്യമായി വരുന്നത്. മനുഷ്യന്റെ അമിതമായ പ്രകൃതിചൂഷണം മൂലമുണ്ടാകുന്ന പാരിസ്ഥിക പ്രതിസന്ധി ലോകസമൂഹത്തെതന്നെ ഗുരുതരമായി ബാധിച്ചുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ സർഗ്ഗാത്മക സാഹിത്യം അതിനെ അഭിമുഖീകരിക്കുകയും പ്രകൃതിയേയും മനുഷ്യനേയും പറ്റിയുള്ള ചിന്തകൾ പങ്കുവെക്കുകയും ചെയ്തു.

പാശ്ചാത്ത്യലോകത്ത് പാരിസ്ഥിക പ്രതിസന്ധികളെക്കുറിച്ച് 1950കളിൽത്തന്നെ ചർച്ചകൾ തുടങ്ങി. ''ആൻഡോ ലിയോ പോൾഡിന്റെ 'സാൻകൗണ്ടി അൽമനാക്ക്' (1949) പുതിയ പാരിസ്ഥിക ചിന്തകൾ മുന്നോട്ട് വെച്ചപ്പോൾ അത് ശക്തമായത് റേച്ചൽ കാഴ്സന്റെ നിശബ്ദവസന്തം (Silent Spring, 1962) പ്രസിദ്ധീകരിച്ചപ്പോഴാണ്''[(2)]. ഭാരതീയ പുരാണങ്ങളിൽ പരിസ്ഥിതിയും അതിന്റെ സംരക്ഷണവും പ്രതിപാദിച്ചിട്ടുണ്ട്. ഈശാവാസ്യമിദംസർവ്വം എന്ന ഉപനിഷത്ത് വാക്യം തന്നെ സർവ്വതിനുമുള്ള ഈശ്വരസാമിപ്യം വിളംബരം ചെയ്യുന്നു.

"ദശപുത്രോ സമോവാപി
ദശവാപി സമോഹൃത

ദശഹൃത സമോമാതാ
ദശമാത സമദാരു"

(പത്ത് പുത്രന്മാർക്ക് സമമാണ് ഒരു കുളം, പത്ത് കുളങ്ങൾക്ക് സമമാണ് ഒരു തടാകം, പത്ത് തടാകങ്ങൾക്ക് സമമാണ് അമ്മ, പത്ത് അമ്മമാർക്ക് സമമാണ് ഒരു മരം) എന്ന ഉപനിഷത്ത് ദർശനം പ്രകൃതിക്ക് ഭാരതീയ ഋഷിപരമ്പര നൽകിയ പ്രാധാന്യത്തെയെടുത്ത് കാണിക്കുന്നു. കവിതയിലെ പാരിസ്ഥിക ദർശനം മലയാളത്തിൽ ശക്തമാകുന്നത് സൈലന്റ് വാലി പ്രക്ഷോഭവുമായി ബന്ധപ്പെട്ടാണ്. എഴുത്തുകാർ തങ്ങളുടെ ഭാവനാലോകത്തുനിന്നും മണ്ണിലേക്കിറങ്ങി വന്ന സവിശേഷസാഹചര്യമാണ് അന്നുണ്ടായത്. സുഗതകുമാരി കവിതകളിലെ പാരിസ്ഥികദർശനം അതിന്റെ ഉജ്ജ്വലകാന്തി പ്രകടിപ്പിക്കുന്ന കാലഘട്ടംകൂടിയാണത്. കേരളത്തിൽ നൂതനമായ പരിസ്ഥിതി രാഷ്ട്രീയം സാധ്യമാക്കുന്നതിൽ സുഗതകുമാരിയുടെ എഴുത്തും പ്രഭാഷണങ്ങളും നിർണ്ണായകമായ സ്വാധീനം ചെലുത്തി.

"ആദ്യനുരാഗ നിശകളിൽപോൽനിന്നെ-
യോർത്തുകിടന്നു ഞാനെത്രയോ ദീർഘമാം
രാത്രിയുറങ്ങാതുഴന്നു ഭയാകുലം!....
എത്രസ്വപ്നങ്ങൾ കണ്ടുഞെട്ടി! ചുട്ടു
കത്തുന്ന നിൻ തിരുമാർത്തടം! ആർത്തല-
ച്ചറ്റുവീഴും മഹാവൃക്ഷങ്ങൾ! മിണ്ടാതെ
വറ്റുന്ന കുന്തിപ്പുഴതൻ നിലവൊളി ....."

(സൈലന്റ് വാലി, 1985)

സൈലന്റ് വാലിയും അതിന്റെ ആവാസവ്യവസ്ഥയും നാളെയുടെ നിലനിൽപ്പിന് ആവശ്യമാണ് എന്ന പാരിസ്ഥികവബോധമാണ് കവയത്രിയുടെ ഉറക്കം നഷ്ടപ്പെടുത്തുന്നത്. "പ്രകൃതി സുഗതകുമാ

രിയുടെ കാവ്യചേതനയുടെ ഒരിക്കലും വറ്റാത്ത ഉറവയാണ്, ഭൂമിന ഷ്ടപ്പെട്ടാൽ ഇല്ലാതാവുക താനും തന്റെ കാവ്യചേതനയുമാണെന്ന് കവി അറിയുന്നു" കാടും പുഴകളും മണ്ണും മനുഷ്യന്റെ ആർത്തിയിൽ നശിക്കുമ്പോൾ ഈ മഹാശാസ്ത്രയുഗത്തിൽ ചുറ്റും പകയും പിന്നിൽ കുത്തും വെടിയും കരച്ചിലും ഭീതിയും മഹാരോഗഭയവും സുഖഭ്രാന്തും ചതിക്കുണ്ടും തമ്മിൽ നോക്കുമ്പോൾ കണ്ണിനുള്ളിലായി പുകകൂണിൻ ചിഹ്നവും ചാവുന്നപുഴകളും സൂര്യക്രോധവും ചുറ്റിലും വിഷഭയവും വരളുന്ന മണ്ണിന്റെ ഉൾത്തടവും ആർദ്രതനഷ്ടപ്പെട്ട് അലയുന്ന യുഗ ത്തിന്റെ അന്ധനായ പുത്രനുവേണ്ടി മരം നട്ടും നനച്ചും തണൽവെച്ചും അവനായി പാട്ടും കിളിമുട്ടയും വിത്തും കാത്തുഴലുന്ന, ഭൂമിയെ, പൈത ങ്ങളെ, കാരുണ്യത്തെ, ശാന്തിയെ സ്നേഹിക്കുന്ന പാരിസ്ഥിക അവ ബോധമാണ് സുഗതകുമാരി കവിതകളിൽ കാണാൻ കഴിയുക.

"അടിവേരുതൊട്ടുമുടി
യിലവരെ, നന്ദികെട്ടോ
രടിയങ്ങൾക്കവിടുന്നു
തന്നുപോറ്റുമ്പോൾ
പകരം നൽകുവതെന്തേ
മഴുവും തീയുമല്ലാതെ!
അവിടുന്നു സമസ്തവും
പൊറുക്കുമല്ലോ

(മരത്തിന്സ്തുതി)

പ്രകൃതിയുടെ കാരുണ്യത്തിൽ ജീവിക്കുന്ന മനുഷ്യർ പ്രകൃ തിയോട് കാണിക്കുന്ന നീതിരഹിതമായ സമീപനം കവയിത്രിയിൽ സൃഷ്ടിച്ച രോക്ഷമാണ് പ്രകൃതിയോട് മാപ്പിരക്കാൻ കവിയെ പ്രചോ ദിപ്പിക്കുന്നത്. എന്നാലും പ്രകൃത്യാംബ പൊറുക്കുമോയെന്നും അഗ്നി

പാറുന്ന കണ്ണുകളാൽ ഞങ്ങളെ നോക്കുന്നത് എപ്പോഴാണെന്നും ആശങ്കപ്പെടുകയും ചെയ്യുന്നു. പ്രകൃതിയെന്നത് സർവ്വജീവജാലങ്ങളുടേയും ഐക്യരൂപമായിട്ടാണ് സുഗതകുമാരി കവിതകളിൽ തെളിയുന്നത്. ധർമ്മം മറന്ന മനുഷ്യനെ അത് ഓർമ്മിപ്പിക്കാനും പരിസ്ഥിതി രാഷ്ട്രീയം അതിജീവനത്തിന്റെ രാഷ്ട്രീയമായി പരിവർത്തിപ്പിക്കാനും സുഗതകുമാരി കവിതകൾക്ക് കഴിഞ്ഞു.

**ദളിതവബോധം**

അരികുവത്ക്കരിക്കപ്പെട്ട സമൂഹങ്ങളുടെ രാഷ്ട്രീയം മുഖ്യധാരാ രാഷ്ട്രീയത്തിന്റെ എതിർദിശയിലാണ് എക്കാലവും സഞ്ചരിച്ചിട്ടുള്ളത്. നൂറ്റാണ്ടുകളായി നിരന്തരം ചൂഷണത്തിനിരയായ ദളിത് സമൂഹത്തെ അതിന്റെ ഇടങ്ങളിൽ നിന്നും ആട്ടിപ്പായിച്ചാണ് മുഖ്യധാരാരാഷ്ട്രീയം മുന്നോട്ടുപോയത്. ജാതിവ്യവസ്ഥയും വ്യവസായവത്ക്കരണവും അതിന്റെ ഭാഗമായ കുത്തകമുതലാളിത്തവും സമൂഹത്തിൽ സൃഷ്ടിച്ച അരക്ഷിതാവസ്ഥ ദളിത് ഇടങ്ങളെയും അവകാശപോരാട്ടങ്ങളെയും കൂടുതൽ നിസ്തേജിതമാക്കി. “കീഴാള ദേശീയസംസ്ക്കാരത്തെകൂടി സ്വന്തം പ്രദർശനവസ്തുവാക്കി ജഡവും നിശ്ചലവുമാക്കി മാറ്റിക്കൊണ്ട് ജനകീയ സ്വാച്ഛാന്ദ്യത്തിന്റെ അവസാനത്തെ താവളങ്ങളെ പോലും സ്വന്തം അധികാരമേഖലയിൽ കൊണ്ടുവരാനാണ് ഇന്ന് അധീശവർഗ്ഗങ്ങൾ ശ്രമിക്കുന്നത്”[(4)]. ഈ അധീശവർഗ്ഗ രാഷ്ട്രീയത്തിന്റെ നേർക്കുള്ള പ്രതിരോധമായിട്ടാണ് ദളിത് രാഷ്ട്രീയം ഇന്ത്യയിൽ വളർന്ന് വന്നത്. ദളിത് ആക്ടിവിസ്സം കൂടി ഉൾക്കൊണ്ട ദളിതവബോധമാണ് സുഗതകുമാരി കവിതകളുടെ പ്രത്യേകത.

ആദിവാസി ചൂഷണത്തിന്റെ വിവിധ തലങ്ങളെ സ്പർശിച്ചും അതിനോടുള്ള ആദിവാസിയുടെ പ്രതികരണവും നിറഞ്ഞ് നിൽക്കുന്ന കവിതയാണ് സുഗതകുമാരിയുടെ ‘ആദിവാസി സാക്ഷരത’.

"എഴുതിക്കാനെത്തിയ രാശാക്കളെ
എഴുതിക്കാനല്ലാദ്യം നിങ്ങളെത്തി
ഒരുകൈയ്യിൽ തൈവത്തിൽ പൊസ്തകവും
മറുകൈയ്യിൽ തോക്കുമായി നിങ്ങളെത്തി"

അധിനിവേശത്തിന്റേയും ചൂഷണത്തിന്റേയും ആദ്യവരവിന്റെ ശൈലിക്ക് ദേശകാലവ്യത്യാസം ഒന്നുമില്ലെന്ന് ആദിവാസി അനുഭവത്തിൽ നിന്ന് വ്യക്തമാകുന്നു. സഹായിക്കാനെന്ന വ്യാജേനയെത്തി ആധിപത്യമുറപ്പിക്കുകയെന്ന കൊളോണിയൽ വ്യവഹാര മാതൃകയെ പിൻപറ്റുന്ന അധീശമാതൃകയെയാണ് ആദിവാസി സാക്ഷരതയിൽ സുഗതകുമാരി അവതരിപ്പിക്കുന്നത്. തമ്പുരാക്കന്മാർക്ക് നൂറ് കൈയ്യാണ്. വാക്കത്തിയും കോടാലിയും ഓങ്ങുന്നകൈയ്യ്, ലാത്തിയും തോക്കുംപിടിച്ച കൈയ്യ്, എരിയുന്ന ചാരായം നീട്ടുന്നകൈയ്യ്, വിരൽമുക്കി താളിൽപതിക്കും കൈയ്യ്, തോളത്ത്തട്ടി തലോടിയിട്ട് താഴോട്ടുരുട്ടി കൊലച്ചകൈയ്യ്, നിറചേലയും കാശും വളയും കാണിച്ച് കൊതിപ്പിച്ച് എരിയുന്ന വയറ്റിന് പിള്ളയെനൽകി പിഴപ്പിച്ചകൈയ്യ് എന്നിങ്ങനെ ആദിവാസി ചൂഷണത്തിന്റെ ഭിന്നവശങ്ങളെ അവതരിപ്പിക്കുന്നു. അവിവാഹിതകളായ അമ്മമാരും മദ്യത്തിനും മയക്കുമരുന്നിനും അടിമകളായ യുവതയും തലചായ്ക്കാൻ കിടപ്പാടമില്ലാത്തവരും ഇന്നും കൊടിയചൂഷണത്തിന് ഇരയായി ജീവിക്കുന്നു.

"ആതിവാസിക്കല്ലോ കാടിലാത്തു
കാടുമുടിച്ചവർക്കെല്ലാം കാട്".

കാടും പുഴകളും ആദിവാസിയുടെ കൈയ്യിൽനിന്നും തട്ടിയെടുത്ത അധീശവർഗ്ഗം കാടിനെ നശിപ്പിച്ചു ഒരു സംസ്കൃതിയെതന്നെ ഇല്ലാതാക്കി. മതങ്ങളും കച്ചവടക്കാരും കാടിനെ അവരുടെ കേന്ദ്രമാക്കിമാറ്റി, കാടിനെ നാടാക്കി, കാട്ടാറിനെ കൊന്നു. മണ്ണുമുടിഞ്ഞും

പെണ്ണുപിഴച്ചും പോയത്കണ്ട ഞങ്ങൾക്കിനി എഴുതാൻ ഞങ്ങളുടെ ചാവുപാട്ട് മാത്രമേയുള്ളൂയെന്ന രോക്ഷത്തിലാണ് ആദിവാസി സാക്ഷ രത എന്ന കവിത അവസാനിക്കുന്നത്. കാടും അതിലെ ജൈവവൈ വിധ്യങ്ങളും കാത്തുസൂക്ഷിക്കാൻ വേണ്ടി നടന്ന സൈലന്റ്‌വാലി പ്രക്ഷോഭം കാട്ടിലെ മനുഷ്യജീവിതങ്ങളുടെ കൂടി സംരക്ഷണമായി ലക്ഷ്യംവെച്ചത്. ചൂഷണത്തിനിരയായവരോടുള്ള ഐക്യദാർഢ്യം സുഗ തകുമാരിയുടെ കവിതകളിൽ നിറഞ്ഞ് നിൽക്കുന്നു. കാരുണ്യമില്ലാത്ത ചൂഷണവ്യവസ്ഥയോടുള്ള വിട്ടുവീഴ്ചയില്ലാത്ത പ്രതിരോധമാണ് സുഗ തകുമാരിയുടെ ദളിതവബോധത്തിൽ പരാമൃഷ്ടമാകുന്നത്.

**സ്ത്രീപക്ഷാവബോധം**

നൂറ്റാണ്ടുകളായി പിതൃമേധാവിത്ത സമൂഹത്തിന്റെ അടിച്ച മർത്തലിനിരയാകുന്ന സ്ത്രീസമൂഹത്തിന്റെ പ്രതിരോധമാണ് സ്ത്രീവാ ദപ്രസ്ഥാനം. വിദ്യാഭ്യാസം, ലിംഗവിവേചനം, ലൈംഗികത, തൊഴിൽ, സാമ്പത്തികപരാശ്രയത്വം എന്നിങ്ങനെ സ്ത്രീകളനുഭവിക്കുന്ന പ്രശ്ന ങ്ങൾ സ്ത്രീവാദപ്രസ്ഥാനങ്ങൾ ഉയർത്തിക്കൊണ്ടുവന്നു. "നില നിൽക്കുന്ന പുരുഷാധിപത്യ പ്രവണതകൾക്കും സ്ത്രീകളുടെ പാർശ്വ വൽക്കരണത്തിനുമെതിരെയുള്ള പ്രതിരോധമാണ് സ്ത്രീവാദം"(5). പാശ്ചാത്യസ്ത്രീവാദ പ്രസ്ഥാനങ്ങളുയർത്തിയ പ്രതിരോധം കേരള ത്തിലും സ്വാധീനംചെലുത്തി. കേരളത്തിലെ നവോത്ഥാന പ്രവർത്ത നങ്ങളുടെ ഭാഗമായി സ്ത്രീകളുടെ സാമൂഹികനില അല്പം മെച്ചപ്പെ ട്ടെങ്കിലും വീടിനുള്ളിലും പൊതുയിടങ്ങളിലും സ്ത്രീ ആൺകോയ്മ യുടെ തടങ്കലിലായിരുന്നു. വർദ്ധിച്ചുവരുന്ന ഗാർഹികപീഡനങ്ങൾ, അവിവാഹിതകളായ അമ്മമാർ, പെണ്ണായിപ്പിറന്നതുകൊണ്ടു മാത്രം തെരുവിലുപേക്ഷിക്കപ്പെട്ട ബാല്യങ്ങൾ, തൊഴിലിടങ്ങളിലെ പീഡന ങ്ങൾ തുടങ്ങി പുരുഷാധിപത്യത്തിന്റെ രൂക്ഷമായ കടന്നാക്രമണങ്ങൾ

അനുഭവിച്ച സ്ത്രീസമൂഹമാണ് സുഗതകുമാരി കവിതകളിൽ നാം കാണുന്നത്. പരിസ്ഥിതിയുടേയും സ്ത്രീയുടേയും അനുഭവങ്ങളെ സമീകരിക്കുന്ന ഇക്കോഫെമിനിസ്റ്റ് (പാരിസ്ഥിക സ്ത്രീവാദം) ദർശനം സുഗതകുമാരി കവിതകളെ സ്വാധീനിച്ചിട്ടുണ്ട്.

"ഇവൾക്കുമാത്രമായി കടലോളം കണ്ണീർ
കുടിച്ചവൾ, ചിങ്ങവെയിലൊളിപോലെ
ചിരിപ്പവൾ, ഉള്ളിൽകൊടുംതീയാളീടും
ധരിത്രിയെപ്പോലെ തണുത്തിരുണ്ടവൾ"

(ഇവൾക്കുമാത്രമായി)

സ്ത്രീയുടെ സഹനതയെ ഭൂമിദേവിയുടെ സഹനതയുമായി താരതമ്യം ചെയ്യുകയും ചവിട്ടാൻ, പൂജിക്കാൻ, പരക്കെപുച്ഛിക്കാൻ, പരിത്യജിക്കാൻ, തുണയ്ക്ക് കൈകോർത്തു നടക്കാൻ, മക്കളെ പിടയ്ക്കും നെഞ്ചത്ത് കിടത്തിപോറ്റുവാൻ ഇവൾക്ക് മാത്രമായി ഒരു ജന്മം. ഇങ്ങനെ പെണ്ണവസ്ഥകളെ അവതരിപ്പിക്കുന്നു.

"എത്രവാടക വീടുകളെന്റെ
യീക്കരങ്ങൾ തുടച്ചുമിനുക്കി
എത്രയെത്ര മുഷിഞ്ഞ വസ്ത്രങ്ങ
ളുച്ചവെയ്‌ലിൽ കഴുകിയുണക്കി
എത്ര മക്കളെപ്പോറ്റിപ്പുലർത്തി
എത്രപേർക്കെൻ കരം വിശപ്പാറ്റി!

(സ്ത്രീപർവ്വം)

തലമുറകളെ സൃഷ്ടിക്കുന്നതിൽ പെണ്ണിന്റെ പങ്ക് വാഴ്ത്തപ്പെടാതെ പോകുകയും ആണിനെ വാഴ്ത്തുകയും ചെയ്യുന്ന പിതൃമേധാവിത്ത സാമൂഹികഘടനയെ സുഗതകുമാരി നിശിതമായി വിമർശിക്കുന്നുണ്ട്. അർത്ഥശൂന്യമായി വ്യർത്ഥമായി നൂറുപണികൾ ചെയ്ത്,

ഉണരുക, പാചകം ചെയ്യുക, തിന്നുക, പണിയുക, വീണ്ടുമുറങ്ങി വീഴ്ക, മക്കളെ പ്രസവിച്ച് പോറ്റുക, ഭർത്താവിനെ പൂജിച്ച് ധന്യയാകുക എന്നിങ്ങനെ സ്ത്രീജീവിതം മറ്റുള്ളവർക്കായി ഹോമിക്കപ്പെടുമ്പോൾ "ആഹ്ളാദസൗഭാഗ്യപൂർണ്ണയായ് വാണീടും വീട്ടമ്മതൻ മുഖംമൂടി വേണം" എന്ന ആഹ്ളാദരഹിതമായ സ്ത്രീജീവിതത്തിന്റെ നേർചിത്രം കവി അവതരിപ്പിക്കുന്നു.

"കയറിൽ കുടുക്കിൻകുരുങ്ങി വന്നു
മുറിവേറ്റ മെയ്യോടിഴഞ്ഞുവന്നു
തീയിൽ കരിഞ്ഞുകറുത്തുവന്നു
നോവിൽ കുതിർന്നുകലങ്ങിവന്നു
പെരുവയർ താങ്ങിതളർന്നുവന്നു
ഗതിയെഴാപ്രേതമായ് കേണുവന്നു"

(വനിതാകമ്മീഷൻ)

പെണ്ണായിപിറന്നതുകൊണ്ടുമാത്രം തെരുവിലുപേക്ഷിക്കപ്പെട്ട ബാല്യങ്ങൾ, ഗർഭപാത്രത്തിൽവെച്ച് തന്നെ ഇല്ലാതായ്തീരുന്ന നിഷ്കളങ്ക ജന്മങ്ങൾ, വിദ്യാഭ്യാസം നിഷേധിക്കപ്പെട്ട് പീഡനങ്ങളുടെ ദുരിത പർവ്വം താണ്ടിയെത്തുന്ന പെൺകുട്ടികൾ ഇവയെല്ലാം സമൂഹത്തിന്റെ ദുഷ്കൃത്യത്തിന്റെ പരിച്ഛേദങ്ങളായി സുഗതകുമാരി കവിതകളിൽ പ്രത്യക്ഷപ്പെടുന്നു.

"അമ്മയാംഞാനുമീമട്ടിൽ
പെണ്ണായിവന്നുപിറന്നുപോയ്
എന്നെയും പാവമെന്നമ്മയന്നുകൊല്ലാനറച്ചുപോയ്"

(പെൺകുഞ്ഞ് 90)

ഇത്തരത്തിൽ താനടങ്ങുന്ന സ്ത്രീസമൂഹം നേരിടുന്ന വെല്ലുവിളികൾ കൃത്യമായി അവതരിപ്പിച്ച സുഗതകുമാരി ഭാവിയെക്കുറിച്ച്

ശുഭാപ്തിവിശ്വാസവും ഉയർത്തിപ്പിടിക്കുന്നു.

“വേലചെയ്തു പുലർന്നോളായി
പുലർത്തുന്നവളായി, സ്വയം
ജീവിതം പെൺകൊടിക്കൂറ
പോലുയർത്തി പിടിച്ചീടും”
എന്നും.
“തലതാഴ്ത്തില്ലാ താഴ്ത്തില്ല
ഇവൾതൻ കാലിൽ നില്പവൾ”

എന്നും ഭാവിയിലെ സ്ത്രീസമൂഹം വിദ്യാഭ്യാസം നേടി സ്വയംപര്യാപ്തത കൈവരിക്കുമെന്നും അങ്ങനെ സ്ത്രീസമൂഹത്തിനെ പൊതിഞ്ഞ് നിൽക്കുന്ന ഇരുട്ട്വാർന്നു പോകുമെന്നും കവി പ്രത്യാശ പ്രകടിപ്പിക്കുന്നു.

**ദേശീയാവബോധം**

സുഗതകുമാരി കവിതകളിലെ ദേശീയത ദേശരാഷ്ട്ര അതിർ ത്തികളെ ഭേദിച്ച് സ്നേഹസങ്കല്പത്തെ മുന്നോട്ട്വെക്കുന്നു. ലോക ത്തെവിടെയുമുള്ള മനുഷ്യസമൂഹത്തിനോടും പ്രകൃതിയോടുമാണ് ആ കവിതകൾ സംവദിക്കുന്നത്. നെഞ്ചുലയ്ക്കുന്ന ജീവിതകാഴ്ചകൾ, പ്രകൃതിയോടുള്ള മനുഷ്യസമൂഹത്തിന്റെ കിരാതമായ സമീപനം, സർവ്വ സംഹാരിയായ യുദ്ധങ്ങൾ വരുത്തിവെയ്ക്കുന്ന അവശേഷ ജീവിത കാഴ്ചകൾ, ആർഷഭാരതസംസ്കൃതി, ഗാന്ധിയൻ ദർശനം എന്നിവ യൊക്കെ സുഗതകുമാരിയുടെ ദേശീയ കാഴ്ചപ്പാടിനെ സ്വാധീനിച്ചി ട്ടുണ്ട്. ഇന്ത്യ സ്വാതന്ത്യം നേടുമ്പോൾ അന്നത്തെ സ്വാതന്ത്ര്യ സമര നായകർ സ്വപ്നം കണ്ടിരുന്ന ഇന്ത്യയിലേക്കുള്ള യാത്രയിൽ ജന തയ്ക് വഴിതെറ്റുമ്പോൾ, ജാതിമതാന്ധരായി തമ്മിലിടിച്ച് നശിക്കുന്ന യദുകുലമായി ഭാരതംമാറുമ്പോഴൊക്കെ ആ കവിതകൾ ശബ്ദിക്കാ

റുണ്ട്.

“ആ നിലവിളിക്കുന്നോ
രമ്മ ഹിന്ദുവോ സിക്കോ
ആ നിലവിളിയുടെ
ഭാഷ രണ്ടാമോപഞ്ചാബ്?” (പഞ്ചാബ്)

മതദേശിയത എന്ന വർഗ്ഗീയവിഭജന ദേശീയവാദത്തെ സാർവ്വ ജനദേശീയത എന്ന ഐകരൂപംകൊണ്ട് പ്രതിരോധിക്കുന്ന സുഗത കുമാരി മതാന്ധത ഏത്പൂർവ്വികശാപമാണെന്നും ചോരയേറെ വീണെ രിഞ്ഞിട്ടും കണ്ണുനീരാറായി ധാരധാരയായി കഴുകീട്ടും ഈ ശാപമെ ന്തുകൊണ്ട് മാറുന്നില്ലയെന്നു വിലപിക്കുന്നു. ധർമ്മപാതയിൽനിന്നും വ്യതിചലിച്ച് അധർമ്മത്തിന്റെ തീ തിന്നുന്ന ജനതയോട് മരിച്ച ധർമ്മ ത്തിന്റെ ശവസംസ്ക്കാരംകൂടി കെങ്കേമമായി നടത്താം ഈ സ്വാത ന്ത്ര്യദിനത്തിൽ എന്ന് കവി പരിതപിക്കുന്നു. പാരമ്പര്യത്തെ വിറ്റുതു ലച്ചു ആധുനികതയെ പുൽകുന്ന പുത്തൻരാഷ്ട്രീയത്തെയും “നിങ്ങളീ ഇന്ത്യയെ ഇപ്പോഴും സ്നേഹിക്കുന്നോ” എന്ന കവിതയിൽ കവി നിര സിക്കുന്നു.

സുഗതകുമാരി കവിതയിലെ ദേശീയസങ്കല്പം ഗാന്ധിയൻ മുല്യങ്ങളിൽ അടിയുറച്ചതാണ്. പ്രകൃതിയും മനുഷ്യനും തമ്മിൽ ദേശ കാലങ്ങൾക്കതീതമായ സഹവർത്തിത്വം ആവിശ്യപ്പെടുന്നു. മെലിഞ്ഞു തളർന്ന യമുനയും കപ്പലിൽ വരുന്ന ഭിക്ഷാന്നമുണ്ണാൻ കണ്ണിമയ്ക്കാതെ കാത്തുനിൽക്കുന്നവരും പാതിരാക്കൊള്ള നടത്തുന്നവരും പെറ്റമ്മയെ വഞ്ചിക്കാൻ ചൂട്ടുതെളിച്ചു വീശുന്ന മക്കളും ദുഃഖം മാറിലേന്തി കിടാ ങ്ങൾക്ക് നൽകാൻ കാട്ടുവേരുകൾ കൈകൾക്കൊണ്ടുമാന്തി മ ങ്ങുന്നനിഴൽക്കൂട്ടങ്ങൾപോലെ പോകുന്നവരും അടങ്ങുന്ന ദാരിദ്ര്യവും ചൂഷണവും പീഡനങ്ങളും പേറുന്ന ജനസമൂഹത്തേയും വിണ്ടുകീ

റിയ മാർത്തട്ടുമായി കിടക്കുന്ന ഭൂമിദേവിയും പിടഞ്ഞുവീണ ഗാന്ധിയും സുഗതകുമാരി കവിതകളിലെ ദേശിയ അവബോധത്തിന്റെ ചാലകശക്തിയായി വർത്തിക്കുന്നു.

അനുഭവങ്ങളുടെ ബഹുമുഖ ദർശനമാണ് സുഗതകുമാരി കവിതകൾ. ചരിത്രത്തെ സ്വാംശീകരിക്കുകയും വർത്തമാകാലത്തെ ശുദ്ധീകരിക്കാനും ഈ ബഹുമുഖദർശനം സുഗതകുമാരി കവിതകളെ സഹായിക്കുന്നു. പലമയുടെ ഈ ഭാഷ സാജാത്യ-വൈജാത്യങ്ങൾ നിറഞ്ഞ മനുഷ്യവംശത്തിന്റെ ഭാഷതന്നെയാണ്. മനുഷ്യവേദനകളോടും പ്രകൃതിയോടുമുള്ള ആഭിമുഖ്യം സുഗതകുമാരി കവിതകളിൽ ദുഃഖത്തിന്റെ ചവർപ്പും, പ്രതിരോധത്തിന്റെ ചൂടും സ്നേഹത്തിന്റെ മധുരവും നിറക്കുന്നു. പ്രപഞ്ച ജീവിതത്തിന്റെ വൈരുദ്ധ്യങ്ങളുടെയും വൈവിദ്ധ്യങ്ങളുടേയും സമഞ്ജസമായ സമ്മേളനമാണ് സുഗതകുമാരി കവിതകളെ മറ്റ് കവിതകളിൽനിന്നും വേറിട്ട് നിർത്തുന്നത്.

## കുറിപ്പുകൾ

1. വാസുദേവൻ നായർ എം.ടി., *സുഗതകുമാരി കവിതകൾ (സമ്പൂർണ്ണം)*, പുറം 803.
2. ജീവൻ ജോബ് തോമസ്, *പശ്ചിമഘട്ടത്തിലെ കുറ്റവാളികൾ* (പച്ചക്കുതിര മാസിക) പുറം 5.
3. ശാരദകുട്ടി(ഡോ.), *കാട്ടുകിളിയുടെ പാട്ട്*, പുറം 111.
4. സച്ചിദാനന്ദൻ - *മലയാളകവിതാ പഠനങ്ങൾ*, പുറം 238.
5. ശാരദകുട്ടി(ഡോ.), *കാട്ടുകിളിയുടെ പാട്ട്*, പുറം 111.

## സഹായകഗ്രന്ഥങ്ങൾ

1. ടോണി മാത്യു(പ്രൊഫ.), *കാട്ടുകിളിയുടെ പാട്ട് (പഠനസമാഹാരം)*, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, ജൂലൈ 2011.
2. സച്ചിദാനന്ദൻ, *മലയാളകവിതാപഠനങ്ങൾ*, മാതൃഭൂമി ബുക്സ്, കോഴിക്കോട്, ജനുവരി 2014.
3. സുഗതകുമാരി, *സുഗതകുമാരി കവിതകൾ (സമ്പൂർണ്ണം)*, ഡി.സി ബുക്സ്, കോട്ടയം, ഏപ്രിൽ 2011,

## ആനുകാലികം

1. ജീവൻ ജോബ് തോമസ്, പച്ചക്കുതിര മാസിക, ഡി.സി. ബുക്സ് പബ്ലിക്കേഷൻസ്, കോട്ടയം, ഡിസംബർ 2013.

# സുഗതകുമാരി : ഹരിത ദർശനത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരി

**മോനിഷ എം.**

പ്രകൃതിയെയും മനുഷ്യനെയും സമ്പൂർണ്ണഭാവത്തോടുകൂടി ആവിഷ്ക്കരിക്കാനാണ് കലയും സാഹിത്യവും നിരന്തരം ശ്രമിച്ചു കൊണ്ടിരിക്കുന്നത്. പ്രകൃത്യുപാസകരായ കലാഹൃദയങ്ങളുടെ ഉപരി പ്ലവമായ ആശയഗതികളിൽ നിന്നുമാറി പാരിസ്ഥിതിക സൗന്ദര്യ ശാസ്ത്രത്തിന്റെ നവീനവിചാര മേഖലകളിലേക്ക് സാഹിത്യം ഇന്ന് മാറിക്കൊണ്ടിരിക്കുന്നു. മണ്ണിൽ തുടങ്ങി മനുഷ്യനിലെത്തിനിൽക്കുന്ന എല്ലാ പാരിസ്ഥിതിക അവസ്ഥകളോടും ചേർന്നുള്ള ജൈവ-അജൈവ പ്രകൃതിയുടെ സങ്കലനമായ പ്രകൃതിയെ ഇന്ന് വ്യത്യസ്ത കാഴ്ചപ്പാ ടുകളിലും നോക്കുകയും വിലയിരുത്തുകയും ചെയ്യേണ്ടതാണ്. ആവാ സ വ്യവസ്ഥിതിയെ തകിടം മറിക്കുന്ന മനുഷ്യന്റെ പുരോഗതിയെ ആശങ്കയോടെ നോക്കികാണുന്ന ഭാവിതലമുറയുടെ പ്രശ്നങ്ങളാണ് ഇന്ന് നാം കാണുന്ന പാരിസ്ഥിതികാവസ്ഥ. സാഹിത്യത്തിൽ ഇതിന്റെ പ്രതിഫലനമായി ഇക്കോഫിലോസഫി (Eco - Philosophy), ഗഹനപരിസ്ഥിതിവാദം (DeepEcology), സാമൂഹ്യപരിസ്ഥിതിവാദം (Social Ecology) ,പാരിസ്ഥിതിക മാർക്സിസം (Eco-marxism), ഇക്കോളജിക്കൽ സോഷ്യലിസം (Eco-Socialism), പാരിസ്ഥിതിക സ്ത്രീവാദം (Eco-Feminism) എന്നിങ്ങനെ വിവിധ സംജ്ഞകളായി തിരിഞ്ഞുള്ള പഠനം കാണാനാകും. പ്രകൃതിയുടെ വൈവിധ്യങ്ങളെ

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

സൂക്ഷ്മമായി വിശകലനം ചെയ്യുന്ന പൊതുപ്രവണത സാഹിത്യത്തിലെല്ലാമുണ്ടെങ്കിലും ഹരിതദർശനത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരിയായി കവിതാസാഹിത്യം അടയാളപ്പെടുത്താനാകുന്നത് സുഗതകുമാരിയെ മാത്രമാണ്.

ശാസ്ത്രത്തിന്റെ പുരോഗതി പ്രകൃതിയുടെ ജൈവികതയെ സംബന്ധിച്ചതാണെങ്കിൽ ഭാരതീയ സാഹിത്യത്തിന്റെ അന്തർധാര തന്നെ പ്രകൃതിയാണെന്ന് യത്തേ ഭൂവേ വിമനാമി ക്ഷിപ്രം തദസി രോഹ തു....... ഹേ ഭൂമി എന്ന വാക്യം ഓർമ്മപ്പെടുത്തുന്നുണ്ട്. ചങ്ങമ്പുഴ കൃഷ്ണപിള്ള, പി. കുഞ്ഞിരാമൻ നായർ, വൈലോപ്പിള്ളി ശ്രീധരമേനോൻ, കടമ്മനിട്ട രാമകൃഷ്ണൻ തുടങ്ങിയവരുടെ കവിതയിൽ പ്രകൃതിസൗന്ദര്യത്തിന്റെ മാസ്മരികഭംഗിയും നിഗൂഢതയും അവതരിപ്പിക്കപ്പെടുമ്പോൾ മാറുന്ന കാലത്തിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളാണ് പിന്നീടുവന്ന കവിതകളിൽ നിർമ്മിച്ചു വയ്ക്കുന്ന പ്രകൃതിബോധത്തെക്കുറിച്ചുള്ള മലയാളിയുടെ കാഴ്ചപ്പാടുകളെ നിയന്ത്രിക്കുന്നത്. ഈ വിലയിരുത്തലിൽ ഹരിതദർശനത്തിന്റെ ആദ്യപഥികനായി കാണാനാകുന്നത് ഇടശ്ശേരി ഗോവിന്ദൻ നായരും അദ്ദേഹത്തിന്റെ കുറ്റിപ്പുറം പാലവുമാണ്. വികസനം വർദ്ധിക്കുമ്പോൾ വിൽപ്പനച്ചരക്കായി മാറുന്ന ഗ്രാമത്തിന്റെ മങ്ങുന്ന ചിത്രം അവതരിപ്പിച്ച കവി ഇടശ്ശേരിയാണ്. 'മരങ്ങളും വള്ളികളും', 'ബാക്കിവല്ലതുമുണ്ടോ', 'സൂര്യന്റെ മരണം' തുടങ്ങിയ എൻ .വി കൃഷ്ണവാര്യരുടെ കവിതകൾ, കടമ്മനിട്ടയുടെ 'കുറത്തി', 'ശാന്ത' എന്നീ കവിതയും സച്ചിദാനന്ദന്റെ 'വിലങ്ങലിൽ', ആറ്റൂരിന്റെ 'മൊട്ട' തുടങ്ങിയവയൊക്കെ പരിസ്ഥിതിവാദം ദർശിക്കാനാവുന്ന കവിതകളാണെങ്കിലും പാരിസ്ഥിതിക ദർശനത്തിന്റെ സൈദ്ധാന്തികതകൾകൊണ്ട് വ്യാഖ്യാനിക്കാനുള്ള കവിതകൾ രൂപപ്പെടുത്തിയത് മലയാളത്തിൽ ഒഎൻവിയും സുഗത

കുമാരിയുമാണ്.

പാരിസ്ഥിതിക ചൂഷണത്തിന്റെ നേർചിത്രമാണ് ഒ എൻ വിയുടെ 'ഭൂമിക്ക് ഒരു ചരമഗീതം' മനുഷ്യന്റെ ഉപഭോഗത്വരയാൽ ആസന്നമരണയായിത്തീരുന്ന പ്രകൃതിയോടുള്ള സഹാനുഭൂതിയായി തീരുന്നു കവിത.

"ആടി മുകിൽ മാല കുടിനീരു തിരയുന്നു
ആതിരകൾ കുളിരുത്തിരയുന്നു
ആവണികളൊരു കുഞ്ഞു പൂവു തിരയുന്നു
ആറുകളൊഴുക്കു തിരയുന്നു
സർഗ്ഗലയ താളങ്ങൾ തെറ്റുന്നു ജീവരഥ
ചക്രങ്ങൾ ചാലിലുറയുന്നു"

(ഭൂമിക്കൊരു ചരമഗീതം)

എന്ന് പാടുന്നത് കവിയുടെ മുന്നറിയിപ്പാണ്. ഭൂമിക്കൊപ്പം അന്ത്യം സംഭവിക്കാൻ പോകുന്ന സർവ്വ ജീവജാലങ്ങളുടെയും പൈശാചിക ഭീകരത കവിതയിൽ അന്തർലീനമാകുന്നു.

കൃഷിനാശം, ആഗോളവത്ക്കരണത്തിന്റെ പ്രശ്നങ്ങൾ, പ്രകൃതിവിരുദ്ധത, വ്യാവസായിക ടൂറിസം, മലിനീകരണം തുടങ്ങി പാരിസ്ഥിതിക വിനാശത്തിന്റെ അഗണ്യമായ തെളിവുകളും വിസ്മൃതിയിലാണ്ടുപോകുന്ന സാംസ്കാരിക ചിഹ്നങ്ങളുടെ പ്രതിഫലനങ്ങളും കൊണ്ട് അതിവായനയ്ക്ക് ഇടം നൽകുന്ന കവിതകളാണ് സുഗതകുമാരിയുടെ കവിതകൾ. അനുവാചക ഹൃദയങ്ങളെ ദു:ഖതീർത്ഥങ്ങളാകുന്ന അറിവിന്റെ കവിതകളാണ് സുഗതകുമാരിയുടെ പരിസ്ഥിതി കവിതകൾ. മരണത്തിന് സ്തുതി, തുലാവർഷപ്പച്ച, കാലിഫോർണിയാ കാടുകളിൽ, രാത്രിമഴ, വനരോദനം, സൈലന്റ്‌വാലി, കുറിഞ്ഞിപ്പൂക്കൾ, തൈവയ്ക്കൽ, കാക്കപ്പൂവ്, മരങ്ങൾ, ആന തുടങ്ങിയ

കവിതകൾ പ്രകൃതിയോടുള്ള ആത്മബന്ധത്തിന്റെ തീവ്രാനുഭാവങ്ങൾ പകർന്നു തരുന്ന കവിതകളാണ്.

സുഗതകുമാരി കവിതകളെ ഉപരിപ്ലവമായി പലരും വിലയിരുത്തുന്നത് കാവ്യസൗകുമാര്യത്തിന്റെ ആശയങ്ങളെ മുൻനിർത്തിയാണ്. മിത്തുകളിലും ബിംബങ്ങളിലും അഭിമതയായി ഭാരതീയ പാരമ്പര്യത്തിന്റെ വക്താവുമാത്രമായി മാറ്റുകയും ചെയ്യാറുണ്ട്. ശുദ്ധ ലാവണ്യ ശാസ്ത്രത്തിന്റെ പരിധിയിൽ നിർത്തിക്കൊണ്ട് സുഗതകുമാരിയുടെ കവിതകളെ വിലയിരുത്തുമ്പോഴും അതിൽ പ്രകടമാകുന്ന സാമൂഹിക നിഷേധ പ്രവണതകളെ ആരും കണ്ടെത്തുന്നില്ല. പരിവർത്തനത്തിന്റെ പുതിയ കാഴ്ചപ്പാടുകളെ സമകാലികതയിൽ പുതുക്കിപ്പണിയുകയാണ് സുഗതകുമാരി കവിതകളിൽ അധികവും. ജീവിതത്തിന്റെ പൊതു ഇടങ്ങളിൽ നിന്നും പ്രാന്തവത്ക്കരിക്കപ്പെട്ട സംസ്കാരത്തിന്റെ ഇടങ്ങളിൽ നിന്നും മാറ്റിനിർത്തപ്പെട്ടവയോട് ഒരാഭിമുഖ്യം എന്നും സുഗതകുമാരിക്കുണ്ട്. ഈ ആഭിമുഖ്യമാണ് ഹരിത ദർശനത്തിന്റെ ഇടങ്ങളായി കവിതയിൽ പ്രതിഫലിക്കുന്നത്. പ്രകൃതിയുടെ കാല്പനികമായ സൗന്ദര്യശാസ്ത്രത്തിൽ നിന്നും പാരിസ്ഥിതിക ദർശനത്തിന്റെ ഗഹനമായ ഇടങ്ങൾ തിരയുന്നത്. യൂറോപ്യൻ ആധുനികതയാണ് എന്ന ധാരണ നിലനിൽക്കുമ്പോൾ തന്നെ പരിസ്ഥിതി ദർശനത്തിന്റെ സാമൂഹിക സാഹിത്യ രാഷ്ട്രീയ മണ്ഡലങ്ങളെ വ്യാഖ്യനിച്ചയാളാണ് സുഗതകുമാരി. വൈകാരിക ഭാവങ്ങളിൽ തീവ്രമായ പ്രതിരോധവും അതിനു വിപരീതമായ കടുത്ത നിസ്സംഗതയും കാണാനാകും. അസ്വസ്ഥമായ ഹൃദയത്തോടു കൂടി മാത്രമേ സുഗതകുമാരിയുടെ കവിതകൾ വായനക്കാർക്ക് മുഴുമിപ്പിക്കാനാകൂ.

'പറക്കാനാണീ ലോകം പക്ഷേ ആരാമങ്ങളുണ്ടിവിടെ'

എന്നതിലൊതുങ്ങുന്നു സുഗതകുമാരിയുടെ ജീവിതദർശനമെന്ന് ഡി.

ബെഞ്ചമിൻ (സുഗതകുമാരിയുടെ കാവ്യകല, ഭാഷാപോഷിണി, ലക്കം6) അഭിപ്രായപ്പെടുന്നുണ്ട്. പ്രകൃതിയുടെ ഒരജ്ഞാത സഹയാത്രികയായി മാറിക്കൊണ്ട് പ്രകൃതിനേരിടുന്ന വിഹ്വലതകളെ അതേ ഭാവത്തോടെ വിവരിക്കുന്നു. 1470കളിൽ സൈലന്റ്‌വാലി സമരത്തിന്റെ ഭാഗഭാഗിത്വം ഏറ്റെടുത്തതും ഇതേ മാനസികാവസ്ഥയും ഇടപെടലും കൊണ്ടാകാം.

"'ഇവനായ് മരം നട്ടും നനച്ചും
തണൽ വെച്ചും
അവനായ് പൂവും കിളിമുട്ടയും
പാട്ടും കാത്തും
ഉഴലുന്നവർ ഞങ്ങൾ, ഭൂമിയെ
പൈതങ്ങളെ
മഴയെക്കാരുണ്യത്തെ ശാന്തിയെ
സ്നേഹിപ്പവർ"

(മരങ്ങൾ)

എന്നു പാടുമ്പോൾ പരിസ്ഥിതികളേയും പെണ്ണിനേയും പുരുഷാധിപത്യത്തിന്റെ ഇടങ്ങളിൽ ആഖ്യാനം ചെയ്യുന്നു. ഒരു സ്ത്രീയെപ്പോലെ ചിരിച്ചും വിതുമ്പിയും പിറുപിറുത്തു മുടിയിട്ടുലച്ചും ചലനാത്മകമായി മുന്നേറുന്ന ഭ്രാന്തിയായി രാത്രിമഴയെ കവയിത്രി അവതരിപ്പിക്കുന്നുണ്ട്.

"രാത്രിമഴ ചുമ്മാതെ
കേണും ചിരിച്ചും വിതുമ്പിയും
നിർത്താതെ പിറുപിറുത്തും
നീണ്ട മുടിയിട്ടുലച്ചും
കുനിഞ്ഞിരിക്കുന്നൊരു

യുവതിയാം ഭ്രാന്തിയെപ്പോലെ”

(രാത്രിമഴ)

എന്ന് പ്രകൃതിയുടെ ഭാവങ്ങളെ സൗന്ദര്യാത്മകതയും ദുരിതമായും ഒരേ ക്യാൻവാസിൽ ചിത്രീകരിക്കുന്നു. യുവതിയുടെ സൗന്ദര്യ ത്തോ ടൊപ്പം ഭ്രാന്തിയുടെ ചിത്തവൃത്തികളോട് കവിതയിൽ പ്രകൃതിയെ സാത്മീകരിച്ചിരിക്കുന്നു.

രോഗതീക്ഷ്ണതയിൽ മനസ്സിന്റെ കിളിവാതിലിൽ ആശ്വാസമാ യെത്തുന്ന പ്രിയജനത്തെപ്പൊലെ മഴമാറു ന്നത് ദുഃഖസാക്ഷിയായാണ് അറിയുന്നതെന്തുകൊണ്ടെന്നോ ? സഖി ഞാനുമിതുപോലെ രാത്രിമഴ പോലെ എന്ന് സ്ത്രീ പറയുന്നത് അറിവും തേങ്ങലും രോക്ഷവും സ്ത്രീജീവിതത്തോട് സമന്വയിപ്പിച്ചുകൊണ്ടാണ്. കുടുംബം-സ്ത്രീ-പ്രകൃതി എന്നീ അടിസ്ഥാന കേന്ദ്രങ്ങളെ സമന്വയിപ്പിച്ചുകൊണ്ട് ജീവന്റെ ഉത്പ്പാദനവും സംരക്ഷണവുമായ പ്രകൃതിശരീരത്തെ ഇക്കോ -ഫെമിനിസത്തിൽ അവതരിപ്പിക്കുന്നുണ്ട്. പ്രകൃതിയും സ്ത്രീയും പുരുഷന്റെ ഉപയോഗവസ്തുക്കളല്ലെന്ന ഇക്കോ-ഫെമിനിസത്തിന്റെ നിലപാടുകളിൽ നിന്നും വ്യത്യസ്തമായി സുഗതകുമാരി യഥാർത്ഥ മാനവികമൂല്യങ്ങളെ പ്രകൃതിയുമായി ചേർത്തവതരിപ്പിക്കുവാൻ മനുഷ്യവിമോചനത്തിന്റെ നിലയിലേക്ക് ഇക്കോഫെമിനിസത്തെ ഉയർത്തുന്നു. രാത്രിമഴയുടെ ഭാവങ്ങളെല്ലാം അറിയാവുന്ന സ്നേഹമ യിയായി സത്രീത്വവും പ്രകൃതിയും രാത്രിമഴയിൽ അവതരിപ്പിക്കപ്പെടു ന്നു.

പ്രകൃതിയും സ്ത്രീയും വ്യത്യസ്തയല്ലെന്നു രണ്ടിന്റെയും ഭാവങ്ങൾ പരസ്പരം പൂരകങ്ങളാണെന്നും രാത്രിമഴയെപ്പോലെ സുഗ തകുമാരി അമാവാസിയിലും അവതരിപ്പിക്കുന്നുണ്ട്.

"വിരഹിണി നിരാഭരണ രാത്രിയവൾ നിന്ദിത

നിറതിങ്കളെ കിനാക്കണ്ടു പോയോൾ
ഒരു തങ്ക മംഗല്യമെത്രയാചിച്ചിട്ടും
മവനേകിടാത്തോൾ, ദരിദ്ര, ഖിന്ന
ചക്രവാളത്തിൽ തളർന്നു ചാരിച്ചെന്നു
നില്പവൾ ഇവൾക്കുള്ളമാരനറിഞ്ഞു"

(അമാവാസി)

കാമുകനാൽ പരിക്തതയും തിരസ്കൃതവുമായ യുവതിയുടെ ചിത്രം പ്രകൃതി പ്രതിഭാസങ്ങൾക്ക് അനുയോജ്യമായ രീതിയിൽ അമാവാസിയിൽ വ്യക്തമായി കവയിത്രി വരച്ചിടുന്നുണ്ട്.

മുതലാളിത്ത ഉത്പ്പാദനവ്യവസ്ഥയിൽ ലാഭക്കണക്കിൽ കാണുന്ന അദ്ധ്വാനത്തിന്റെ ചൂഷണങ്ങളാണ് മാക്സിസ്റ്റ് ആശയങ്ങൾ ചർച്ച ചെയ്യുന്നതെങ്കിൽ വികസനത്തിലൂടെ സൃഷ്ടിക്കുന്ന മുതലാളിത്തത്തിന്റെ രാഷ്ട്രീയപ്രത്യയശാസ്ത്രത്തെയാണ് 'മരത്തിനു സ്തുതി' യെന്ന കവിതയിൽ പരോക്ഷമായി കവയിത്രി പറഞ്ഞുവയ്ക്കുന്നത്. മനുഷ്യനു ഗുണമേകുന്ന പ്രകൃതിയോട് മനുഷ്യൻ കാട്ടുന്ന ക്രൂരതകളെ പൗരാണികമായ പലമിത്തുകളോടും ചേർന്നവതരിപ്പിക്കുവാൻ സുഗതകുമാരി ശ്രമിക്കുന്നു. ശൈശവത്തിൽ തൊട്ടിലായും കളിപ്പാട്ടമായും ഊന്നുവടിയായും മഞ്ചലായും ഒടുവിൽ ചിതയായും മനുഷ്യന്റെ ഇണപിരിയാത്ത സുഹൃത്തായി മാറുന്ന മരത്തെ അതിന്റെ തടികൊണ്ട് മഴുവാക്കി വെട്ടിമുറിച്ചിടുന്ന ചിന്തും കവിതയിൽ പങ്കുവയ്ക്കുന്നുണ്ട്. മനുഷ്യന്റെ ജീവസംന്ധാരണത്തിനായി നിലനിൽക്കുന്ന മരങ്ങളുടെ ശാസ്ത്രീയത അവതരിപ്പിക്കുമ്പോൾ തന്നെ പൗരാണിക മതവിശ്വാസവുമായി കവിത വിരചിക്കുന്നുണ്ട്. കാളകൂടധാരയായ പരമശിവനോട് മരത്തെ ഉപമിക്കുന്നുണ്ട്. മരത്തിനു സംഭവിക്കുന്ന നാശവും അത് ഭൂമിയിൽ സൃഷ്ടിക്കുന്ന വിടവുമാണ് മരത്തിനു സ്തുതി എന്ന കവിത

മുന്നോട്ടു വയ്ക്കുന്നതെങ്കിൽ 'ഗഹനപരിസ്ഥിതിവാദദർശനങ്ങൾ' ഇതിൽ ആഴത്തിൽ സ്പർശിക്കുന്നുണ്ട്. ഭൂമിക്കു മേലുള്ള അധീശത്വം മനുഷ്യൻ ആരംഭിച്ചു തുടങ്ങുന്നത് കാടുകളുടെമേൽ സ്പർശിച്ചു കൊണ്ടാണ്. ഗോത്രവർഗ്ഗക്കാരുടെ ഉന്മൂലനത്തിൽ നിന്നാരംഭിച്ച ചരിത്രം മണ്ണിന്റെ മരണത്തിലും നിരന്തരമായ പാരിസ്ഥിതിക വിപത്തിലുമെത്തിച്ചേരുന്നുണ്ട്. പരിസ്ഥിതി നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയിൽ ഉടലെടുത്ത പരിസ്ഥിതി ശാസ്ത്രം സാഹിത്യത്തിൽ ഹരിത ദർശനമായി മാറുന്നുണ്ട്. പ്രകൃതി സ്നേഹ വും മനുഷ്യ സ്നേഹവും ഒന്നാണെന്നു പകർന്നു നൽകിക്കൊണ്ട് പ്രകൃതിയിൽ അടിച്ചേൽപ്പിക്കുന്ന എല്ലാ മേൽക്കോയ്മകളെയും പ്രതികരിക്കുവാൻ ഇവിടെ സുഗതകുമാരി ശ്രമിക്കുന്നു. അവിടെ സ്വാഭാവിക പരിണാമമെന്ന നിലയിൽ അധികാരവും വികസനവും അവതരിപ്പിക്കപ്പെടുന്നു. അധ്വാനം, ചൂഷണം, ഉല്പാദനം, ലാഭനിരക്ക്, മൂലധനവിതരണം തുടങ്ങി രാഷ്ട്രീയധനതത്വശാസ്ത്രത്തിന്റെ വിശകലന സമീപനങ്ങൾക്ക് ഇടനൽകുന്നതുകൊണ്ട് ഇക്കോ മാർക്സിസ്റ്റ് സമീപനം 'മരത്തിനു സ്തുതി 'യെന്ന കവിതയുടെ സൂക്ഷ്മവായനയിൽ അപഗ്രഥിച്ചെടുക്കാനാകും.

പ്രകൃതിക്ക് കാലദേശാതിഭേദങ്ങളില്ലെന്നു വിവക്ഷിക്കുന്ന സുഗതകുമാരിയുടെ കവിതയാണ് കാലിഫോൺണിയാകാടുകളിൽ. പ്രകൃതിയും മനുഷ്യനും പരസ്പരപൂരകങ്ങളാണെന്നും പ്രകൃതിയെ സ്നേഹിക്കുകയും സംരക്ഷിക്കുകയും ചെയ്തെങ്കിലെ ജീവന്റെ നിലനിൽപ്പ് സാധ്യമാകുകയുള്ളു എന്നും കാവ്യാത്മകമായി കാലിഫോർണിയാകാടുകളിൽ സുഗതകുമാരി അവതരിപ്പിക്കുന്നു. തനിക്കുപരിചയമുള്ള കാടും മൃഗങ്ങളും പക്ഷികളും മരങ്ങളും ചേർന്ന കാടിന്റെ സൗന്ദര്യത്തെ കാലിഫോർണിയ കാടുകളിൽ താദാത്മ്യ

പ്പെടുത്താൻ കഴിയുന്നതുകൊണ്ടാണ് . പ്ലോപ്പർ, മേപ്പിൽ, സൈപ്രസ് മരങ്ങൾക്ക് ആൽ, ആഞ്ഞിലി, ഏഴിലംപാല, ഇലഞ്ഞി എന്നീ പേരുകൾ വിളിക്കുവാൻ കവയിത്രി ഇഷ്ടപ്പെടുന്നത്. അത് കേട്ട് മരങ്ങൾ പരിചിതരെപ്പോലെ തലയാട്ടുകയും ചെയ്യുന്നുണ്ട്. തന്റെ തറവാട്ടിലെ പരിസരങ്ങളുമായി കവയിത്രിക്ക് കാലിഫോർണിയായിലെ കാടിനെ കാണാനാകുന്നത് വിശ്വപ്രകൃതിയുടെ സംസ്കൃതി മനസ്സിൽ നിലനിൽക്കുന്നതുകൊണ്ടാണ്.

"എത്രയുദാരമീ സൽക്കാരം ഈരാവു
മീത്തെളിവാനവും നിങ്ങൾ തൻ മർമര
വർത്തമാനങ്ങളും പൂങ്കാറ്റുമിക്കരിം
പച്ച മണവും ഇടയ്ക്കിടെ രാക്കിളി
യൊച്ചയും പൂഞ്ചോല തന്റെ പരാതിയും
മുറ്റത്തു മിന്നാമിനുങ്ങു കൊളുത്തിയ
കൊച്ചു വിളക്കിൻ വിറയലും ഞാനെന്റെ
യേറെപ്പഴയ തറവാട്ടിൽ എന്നുടെ
മാതൃഗേഹത്തിൻ - തിരിച്ചെത്തിയപോൽ"

(കാലിഫോർണിയ കാടുകളിൽ)

പ്രകൃതിയുടെ ഭാഗമായി മാത്രം മനുഷ്യനെ കാണാനാകുന്ന ഹരിതദർശനത്തിന്റെ സൈദ്ധാന്തികത ഈ വരികളിൽ വായിച്ചെടുക്കാനാകും. വസുധൈവകുടുംബകമെന്ന ഭാരതീയസങ്കല്പത്തിന്റെ ആശയാവതരണങ്ങളാണ് പ്രകൃതിയെ പ്രമേയമാക്കി സുഗതകുമാരി അവതരിപ്പിച്ചിരിക്കുന്ന കവികളിലധികവും. ധ്യാനാത്മകമായി ആവിഷ്ക്കരിക്കപ്പെട്ട പാരിസ്ഥിതികാനുഭൂതി ആസ്വാദകരെ ഏറെ ചിന്തിപ്പിക്കുന്നുണ്ട്.

തുലാവർഷപ്പച്ചയും സുഗതകുമാരിയുടെ ഗഹനപരിസ്ഥിതി

വാദത്തിന്റെ പശ്ചാത്തലത്തിൽ പഠനവിധേയമാക്കേണ്ട കവിതയാണ് ദു:ഖാർദ്രയായി ഖിന്നയായി ദരിദ്രയായി മാറുന്ന ഊഷരഭൂമിയുടെ മാറി ലേക്കാണ് തുലാവർഷത്തിന്റെ നീരുറവകൾ ജീവധാരയായി മാറുന്നത്. പച്ചപ്പട്ടു പുതച്ച നവവധുവിനെപ്പോലെ മുല്ലപ്പൂ വാരിവിതറി സുഗന്ധ പൂരിതയായി നിൽക്കുന്ന പ്രകൃതിക്ക് അലങ്കാരമാകാൻ കാറ്റും മഴവില്ലും മഴമേഘങ്ങളും ആകാശവും മിന്നലിന്റെ തിലകക്കുറിയും കടന്നുവ രുന്നുണ്ട്. സൗഭാഗ്യവതിയായി ആർദ്രയായി വസന്തത്തിന്റെ പൂത്താല വുമായി നിൽക്കുന്ന പ്രകൃതിസൗന്ദര്യ ത്തിന്റെ കവിതാവിഷ്ക്കരണം മാത്രമല്ല തുലാവർഷപ്പച്ച പ്രകൃതി ഭംഗികൊണ്ട് നയന മനോഹരമായി രുന്ന അട്ടപ്പാടിയുടെ ഇന്നത്തെ അവസ്ഥയായി കവിതയെ വിലയിരുത്തണം. മണ്ണിന്റെ സ്വന്തം മനുഷ്യരുടെ ഇടമായിരുന്ന ആ ഗ്രാമത്തെ ഊഷരഭൂമിയാക്കി മനുഷ്യൻ മാറ്റിയെന്ന ആശങ്കകളാണ് തരിശാക്കപ്പെട്ട ഭൂമി തുലാമഴ കാത്തി രിക്കുന്ന കഥയായി കവയിത്രി അവതരിപ്പിക്കുന്നത്. ആധുനിക പരിഷ്കൃതിയുടെ ദോഷം തിരിച്ചറിഞ്ഞ് പ്രതിരോധിക്കുവാനും പുതിയൊരു പരിസ്ഥിതി ബോധം വളർത്തിയെടുക്കുവാനും ഈ കവിതകൊണ്ട് സാധിക്കുന്നുണ്ട്. വെയിലും പൊടിക്കാറ്റും കല്ലുകൾ നിറഞ്ഞ മലനിരക്കും ജീവിതത്തിൽ നിരാശയുള്ള പ്രതീ കമായാണ് മാറുന്നത്. വനമേഖല കൈയ്യേറുകയും നദിയും മണ്ണും ചൂഷണത്തിനു വിധേയമാകുമ്പോഴും പുനർജനിക്കാൻ ശ്രമിക്കുന്ന ഭൂമിയുടെ പ്രതീക്ഷ ഓരോ തുലാമഴയിലും കാണാനാകും.

"ഇന്നലെയിവൾ പിച്ചക്കാരി
നഗ്നമാം ശുഷ്ക
നെഞ്ഞുമായ് വെയിലത്തു
മങ്ങികിടന്നവൾ

കണ്ണീരും വരണ്ടവൾ
ആർക്കുമോ വേണ്ടാത്തവൾ
ഖിന്നയായനാഥയായ്
ഭ്രാന്തിയായലഞ്ഞവൾ"

(തുലാവർഷപ്പച്ച)

ഇവിടെയും കവയത്രി പരിസ്ഥിതിക്കു സ്ത്രീപരിവേഷം ചാർത്താനാണ് ഇഷ്ടപ്പെടുന്നത്. പ്രകൃതിനശീകരണം, ശുദ്ധജലക്ഷാമം, വനനശീകരണം തുടങ്ങി പരിസ്ഥിതി നാശത്തിന്റെ വിവിധമുഖങ്ങൾ ഒരു കവിതയിൽ തന്നെ കവയിത്രി വിശദമാക്കാൻ ശ്രമിക്കുന്നുണ്ട്.

ആധുനികതയുടെ സാഹിത്യമണ്ഡലത്തിൽ നിന്നും മാറ്റി നിർത്തപ്പെട്ട ദളിത്-സ്ത്രീ-പരിസ്ഥിതി വിഷയങ്ങളെ ഗഹനമായി പഠനത്തിനു വിധേയമാക്കുകയാണ് ഉത്താരാധുനിക സാഹിത്യം. പ്രകൃതിയെ തിരിച്ചറിയാനും തിരിച്ചു പിടിക്കാനുമുള്ള ശ്രമങ്ങൾ ഹരിത രാഷ്ട്രീയം മുന്നോട്ടു വയ്ക്കുമ്പോൾ പ്രകൃതിക്കു സമൂഹം നൽകിയ ഉണങ്ങാത്ത മുറിവുകളെ സുഖപ്പെത്തുവാൻ ശ്രമിക്കുകയാണ് സുഗതകുമാരി കവിതകൾ. പാരിസ്ഥിതിക ദുരന്തത്തിന്റെ ഭീകരമുഖങ്ങളെ സുഗതകുമാരിയുടെ കവിതകൾ പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തിന്റെ സൂക്ഷ്മമുഖങ്ങളായാണ് അനാവരണം ചെയ്യുന്നത്. മനുഷ്യന്റെ വികസനത്തിന് ആധാരം പ്രകൃതിയായിരിക്കെ എല്ലാ ജീവജാലങ്ങളും അടിത്തറപ്രകൃതിയാണെന്ന് അവയെല്ലാം ഉറപ്പിച്ചു പറയും. ഭൂമിശാസ്ത്രവും ചരിത്രവും തത്ത്വചിന്തയും കാവ്യാത്മകതയും ഒത്തിണക്കിക്കൊണ്ട് പാരിസ്ഥിതികബോധത്തിന്റെ മൂല്യങ്ങളെ വളർത്തിയെടുക്കുവാൻ സുഗതകുമാരി ശ്രമിക്കുന്നു. പ്രപഞ്ചത്തിന്റെ സർഗ്ഗാത്മകചേതന വളർത്തിയെടുത്ത് അതിനോട് താദാത്മ്യം പ്രാപിച്ച് സ്നേഹത്തിന്റെയും മനുഷ്യത്വത്തിന്റെയും വെളിച്ചം പകർത്തുന്നു.

ഗ്രാമവും നഗരവും പ്രണയവും അപരിചിതത്ത്വവും വാക്കും മനസ്സും, സുഖവും ദുഖവും പരസ്പരം ഇടഞ്ഞുനിൽക്കുന്ന കവിതകളാണ് സുഗതകുമാരിയുടേത്. മനുഷ്യസംസ്കാരത്തിന്റെ ദുരന്തപരിണിതിയുടെ ചരിത്രം അനാവരണം ചെയ്തും അതിനുള്ള മോചനമാർഗ്ഗം തീർത്തും കവിതകളെല്ലാം ഓരോ ദർശനമായി മാറുന്നു. പ്രത്യയശാസ്ത്ര പരമായോ സൈദ്ധാന്തികമായോ വായിക്കുകയാണെങ്കിൽ മലയാളകവിതയിലെ ഹരിതദർശനത്തിന്റെ താക്കോൽ സൂക്ഷിപ്പുകാരിയായി സുഗതകുമാരിയെ കാണാനാകും.

## സഹായകഗ്രന്ഥങ്ങൾ


1. പൊതുവാൾ പി.കെ., *പരിസ്ഥിതി കവിതയ്ക്ക് ഒരാമുഖം*, ഡിസി ബുക്സ്, കോട്ടയം, 1995.
2. പ്രസാദ് സി.ആർ. ഡോ., *ഹരിതദർശനം ആധുനികാനന്തര കവിതയിൽ*, സെഡ് ലൈബ്രറി, തിരുവനന്തപുരം, 2007.
3. മധുസൂദനൻ .ജി.,*ഹരിതനിരൂപണം മലയാളത്തിൽ*, കറന്റ് ബുക്സ്, തൃശൂർ, 2002.
4. രാധിക.എ., *പരിസ്ഥിതി ദർശനവും സാഹിത്യവും*, ഉള്ളെഴുത്ത്, 2010.
5. രാമചന്ദ്രൻ നായർ, പന്മന ഡോ., *പരിസ്ഥിതി പഠനങ്ങൾ*, കറന്റ് ബുക്സ്, കോട്ടയം, 2010.

# സുഗതകുമാരിക്കവിതയിലെ പ്രണയാവിഷ്ക്കാരം

**സ്വാതി സുരേഷ് ഇ.**

പ്രണയത്തോളം എഴുതപ്പെട്ടിട്ടുള്ള മറ്റൊന്നും ഈ ലോകത്തുണ്ടായിരിക്കയില്ല. അതിയാന്ത്രികതയിലേയ്ക്ക് കൂപ്പുകുത്തുമ്പോൾപോലും മനുഷ്യന്റെ നൈസർഗിക ചോദനയായി പ്രണയം ജീവിതത്തെ ത്വരിതപ്പെടുത്തുന്നു. ശാസ്ത്രത്തിന്റെ കണക്കിൽ തലച്ചോറിലെ ഓക്സിറ്റോസിൻ എന്ന ഹോർമോണാണ് മനുഷ്യർക്കിടയിൽ ആകർഷണവും വിശ്വാസവും രൂപപ്പെടുത്തുന്നത്. പ്രണയത്തിന്റെ ആദ്യഘട്ടങ്ങളിൽ ഹോർമോണിന്റെ ഉൽപാദനം വളരെ ഉയർന്നതോതിലും പിന്നീട് കുറഞ്ഞും അനുഭവപ്പെടും. അതുകൊണ്ടാണ് ആദ്യകാലങ്ങളിൽ തോന്നുന്ന അത്രമേൽ തീവ്രതയോടെ പിന്നീട് പ്രണയബന്ധങ്ങൾ ആസ്വദിക്കാൻ സാധിക്കാതെ വരുന്നത്. ഈ ഹോർമോൺ സന്തുലിതാവസ്ഥ പുനഃസൃഷ്ടിച്ചെടുക്കാൻ ശാരീരിക ബന്ധത്തിൽ ഏർപ്പെടാൻ തലച്ചോറ് നിരന്തരം നിർബന്ധിച്ചുകൊണ്ടിരിക്കും. ശാസ്ത്രത്തിന്റെ ഈ വിശദീകരണങ്ങൾക്കെല്ലാം അപ്പുറമാണ് പ്രണയം എന്ന് തെളിയിക്കുന്ന  എത്രയോ ഉദാഹരണങ്ങൾ നമുക്ക് ജീവിത്തിൽ നിന്ന് കണ്ടെടുക്കാൻ സാധിക്കുന്നു. ശാസ്ത്രം തോൽക്കുകയും മനസ്സ് ജയിക്കുകയും ചെയ്യുന്ന അപൂർവ്വതയും പ്രണയത്തിൽ സംഭവിക്കുന്നു. പ്രണയിക്കാത്തവരും പ്രണയത്തെ ആവിഷ്കരിക്കാത്തവരുമായ ഒരു ജനവിഭാഗവും ഉണ്ടായിരിക്കയില്ല. പ്രണയംപോലെ മനോഹരമായി എഴുതുന്നവർ സാഹിത്യകാരന്മാർ ആകുന്നു എന്ന് മാത്രം. സാഹിത്യം അത്രത്തോളം മനുഷ്യനെ സ്വാധിനിച്ചിട്ടുണ്ട്. പ്രണ

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

യത്തിന്റെ കാര്യത്തിലെങ്കിലും ജീവിതത്തിന്റെ എല്ലാ സന്ദിഗ്ധതക ളേയും പോരായ്മക ളേയും മറികടക്കാൻ ഒരു പൂർണ്ണ പ്രണയസങ്കല്പം മനുഷ്യന് ആവശ്യമാണ്. ജീവിതം പലപ്പോഴും സങ്കല്പംപോലെ മധുര മായിരിക്കയില്ല. ജീവിതത്തെ സങ്കൽപ്പങ്ങളോട് ചേർത്തുവയ്ക്കുന്ന ഒരു കണ്ണിയായി ഇത്തരം പ്രണയരൂപങ്ങൾക്ക് വിരാജിക്കാൻ സാധി ക്കും. ഭാരതത്തിൽ അത് ശ്രീകൃഷ്ണൻ ആണ്. ശ്രീരാമനും ശിവനു മാണ്. രാധയും സീത യുമാണ്. പാർവതി എന്ന അർദ്ധഗനയാണ്. ഇവരിൽ നിന്നുതന്നെ കൃഷ്ണനേയും രാധയേയും തെരഞ്ഞെടു ക്കുന്നവർ ആയിരിക്കും ഭൂരിഭാഗവും. അവർ വിവാഹിതരല്ലാതിരി ക്കുകയും ഏറ്റവും മികച്ച പ്രണയ ജോഡികളായി നിലനിൽക്കു കയും ചെയ്യുന്നു. അവിഹിത ബന്ധങ്ങളെ പാപമായി കണക്കാക്കുന്ന ഒരു സമൂഹത്തിന്റെ മാതൃക പ്രണയജോഡികൾ അവിവാഹിതരാണ് എന്നതും മറ്റൊരു വൈരുദ്ധ്യം.

"പരസ്പരം സ്നേഹിക്കുക, പക്ഷേ സ്നേഹത്തിന്റെ ഒരു ബ ന്ധം ഉണ്ടാക്കരുത്. അത് നിങ്ങളുടെ ആത്മാക്കളുടെ തീരങ്ങൾക്കി ടയിൽ ചലിക്കുന്ന കടലാകട്ടെ." ഖലീൽ ജിബ്രാന്റെ ഈ വാക്കുകൾ പോലെ, പ്രണയത്തിന്റെ അനശ്വരതയെ മയിൽപീലി പേറികൊണ്ട് ഒറ്റയ്ക്ക് നിൽക്കുന്ന ശ്യാമരാധയായി മലയാളത്തിൽ അവതരിപ്പിച്ച എഴുത്തുകാരിയാണ് സുഗതകുമാരി. കൃഷ്ണശില പോലെ മനോ ഹരമായ കവിതശകലങ്ങൾ ആയിരുന്നു സുഗതകുമാരിയുടേത്. കടുപ്പ മെന്നു തോന്നിച്ച് പൊതിഞ്ഞുപിടിക്കുന്ന വിഷയങ്ങളിൽപോലും സ്നേഹത്തിന്റെ ആർദ്രത മുഴങ്ങുന്ന സംഗീതം നില പാടുകളിലും ചേർത്തുപിടിക്കലുകളിലും വ്യക്തിജീവിതത്തിലും അത് പ്രതിഫലിച്ചു. ഒരു വലിയ ജനസമൂഹത്തിന്റെയും അവരുടെ പ്രകൃതിയുടേയും കാവ ലാളായി ജീവിക്കുകയും 63 വർഷം നീണ്ട കാവ്യസപര്യയ്ക്ക് അവ

സാനമിട്ടു കൊണ്ട് അകന്നുപോവുകയും ചെയ്തു. സുഗതകുമാരി, അവശേഷിക്കുന്ന അവസാന തണുപ്പിന്റെ ഓർമ്മപ്പെടുത്തൽ കൂടിയാണ്. കയ്പ്പും ചവർപ്പും കാഠിന്യവും നിറഞ്ഞുതുളുമ്പിയ കവിതയുടെ അരങ്ങുകളിൽ ആർദ്രതയും കരുതലും സ്നേഹവും പങ്കുവെച്ച, അതിന്റെ പേരിൽ വിമർശനങ്ങൾ ഏറ്റുവാങ്ങേണ്ടി വന്ന സുഗതകുമാരിയുടെ കവിതകളുടെ ആഴങ്ങളിലേക്കുള്ള സഞ്ചാരം അർഹിക്കപ്പെടുന്ന കാവ്യനീതിയാണ്. സ്നേഹത്തിന്റേയും പച്ചപ്പിന്റെയും മാത്രം കവിയെന്ന് വിമർശിക്കപ്പെട്ടിട്ടുണ്ട് അവരുടെ കാവ്യജീവിതം. എന്നാൽ, പ്രണയവും പ്രകൃതിയും അല്ലാതെ ജീവന്റെ അടിസ്ഥാനമായി നിലനിൽക്കുന്ന മറ്റെന്താണുള്ളത്. ഏതു വിഷയത്തേയും ആർദ്രതയോടെ സമീപിക്കുന്നത് തീവ്രത കുറഞ്ഞ നിലപാടാണ് എന്ന ചിന്ത ഉത്തരാധുനികതയുടെ സൃഷ്ടിയാണ്. അധികാരവും അഹങ്കാരവും യാന്ത്രികതയും മനുഷ്യനെ മറ്റൊന്നാക്കി മാറ്റിയെടുത്തു കൊണ്ടിരിക്കുന്ന കാലഘട്ടത്തിനോടുള്ള ചോദ്യംചെയ്യലുകൾ ആയിരുന്നു ആ കവിതകൾ. കവിതയുടെ അപൂർണ തകളെ ജീവിതംകൊണ്ട് പൂർണ്ണമാക്കാനും ജീവിതത്തിന്റെ അപൂർണ്ണതകളെ കവിത കൊണ്ട് സാർത്ഥകമാക്കാനും അവരിലെ സ്ത്രീക്ക് സാധിച്ചു. ഇത് രണ്ടും സാധിച്ച നൂറ്റാണ്ടിന്റെ എഴുത്തുകാരിയായിരുന്നു മലയാളത്തിന് സുഗതകുമാരി. "ഒരാൾ മരിച്ചാൽ റീത്തുകളും പുഷ്പചക്രങ്ങളുമൊക്കെയായി പതിനായിരകണക്കിന് രൂപയുടെ പൂക്കളാണ് മൃതദേഹത്തിൽ മൂടുന്നത്. ശവപുഷ്പങ്ങൾ എനിക്ക് വേണ്ട. മരിച്ചവർക്ക് പൂക്കൾ വേണ്ട. ജീവിച്ചിരിക്കുമ്പോൾ ഇത്തിരി സ്നേഹം തരിക. അതുമാത്രം മതി." മരണത്തെപ്പറ്റി പറയുമ്പോഴും ഇത്തിരി സ്നേഹം കൊണ്ടു പോലും പൂത്തുലയാൻ പാകത്തിനുള്ള പാവം മാനവഹൃദയത്തെ പറ്റി സുഗതകുമാരി ചിന്തിച്ചിരിക്കണം. ജീവിച്ചിരിക്കുന്ന കാലഘട്ടം അത്രയും എഴുതി തിമിർത്ത പ്രണ

യത്തിന്റെ ആത്മഭാവങ്ങൾ ഈ വാക്കുകളിലും പ്രതിഫലിക്കുന്നു.

സുഗതകുമാരിക്കവിതകളിലെ പ്രണയം, കേവലം മനുഷ്യ ബന്ധങ്ങളിൽ മാത്രം ഒതുങ്ങിനിൽക്കുന്ന ഒന്നായിരുന്നില്ല. അത് ഒരു ആത്മഭാവം ആയിരുന്നു. എല്ലാ വിഷയങ്ങളെയും പ്രണയഭാവത്തിലൂടെ നോക്കികാണുക, അവതരിപ്പിക്കുക,. ഒരു രചനാതന്ത്രം ആയി കണക്കാക്കപ്പെടേണ്ടതാണത്. മനുഷ്യനെ ഏറ്റവും കൂടുതൽ ആകർഷിക്കുന്ന വികാരമാണ് പ്രണയം. ആ വികാരത്തിന്റെ സാധ്യതകളെ ഉപയോഗപ്പെടുത്തികൊണ്ട് തന്റെ ആശയപ്രപഞ്ചത്തെ അവതരിപ്പിക്കുക എന്ന രാഷ്ടീയം അതിനു പിന്നിലുണ്ട്. ആ രാഷ്ട്രീയം പൂർണ്ണമായി പ്രത്യക്ഷവൽക്കരിക്കപ്പെടാതെ പോയത് നമ്മുടെ മുൻധാരണയോട് കൂടിയുള്ള സമീപനം കാരണമായിരുന്നു. സ്ത്രീകൾക്കും പ്രകൃതിക്കും വേണ്ടി എഴുതി എന്ന് പറയുമ്പോൾപോലും സുഗതകുമാരി പറഞ്ഞതത്രയും പുരുഷന്മാരോടായിരുന്നു. ഓരോ സ്ത്രീയുടേയും മനസ്സിലാക്കപ്പെടാതെ പോകുന്ന ഹൃദയത്തിന്റെ ആവിഷ്ക്കാരമായിരുന്നു അവരുടെ കവിത. ആ കവിതവായിക്കുകയും മനസ്സിലാക്കുകയും ചെയ്യേണ്ടത് ഓരോ പുരുഷനും ആണെന്ന തിരിച്ചറിവ് അതിനു പുറകിൽ ഉണ്ടായിരുന്നു.

“ എന്റെ ചെറു കുടിലിൽ
നൂറായിരം പണികളിൽ
എന്റെ ജന്മം ഞാൻ തളച്ചു
കൃഷ്ണ നീയെന്നെ അറിയില്ല.”

(കൃഷ്ണ നീയെന്നെ അറിയില്ല.)

ഈ വരികളിലെ കൃഷ്ണൻ ഓരോ വീട്ടിലെയും കൃഷ്ണനാണ്. ഒരുജന്മം മുഴുവൻ കൂടെ നിന്നിട്ടും, തന്റെ അധ്വാനങ്ങളെ, അമർത്തിപ്പിടിക്കലുകളെ, കാണാതെ പോകുന്ന ഓരോ പുരുഷ

ന്മാരോടുമുള്ള  പെണ്ണുങ്ങളുടെ പരാതിയല്ലാത്ത പരിഭവമാണത്. ഓരോ പെണ്ണും ഒരു കൃഷ്ണനെ ആഗ്രഹിക്കുന്നുവെന്ന തുറന്നുപറച്ചിലുകൾ പുരുഷന്മാർക്ക് വേണ്ടിയുള്ളതാണ്. സുഗതകുമാരിയുടെ ഓരോ പ്രണയകവിതകളും ആണുങ്ങൾക്ക് വേണ്ടി എഴുതിയ പെണ്ണുങ്ങളുടെ കവിതകളാണ്.

"അറിയുന്നു ഗോപികേ
നിന്നേ ഞാനെന്റെയീ
വരളുന്ന ചുണ്ടിലെ നനവാർന്നൊ-
രോർമ്മതൻ മധുവായി മധുരമായ-
റിയുന്നു നിന്നെ ഞാൻ."

(ഗോപികാദണ്ഡകം)

എന്നിങ്ങനെ അയ്യപ്പപണിക്കർക്ക് മറുപടി എഴുതാൻ സാധിക്കുന്നത് അതുകൊണ്ടാണ്. ഈ അറിവ് എത്രമാത്രം പൂർണ്ണമാണ് എന്നിടത്താണ്, ഫെമിനിസ്റ്റ് ആശയസംഹിതകൾ നിലനിൽക്കുന്നത്. അനാഥമാക്കപ്പെടുന്ന, അക്രമിക്കപ്പെട്ടിട്ടുള്ള, സ്നേഹിക്കപ്പെടാതെ പോയ, ചതിക്കപ്പെട്ട ഒരുപാട് പെണ്ണുങ്ങളുടെ ജീവിതത്തെ അത്രയടുത്തു നിന്ന് കാണുകയും കരുതുകയും ചെയ്ത വ്യക്തി ജീവിതമായിരുന്നു സുഗതകുമാരിയുടേത്. നേരിട്ട് കണ്ടറിഞ്ഞ അനുഭവങ്ങളുടെ തീച്ചൂളയിൽ നിന്നാണ് "കൃഷ്ണാ നീയെന്നെ അറിയില്ല"എന്ന തുറന്നുപറച്ചിൽ രൂപപ്പെടുന്നത്. സ്നേഹ ശൂന്യതയിൽനിന്ന് ഉറവ പൊട്ടിയ ആ വാക്കുകൾ എത്തിച്ചേരുന്നതും കൃഷ്ണനിൽ തന്നെയാണ് എന്നതാണ് മറ്റൊരു വൈരുദ്ധ്യം. ഇവിടെ കൃഷ്ണൻ ഒരേസമയം അപൂർണതകൾ ഉള്ള പുരുഷനും പൂർണ്ണനായ പ്രണയസങ്കൽപവുമായി നിലകൊള്ളുന്നു. രാസലീലകളിൽ ഭ്രമിപ്പിക്കുന്ന, ഓടക്കുഴൽ വിളികളാൽ ആകർഷിക്കുന്ന, മയിൽപീലിതണ്ടുപോലെ കൊതി

പ്പിക്കുന്ന കൃഷ്ണന്റെ കഥകൾ കേട്ട് ഗോപികയായി ചമഞ്ഞ കൗമാരം ഭാരതത്തിലെ ഓരോ പെണ്ണിന്റേതുമാണ്. "തേടി അലഞ്ഞ ഒരു ഘട്ടത്തിൽ ഇനി വയ്യെന്ന ചിന്തയിൽ രാധയുടെ ചിത്തം നൂറു നൂറായി പൊട്ടിച്ചിതറിത്തെറിച്ചതിൽ നിന്നും മുളപൊട്ടി ഒരോ സ്ത്രീയിലും വീണിട്ടുണ്ട് എന്നാണ് കവി കല്പന."(1)കൃഷ്ണൻ പ്രണയപൂർണ്ണതയാണ്. ആ പൂർണതയിലെ പ്രകാശമാണ് രാധ.

"ഈ രാധയുള്ളിൽ പ്രതിഷ്ഠിതമാകയാൽ
തീരാത്ത തേടലാകുന്നു ജന്മം."

( ഒരു വൃന്ദാവന രംഗം)

എന്ന സുഗതകുമാരി പാടുന്നത് അതുകൊണ്ടാണ്. സുഗതകുമാരി കവിതയിലെ പെണ്ണിന്റെ പ്രണയഭാവം രാധയുടേതാണ്. പ്രണയം എത്തിച്ചേരേണ്ട 'ഒരിടം' അല്ലെന്നും അത് തുടർച്ചയുള്ള ഒരു 'യാത്ര'യാണെന്നുമുള്ള കാഴ്ചപ്പാടായിരുന്നു ആ കവിതകൾ. തേടലിന്റെ പശ്ചാത്തലമാണ് അവർ സ്വീകരിച്ചത്. തളർച്ചയുടെ, കാത്തിരിപ്പിന്റെ, അനിർവചനീയമായ തിരിച്ചറിവുകളുടെ, തിരുത്തലുകളുടെ വ്യത്യസ്ത ഭൂമികളിലൂടെ പ്രണയം നിരന്തരം ഒഴുകി കൊണ്ടിരിക്കുന്നു. മനുഷ്യർ തമ്മിലുള്ള ഒരു വ്യവഹാരം എന്നതിനുമപ്പുറംപൂക്കളോടും, പുൽച്ചാടിയോടും സമാനഹൃദയങ്ങളോടുമുള്ള കരുണാർദ്രമായ നിലപാടാണിവിടെ പ്രണയം.

"പുലരിയെത്തുമ്പോൾ മുഖം തുടച്ചുള്ള
നിൻ ചിരിയും തിടുക്കവും നാട്യവും ഞാനറിയും
അറയുന്നതെന്തുകൊണ്ടെന്നോ സഖീ,
ഞാനുമിതുപോലെ രാത്രി മഴ പോലെ"

( രാത്രിമഴ)

കേവലം ആണും പെണ്ണും മാത്രം നിലനിൽക്കുന്ന ഒരു തിരിച്ചറിവിന്റെ ഭൂമികയല്ലത്. ഉപാധികളില്ലാത്ത ഐക്യപ്പെടലിന്റെ സാധ്യതയാണ്.

വാത്സല്യം, സ്നേഹം, കാമം, കരുണ, അനുകമ്പ എന്നിങ്ങനെ വ്യത്യ സ്ത വികാരങ്ങളായി അനുഭവപ്പെടാമെങ്കിലും, അത്രമേൽ സ്നേഹ ത്തോടെ സ്വാർത്ഥതയറ്റ് ചേർത്ത് പിടിക്കുന്നതെന്തും പങ്കുവയ്ക്കുന്ന ഭാവം പ്രണയത്തിന്റേതാണ്. "എല്ലാ ഗോപികമാരും ശ്രീകൃഷ്ണന്റെ അമ്മമാരോ സഖിമാരോ കാമുകിമാരോ ആരൊക്കെയോ ആണ്." എന്ന് സുഗതകുമാരി പറഞ്ഞു വയ്ക്കുന്നുണ്ട്. വ്യക്തി യോടും വികാരത്തോ ടും തോന്നുന്ന അടിമപ്പെടലല്ല, സുഗതകുമാരി കവിതകളിലെ പ്രണയം.

"അറിയില്ല നിന്നനുരാഗമെന്നാകിൽ നിൻ
കരുണയും വേണ്ടെന്നു പിന്തിരിഞ്ഞോൾ"

(രാധയെവിടെ)

എന്നു പറയാൻ തന്റേടം കാണിക്കുന്ന ആത്മാഭിമാനത്തിന്റെ പേരു കൂടിയാണിത്. എന്നിട്ടും ആ പ്രണയ സങ്കല്പം സ്ത്രീവാദത്തിന് എതിരായ പ്രത്യയശാസ്ത്ര സംഹിതകളിൽ നിലനിൽക്കുന്നു എന്ന വിമർശനത്തിന് ഇരയാക്കപ്പെട്ടിട്ടുണ്ട്. കവിതയ്ക്കപ്പുറം നിന്നു കൊണ്ടും സുഗതകുമാരി ഇത്തരം വിമർശനങ്ങളെ നേരിട്ടു. "ഞാൻ എന്തു ചെയ്യുന്നു ഈ പെൺകുട്ടികൾക്ക് വേണ്ടി എന്ന് ഈ വിമർ ശിക്കുന്ന വർക്ക് അറിയാമോ? അവർ ഒന്നും അറിയുന്നില്ലല്ലോ. 31 വർഷമായി 'അഭയ' തുടങ്ങിയിട്ട് തലയ്ക്കു വെളിവില്ലാത്ത പെണ്ണു ങ്ങളെ കണ്ടു മനസ് പൊള്ളി, മെന്റൽഹോസ്പിറ്റലിലെ അനീതികളും സ്ത്രീപീഢനങ്ങളും പെണ്ണുങ്ങളുടെ വിൽപനയും അവരുടെ പട്ടിണി യും അവരുടെ നഗ്നതയും ഒക്കെ കണ്ടാണ് ഞാൻ തുടങ്ങിയത്. ആരെ ങ്കിലും.....ആരെയെങ്കിലും അതിനെപ്പറ്റി ചിന്തിച്ചിട്ടുണ്ടോ? സുഗത കുമാരിയുടെ സ്ത്രീ വിരുദ്ധതയെ പറ്റിപ്പറയുന്നവർ.. ജീവിതം മുഴുവനും ഇതിനൊക്കെ വേണ്ടി ബലികഴിച്ചവരെപ്പറ്റി പുച്ഛത്തിലെഴുതാൻ എത്ര യെളുപ്പം"[(3)]മുറിഞ്ഞു വീഴുന്ന മരത്തിനു വേണ്ടി ശബ്ദമുയർ ത്താൻ

പായുന്നതുപോലെ, മുറിഞ്ഞ ഹൃദയത്തിൽ നിന്ന് വാക്കു കളിങ്ങനെ അണപൊട്ടിയൊഴികിയിട്ടുണ്ട്.

രാധാ-കൃഷ്ണ പ്രണയത്തിന്റെ ആഘോഷമാണ് സുഗത കുമാരിക്കവിതകൾ എങ്കിലും അതിൽ മാത്രം ഒതുങ്ങി നിൽക്കുന്ന ഒരു പ്രണയസങ്കല്പവുമല്ല. 'അത്രമേൽ സ്നേഹിക്കയാൽ' എന്ന കവിത തന്നെ അതിനുദാഹരണമാണ്.

"എങ്കിലും. വെറും പാവം ഒരു പെണ്ണിനെ
സൂര്യചന്ദ്രതാരകൾപോലും
നോക്കി നിന്നിടും മട്ടിൽ
അത്രമേൽ വിശുദ്ധമായി
അത്രമേൽ അഗാധമായി
അത്രമേൽ സ്വയം സമർപ്പിതനായി
സ്നേഹിക്കയാൽ
സ്വീകരിക്കുക, നിത്യ കല്പക സുമങ്ങളാൽ
ആരചിച്ചൊരീ അനശ്വരമാം കിരീടം നീ"

(അത്രമേൽ സ്നേഹിക്കയാൽ)

നിത്യകല്പകസുമങ്ങളാൽ ആരചിച്ച അനശ്വരമായ സ്നേഹ കിരീടം സുഗതകുമാരി സമർപ്പിക്കുന്നത് പച്ചയായ ഒരു മനുഷ്യനാണ്. മനുഷ്യന്റെ സകല അപൂർണതകളേയും സ്നേഹംകൊണ്ട് പൂരിപ്പി ച്ചെടുക്കാൻ സാധിക്കുമെന്ന ജീവിത സത്യമാണ് അത്രമേൽ സ്നേഹി ക്കയാൽ എന്ന കവിത. "ശാരീരികം, മാനസീകം, ആത്മീയം എന്നീ മൂന്നുതലങ്ങളിൽ സ്നേഹത്തെ അനുഭവിക്കാനാവും. എന്നാൽ ഈ മൂന്നുതലവും ഉൾക്കൊള്ളുന്ന സ്നേഹപ്രകാശനമാണ് 'ഇശ്ഖ്' അഥവാ 'പ്രണയം' എന്ന വാക്കിന്റെ ചെപ്പിൽ ഒതുക്കിവെച്ചിരിക്കു ന്നത്."

വിരോധവും അപകർഷതയും അവജ്ഞയും നിറഞ്ഞ ഒരു പ്രണയ ലോകം ആവിഷ്കരിക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ പോലും സുഗതകുമാരിയുടെ കവിതാശൈലി മറ്റൊരു വഴി തേടി പോയില്ല. കവിതക്കുള്ളിൽ തളംകെട്ടിനിന്ന സംഗീതം, സാങ്കേതികതയുടെ സാധ്യതകളെല്ലാം ഉപയോഗപ്പെടുത്തികൊണ്ട് ഗാന രൂപത്തിലും പല തലമുറകളെ സ്വാധീനിച്ചു. ഒരു പെണ്ണിന്റെ ജീവിതകാലം മുഴുവൻ ആ കവിതകളിൽ പ്രതിഫലിച്ചു. പെൺകുഞ്ഞ്, കാമിനി, ഭാര്യ, അമ്മ, ഭ്രാന്തി, അഭിസാരിക, വീട്ടമ്മ, വിപ്ലവകാരി, എന്നിങ്ങനെ പലപ്പോഴായി പലരൂപത്തിൽ നമ്മളെ അവർ പുനർജനിപ്പിച്ചുകൊണ്ടേയിരുന്നു. പ്രകൃതിയുടെ പച്ചയും പ്രണയത്തിന്റെ നീലയും ഒന്നായി ചേർന്ന് കെട്ടുപിണഞ്ഞ ഞരമ്പുകൾ തുടിച്ച കൈവെള്ളയിലൂടെ, ആ കവികൾ  ഏറെ മനോഹരമായി ദേഹങ്ങൾ ഉരസുന്ന സുഖത്തിനുമപ്പുറം വിരൽ ചേർത്തുപിടിക്കുന്ന കാരുണ്യത്തിന്റെ കടാക്ഷമായിരുന്നു ആ കവിതകളിലെ ചേതന.

"ഭക്തിയും പ്രണയവും തമ്മിൽ എന്തെങ്കിലും ബന്ധമുണ്ടോ? ഒരുപക്ഷേ ഇതിന്റെ അനുഭവ തലങ്ങൾ രണ്ടും തമ്മിൽ വല്ലാത്തൊരു കൈകോർക്കൽ ഉണ്ട്. കാണുന്ന അവസ്ഥകൾക്കുമപ്പുറം അനുഭവത്തിന്റെ തലത്തിൽ എത്തുമ്പോൾ ഭക്തിയും പ്രണയവും ഒന്നായി ത്തീരുന്നു."(5) ഈശ്വരനോടുള്ള പറഞ്ഞറിയിക്കാനാവാത്ത പ്രണയം തന്നെയാവണം ഭക്തിയെന്നത് പ്രണയത്തെ കുറിച്ചു സംസാരിക്കുമ്പോൾ മൂന്നാമതൊരാൾ അറിയാൻ പാടില്ലെന്നു പണ്ട് ഷേക്സ്പിയർ പറഞ്ഞിട്ടുണ്ട്. അത്രമേൽ മനോഹരമായിരിക്കണം പ്രണയം. പ്രണയവും ഭക്തിയും അതിരുകളില്ലാത്ത ഒത്തുചേരലാ ണെന്നു പലപ്പോഴും കണ്ടറിഞ്ഞിട്ടുണ്ട്." ഭാരതീയ ചിന്താപദ്ധതിയനുസരിച്ച് മോക്ഷത്തിലേക്കുള്ള മാർഗങ്ങളിലൊന്നാണ് ഭക്തി. ഭക്തിയുടെയും പ്രണയത്തിന്റെ

യും അനഘമായ ഒത്തുചേരലിന്റെ അനുഭവമാണ് മീര. പഞ്ചേന്ദ്രിയങ്ങളിലൂടെ തിരിച്ചറിയാനാവാത്ത മനസ്സിനെ പ്രണയിക്കുന്നത് പോലെയാണ് ഈശ്വരസമർപ്പണത്തിൽ അധിഷ്ഠിതമായ ഭക്തിയും. നിർലോഭമായ നിരഹങ്കാരത്തിന്റെ പരി പൂർണ്ണതയിൽ സമർപ്പിക്കപ്പെടുന്ന ജീവിതം അനശ്വരം ആയിരിക്കും എന്ന സങ്കല്പമാണ് പ്രണയത്തിലും ഭക്തിയിലും ഒരുപോലെ പ്രവർത്തിക്കുന്നത്. പരമമായ ആനന്ദത്തിന്റെ മൂർച്ചയിൽ ബ്രഹ്മത്തെ തിരിച്ചറിയുന്നു. 'അഹം ബ്രഹ്മാസ്മി', 'ദൈവം സ്നേഹമാകുന്നു' തുടങ്ങിയ വചനങ്ങളെല്ലാം നിർമലമായ സ്നേഹവും ആത്മാർപ്പണ ത്തോടെയുള്ള സേവനവുമാണ്ഏറ്റവും വലിയ ഭക്തി എന്ന ആശയത്തിലേക്ക് നമ്മെ നയിക്കുന്നു. ഏറ്റവും നല്ല പ്രണയിനി ഏറ്റവും നല്ല ഭക്തയായി തീരുന്ന ആനന്ദമാണ് സുഗതകുമാരി കവിതയിലെ മീര. ജീവിതത്തിലെ എല്ലാ കയ്പ്പുനീരും മധുരമാക്കി തീർക്കുന്ന പ്രണയമാണ്. മീരയ്ക്ക് ശ്രീകൃഷ്ണൻ. "പ്രണയം ആത്മനിഷ്ഠമായ ഒരു വിശുദ്ധരഹസ്യമാണ്. അപൂർവ്വവുമാണ്. പ്രണയം തന്റെ ആത്മസത്തയിലേക്ക് കൊണ്ടുപോകുന്ന തീക്ഷ്ണപ്രകാശമാണ്. ആത്മപ്രപഞ്ചത്തിന്റെ ആഴങ്ങളിലേക്ക് കടന്നുചെന്ന് ഇരുൾ വഴികളെ വിശുദ്ധീ കരിച്ചു പ്രകാശമാക്കാൻ താപവും തീക്ഷ്ണതയും അത്യന്താപേക്ഷിതമാണ്. അവിടെ അത്യപൂർവ്വവും നിഗൂഢവും ദൈവീകവുമാണ് പ്രണയം." വഴിയമ്പലത്തിലെ പാട്ട് എന്ന കവിതയിലെ മീര, സുഗതകുമാരിയുടെ ആത്മാംശം തന്നെയാണ്.

"പറയട്ടെ ലോകം.
വെറും ഭ്രാന്തിയാം മീര
യൊരു പാട്ടു മാത്രമേ
പാടൂ!"

(വഴിയമ്പലത്തിലെ പാട്ട്)

കാവ്യ ലോകത്തെ സകല പരാതികൾക്കും മീരയായി നിന്ന് സുഗതകുമാരി ഉത്തരം പറയുന്നു. ജീവിതത്തെയും പ്രണയത്തെയും അത്രമേൽ ആത്മാർത്ഥമായി, അർപ്പിതമായ മനസ്സോടുകൂടി, സ്വീകരിച്ചതിന്റെ ആത്മവിശ്വാസത്തിലാണ് സുഗതകുമാരി എഴുതിയത്. ആ സഞ്ചാരമാണ് സുഗതകുമാരി എന്ന എഴുത്തുകാരിയെ സാഹിത്യത്തിലും സമൂഹത്തിലും രേഖപ്പെടുത്തുന്നത്.

നാം നമ്മെ തന്നെ പ്രണയിക്കേണ്ടതിന്റെ ആവശ്യകതയും ആത്മാവിൽ പുലർത്തേണ്ട വിശുദ്ധിയും ആ കവിതകളിലുണ്ടായിരുന്നു. ആദർശവും ത്യാഗവും ആത്മാഭിമാനവും പ്രണയത്തിന്റെ തന്നെ ഭാവങ്ങളാണ്. ആരെയും കുറ്റപ്പെടുത്താതെ സ്വയം സമ്പൂർണ്ണമായി ജീവിക്കാനുള്ള മാർഗമായി പ്രണയം മനുഷ്യനെ പരിവർത്തനപ്പെടുത്തും. പ്രണയത്തിലും ജീവിതത്തിലും പുലർത്തേണ്ട വിശുദ്ധിയുടെ പ്രതീകമായിരുന്നു സുഗതകുമാരിക്ക് സീത. കറപുരളാത്ത പ്രണയത്തിന്റെ ശക്തിയും തീക്ഷ്ണതയും ദൃഢനിശ്ചയവും എഴുത്തുകാരി കണ്ടെത്തുന്നത് സീതയിലാണ്.

"ചുരുൾ വീണു താഴും മഹാ ദുഃഖ നാടക-
കഥയുടെ ഭരത വാക്യത്തിൽ
ഒടുവിൽ മഹർഷിയെ പിന്തുടർന്നെത്തിയോ-
രതിതാന്തമായ പാദങ്ങൾ
വഴി നടന്നേറെ കരിഞ്ഞു പൊടി നി-
റഞ്ഞിരുളുന്ന നഗ്നപാദങ്ങൾ
പിളരുവാൻ വെമ്പുമോ ഭൂവിലേയ്ക്കാദ്യമായ്
മറയുമാനുള്ള പാദങ്ങൾ
" മതി മതി" എന്നു പിൻവാങ്ങുന്ന ശാന്തമാം
മെലിവാർന്ന രണ്ടു പാദങ്ങൾ

അവയെ ഞാനെന്നുള്ളിലഗ്നിയാലശ്രുവാൽ
ഇളകാതുറപ്പിച്ചിരിപ്പൂ"

(പാദ പ്രതിഷ്ഠ)

സ്വയം പ്രണയിക്കാൻ മറന്നുപോയ, ജീവിതം മറ്റുള്ളവർക്കു വേണ്ടി അർപ്പിച്ച സീതയുടെ ത്യാഗവും വിശുദ്ധിയുമാണ് സുഗതകുമാരി ' പാദ പ്രതിഷ്ഠയിൽ' സ്വീകരിക്കുന്നത്. കുമാനാശൻ അവതരിപ്പിക്കുന്ന ചിന്താവിഷ്ടയായ സീതയുടെ തുടർച്ചയുണ്ട് ഇവിടെ. തിരിച്ചറിവുകളുടെ അവസാനം മാത്രം വന്നെത്തിയ സ്വയം പ്രണയിക്കാനുള്ള തീരുമാനമാണ്, "മതി മതി" എന്ന് പിൻവാങ്ങുന്ന ശാന്തമായ മെലിവാർന്ന വിശുദ്ധിയുടെ ആ രണ്ട് പാദങ്ങൾ. സ്വന്തം പ്രണയത്തിനുവേണ്ടി സ്വയം സമർപ്പിച്ച രാധയുടെ വിരഹത്തിൽ വെന്ത മൈലാഞ്ചി കാലുകൾ മാത്രമല്ല, നടന്നലഞ്ഞ് ഏറെ നൊന്തുപോയ മീരയുടെ പാദങ്ങളും പിൻവിളികൾ കേൾക്കാതെ, ഒരിക്കൽ മാത്രം സ്വയം പ്രണയിക്കാൻ തീരുമാനിക്കുന്ന സീതയുടെ പിളർന്ന പാദങ്ങളും കൂടിയാണ് സുഗതകുമാരി കവിതകളിലെ പ്രണയത്തിന്റെ വഴികൾ നിർണയിക്കുന്നത്.

ഒരു മനുഷ്യന് നടത്താവുന്ന ഏറ്റവും വലിയ സ്വാതന്ത്ര്യ പ്രഖ്യാപനമാണ് പ്രണയം. മനുഷ്യകുലത്തെ വരിഞ്ഞുമുറിക്കിയിരിക്കുന്ന എല്ലാ അസമത്വങ്ങളേയും ഏറ്റവും സ്വാഭാവികമായി പ്രണയം ഇല്ലായ്മ ചെയ്യുന്നു. വർഗം, വർണം, കുലം, ലിംഗം, ഭാഷ, ദേശം, രൂപം, അങ്ങനെയൊന്നും പ്രണയത്തെ ബാധിക്കുന്നതേയില്ല. പരസ്പരം പ്രണയിക്കുക എന്നതിൽ കവിഞ്ഞ ഒരു നവീകരണ പ്രവർത്തവും നവോത്ഥാനവും മനുഷ്യന് നടത്താനില്ല. നമ്മൾ പോലും അറിയാതെ നമ്മളെ നവീകരിക്കാൻ പ്രണയത്തിന് സാധിക്കും. നമ്മളിതൊന്നും ഉദ്ദേശിക്കുന്നില്ല എങ്കിൽ കൂടി. രാധ, കൃഷ്ണൻ, സീത,

രാമൻ, അനാർക്കലി, സലിം, ലൈല, മജ്നു എന്നിവരെല്ലാം മനുഷ്യനെ നവീകരിച്ചുകൊണ്ടിരിക്കുന്നത് പ്രണയത്തിലൂടെ ആണ്. മനുഷ്യ പ്രണയത്തിന്റെ സാധ്യതകളെല്ലാം അതിസൂക്ഷ്മമായി ഉപയോഗപ്പെടുത്തിയിട്ടുള്ള എഴുത്തുകാരിയാണ് സുഗതകുമാരി. അവർ സ്വീകരിച്ച ആദർശ പ്രണയബിംബം രാധയുടേതായിരുന്നെങ്കിലും അവരുടെ രാധ, പല ഭാവങ്ങളിൽ ആ  കവിതകളിൽ പകർന്നാട്ടം നടത്തിയിട്ടുണ്ട്. സുഗതകുമാരിയുടെ രാധാ കവിതകളെക്കുറിച്ചുള്ള ഡോക്ടർ എം. ലീലാവതിയുടെ അഭിപ്രായം ഇവിടെ സ്മരണീയമാണ്. " നിരുപാധിക പ്രേമത്തിന്റെ ഗായകരേയും വക്താക്കളെയും കാവ്യത്തിൽ രാധയുടെ പുനരവതാരങ്ങളായി സങ്കൽപ്പിക്കുന്നു. മീരാദേവിയേയും ആണ്ടാളെയും കുറൂരമ്മയെയും പോലുള്ള സ്ത്രൈണാകാരങ്ങൾ മാത്രമല്ല അവതാരങ്ങൾക്കുള്ളത്. ചൈതന്യനെപ്പോലുള്ള പുരുഷാരവുമുണ്ട്."[8] ലിംഗ അതിഷ്ടിതമായ ഒരു പ്രണയവീക്ഷണം ആയിരുന്നില്ല സുഗതകുമാരിയുടെ എന്ന് സാരം. അവർ പ്രണയത്തെ പ്രണയം മാത്രമായി കണ്ടു പ്രണയം സ്വയം നിർവചിക്കാനും മറ്റുള്ളവരെ നിർവചിക്കാനുള്ള ഏക മാർഗ്ഗമായിരുന്നു. വിവേചനങ്ങളെയെല്ലാം ഭേദിക്കാനുള്ള ശക്തി.

ജീവിതത്തെയും പ്രണയത്തെയും അത്രമേൽ ആത്മാർത്ഥമായി, അർപ്പിതമായ മനസ്സോടുകൂടി, സ്വീകരിച്ചതിന്റെ ആത്മവിശ്വാസത്തിലാണ് സുഗതകുമാരി എഴുതിയത് പ്രണയമാണ് തന്റെ തത്വശാസ്ത്രം എന്നും കരുണയാണ് തന്റെ മാർഗ്ഗമെന്നും കവിതയിലൂടെയും ജീവിതത്തിലൂടെയും എഴുത്തുകാരി പ്രഖ്യാപിക്കുന്നു. തന്റെ അവസാനം വരെയും ആ മാർഗ്ഗം വ്യതിചലിക്കാൻ അവർ തയ്യാറായില്ല. ആ സഞ്ചാരമാണ് സുഗതകുമാരിയെ സാഹിത്യത്തിലും സമൂഹത്തിലും കലാതീതയായി രേഖപ്പെടുത്തുന്നത്.

"മാരി പെയ്യുന്നു! കനക്കെ

യിടി വെട്ടുന്നു !
ഭീതികൾ ചുഴന്നലയ്ക്കുന്നു !
എങ്ങനെ തൊടും മൃത്യു
വെന്നെ, യിശ്യാമമാം
സംഗീതമെന്നുള്ളിൽ വാഴ്കെ ?
എന്തിനെഴുതുന്നു പാടുന്നു
ഞാൻ, അന്യമാം
സംഗീതമൊന്നിതല്ലാതെ ”

(വഴിയമ്പലത്തിലെ പാട്ട്)

## കുറിപ്പുകൾ

1. സുഗതകുമാരിയുടെ സാഹിത്യ കൃതികൾ, ഫെമിനിസത്തിന്റെ വീക്ഷണത്തിൽ ഒരു വായന, ബിന്ദു ടി വി, 2013, മലയാളവിഭാഗം, കാലിക്കറ്റ് യൂണിവേഴ്സിറ്റി.
2. https://youtu.be/O-alQDMqRdk
3. https://youtu.be/PY5NYKGfHnc
4. *പ്രണയം ദൈവത്തോടോ?* , സിദ്ദീഖ് മുഹമ്മദ്.
5. *ഭക്തിയും പ്രണയവും തമ്മിലെന്ത്*, ശ്രീപാർവ്വതി.
6. *പ്രണയവും ഭക്തിയും r*ajesh odayanchal, September 27, 2018
7. *പ്രണയത്തിന്റെ കൊടുമുടികളും സൗഹൃദത്തിന്റെ താഴ്വരകളും*, സിദ്ദീഖ് മുഹമ്മദ്.
8. *പ്രേമം, സ്വാതന്ത്ര്യം, സ്ത്രീ- സുഗതകുമാരിയുടെ ദർശനം (നവകാന്തം)*, ഡോക്ടർ ലീലാവതി, സാഹിത്യപ്രവർത്തക സഹകരണസംഘം, നാഷണൽ ബുക്ക് സ്റ്റാൾ.

## സഹായകഗ്രന്ഥങ്ങൾ


1. ലീലാവതി എം.ഡോ., *വർണ്ണരാജി*, സാഹിത്യപ്രവർത്തക സഹകരണ സംഘം, 2013..
2. ലീലാവതി എം.ഡോ., *മലയാള കവിതാ സാഹിത്യചരിത്രം*, കേരള സാഹിത്യ അക്കാദമി, 2015.
3. സുഗതകുമാരി, *അമ്പലമണികൾ*, ഡി.സി.ബുക്സ്, കോട്ടയം, 2016.
4. സുഗതകുമാരി, *മേഘം വന്നു തൊട്ടപ്പോൾ*, ഡി.സി.ബുക്സ്,2006
5. സുഗതകുമാരി, *രാത്രിമഴ*, ഡി.സി.ബുക്സ്, കോട്ടയം,2016.
6. സുമാദേവി വി.എസ്.,*സ്ത്രീത്വ ദർശനം മലയാള കവിതയിൽ*, മഹാത്മാഗാന്ധി സർവ്വകലാശാല, 2008.

# സുഗതകുമാരി കവിത്വത്തിന്റെ പൂർണ്ണത

**അശ്വതി തോമസ്**

കവിയും കവിതയും കവിത്വവും ഒരു ചങ്ങലയിലെ ഇഴചേർന്ന കണ്ണികളാണ്. ആരാണ് കവി? എന്ന ചോദ്യത്തിന് ഋഷിയല്ലാത്തവൻ കവിയല്ല എന്നും ക്രാന്തദർശിയാണ് കവിയെന്നും ഉള്ള ഉത്തരം പാരമ്പര്യത്തിൽ നിന്നും ലഭിക്കുന്നു. തന്റേതായ ലോകത്തെ സങ്കല്പിക്കുകയും രൂപപ്പെടുത്തുകയും ചെയ്ത് ഒരോ കവിയും കവിത്വത്തെ വീണ്ടെടുക്കുന്നു. കവിയുടെ അസ്തിത്വവുമായി ബന്ധപ്പെട്ടതാണ് കവിത്വം. കവിത്വത്തിലായിരിക്കുക എന്നാൽ കവിയാണെന്നർത്ഥം. കവികൾ ജനിക്കുന്നത് കവിയുടെ ലക്ഷണങ്ങൾ പഠിച്ചിട്ടല്ല. ജീവിത നിയോഗമെന്നപോലെ കവികൾ ആയിത്തീരുകയാണ്. സങ്കൽപ്പനത്തിനും സംരചനയ്ക്കും ഒരു തൃതീയ ചക്ഷുസ്സ് കവിക്കുണ്ടായിരിക്കണം എന്ന് കാവ്യശാസ്ത്രമതം. കാവ്യഗുണങ്ങളുമായി സാത്മീഭവിക്കുന്നവൻ യഥാർത്ഥ കവിയായിത്തീരുന്നു. അറിയുകയും വർണ്ണിക്കുകയും ശബ്ദിക്കുകയും ചെയ്യുന്നവനാണ് കവിയെങ്കിൽ ആ ഗണത്തിൽപ്പെട്ട വ്യക്തിയായിരുന്നു സുഗതകുമാരി. ക്രാന്തദർശിത്വത്തോടെ കാവ്യരംഗത്ത് നിലയുറപ്പിച്ച കവയിത്രിയാണവർ. സർവ്വസാക്ഷിയായി നിസ്സംഗയായി ലോകനിരീക്ഷണവും പ്രപഞ്ചധ്യാനവും നടത്തി തൂലികയിലൂടെ ശബ്ദിക്കുവാൻ അവർ ശ്രദ്ധിച്ചു.

**അറിയുക വർണ്ണിക്കുക ശബ്ദിക്കുക**

തനിക്കു ചുറ്റുമുള്ള ലോകവും അതിലെ വ്യവഹാരങ്ങളും അതിന്റെ താളക്രമങ്ങളും സുഗതകുമാരി അറിഞ്ഞിരുന്നു. കവി ഋഷി

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

യാകുന്നത് ജ്ഞാനം ആർജ്ജിക്കുന്നതിനാലാണ്. എല്ലാം കാണാനും അറിയാനുമുള്ള ജ്ഞാനം ഉൾക്കണ്ണുള്ളവർക്കേ ലഭിക്കൂ. ഒരേ സമയം പ്രപഞ്ചത്തിലേക്കും മനുഷ്യരിലേക്കും തുറന്നുവച്ച തൃക്കണ്ണ് സുഗത കുമാരിക്കുണ്ടായിരുന്നു. അടച്ചിട്ട മുറിയിലുള്ള കാവ്യരചനയേക്കാൾ അനുഭവതീവ്രതയുടെ ആത്മാംശമായിരുന്നു അവർക്ക് കവിത. അതു കൊണ്ടാണ് ആതുരാലയത്തിലെ രോഗാവസ്ഥയിലും രാത്രിമഴയെ ക്കുറിച്ച് അവർ പാടിയത്. തിരുവനന്തപുരത്തെ മാനസികാരോഗ്യ കേന്ദ്ര ത്തിൽ സുഗതകുമാരി നടത്തിയ സന്ദർശനമാണ് 1985 ൽ അഭയയുടെ രൂപികരണത്തിന് കാരണമായത്. സ്ത്രീകളുടെ സെല്ലുകളിൽ കണ്ട ശോച്യാവസ്ഥയെക്കുറിച്ചുള്ള അറിവാണ് നിരാലംബരായ ഒരു കൂട്ടം സ്ത്രീകൾക്കും കുട്ടികൾക്കും അമ്മയാകാൻ അവരെ പ്രാപ്തരാക്കി യത്.

വായുവും ജലസ്രോതസ്സുകളും വനഭൂമിയും മലിനമാകുന്നതും ഇല്ലാതാകുന്നതും സുഗതകുമാരി അറിഞ്ഞു. വായുവിനും വെള്ള ത്തിനും വൃക്ഷലതാദികൾക്കും പക്ഷിമൃഗാദികൾക്കും സ്വന്തം ജീവ നുതുല്യം പ്രാധാന്യം കല്പിച്ച ഒരമ്മയാണ് സുഗതകുമാരി. വായുമ ലിനീകരണത്തിനെതിരെ, നദികളെ ഇല്ലായ്മ ചെയ്യുന്നതിനെതിരെ, വനവും അതിലെ ജീവജാലങ്ങളും നശിപ്പിക്കുന്നതിനെതിരെ, സ്ത്രീക ൾക്കും കുട്ടികൾക്കും നേരെയുള്ള അതിക്രമങ്ങൾക്കെതിരെ ശബ്ദി ക്കാൻ സുഗതകുമാരി ടീച്ചർ കാണിച്ച ആർജ്ജവം പകരം വയ്ക്കാനാ വാത്തതാണ്. ജീവവായുവും ജലസ്രോതസ്സുകളും മണ്ണും വിശുദ്ധമായി സൂക്ഷിക്കണമെന്ന് ഇത്രയധികം ആഗ്രഹിച്ചവർ വേറെയില്ല എന്ന താണ് സത്യം.

കേരളത്തെ സ്നേഹിച്ച സുഗതകുമാരി മലയാളിയുടെ മനോ ഭാവങ്ങളെ അറിയുകയും അതിനെ വിമർശിക്കുകയും ചെയ്തു. എത്ര

പറഞ്ഞാലും നാം നന്നാവില്ലെന്നു സങ്കടപ്പെട്ടുകൊണ്ട് മലയാളിയുടെ പുത്തൻ പരിഷ്കാരഭ്രമങ്ങൾക്കെതിരെ കടുത്ത ഭാഷയിൽ അവർ ശബ്ദമുയർത്തി. നീതി നിഷേധിക്കപ്പെട്ടവരുടെ നിലവിളി സുഗതകുമാരിയുടെ കാതുകളിലെത്തിയതിന്റെ ഫലമാണ് ബീഹാർ  എന്ന കവിത. അപ്പത്തിനുവേണ്ടി കരയുന്നവന് അക്ഷരം കൊടുത്തിട്ട് കാര്യമില്ലെന്ന് കവയിത്രി വിശ്വസിച്ചിരുന്നു. ദരിദ്രരോടും പീഡിതരോടും പാർശ്വവത്കൃതരോടും സുഗതകുമാരിക്കുണ്ടായിരുന്ന ആർദ്രത ആദരിക്കപ്പെടേണ്ടതുതന്നെയാണ്. എഴുപതുകൾ അവസാനിക്കുമ്പോൾ അനീതിയുടെ ഇരകളെക്കുറിച്ച് പൊതുസമൂഹത്തിന് കൃത്യമായ ധാരണ രൂപപ്പെടാൻ പാകത്തിൽ തന്നെ സുഗതകുമാരിയുടെ ഇടപെടലുകൾ ശക്തമായിരുന്നു. സാമൂഹിക അനീതിയുടെ മുന്നിലേക്ക് വലിച്ചിഴയ്ക്കപ്പെട്ട ഏതൊരു വിഷയവും സുഗതകുമാരി ഏറ്റെടുത്താൽ ആ വിഷയം ആദ്യാനുരാഗം പോലെ അവരെ ചുമലിലേറ്റിയിട്ടുണ്ട്. അനീതിയുടെ ദംഷ്ട്രകളെ നീതിയുടെ ദന്തങ്ങളാക്കുന്നതുവരെ പൊരുതാനവർ സജ്ജയായിരുന്നു.

പിറന്നയുടനെ പരിത്യക്തയാകുന്ന പെൺകുഞ്ഞിന്റെ അവസ്ഥ നാളെ എന്താകുമെന്ന് ആർക്കും അറിയില്ല. അവളും എങ്ങനെയെങ്കിലും എവിടെയെങ്കിലും ജീവിക്കുകയും വളരുകയും ചെയ്യും. ബാലവേല നിരോധിക്കപ്പെട്ടിരിക്കുന്ന ഈ നാട്ടിൽ അവളും ജോലിചെയ്ത് ജീവിക്കും. അനാഥക്കുട്ടികളുടെ ദുരവസ്ഥ കവയിത്രിയെ വല്ലാതെ വേദനിപ്പിച്ചിരുന്നു. അനാഥ സംരക്ഷണം സാമൂഹിക ഉത്തരവാദിത്തമാണെന്ന് പ്രഖ്യാപിക്കുകയും അതിനു തയ്യാറാകാത്തതിനു പ്രതിക്ഷേധിക്കുകയും ചെയ്യുന്ന സുഗതകുമാരിയെയാണ് തുലാവർഷപ്പച്ചയിൽ കാണുന്നത്. സാമൂഹിക പ്രാപഞ്ചിക സ്ഥിതിഗതികൾ സസൂക്ഷ്മം വീക്ഷിച്ചറിഞ്ഞ് ആവശ്യമെങ്കിൽ പ്രതികരിക്കുവാനുള്ള ദാർശനികത സുഗതകുമാരിക്കുണ്ടായിരുന്നു.

**കാലാതിവർത്തിയായ വെളിച്ചം**

കവി കാലാതിവർത്തിയാകുന്നത് കവിതയിലൂടെ തൊടുത്തു വിട്ട നിരീക്ഷണങ്ങളും പ്രവചനങ്ങളും കാലത്തെ അതിജീവിച്ചും പ്രസക്തമാകുമ്പോഴാണ്. പ്രാചീന ആധുനിക കവിത്രയവും ഇതര കവികളും വരികളിലൂടെ വർണ്ണിച്ചതു പലതും നൂറ്റാണ്ടുകൾക്കിപ്പുറവും യാഥാർത്ഥ്യമായി നിലകൊള്ളുന്നു. ഇത്തരത്തിൽ സുഗതകുമാരിയും കാവ്യരംഗത്ത് കാലാതിവർത്തിയായിത്തന്നെ പ്രകാശിക്കുന്നു. കാരണം, കാലത്തിന്റെ ദൗത്യം ഏറ്റെടുത്തു പ്രവർത്തിച്ച കവയിത്രിയാണവർ. സൈലന്റ്‌വാലി പ്രക്ഷോഭവും കൊക്കക്കോള സമരവും സ്ത്രീകളും കുട്ടികളും സംരക്ഷിക്കപ്പെടാനുള്ള പ്രയത്നങ്ങളും കാലത്തെ അതിജീവിച്ച് മുന്നേറുന്നത് അത്തരം ദൗത്യങ്ങൾ എക്കാലത്തും നിർവ്വഹിക്കപ്പെടേണ്ടതിന്റെ പ്രാധാന്യം വിളിച്ചോതുന്നു. പരിസ്ഥിതി സംരക്ഷിക്കപ്പെടണമെന്ന സുഗതകുമാരിയുടെ ദൃഢനിശ്ചയം ഫലം ചൂടേണ്ടതാണെന്ന് കഴിഞ്ഞ പ്രളയങ്ങൾ താക്കീത് നല്കിയത്. കവയിത്രിയുടെ ദീർഘവീക്ഷണം കാലത്തെ ലംഘിക്കുന്നതിന് ഉദാഹരണമാണ്. സ്വത്തും സ്വർണ്ണവും സ്വരുക്കൂട്ടാൻ മത്സരിക്കുന്ന മലയാളി മനുഷ്യത്വം മറന്നുചെയ്യുന്ന പ്രവർത്തികളിൽ  മലയാളി ഇങ്ങനെയല്ല ആകേണ്ടിയിരുന്നത്  എന്ന സുഗതകുമാരിയുടെ വ്യഥ പ്രവചനമായി നിറവേറിക്കൊണ്ടിരിക്കുന്നു.

മനുഷ്യജന്മം വ്യതിരിക്തമാകുന്നത് അതിന്റെ സ്പർശനത്തിന്റെ ആഴവും പരപ്പും അനുസരിച്ചാണ്. ജനിച്ചു എന്നതൊഴികെ മറ്റൊന്നും നിർവ്വഹിക്കാതെ കടന്നുപോകുന്നവരും ജന്മത്തെ കർമ്മംകൊണ്ട് സാർത്ഥകമാക്കുന്നവരും ജീവിതത്തെ അറിവാക്കി മാറ്റുന്നവരും ജീവിതനിശബ്ദതയിൽ അലിഞ്ഞില്ലാതാകുന്നവരും ജീവിതസ്പർശനത്തിന്റെ വ്യതിരിക്തതകളാണ്. എന്നാൽ പ്രകൃതിയിൽ ചലനങ്ങൾ

സൃഷ്ടിക്കുന്നവരും സ്വന്തം സത്തയും പ്രകൃതിയും സമമായി കാണുന്നവരും ജന്മംകൊണ്ട് ഒരു പടി ഉയർന്നുനില്ക്കുന്നു. പക്ഷിമൃഗാദികളെ സഹോദരങ്ങളായിക്കണ്ട് പേരുചൊല്ലിവിളിച്ച വിശുദ്ധ ഫ്രാൻസീസ് അസ്സീസിയും രാത്രി വളരെ വൈകി ആൽമരത്തിൽ കെട്ടിപ്പിടിച്ച് മരംവെട്ടുകാരെ പിന്തിരിപ്പിച്ച സുഗതകുമാരിയും പ്രപഞ്ചത്തെ അസ്തിത്വത്തിന്റെ ഭാഗമായി ദർശിച്ചവരാണ്. സാമൂഹിക പ്രാപഞ്ചിക സ്ഥിതിഗതികൾ സസൂക്ഷ്മം വീക്ഷിച്ചറിഞ്ഞ് ആവശ്യമെങ്കിൽ പ്രതികരിക്കാനുള്ള ധീരത സുഗതകുമാരിക്കുണ്ടായിരുന്നു. നീതി നിഷേധിക്കപ്പെട്ടവന്റെ നിലവിളി കവയിത്രിയിൽ സഹതാപത്തിനു പകരം പ്രതിഷേധം ഉയർത്തി. വിദേശസഹായം പ്രതീക്ഷിച്ച് പിച്ചപ്പാത്രവുമായി തുറമുഖങ്ങളിൽ കാത്തുനില്ക്കുന്ന നേതാക്കന്മാരും ഭക്ഷ്യവസ്തുക്കളിൽ മായം ചേർത്ത് വില്ക്കുന്ന ധനമോഹികളും സുഗതകുമാരിയുടെ നിശിതവിമർശനം ഏറ്റുവാങ്ങിയവരാണ്. അനീതിയും അസമത്വവും പ്രകൃതിയോടുള്ള അനാദരവും പല്ലും നഖവും ഉപയോഗിച്ച് അവർ വിമർശിച്ചു. മാതൃസ്നേഹത്തിന്റെ ചൂട് നഷ്ടപ്പെട്ട ദുഃഖത്തിൽ ഇനി എഴുതുന്നില്ലെന്നു കരുതിയെങ്കിലും ആ നൊമ്പരത്തിന് ഒരു അയവ് വന്നപ്പോൾ ഒരു പാട്ടു പിന്നെയും മൂളിനോക്കുന്നു-ആ ചിറകൊടിഞ്ഞ കാട്ടുപക്ഷി.

ഭാരതീയ ദാർശനികരുടെ സത്യാന്വേഷണ തല്പരതയും അവർ കണ്ടെത്തിയ ജീവിത സത്യങ്ങളും കോർത്ത് രൂപമെടുത്ത സുഗതകുമാരിയുടെ ചൈതന്യവത്തായ കവിത പ്രവചന നിർഝരിയായി കാലത്തിൽ ഒഴുകി ചേരുന്നു. പ്രപഞ്ചത്തിലുള്ളതെല്ലാം തന്റെ തൂലികയ്ക്കു വിഷയമാക്കിയ കവയിത്രി ആണവർ. പ്രപഞ്ചത്തിൽ സാന്നിധ്യമറിയിച്ച ആ ജീവിതം പ്രകൃതിക്കുവേണ്ടി ശബ്ദിക്കാൻ ഇനിയില്ല എന്നുള്ളത് നൊമ്പരപ്പെടുത്തുന്ന ഓർമ്മയാണ്. ഇനി ആര് ഞങ്ങൾക്കായ് പാടും? എന്ന വേദന നിറഞ്ഞ ചോദ്യം വൃക്ഷലതാദികളുടെയും

പക്ഷിമൃഗാദികളുടെയും നാവിൽനിന്നുതിരുന്നുവോ എന്ന് തോന്നിപ്പോകും. രാത്രിമഴയായ് കാട്ടുപക്ഷിയായ് തുലാവർഷപ്പച്ചയായ് പാവം മാനവഹൃദയങ്ങളിൽ കാലത്തിനതീതയായ് സുഗതകുമാരി കുടിയിരിക്കും എന്ന പ്രതീക്ഷ പ്രപഞ്ചത്തിൽ അലിഞ്ഞ് ചേരുന്നു. സുഗതകുമാരിക്കു തുല്യം സുഗതകുമാരി മാത്രം.

**കൃഷ്ണകവിതയിലെ ഈശ്വരസാന്നിധ്യം**

മനുഷ്യനെയും പ്രകൃതിയെയും സമഭാവനയോടെ വീക്ഷിക്കുകയും സംരക്ഷണത്തിനായി യത്നിക്കുകയും ചെയ്ത സുഗതകുമാരി തന്റെ കാവ്യങ്ങളിലും ഈശ്വരസാന്നിധ്യമറിയിച്ചു. ജീവിതത്തിലെ വിഷാദാനുഭവങ്ങളെ ചൈതന്യവത്തായി സ്വീകരിക്കുവാനാണ് കവയിത്രി കൃഷ്ണകവിതകളിലൂടെ ശ്രമിച്ചത്. സങ്കടങ്ങളിൽ പ്രണയവും കാമവും ചേർത്ത് മനസ്സിന്റെ ബോധതലത്തിനപ്പുറത്തേക്ക് അവയെ വളർത്തിയെടുക്കുവാൻ ഈശ്വരദർശനമുള്ള കവിതകൾ സഹായിച്ചു. കൃഷ്ണ കവിതകളിൽ ആഖ്യാതാവിനെയും കവിമനസ്സിനെയും വ്യത്യസ്തമാക്കിക്കൊണ്ടുള്ള ആഖ്യാനതന്ത്രം സുഗതകുമാരി ഉപയോഗിക്കുന്നു. മനസ്സിന്റെ നൈസർഗ്ഗിക ചോദന തന്നെയാണ് ആഖ്യാതാവിനപ്പുറത്തു നില്ക്കുന്ന കവിതയിൽ പ്രത്യക്ഷപ്പെടുന്നത്. ഭാരതീയ പാരമ്പര്യത്തിൽ ഈശ്വരസായൂജ്യം തപസ്സും പ്രായശ്ചിത്തവും വഴി നേടിയെടുക്കുന്ന ഒന്നാണ്. ആർഷ സംസ്കാര പൈതൃകത്തെ വാർത്തെടുത്ത ഋഷിമാർ ലോകവ്യവഹാരങ്ങളിൽ നിന്നകന്ന് വനാന്തരങ്ങളിൽ ഈശ്വരധ്യാനത്തിൽ ലയിച്ചവരാണ്. ഭാരതീയ കാവ്യങ്ങളിലുടനീളം കാണുന്ന ദൈവദർശനം മനുഷ്യോന്മുഖമാക്കിയവരാണ് മുനിമാർ.

സുഗതകുമാരിയുടെ 'കൃഷ്ണാ നീയെന്നെ അറിയില്ല' എന്ന കവിത ഈശ്വരസായൂജ്യം ലഭിക്കുന്ന പെൺകുട്ടിയെ ചിത്രീകരിക്കുന്നു. വായ്ത്താരികളും ജല്പനങ്ങളും ഈശ്വര സായൂജ്യത്തിന് തടസ്സമാണ്. ദൈവദർശനം ബഹളങ്ങളിലല്ല നിശബ്ദതയിലാണ് സാധ്യമാ

കുന്നത്. കൃഷ്ണനോടുള്ള ഭക്തി ആരാധനയായി പ്രണയമായി ഉള്ളിൽ നിറയുന്നുണ്ടെങ്കിലും അടുത്തുചെല്ലാൻ അവൾ തയ്യാറല്ല. അതു കൊണ്ടാണ് കൃഷ്ണാ നീയെന്നെയറിയില്ല എന്നവൾ പറയുന്നത്. കൃഷ്ണനോട് താനാരാണെന്നുള്ള അവളുടെ ഏറ്റുപറച്ചിലിലും തന്റെ നിസ്സഹായതയെ അംഗീകരിക്കുന്നതുമാണ് ഈശ്വരസായൂജ്യം. കാരണം, ഈശ്വരൻ ഭക്തരുടെ പ്രവർത്തികളിൽ പ്രസാദിക്കുന്നവനല്ല മറിച്ച് നിസ്സാരത വെളിപ്പെടുത്തുന്നവരിൽ ഇറങ്ങിവരുന്നവനാണ്.

> "ഇവിടെയമ്പാടിതൻ ഒരു കോണിലരിയ
> മൺകുടിലിൽ ഞാൻ മേവുമൊരു പാവം."

എന്ന തന്റെ ജീവിതാവസ്ഥയെക്കുറിച്ചുള്ള അവളുടെ വെളിപ്പെടുത്ത ലാണ് ഈശ്വരദർശനത്തിന് അനുയോജ്യമായത്. വിശുദ്ധ ബൈബി ളിൽ പ്രതിപാദിക്കുന്ന ഫരിസേയന്റെയും ചുങ്കക്കാരന്റെയും ഉപമ യിലെ(ലൂക്കാ-18:9-14) ചുങ്കക്കാരന്റെ സ്ഥാനമാണ് ഈ കവിതയിലെ പെൺകുട്ടിക്കുള്ളത്. അവകാശപ്പെടാൻ ഒന്നുമില്ലാതെ തന്റെ കുറവു കൾ മാത്രം നിരത്തുന്ന ചുങ്കക്കാരൻ ദൈവസന്നിധിയിൽ വലിയവ നായി ഗണിക്കപ്പെടുന്നു.

> "ജലമെടുക്കാനെന്നമട്ടിൽ ഞാൻ തിരുമുമ്പിൽ
> ഒരു നാളുമെത്തിയിട്ടില്ല
> ചപലകാളിന്ദിതൻ കുളിരലകളിൽ
> പാതി മുഴുകി നാണിച്ചു മിഴികൂമ്പി
> വിറപൂണ്ട കൈനീട്ടി നിന്നോട് ഞാനെന്റെ
> ഉടയാട വാങ്ങിയിട്ടില്ല."

അല്ലയോ കൃഷ്ണാ, വെള്ളം കോരാനെന്ന മട്ടിൽ പോലും നിന്റെ മുമ്പിൽ ഞാൻ വന്നിട്ടില്ല. പകുതി നാണത്തോടെ കൂമ്പിയ മിഴികളും വിറയാർന്ന കൈകളുമായി ഉടയാടപോലും നിന്നോട് ഞാൻ

വാങ്ങിയിട്ടില്ല. എന്നെത്തന്നെ മറന്ന് നിന്റെയടുത്ത് ഓടിയെത്താത്തതുകൊണ്ട് നീയെന്നെ അറിയാൻ സാധ്യതയില്ല എന്ന അവളുടെ വിചാരം കൃഷ്ണനോടുള്ള പ്രണയത്തിൽ നിന്ന് അവളെ മറച്ചു.

"എന്റെ ചെറുകുടിലിൽ നൂറായിരം പണികളിൽ
എന്റെ ജന്മം ഞാൻ തളച്ചു"

ലഭ്യമായ ജീവിത സാഹചര്യത്തിൽ ഉത്തരവാദിത്തങ്ങൾ കൃത്യമായി നിറവേറ്റിയ പെൺകുട്ടിയാണവൾ എന്നതിന് ഉദാഹരണമാണ് പ്രസ്തുത വരികൾ. കുടുംബത്തിലെ ഉത്തരവാദിത്തങ്ങളിൽ നിന്ന് ഒഴിഞ്ഞുമാറി ഭക്തിമാർഗ്ഗത്തിൽ ചരിക്കുന്നവർ ഈശ്വരഹിതം നിറവേറ്റുന്നവരല്ലെന്ന വായനയും ഈ വരികളിലുണ്ട്.

കിതപ്പോടെ നിൻമുഖം കൊതിയാർന്നു നോക്കിയിട്ടില്ല

ജീവിതയാഥാർത്ഥ്യം കൃഷ്ണനോട് ഏറ്റുപറഞ്ഞ അവൾക്ക് ഈശ്വരദർശനത്തിനുള്ള ദാഹം ഇല്ലാതാകുന്നു. കിതയ്ക്കുന്ന ജീവിത സാഹചര്യങ്ങളിലും കൃഷ്ണന്റെ മുഖത്തേയ്ക്ക് നോക്കുവാൻ തയ്യാറാകാതിരുന്നത് പല വിധ വ്യഗ്രത നിമിത്തമാണെന്ന് വരുന്നു. ജീവിതപ്രതിസന്ധിയിൽ ഉഴലുന്ന മനുഷ്യൻ ഈശ്വരനിലേക്ക് മിഴി ഉയർത്തണമെന്ന ദൈവശാസ്ത്ര ചിന്തയ്ക്ക് ഇവിടെ പ്രസക്തിയുണ്ട്.

"നിപുണയാം തോഴിവന്നെൻ പ്രേമദുഃഖങ്ങളവിടുത്തൊടോതിയിട്ടില്ല
അകലെനിൻകാലൊച്ച കേൾക്കുവാൻ കാതോർത്തുചകിതയായ് വാണിട്ടുമില്ല."

തോഴിയുടെ നിപുണത കൃഷ്ണപക്ഷത്തേക്ക് അടുക്കുന്നതിന് തടസ്സമായി. ഈശ്വരന്റെ മുമ്പിൽ കുനിയാനും കുമ്പിടാനും മനുഷ്യന്റെ അഹം തടസ്സമാണെന്ന് ഈ വരികൾ വായനക്കാരനെ ഓർമ്മപ്പെടുത്തുന്നു. പ്രവർത്തന ബാഹുല്യം നിമിത്തം ഈശ്വര സ്വരത്തിനായി കാതോർക്കു

വാൻ മറന്നുപോകുന്ന മനുഷ്യന്റെ പ്രതീകമായി പെൺകുട്ടി നിലകൊള്ളുന്നു.

ഒരു നാളുമാ നീലവിരിമാറിൽ ഞാനെന്റെ തലചായ്ച്ചു നിന്നിട്ടുമില്ല കൃഷ്ണഭക്തിവളർന്ന് അനുരാഗമായപ്പോൾ അവൾ നീലവിരിമാറിൽ തല ചായ്ച്ചില്ല എന്ന വാച്യാർത്ഥത്തിൽ മനുഷ്യൻ തല ചായ്ക്കാൻ ഇടം കണ്ടെത്തേണ്ടത് ഈശ്വരന്റെ മാറിലാണെന്ന ധ്വനിയും ഈ വരിയിലുണ്ട്.

“ഒരു ശിലാ ബിംബമായ് മാറി ഞാൻ
മിണ്ടാതെ കരയാതനങ്ങാതിരിക്കെ
അറിയില്ല എന്നെ നീ എങ്കിലും കൃഷ്ണ
നിൻ രഥമെന്റെ കുടിലിനു മുന്നിൽ
ഒരു മാത്ര നിൽക്കുന്നു.
കണ്ണീർ നിറഞ്ഞൊരാ മിഴികളെൻ നേർക്കു ചായുന്നു”

കരുണയാലാകെ തളർന്നൊരാ ദിവ്യമാം സ്മിതമെനിക്കായ് നൽകുന്നു ഈശ്വരനെ ഈശ്വരനാക്കി മാറ്റുന്ന സത്തയുടെ അന്തർധാരയാണ് പ്രസ്തുത വരികൾ. കൃഷ്ണനോടുള്ള പ്രണയം ഉള്ളിലൊതുക്കി സ്നേഹപ്രകടനങ്ങളില്ലാതെ ജീവിച്ച പെൺകുട്ടി വിചാരിച്ചത് കൃഷ്ണനവളെ അറിയില്ലയെന്നുതന്നെയാണ്. കൊടുക്കൽ വാങ്ങലുകൾ മാനുഷിക സ്നേഹത്തിന് അതിർത്തി നിശ്ചയിക്കുമ്പോൾ ഈശ്വരസ്നേഹം ഭൂതകാലത്തെ വിസ്മരിക്കുന്നതാണെന്ന് ഈ കാവ്യഭാഗം വ്യക്തമാക്കുന്നു. മിണ്ടാതെ കരയാതെ അനങ്ങാതെ ശിലാബിംബമായ് മാറിയ അവളുടെ കുടിലിനു മുമ്പിൽ രഥം നിർത്തി കണ്ണീർ നിറഞ്ഞ മിഴികളുയർത്തിയുള്ള നോട്ടവും കരുണയാൽ തളർന്ന ദിവ്യമാം ചിരിയും അവൾക്കായ് സമ്മാനിക്കുന്നു. കൃഷ്ണാ നീയെന്നെ അറിയില്ല എന്ന് വിചാരിച്ചിരുന്ന അവൾ,

"കൃഷ്ണാ നീയറിയുമോ എന്നെ...."

എന്ന നിലവിളിയോടെ സ്തബ്ധയായി മാറുന്നു. കവിതയുടെ ആരംഭത്തിൽ തന്റെ നിസ്സാരത കൃഷ്ണനോട് ഏറ്റുപറയുന്ന പെൺകുട്ടിക്ക് കാവ്യാവസാനം കൃഷ്ണദർശനം സാധ്യമാകുന്നു. കൃഷ്ണസാമീപ്യത്തിൽ നിന്ന് സങ്കോചത്തോടെ മാറിനിന്ന അവൾക്ക് പുഞ്ചിരി നല്കുന്ന കൃഷ്ണനിലാണ് യഥാർത്ഥ ഈശ്വരസാന്നിധ്യം ദർശിക്കാനാകുക.

'കൃഷ്ണാ നീയെന്നെ അറിയില്ല' എന്ന കവിതയിൽ പ്രണയവും ഭക്തിയും സമ്മേളിക്കുന്നു. ഈശ്വരഭക്തിയുടെ മൂർഛയിലാണ് ഈശ്വരസാക്ഷാത്കാരം സംഭവിക്കുക. അത് ഈശ്വരനും ഭക്തനും പരസ്പരം ലയിക്കുന്ന അവസ്ഥയാണ്. ദൈവശാസ്ത്രത്തിൽ ഇത്തരം ഈശ്വരപ്രണയത്തെ ആത്മീയ വിവാഹം എന്ന് വിശേഷിപ്പിക്കുന്നു. കാവ്യത്തിലുടനീളം സഫലീകരിക്കപ്പെടാത്ത പ്രണയമാണുള്ളതെങ്കിലും ഉള്ളിൽ ഒതുക്കിയ പ്രണയം അവസാന ഭാഗത്ത് സാക്ഷാത്കൃതമാകുന്നു. അനാവശ്യമായ ഭക്തിപ്രകടനങ്ങളെക്കാൾ ഹൃദയഭാവത്തിൽ ശ്രദ്ധിക്കുന്നവർക്കാണ് ഈശ്വരദർശനം സാധ്യമാകുകയെന്ന തത്ത്വചിന്തകൂടി ഇവിടെ കൂട്ടിച്ചേർക്കപ്പെടുന്നു.

## സഹായകഗ്രന്ഥങ്ങൾ


1. എഡിറ്റോറിയൽ, മലയാളമനോരമ, ഡിസംബർ 24, 2020.
2. ഡോ. പി. കെ. തിലക്, കവിതാ പഠനങ്ങൾ, മാതൃഭൂമി ബുക്സ് കോഴിക്കോട്, ജനുവരി, 2012.
3. Indra. sena.blogspot.com/2019/03
4. https://malayalam.indian express.com/about/poem

# പ്രവാസദുഃഖം സുഗതകുമാരിക്കവിതകളിൽ

**ഗീതു പി.ജി.**

ജന്മനാട്ടിൽ നിന്നും മറ്റൊരു നാട്ടിൽ ചെന്നെത്തിപ്പെട്ട് അവിടെ ജീവിക്കുന്നവരെയാണ് പ്രവാസികൾ എന്നത് കൊണ്ട് പൊതുവെ ഉദ്ദേശിക്കുന്നത്. കാലാവസ്ഥ, യുദ്ധങ്ങൾ, തൊഴിൽ സാധ്യത, വ്യവസായിക മുന്നേറ്റം, ആഗോളീകരണം തുടങ്ങി അനേകം ഘടകങ്ങൾ പ്രവാസത്തിന് പ്രേരകമായി വർത്തിക്കുന്നു. പ്രവാസം കലാ സാംസ്കാരിക സാമൂഹിക രാഷ്ട്രീയ ഇടങ്ങളിലെന്നപോലെ സാഹിത്യരംഗത്തെയും സ്വാധീനിച്ചു. ഒരിടത്തു നിന്നും മറ്റൊരിടത്തെത്തിപ്പെട്ടവന്റെ ഗൃഹാതുരസ്മരണകളും ജീവിതാനുഭവങ്ങളും പ്രവാസ വിഷയകമായ കൃതികളിൽ നിറഞ്ഞു നിന്നു. അതോടൊപ്പം പുതിയ നാട് നൽകുന്ന പ്രതീക്ഷകൾ, സ്വപ്നങ്ങൾ എന്നിവ കൂടി ഉൾച്ചേർത്തിരിക്കും. തങ്ങളുടെ അസാന്നിധ്യത്തിൽ നാടിനു സംഭവിച്ച മാറ്റവും പ്രവാസിയെ സംബന്ധിച്ചിടത്തോളം തീക്ഷ്ണമായ വൈകാരിക പ്രശ്നമാണ്. ചെന്നെത്തിപ്പെട്ട നാടും, വിട്ടു പോന്ന നാടും തമ്മിലുള്ള സാജാത്യ വൈജാത്യങ്ങൾ നിറക്കുന്ന സംഘർഷം വളരെ വലുതാണ്. ഒരെഴുത്തുകാരനെ സംബന്ധിച്ചിടത്തോളം എഴുത്തിൽ ഈ സംഘർഷം പ്രതിഫലിക്കുക തന്നെ ചെയ്യും. ദേശം ഒരു യാഥാർത്ഥ്യമാകുമ്പോൾ അത് സ്വദേശം/പരദേശം എന്ന ദ്വന്ദ്വത്തെ സൃഷ്ടിക്കുന്നു. സമകാലിക മനുഷ്യന്റെ പ്രവാസ ജീവിതത്തിന്റെ വൈയക്തിക സംഘർഷങ്ങളുടെ പ്രധാന ഭൂമിക ഈ ദ്വന്ദ്വമാണ് (പ്രകാശ്ബാബു പി.വി.,2008:14). ഇവിടെ പ്രവാസം സങ്കീർണ്ണമായ ഒരു സാമൂഹിക പ്രശ്നവും സവിശേഷമായ ഒരു മാനസിക പ്രശ്നവുമായി മാറുന്നു. ജന്മനാട്ടിൽ തന്നെ അന്യരും

തിരസ്കൃതരുമായി പരിണമിക്കുന്ന അവസ്ഥ പലർക്കും സർഗ്ഗ പ്രേരണകൾക്ക് ഉന്മേഷം പകരുന്നു. മാനസികമായ പ്രതിരോധമായി ത്തീരുന്നു പല രചനകളും. തങ്ങൾക്ക് നഷ്ടമായ ഇടങ്ങളെ വീണ്ടെടുക്കുകയാണ് അവർ ഇത്തരം രചനകളിലൂടെ. കഥ, കവിത, നോവൽ, ആത്മകഥ എന്നിങ്ങനെ എല്ലാ മേഖലകളിലും മലയാള സാഹിത്യം പ്രവാസത്തെ അടയാളപ്പെടുത്തിയിരിക്കുന്നു. സ്വദേശ സ്നേഹമായും ഗൃഹാതുര സ്മരണകളായും മലയാള കാവ്യലോകത്ത് നാട് അവിഭാജ്യഘടകമായി തന്നെ നിലനിൽക്കുന്നു. പ്രാദേശികവും സാർവലൗകികവുമായ ഘടകങ്ങൾ കവിതയിലുണ്ട്. അവയുടെ ആനുപാതികമായ സമന്വയം സാധിക്കുമ്പോൾ കവിത അതിന്റെ ദേശത്തിന്റെയും ചരിത്രത്തിന്റെയും മുദ്ര വഹിക്കുകയും ഒപ്പം എല്ലാവരുടേതുമായി മാറുകയും ചെയ്യുന്നു (സച്ചിദാനന്ദൻ കെ.,2016:1259).

ദേശത്തോടുള്ള അടങ്ങാത്ത സ്നേഹമായും പ്രകൃതിയോടുള്ള ആദരവായും ഗൃഹാതുര സ്മരണകളായും മറ്റു ചിലപ്പോൾ പൈതൃകത്തെയും സംസ്ക്കാരത്തെയും ഹൃദയത്തോടു ചേർത്തി നിർത്തിയും സുഗതകുമാരി കവിതകൾ പ്രവാസത്തെ അടയാളപ്പെടുത്തുന്നു.1960ൽ കവയിത്രി, ഭർത്താവ് വേലായുധൻ നായർക്കൊപ്പം ഡൽഹിയിൽ താമസമാക്കിയതിനുശേഷമുള്ള കവിതകളിൽ നാടിനോടുള്ള ആത്മ ബന്ധത്തിന്റെ ആഴം മനസ്സിലാക്കാനാകും.

"ദൂരെ നിന്നാരോ, പ്രതിധ്വനിപോലെയെൻ
പേരു വിളിപ്പൂ- തിരിച്ചു പോരൂ!"

(സുഗതകുമാരി,2011:39)

'എന്ന് പുതിയൊരു നാർസിസ്' എന്ന കവിതയിൽ തിരിച്ചു വരവിനായി വെമ്പൽ കൊള്ളുന്ന കവയിത്രിയെ കാണാം. അകലത്തിലകലത്തിലോടിമറഞ്ഞുപോയ് വിളറിത്തളർന്നാ വസന്തകാലം (സുഗത

കുമാരി,2011:107) എന്ന് 'മരുഭൂമിയുടെ വസന്തം' എന്ന കവിതയിൽ അത് തീവ്രമായ വികാര വായ്പായ് മാറുന്നു. ആയിരം പൂക്കളുണർന്നു പാടുന്ന ഒരു വസന്തകാലം വരിക തന്നെ ചെയ്യും എന്ന പ്രതീക്ഷയിലാണ് കവിത അവസാനിക്കുന്നത്. പഴയ ദില്ലിയിൽ ഒരു സന്ധ്യ, തിക്കും തിരക്കും ആഡംബരവും നിറഞ്ഞ നാഗരികതയുടെ നിറം മങ്ങിയ കാഴ്ചകളാണ്. പൊടിപടലങ്ങളും മാലിന്യവും നിറഞ്ഞ വഴികളും വാഹനങ്ങളുടെ ശബ്ദഘോഷവും ഉണങ്ങി നിൽക്കുന്ന മരങ്ങളും ചേർന്ന നാഗരികതയുടെ അസ്വാസ്ഥ്യത്തെയാണ് കവയിത്രി വരച്ചിടുന്നത്. വർണ്ണോജ്ജ്വലങ്ങളായ ഭവനങ്ങളും പൊന്നും പഴങ്ങളും മദ്യവും മാരിവില്ലാടകളും നിറഞ്ഞ തെരുവും നഗരത്തെയും നഗരത്തിന്റെ ആഢംബരത്തെയും കുറിക്കുന്നു. ഈ വെച്ചു കെട്ടലുകളിൽ നിന്നും ഗ്രാമത്തിന്റെ സ്വച്ഛതയിലേക്ക് തിരിച്ചു ചെല്ലാൻ കവയിത്രി ആഗ്രഹിക്കുന്നു. ലഹരിയുടെയും സുഖലോലുപതയുടെയും നഗരത്തെ ദില്ലിയിലും കാണാം. തിരുവോണമായിട്ടു ദില്ലിയിൽ ഒന്നും ചെയ്യാനാകാതെ ആത്മസംഘർഷം അനുഭവിക്കുന്ന കവയിത്രിയാണ് തിരുവോണപ്പുലരിയിൽ. എന്തുണ്ടിവിടെ ഒരുക്കാൻ? ഇങ്ങോട്ടെഴുന്നള്ളില്ല മാവേലി (സുഗതകുമാരി,2011:176), എന്ന് നിറഞ്ഞു നിൽക്കുന്ന മൗഢ്യത്തിൽ അല്പമെങ്കിലും ആശ്വാസമാകുന്നത് പഴയ കാലത്തെ ഓണ ഓർമ്മകളാണ്. പുഷ്പാലങ്കാര ത്തിൽ, സിമന്റിട്ട മുററത്തു കൂടി താരും തളിരും തേടിയലഞ്ഞിട്ടും ലഭിച്ചത് താഴെക്കിടന്ന ചുള്ളിക്കമ്പ് മാത്രമാണ് എന്ന് നഗരജീവിതത്തിന്റെ വിരസത പ്രകടമാകുന്നു.

"കണ്ണടക്കുമ്പോൾ കാണാൻ
കഴിഞ്ഞു കണിപ്പൊന്നിൻ
കൊന്നയെ,പ്പൂന്തേനുണ്ടു
മയങ്ങും ശലഭത്തെ" (സുഗതകുമാരി,2011:179)

ഇവിടെ നഷ്ടമായ നാടിനെക്കുറിച്ചുള്ള ഓർമ്മകളിലാണ് ആശ്വാസം കണ്ടെത്താൻ ശ്രമിക്കുന്നത്. എന്നാൽ ആ ഓർമ്മകൾ ആത്മാവിനേറ്റ പ്രഹരം പോലെ പൊള്ളിക്കുകയാണ് മനസ്സിനെ ഈ വരികൾ,

“തന്നൊറ്റയാമങ്ങളി -

ലൂരിലെ പൂക്കളെ ഓർത്തോർ -

ത്തിരിക്കുവാനും രസം” (രവിവർമ്മ ആറ്റൂർ,2012:71)

എന്ന് ആറ്റൂരിന്റെ പാണ്ടിയെക്കൂടി അനുസ്മരിപ്പിക്കുന്നു. നാടുവിട്ടുള്ള ഓരോ യാത്രയും നാട്ടിലേക്കു കൂടുതൽ അടുക്കാനുള്ള വഴികൾക്കൂടി ആകുകയായിരുന്നു ഈ കവികൾക്ക്. പാവം മാനവഹൃദയത്തിലും വെളുത്തപൂക്കളിലും ഒരു നിലാവിന്റെ ലഹരിയിലും പൂക്കളെയും പുലരിയെയും നിലാവിനെയും നാടിനെയും ആവേളമാസ്വദിക്കുന്ന കവയിത്രിയെ കാണാം. ഒരു മറുനാടൻ കിനാവാകട്ടെ ആദ്യന്തം ഒരു പ്രവാസ കവിതയാണ്. വ്യവസായശാലകളുടെ കടന്നു വരവും നൂതനങ്ങളായ വാഹനങ്ങളുടെ ശീൽക്കാരവും ഒരു പുഞ്ചിരിപോലും പൊഴിക്കാതെ തിക്കിത്തിരക്കി മുന്നോട്ടു പോകുന്ന ജനങ്ങളും ഇവയൊന്നുമല്ല തന്റെ കൺകൾ ദാഹിക്കുന്നതെന്ന് കവയിത്രിക്കറിയാം. ആലവട്ടവും ദീപാലങ്കാരങ്ങളും പഞ്ചവാദ്യവും കൊമ്പനാനകളും ഉത്സവമേളവും നിറഞ്ഞ തന്റെ നാടിന്റെ സമൃദ്ധിയെ കിനാക്കാണുകയാണ് കവി. തന്റെ നാട്ടിലെ പുലരികൾ, പൂക്കൾ, ചെറു വഞ്ചികൾ, സീമന്തരേഖയിൽ കുങ്കുമമണിഞ്ഞതു പോലെ മനോഹരിയായ സന്ധ്യകൾ, വെള്ളിപ്പൂക്കൾ ചിന്നിയ കണക്കെ താരകളാൽ ശോഭിക്കുന്ന ആകാശം അങ്ങനെ നീളുന്ന വർണ്ണനകളിൽ നിന്നും കവയിത്രി നാടിനെ ആത്മാവിലേറ്റിയിരിക്കുന്നതായി മനസ്സിലാക്കാം.

“എന്റെയമ്മേ, വിദൂരത്തി-

ലീയനൃതയിൽ നിന്നുകൊ-

ണ്ടന്ധമായിരുകയ്യും ഞാൻ

നിൻ നേർക്കായ് നീട്ടിടുന്നിതേ" (സുഗതകുമാരി,2011:206)

പെറ്റമ്മയായ നാടിനു നേരെ കൈകൾ നീട്ടി നിൽക്കുന്നതിലെ നിസ്സഹായാവസ്ഥ, പ്രവാസം കവി മനസ്സിനേൽപ്പിച്ച ആഘാതം എത്ര വലുതാണെന്ന തിരിച്ചറിവു നൽകുന്നു. ആദ്യമായ് മുലപ്പാലിന്നായ് ദാഹിച്ചീടുന്ന കുഞ്ഞായി കേഴുകയാണ് കവയിത്രി. പ്രവാസം, പലപ്പോഴും സ്വത്വ നഷ്ടമായി സുഗതകുമാരി കവിതകളിൽ കടന്നു വരുന്നു. വർണ്ണക്കടലാസു പൂക്കളെപ്പോലെ കാണാൻ ഭംഗിയേറിലും നാഗരിക ജീവിതത്തിന്റെ വെച്ചു കെട്ടലുകളെ ഉൾക്കൊള്ളാൻ കവയിത്രിക്കാകുന്നില്ല. കണ്ണു നനക്കുന്ന ചിരി പകരാനേ നഗരത്തിനാകുന്നുള്ളു.

"കണ്ണീരിലൂടെച്ചിരിച്ചേൻ, ചിരിയിലൂ-

ടെണ്ണിനേൻ വർണ്ണക്കടലാസുപൂവുകൾ!"

(സുഗതകുമാരി, 2011:290)

എന്ന് ദില്ലിയിലെ സായാഹ്ന ത്തിൽ ആ ദുഃഖം വ്യക്തമാണ്. ഓണത്തിൽ, പൂക്കളം തീർക്കാനും ഓണപ്പാട്ടുകൾ പാടാനും മറന്നുപോയ തങ്ങളുടെ അരികിലേക്ക് ഓണവും യാന്ത്രികമായാണ് വന്നു പോകുന്നത്. ഏതോ വിദൂര സ്മരണപോലെ നാട്ടിൽ കൊണ്ടാടിയ ഓണനാളുകൾ ഓർത്ത് കഴിയുകയാണ് പ്രവാസിയായ കവയിത്രി. നരകമായിട്ടാണ് നരകം എന്ന കവിതയിൽ താൻ എത്തിപ്പെട്ട ഇടത്തെ കവയിത്രി വിശേഷിപ്പിക്കുന്നത്. നിങ്ങൾ പറഞ്ഞു മാത്രം ഞാൻ അറിഞ്ഞിട്ടുള്ള ആ നരകത്തിൽ ഞാനും ഇന്നെത്തിപ്പെട്ടിരിക്കുന്നു. ചിരിക്കുന്ന മുഖങ്ങളോ ശുഭപ്രതീക്ഷ നൽകുന്ന ഒരുനോക്കോ തന്റെ സങ്കടം കണ്ട് മനസ്സലിയുന്നവരോ ഇല്ലാത്ത ഒരിടമാണത് , മുഖം മൂടിക്കുള്ളിൽ തങ്ങളുടെ വികാരങ്ങളെ പ്രകടിപ്പിക്കാതെ ജീവിക്കുന്നവ

രുടെ ഇടയിൽ ഒരാളായി മാറിയിരിക്കുന്നു താനും എന്നതിൽ ഏറെ ദുഃഖിതയാണവർ.

"ഇനിയിങ്ങനെ നിന്നി-
ട്ടെന്താണിനി
യെന്താണിനി?" (സുഗതകുമാരി,2011:389)

നഷ്ടബോധത്തിൽ നിന്നും അസ്തിത്വ വ്യഥയിലേക്ക് പ്രവാസ ജീവിതം കവയിത്രിയെ കൊണ്ടു ചെന്നെത്തിക്കുന്നു. നരച്ച മഹാശൂന്യത എന്നാണ് തന്റെ അപ്പോഴത്തെ അവസ്ഥയെ കവയിത്രി നോക്കിക്കാണുന്നത്. നാടിനെക്കുറിച്ചോർത്തുള്ള വിലാപം തന്നെയാണ് 'ദില്ലിയിൽ തണുപ്പത്ത്' എന്ന കവിതയും. പ്രവാസം സൃഷ്ടിച്ച ഒററപ്പെടലിൽ, താൻ എത്ര മാറിയിരിക്കുന്നു എന്ന് വേദനയോടെ ഓർക്കുകയാണ് അവർ ഈ കവിതയിൽ. ഇരുപതു വർഷങ്ങൾക്കിപ്പുറവും പഴയ അതേ തിക്ഷ്ണതയോടെ തന്നെയാണ് നാടിനെ കവയിത്രി ഓർക്കുന്നത്. ഇരുപതു വർഷങ്ങൾ പിന്നിട്ടിട്ടും ആ നാട്ടുമ്പുറത്തുകാരി പെൺകുട്ടി നാടിനെക്കുറിച്ചുള്ള മധുരതരമായ ഓർമ്മകൾ പകർന്നുകൊണ്ട്, തന്റെ നിഴലായി കൂടെ നടക്കുന്നു എന്ന് കവയിത്രി. പ്രവാസം കവയിത്രിയെ സംബന്ധിച്ചിടത്തോളം ആത്മാവിനേറ്റ ക്ഷതം തന്നെയായിരുന്നു. എത്രമേൽ മറന്നിട്ടും മറയാൻ കൂട്ടാക്കാതെ, എത്രമേലകറ്റീട്ടും അകലാൻ കഴിയാതെ (സുഗതകുമാരി,2011:622) സ്വത്വത്തിൽ അലിഞ്ഞു ചേർന്നു കിടക്കുകയാണ് നാട്. തന്റെ നാട്ടിൽ തിരിച്ചെത്തിയ പോലുള്ള സ്വാസ്ഥ്യം അനുഭവിക്കാൻ വെമ്പുന്ന കവയിത്രിയെ 'കാലിഫോർണിയ കാടുകളിൽ' കാണാം. ഗൃഹാതുരത, പ്രവാഹ ബിന്ദു, ആന, മഹാബലിയുടെ മുന്നിൽ, തുഞ്ചന്റെ തത്ത, കാളിദാസ സ്മരണ എന്നീ കവിതകളിൽ നാടും നാട്ടോർമ്മകളും സംസ്കൃതിയോടുള്ള അഭിനിവേശവും കാണാനാകും. പ്രവാസിയാകുന്നതിന്റെ ഒരു

വശം തന്നെയായ അഭയാർത്ഥിത്വത്തെ 'അഭയാർത്ഥിനി'യിൽ കാണാം. മുഷിഞ്ഞ ചേലയുമുടുത്ത് തന്റെ മുന്നിൽ വന്നു നിൽക്കുന്ന അഭയാർത്ഥിയെ ഭിക്ഷക്കാരിയായാണ് സുഗതകുമാരി അവതരിപ്പിക്കുന്നത്. അഭയാർത്ഥിത്വത്തിന്റെ ദുരന്തമുഖം കവിതയിൽ ഉടനീളം ദർശിക്കാനാകും. കൃഷ്ണ കവിതകളിൽ ഉടനീളം കൃഷ്ണനെത്തേടിയുള്ള യാത്രകളോ സ്വത്വത്തെ തേടിയുള്ള യാത്രകളോ ആയി യാത്രാബിംബങ്ങൾ അനവധിയാണ്. പഴയ ദില്ലിയിൽ ഒരു സന്ധ്യ, ബീഹാർ, രാജഘട്ടത്തിൽ, പുതിയ പാതാളം, നിങ്ങളീ ഇന്ത്യയെ ഇപ്പോഴും സ്നേഹിക്കുന്നുവോ? എന്നിങ്ങനെ അനേകം കവിതകളിൽ സമകാലികമായ ജീവിതപരിസരങ്ങളോടുള്ള അതൃപ്തിയോ പ്രതിഷേധമോ കാണാനാകും. കവിതയും ജീവിതവും സ്വന്തം നാടിനു വേണ്ടി സമർപ്പിച്ച കവയിത്രിയാണ് സുഗതകുമാരി. കവിതയിലൂടെ നാടിന്റെ നന്മയ്ക്കു വേണ്ടി എപ്രകാരം പോരാടിയോ അതേ തീവ്രതയോടെ, ഒരുപക്ഷേ അതിലേറെ ശക്തമായിത്തന്നെ തന്റെ നിലപാടുകൾ കൊണ്ടും പ്രവർത്തികൾ കൊണ്ടും നാടിനു വേണ്ടി അവർ ജീവിച്ചു. കഴിഞ്ഞ അരനൂറ്റാണ്ടോളം സുഗതകുമാരി സ്പർശിച്ച വിഷയങ്ങളുടെ ഒരു പട്ടിക മാത്രം മതി, ആ കാലത്തെ കേരളം എന്ന പ്രദേശത്തിന്റെ പാരിസ്ഥിതിക പരിണാമത്തിന്റെ ഒരു ഗ്രാഫ് വരയ്ക്കാൻ (അനിതാ തമ്പി,98,42:33). അത്രയേറെ ആഴത്തിൽ നാടും സ്വത്വവും ഒന്നായിത്തീർന്നിരുന്നു. തനിക്കു നഷ്ടമായ നാടിനെ കവിതയിലൂടെ വീണ്ടെടുക്കാനുള്ള ശ്രമങ്ങളായിരുന്നു ഓരോ എഴുത്തും. കാലം മാറുന്നതോടെ നാടും അതിന്റെ രൂപത്തിലും ഭാവത്തിലും മാറാൻ തുടങ്ങി. അപ്പോഴൊക്കെ നാടിന്റെ കാവലാളായി, നാടിന്റെ അമ്മയായി അരുതേ എന്നവർ വിലക്കി. കവിതകളിലൂടെ ശരിതെറ്റുകളെ, നന്മ – തിന്മകളെ ചൂണ്ടിക്കാട്ടി. പ്രതീക്ഷകൾക്ക് വിപരീതമായി നാടു നശിക്കുന്നതും പ്രകൃതി

നശിപ്പിക്കപ്പെടുന്നതും കണ്ടപ്പോഴെല്ലാം തൂലിക പടവാളാക്കി പോരാടി. മററു ചിലപ്പോൾ ഭയമേതുമന്യേ, എന്റെ നാടെ ന്ന ഉറച്ച ബല വ്യത്യസ്ത ഭൂമികളിലൂടെ പ്രണയം നിരന്തരം ഒഴുകി കൊണ്ടിരിക്കുന്നു. നിന്നു. കവിതയിൽ നിറഞ്ഞു നിന്ന നന്മ ജീവിതത്തിലും വെച്ചു പുലർത്തി. കരയുന്ന കിളിയും വിലപിക്കുന്ന കാടും അഭയം തേടി അലയുന്ന മനുഷ്യനും അവർക്കു മുന്നിൽ സമന്മാരായിരുന്നു. പിൻതുടരാനായി ശരിയുടെ വലിയ നീണ്ടപാത ഒരുക്കി തന്നിട്ടാണ് അവർ പോയത്.

## അനുബന്ധം

(2019 ജൂലൈ 17 ന് നന്ദവനത്തിലെ വീട്ടിൽ വെച്ച് നടന്ന സംഭാഷണത്തിൽ നിന്ന് )

പാരിസ്ഥിതിക കവിതകൾ, കൃഷ്ണകവിതകൾ എന്നിങ്ങനെയെല്ലാം പലതലങ്ങളിൽ വായിക്കപ്പെട്ടിട്ടുള്ളതാണല്ലോ അവിടുത്തെ കവിതകൾ. എങ്ങനെയാണ് കവിതയ്ക്കായുള്ള വിഷയങ്ങൾ തെരഞ്ഞെടുക്കുന്നത്? സാമൂഹിക പ്രതിബദ്ധത മുന്നിൽ കണ്ട് കൊണ്ട് മനഃപൂർവ്വമുള്ള തെരഞ്ഞെടുപ്പുകൾ ആയിരുന്നുവോ അവ?

ഒരിക്കലുമല്ല, അങ്ങനെ മുൻകൂട്ടി നിശ്ചയിച്ച് കവിതയെഴുതാൻ എനിക്കൊരിക്കലും സാധിക്കാറില്ല. കവിത മനസ്സിൽ വന്നു നിറയുമ്പോൾ എഴുതി പോകാറാണ് പതിവ്.

ഒരു വിഷയവും തെരഞ്ഞെടുത്തെഴുതുകയോ പ്രത്യേകമായി എഴുതാനിരുന്ന് എഴുതിയവയോ അല്ല. കവിത എന്നിൽ സ്വാഭാവികമായി വന്നു നിറയുന്നതാണ്.

നാടുമായുള്ള ആത്മബന്ധത്തിന് പ്രവാസ കാലയളവിന്റെ സ്വാധീനമുണ്ടെന്ന് പറയാനാകുമോ?

നാടു വിട്ടു നിന്ന കാലഘട്ടത്തെക്കുറിച്ച് ഇപ്പോഴും ഓർക്കാൻ വയ്യ, അത്ര വിഷമകരമായ അവസ്ഥയായിരുന്നു. എനിക്ക് അന്നും

ഇന്നും എന്റെ നാടു തന്നെയാണ് ഏററവും  പ്രിയപ്പെട്ടത്.

ദില്ലി പശ്ചാത്തലമായി രചിച്ച കവിതകൾ പഴയ ദില്ലിയിൽ ഒരു സന്ധ്യ, ദില്ലി, ദില്ലിയിൽ ഒരു സായാഹ്നം, തുടങ്ങിയ കവിതകളിലെല്ലാം നാട്ടിലോട്ടുള്ള തിരിച്ചു വരവിനായി ആഗ്രഹിക്കുന്ന ഒരു പ്രവാസി യുടെ മനസ്സ് വായിക്കാനാകും.

നാടു വിട്ടു നിന്ന ഓരോ ദിവസവും നാടിനെക്കുറിച്ചുള്ള ഓർമ്മ കളാൽ നിറഞ്ഞതു തന്നെയായിരുന്നു. ഒരുപാടെഴുതാൻ സാധിച്ചി രുന്ന ഒരു കാലം കൂടിയായിരുന്നു അത്.  മനസ്സിൽ നിറഞ്ഞു നിൽക്കു ന്ന വേദന പാരമ്യത്തിൽ എത്തുമ്പോഴാണ് എഴുതുന്നത്. നാടു വിട്ടു നിൽക്കാൻ സാഹചര്യവശാൽ നിർബന്ധിതയായിത്തീരുകയായിരു ന്നല്ലോ (സുഗതകുമാരിട്ടീച്ചറുടെ ഭർത്താവിന് ഡൽഹിയിൽ ആയി രുന്നു ജോലി). അങ്ങോട്ടും ഇങ്ങോട്ടുമുള്ള യാത്രകളായിരുന്നു കൂടു തലും. ഈ യാത്രകളും ഡൽഹിയിലെ താമസവും ഒക്കെ തന്നെയാണ് അത്തരം കവിതകളുടെ രചനയ്ക്കു കാരണം. നാടിന്റെ ഓർമ്മകൾ എഴുത്തിൽ വന്നു നിറയുകയായിരുന്നു.

## സഹായകഗ്രന്ഥങ്ങൾ

1. അനിതാതമ്പി , 2021, *കാവ്യനർത്തകി*, മാതൃഭൂമി ആഴ്ചപ്പതിപ്പ്, 98,42.
2. പ്രകാശ്ബാബു പി.വി, 2008, *പ്രവാസവും നോവലും*, ലിപി പബ്ലി ക്കേഷൻസ്, കോഴിക്കോട്.
3. രവിവർമ്മ, ആറ്റൂർ, 2019, *ആറ്റൂർ കവിതകൾ,* ഡി.സി.ബുക്കസ്, കോട്ടയം.
4. സച്ചിദാനന്ദൻ കെ, 2016, *സച്ചിദാനന്ദന്റെ കവിതകൾ*, ഡി.സി. ബുക്സ്, കോട്ടയം.
5. സുഗതകുമാരി, 2011,*സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം:* ഡി.സി.ബുക്സ്, കോട്ടയം.

# സുഗതകുമാരി: കവിതയിലെ വനപർവ്വം

**ആസിഫ് കൂരിയാട്**

"ദൂരെയാരോ കൊളുത്തി നീട്ടുമാ
ദീപവും നോക്കിയേറെയേകയായ്
കാത്തുവെയ്ക്കുവാനൊന്നുമില്ലാതെ
തീർത്തു ചൊല്ലുവാനറിവുമില്ലാതെ
പൂക്കളില്ലാതെ പുലരിയില്ലാതെ
ആർദ്രമേതോ
വിളിക്കുപിന്നിലായ്
പാട്ടുമൂളി ഞാൻ പോകവേ,നിങ്ങൾ
കേട്ടുനിന്നുവോ! തോഴരേ,നന്ദി,നന്ദി"

**(സുഗതകുമാരി)**

മലയാളകവിതയുടെ മണ്ണിൽ ആഴത്തിൽ വേരോടിയ തണൽ മരമായിരുന്നു സുഗതകുമാരി. ഇലകളും കനികളും പൂക്കളുമായി ശാഖോപശാഖകളായി പടർന്ന് പന്തലിച്ച മഹാവൃക്ഷം. കവിതയിലും ജീവിതത്തിലും പ്രകൃതിക്ക് വേണ്ടിയായിരുന്നു അവർ അഹോരാത്രം ശബ്ദമുയർത്തിയത്.കവിതയിൽ തുലാവർഷപ്പച്ച പടർത്തിയും ജീവിതത്തിൽ ഹരിതദർശനത്തിന്റെ കാവലാളായും അവർ നില കൊണ്ടു. ഒരുതരത്തിൽ ഹരിതജീവിതം നയിച്ച കവയിത്രിയാണ് സുഗതകുമാരിയെന്ന് പറഞ്ഞാൽ അത് അതിശയോക്തിയാവില്ല.

ചങ്ങമ്പുഴയിൽ ആരംഭിക്കുന്ന മലയാള കാൽപനിക കവിതയുടെ പിന്തുടർച്ചക്കാരായ ഒ.എൻ.വി., വയലാർ, പി.ഭാസ്കരൻ

എന്നിവർക്ക് ശേഷം പിൽക്കാല കാൽപനികതയെ നയിച്ചവരിൽ സുഗതകുമാരിയും ഉണ്ടായിരുന്നു. റൊമാന്റിക് പ്രവണതകളോട് കൂടിയ അന്തർമുഖതയാണ് സുഗതകുമാരിയുടെ കാവ്യ സവിശേഷതയെന്ന് നിരൂപകർ വിലയിരുത്തിയിട്ടുണ്ടല്ലൊ. സുഗതകുമാരിയുടെ കവിതകളിൽ ആധുനികതയുടെ മുഖമുദ്രകൾ പലതുമുണ്ടെങ്കിലും കാല്പനികതയുടെ ഇഴകൾകൊണ്ട് നെയ്തതാണ് അവരുടെ ശൈലി എന്ന് എം. ലീലാവതി നിരീക്ഷിച്ചിട്ടുണ്ട്.

സ്വാനുഭൂതികളെ വിഷാദാത്മക ഭാവത്തിൽ ആവിഷ്കരിച്ച് വായനക്കാരുടെ മനസിൽ ഇടം നേടിയ കവയത്രിയാണ് സുഗതകുമാരി. ഭാവഗീതം (Lyrical poetry) എന്ന് വിളിക്കാവുന്ന അവരുടെ കാവ്യരീതിയാവട്ടെ തികച്ചും ആത്മനിഷ്ഠവും സംഗീതാത്മകവുമാണ്. വൈകാരികമായ കാവ്യഭാഷയും അതിൽ ലയിച്ച് ചേർന്നിരിക്കുന്നു. സസ്യ-ജന്തു-ജീവജാലങ്ങളോടും പരിസ്ഥിതിയോടുമുള്ള അടങ്ങാനാവാത്ത അനുകമ്പയും സ്നേഹവും അവരുടെ കവിതകളുടെ അന്തർധാരയാണ്.

പ്രണയം, വിഷാദം, കൃഷ്ണഭക്തി, പ്രകൃതി, സ്ത്രീ എന്നിവയാണ് സുഗതകുമാരി കവിതകളുടെ വിഷയങ്ങളായി പലപ്പോഴും വർത്തിക്കുന്നത്. ആദ്യകാല കവിതകളിൽ മിക്കതും കൃഷ്ണഭക്തിയാൽ സമൃദ്ധമാണ്. കൃഷ്ണാ നീയെന്നെ അറിയില്ല, രാധയെവിടെ, ഗോപിക, കാടാണ്, ശ്യാമരാധ, കാളിയമർദ്ദനം, ഒരു നിമിഷം തുടങ്ങി അനവധി കവിതകളിലൂടെ കൃഷ്ണ ബിംബങ്ങളുടെ കവിയായി അവർ മാറി. കവിയുടെ മനസ്സിൽ ശ്രീകൃഷ്ണൻ സൃഷ്ടിച്ചിട്ടുള്ള പ്രാർത്ഥനാനിർഭരമായ അനുഭൂതികളാണ് കവിതകളായി രൂപപ്പെട്ടിട്ടുള്ളത്.

കാല്പനികഭാവത്തോടെ പ്രകൃതിയെയും സ്ത്രീയെയും ആവിഷ്കരിക്കാനാണ് സുഗതകുമാരി അവരുടെ ആദ്യകാല കവിത

കളിൽ ശ്രമിച്ചിട്ടുള്ളത്. എന്നാൽ 1970 കൾക്ക് ശേഷം ഇന്ത്യയിലുട നീളം രൂപപ്പെട്ടിട്ടുള്ള പാരിസ്ഥിതിക ചിന്തകളും സമരങ്ങളും സൂക്ഷ്മമായി പാരിസ്ഥിതിക രാഷ്ട്രീയ പശ്ചാത്തലത്തിലുള്ള രചനകൾ നടത്തുന്നതിനോടൊപ്പം പരിസ്ഥിതി സമരങ്ങളുടെ മുൻനിരയിൽ ഉറച്ച് നിൽക്കാനും അവരെ പ്രേരിപ്പിച്ചു. കാവുതീണ്ടല്ലേ, വനരോദനം, സൈലന്റ്വാലി, പശ്ചിമഘട്ടം, കുറിഞ്ഞിപ്പൂക്കൾ, തൈവയ്ക്കൽ, കാലിഫോർണിയാ കാടുകളിൽ, പശ്ചിമഘട്ടത്തിൽ വീണ്ടും, കാക്കപ്പൂവ്, തുലാവർഷപ്പച്ച, തുമ്പപ്പൂ, തെംസ് നദിയോട്, എന്നിങ്ങനെ അനവധി പരിസ്ഥിതി സംബന്ധമായ കവിതകൾ അവരുടെ കാവ്യലോകത്ത് നമുക്ക് കാണാം.

എഴുപതുകളുടെ മധ്യത്തോടെയാണ് മലയാള സാഹിത്യത്തി ലേക്ക് പരിസ്ഥിതി ചിന്ത തീവ്രമായി കടന്നു വരുന്നത്. കവിതയിലും, നോവലിലും കഥയിലും ഇതിന്റെ അനുരണനങ്ങൾ ഉണ്ടായി. പരിഷ്കൃതിയുടെയും വികസനത്തിന്റെയും മറവിൽ വൻതോതിൽ പ്രകൃതിധ്വംസനം നടക്കുന്ന കാലമായിരുന്നു അത്. വന്യതയുടെ സാ ക്ഷാത്കാരമായിരുന്ന കേരളത്തിലെ ഭൂപ്രകൃതിക്ക് ക്രമേണ കോട്ടം തട്ടി. വനങ്ങളും പാടങ്ങളും നദികളും കൃഷിയിടങ്ങളും വൻ പദ്ധതിക ളുടെ മുന്നേറ്റത്തിൽ ചതഞ്ഞരഞ്ഞു.1970 കളിലെ സൈലന്റ് വാലി സംരക്ഷണ സമരം, ചിപ്പ്കോ മൂവ്മെന്റ് എന്നിവയെല്ലാം ഈ വിഷയ ത്തിലേക്ക് എഴുത്തുകാരുടെ ശ്രദ്ധ തിരിച്ചു. പാത്രക്കടവ് പദ്ധതി, സൈലന്റ്വാലി, മതിൻകെട്ടാൻമല, പെരിയാർ, ചാലിയാർ, കൃഷ്ണ വനം, അട്ടപ്പാടി, പ്ലാച്ചിമട, എൻഡോസൾഫാൻ സമരം എന്നിവ ക്കെല്ലാം നേതൃത്വം നൽകിയവരിൽ എഴുത്തുകാരും മുന്നിലുണ്ടായിരു ന്നു. കാടെവിടെ മക്കളെ (അയ്യപ്പപ്പണിക്കർ), കുഞ്ഞേ മുലപ്പാൽ കുടിക്ക രുത് (കടമ്മനിട്ട), ഭൂമിക്കൊരു ചരമഗീതം (ഒ.എൻ.വി.), മൊട്ട (ആറ്റൂർ),

ഏഴിമല (സച്ചിദാനന്ദൻ), സൈലൻറ് വാലി (സുഗതകുമാരി) തുടങ്ങിയ ശ്രദ്ധേയ കവിതകൾ ഉണ്ടാവുന്നത് ഈ ഘട്ടത്തിലാണ്. ഈ കവിതകൾ പിന്നീട് 'വനപർവ്വം'എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. മരക്കവികൾ  എന്ന് പേരിട്ട് പലരും അക്കാലത്ത് ഈ കവികളെ പരിഹ സിക്കുകയു ണ്ടായി. സുഗതകുമാരിയുടെ പല പരിസ്ഥിതി കവിതകളും പുറത്ത് വന്നത് ഈ ഘട്ടത്തിലായിരുന്നു.

"വെട്ടിയ കുറ്റിമേൽ
ചാഞ്ഞിരുന്നാർദ്രമായ്
ഒറ്റ ചിറകിന്റെ താളമോടെ
ഒരു പാട്ടു വീണ്ടും തെളിഞ്ഞു"

- പാടുന്ന സുഗതകുമാരി കവിതയിലെ ആ കാട്ടു പക്ഷി യഥാർ ത്ഥത്തിൽ പ്രകൃതിക്ക് മേൽ മനുഷ്യൻ നടത്തിയ കൊടിയ ചൂഷണ ത്തിന് ഇരയായിത്തീർന്നവരുടെ പ്രതീകം തന്നെയാണ്. സുഗതകു മാരിയുടെ ശ്രദ്ധേയമായ മറ്റൊരു പാരിസ്ഥിതിക കവിതയാണ് തെംസ് നദിയോട്  ... 1878-ൽ ലണ്ടൻ നഗരത്തിലെ തെംസ് നദിയിൽ 'പ്രിൻസ് ആലീസ്' എന്ന ആവിക്കപ്പൽ മുങ്ങുകയും മലിനജലം കുടിച്ച് 700 ഓളംപേർ മരിക്കുകയും ലണ്ടൻ നഗരത്തിലെ ഏകകുടിവെള്ള സ്രോതസ്സിനോടൊപ്പം നദിയിലെ മീനുകളും, സസ്യങ്ങളും, ജീവി കളുമടങ്ങുന്ന വംശംതന്നെ നാമാവശേഷമാവുകയും, പിന്നീട് ജോസഫ് ബസാൽ ഗറ്റ് എന്ന സിവിൽ എഞ്ചിനിയറുടെ പരിശ്രമ ഫലമായി ശുദ്ധീകരണം നടത്തി ഈ നദിയെ വീണ്ടെടുക്കുകയും, ആ നദി സന്ദർശിച്ചതിന്റെ അനുഭവ പശ്ചാത്തലത്തിൽ സുഗതകുമാരി എഴുതുകയും ചെയ്ത കവിതയാണ് 'തെംസ് നദിയോട്' .

"മർത്ത്യർ കയ്പേറിയ നിൻ മാറിടം വിട്ടു.
പൊട്ടിക്കരഞ്ഞു പറന്നുപോയ് പക്ഷികൾ.

പോകുവതെങ്? നിൻ നഞ്ഞിൽ മുങ്ങിത്താണു
ചാകുകയായ് നിന്നരുമയാം മീനുകൾ”

-എന്ന് മലിനീകരിക്കപ്പെട്ട തെംസ്നദിയുടെ ആദ്യ രൂപത്തെ ആവിഷ്കരിക്കുന്ന കവയത്രി

“തെംസ് നദി, വീണ്ടുമുയിർത്തൊഴുകുന്നു നീ
നൂറ്റാണ്ടുകൾ തന്റെ പാപമാലിന്യങ്ങ-
ളേറ്റുവാങ്ങിക്കരുത്തേറ്റം പതിതയായ്
ഓയിൽ ചീയുന്ന നിൻ കൊഴുത്ത ജലം വാർന്നു -
പോകാതെ കെട്ടിനിന്നാർത്തനാദം താണു
വീണിഴയുന്ന പോൽ, എത്ര നാൾ കേണു നീ
രാജപ്രഭാവയാം തെംസ് നദി”

എന്ന മട്ടിൽ അതിന്റെ പിൽക്കാലരൂപത്തേയും വരച്ചിടുന്നുണ്ട്. അമിതമായ ആർത്തിയും ദുരയും പ്രകൃതിയുടെ മേൽ കൈകടത്തുന്ന മനുഷ്യപ്രവൃത്തികളിലൂടെ മനുഷ്യർ അവരുടെ തന്നെ ശവക്കുഴി തോണ്ടുകയാണെന്ന് കവയിത്രി പറഞ്ഞുവെക്കുന്നു. ഇന്ത്യയിലെ മരിച്ച് കൊണ്ടിരിക്കുന്ന അനേകം നദികളുടെയും പ്രതീകമായി തെംസ് നദി യെ കാണാം.

“ഹേ തുംഗസഹ്യഗിരിശൃംഗങ്ങളേ, മേഘ
ദുന്ദുഭികളേ, വിയദ്ഗംഗയെ
വിളിച്ചുമാറോടണച്ചായിരം
പുഞ്ചിരിച്ചോലകളായൊരുക്കീടുന്ന
മംഗല ശ്യാമ മഹാവിപിനങ്ങളേ
പൂത്തുലഞ്ഞാടുന്ന വല്ലികളേ, ചില
ച്ചാർത്തുാപൊങ്ങും കിളിക്കൂട്ടങ്ങളേ,
കാട്ടുപൂക്കളേ, പൊന്തകൾക്കുള്ളിൽ തെളിയുന്ന,

ദീപ്തമാം മഞ്ഞക്കുറുപ്പുവരകളേ
ഹേ നീലഗിരിശൃംഗങ്ങളേ, ഹരിത
ഹസ്തങ്ങളായിരമുയർത്തി പ്പരത്തി ജല
മേഘങ്ങളെ കുതറിയോടാതെ വാരി
ത്തടഞ്ഞുനിർത്തിപ്പുല്കി
യലിയിച്ചിടുന്ന മഹാസുകൃതങ്ങളേ"

എന്ന മട്ടിൽ പശ്ചിമഘട്ട മലനിരകളുടെ ഭംഗിയും പ്രൗഢിയും വരച്ചിടുന്നുണ്ട് 'പശ്ചിമഘട്ടം' എന്ന കവിതയിൽ സുഗതകുമാരി. എന്നാൽ പിന്നീട് ആ ഗിരിനിരകൾക്ക് സംഭവിക്കുന്ന ദുരന്തമോർത്ത് കവിഹൃദയം വിങ്ങുന്നു.

"ശൈലേന്ദ്രപാദങ്ങളിൽ തീ പിടിക്കുന്നു!
ദിവ്യവക്ഷസ്സിൽ കറുത്തപുക പടരുന്നു!
കരിമരുന്നിട്ടു പൊട്ടിത്തകർക്കും നൂറു
മലകളലറിക്കേണുടഞ്ഞു വീണടിയുന്നു!
ഉറവകൾ നടുങ്ങിവറ്റുന്നു. നൂറായിരം
നിലവിളിയുയർന്നുതാഴുന്നു!
വിരിമാറിൽ മുറിവുനിറയുന്നു. സഗൗരവം
തലപൊക്കി നോക്കുന്നൂ സഹ്യൻ!
മലയിടിക്കുന്ന, തീയെറിയുന്ന കൈകളേ,
വളരെ വൈകിപ്പോയി കാലം!
അറിയുവിൻ, മുറിവേറ്റ ശൈലങ്ങൾ നമ്മൾക്കു
വറുതിയും മൃതിയും വിധിക്കുമല്ലോ;
ചൂടുപൊറാഞ്ഞു പൊരിയുമല്ലോ, യിറ്റു
ദാഹജലത്തിനായ് കേഴുമല്ലോ;
അല്ലായ്കിൽ ഭാവം പകർന്നീ ഗിരിനിര

കല്ലും മരവും പ്രളയവുമായ് അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തുപായുന്നതെങ്ങോട്ടു നമ്മൾ?"

-സഹ്യഹൃദയത്തിന്റെ ഈ തേങ്ങൽ അനുവാചക ഹൃദയത്തേയും പ്രകമ്പനം കൊള്ളിക്കുന്നു. പശ്ചിമഘട്ട മലനിരകളെ ഇടിച്ച് നിരത്തി വികസന കോട്ടകൾ പണിയുന്നവർക്ക് വരാനിരിക്കുന്ന മഹാദുരന്തങ്ങളെ പറ്റിയുള്ള മുന്നറിയിപ്പ് കവി പണ്ടേ നൽകിയിട്ടുണ്ട്.

"മഴുവും തീയുമായ്, കഴുകൻ കണ്ണുമായ്
വരില്ലയോ, മർത്ത്യനവിടെയും നാളെ"

- എന്ന് ഭാവിയിലും തുടർന്നേക്കാവുന്ന പ്രകൃതിക്ക് മേലുള്ള മനുഷ്യന്റെ കൊടും ക്രൂരതകളോർത്ത് കവിഹൃദയം പിന്നെയും വിലപിക്കുന്നുണ്ട്.

മലിനീകരണത്തിന്റെയും ചൂഷണത്തിന്റെയും സമാനാനുഭവങ്ങളാണ് സ്ത്രീയും പ്രകൃതിയും നേരിടുന്നത്. ഇവയുടെ രണ്ടിന്റെയും മോചനത്തിലൂടെ മാത്രമേ സാമൂഹിക വ്യവസ്ഥയിൽ പ്രശാന്തതയും സമൃദ്ധിയും സാധ്യമാവുകയുള്ളുവെന്ന പാരിസ്ഥിതിക സ്ത്രീവാദ (Eco Feminism) ത്തിന്റെ ദർശനം സുഗതകുമാരിയുടെ പല കവിതകളിലും പ്രകടിതമാവുന്നുണ്ട്. പ്രകൃതിയെ അമ്മ/സ്ത്രീയായി കാണുന്ന ഊർവ്വരതാ സങ്കൽപ്പങ്ങളുമായി ഇവ ചേർന്ന് കിടക്കുന്നു. കാടും പുഴയും മണ്ണും സ്ത്രീയും അപമാനിക്കപ്പെടുമ്പോൾ ചീറിക്കൊത്തുന്ന വാക്കുകൾ കൊണ്ടു കവിത കൊരുക്കുന്നു സുഗതകുമാരി എന്ന് എം.ലീലാവതി.

"മലയിടിച്ചു വരുന്ന യന്ത്രത്തിന്റെ
വഴിയിൽ നിൽക്കുന്ന കൊച്ചുതുമ്പച്ചെടി
വഴിയിൽ നിൽപ്പൂ ചമഞ്ഞു തുമ്പച്ചെടി" (നിർഭയ)

ഈ കവിതക്ക് 'നിർഭയ' എന്ന പേർ നൽകുന്നതിലൂടെ പെ ണ്ണിനെ പോലെ പ്രകൃതിയേയും അക്രമിച്ച് കീഴടക്കാനുള്ള പുരുഷ ന്റെ തൃഷ്ണകളെ വിമർശന വിധേയമാക്കുന്നു കവി.

"അംബ നിന്റെ മുലപ്പാല -
ല്ലിവരൂറ്റുന്നു നിത്യവും
നിന്റെ രക്തം നിന്റെ മാംസം
നീ ഞങ്ങൾക്കൊരു പെണ്ണിര" (ചൂട്)

തുടങ്ങിയ വരികളെല്ലാം വ്യക്തമാക്കുന്നത് പെണ്ണും മണ്ണും നേരിടുന്ന ചൂഷണത്തിന്റെ സമാനാനുഭവങ്ങളാണ്. ഇതിന് നേർക്കുള്ള അതിശക്തമായ ആക്രോശങ്ങളാണ് സുഗതകുമാരിയുടെ പല കവിതകളും. പ്രകൃതിയെ അവഗണിച്ച് എല്ലാം നേടാമെന്ന മനുഷ്യന്റെ ദുരാഗ്രഹമാണ് ഇന്നത്തെ എല്ലാ പാരിസ്ഥിതിക ദുരന്തങ്ങൾക്കും കാരണം. മനുഷ്യനും പ്രകൃതിയും ഒന്നാണ്. പ്രകൃതിയുമായി താദാത്മ്യം പ്രാപിച്ച് പ്രകൃതിയുടെ താളത്തിനനുസരിച്ച് പ്രവർത്തിക്കുന്ന ഒരു ജീവിതക്രമമാണ് നമുക്ക് വേണ്ടത്. പ്രകൃതിക്ക് മേൽ മനുഷ്യൻ നടത്തുന്ന ആധിപത്യം അനീതിയാണ്. പ്രകൃതിയുമായി മനുഷ്യന് അധീശത്വത്തിന്റെതല്ല, സൗഹൃദത്തിന്റെ ബന്ധമാണ് വേണ്ടതെന്ന് സുഗതകുമാരി കവിതകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. ഒരേ സമയം കവിതക്കും പ്രകൃതിക്കും ജീവിച്ച അവർ കവിതയിൽ വനപർവ്വമായും ജീവിതത്തിൽ മനുഷ്യപർവ്വമായും ഭാവിയിൽ സ്മരിക്കപ്പെടട്ടെ.

## സഹായകഗ്രന്ഥങ്ങൾ


1. ജോർജ്.കെ.എം.ഡോ.,*ആധുനിക മലയാളസാഹിത്യ ചരിത്രം പ്രസ്ഥാനങ്ങളിലൂടെ*, ഡി.സി.ബുക്സ്, കോട്ടയം, 1998.
2. പരമേശ്വരൻ പിള്ള എരുമേലി, *മലയാള സാഹിത്യം കാലഘട്ട ങ്ങഴിലൂടെ*, കറന്റ് ബുക്സ്, കോട്ടയം, 1996.
3. രാമചന്ദ്രൻ പന്മന, *കവിതാപഠനങ്ങൾ*, കറന്റ് ബുക്സ്, കോട്ട യം, 20005.
4. ലീലാവതി എം.ഡോ., *മലയാള കവിതാ സാഹിത്യചരിത്രം*, കേരള സാഹിത്യ അക്കാദമി, തൃശൂർ, 2011.
5. സുഗതകുമാരി, *സുഗതകുമാരിയുടെ കവിതകൾ സമ്പൂർണ്ണം*, ഡി. സി. ബുക്സ്, കോട്ടയം, 2006.

# 'ഇക്കോഫെമിനിസം' സുഗതകുമാരിക്കവിതകളിൽ

**പാർവ്വതി കെ.ജി.**

1980-കൾക്കുശേഷം കേരളീയ സാംസ്കാരിക-സാമൂഹിക-സാഹിത്യമേഖലയിൽ സംഭവിച്ച ഏറ്റവും വലിയ ദിശാപരിണാമം ഫെമിനിസവും അതിന്റെ ആശയധാരകളും സജീവമായി എന്നുള്ളതാണ്. സ്ത്രീരചനകൾക്കും സ്ത്രീപക്ഷകാഴ്ച്ചപ്പാടുകൾക്കും അഭൂതപൂർവ്വമായ ഒരു ഉണർവ്വും ഉന്മേഷവും ദൃശ്യമായി. തുല്യതയ്ക്കും ചൂഷണരഹിതമായ സമൂഹത്തിനും വേണ്ടിയുള്ള സ്ത്രീകളുടെ പോരാട്ടങ്ങൾക്ക് ഗതിവേഗം വർദ്ധിച്ചു. പരമ്പരാഗത സാഹിത്യസങ്കല്പങ്ങളെ വെല്ലുവിളിച്ചുകൊണ്ട് തങ്ങളുടെ സ്വത്വാവിഷ്കരണത്തിന് തയ്യാറായി കൂടുതൽ സ്ത്രീകൾ മുന്നോട്ടുവരുന്നത് ഇക്കാലത്താണ്. അതുവരെ അനുഭവവേദ്യമല്ലാതിരുന്ന ഒരു സ്ത്രൈണപ്രപഞ്ചം സാഹിത്യത്തിൽ അവതരിപ്പിക്കപ്പെട്ടു. ഈ ഘട്ടത്തിലാണ് ചൂഷണവിധേയമാക്കപ്പെട്ട എല്ലാറ്റിന്റെയും മോചനം ലക്ഷ്യംവെക്കുന്ന പാരിസ്ഥിതിക സ്ത്രീവാദം (ഇക്കോഫെമിനിസം) എന്ന പുതുദർശനത്തിന് കൂടി ഇവിടെ ഇടമുണ്ടായത്.

ഒരുപാട് മാനങ്ങളുള്ള ഒരു പരികല്പനയും പ്രതിരോധപ്രക്രിയയുമാണ് ഫെമിനിസം. ആണധികാര വ്യവസ്ഥ കാലങ്ങളായി നിലനിർത്തിപ്പോരുന്ന സ്ത്രീവിധേയത്വത്തെ ബലപ്പെടുത്തുന്ന സാമൂഹികമിത്തുകൾക്കെതിരെയുള്ള മുന്നേറ്റങ്ങളും ചെറുത്തുനിൽപ്പുകളുമാണ് പൊതുവിൽ സ്ത്രീവാദപ്രസ്ഥാനം എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. പ്രകൃതിയും മനുഷ്യരും സാഹോദര്യഭാവത്തോടെ വർത്തി

കണ്ണൂർ സർവ്വകലാശാല
മലയാളവിഭാഗം റിസർച്ച് ജേണൽ

ക്കുന്ന തുല്യതയുടെ ലോകമാണ് അത് വിഭാവനം ചെയ്യുന്നത്. ആണധികാരം ചൂഷണത്തിനിരയാക്കുന്ന എല്ലാറ്റിനോടുമുള്ള ഐക്യദാർഢ്യമാണ് വാസ്തവത്തിൽ ഫെമിനിസം.

ഫെമിനിസം അത് രൂപംകൊണ്ട കാലത്തുനിന്നും മുന്നോട്ടു പോയി വിവിധ ആശയധാരകളുമായി ചേർന്ന് വികാസം പ്രാപിച്ചു. അങ്ങനെയാണ് പാരിസ്ഥിതിക സ്ത്രീവാദം (ഇക്കോഫെമിനിസം) ആവിർഭവിക്കുന്നത്. 1977-ൽ പ്രസിദ്ധീകരിക്കപ്പെട്ട 'The time of Ecofeminism' എന്ന ലേഖനത്തിലൂടെ ഫ്രഞ്ച് ഫെമിനിസ്റ്റ് 'ഫ്രാൻസ്വാ ദ യൂബോൺ' ആണ് ഈ ദർശനം ആദ്യമായി മുന്നോട്ടുവെച്ചത്.

ഭൂമിയുടെ നിലനിൽപ്പിനെ സംബന്ധിച്ച് വലിയ ആശങ്കകൾ ഉയർന്നുവന്നു തുടങ്ങിയത് ഇരുപതാം നൂറ്റാണ്ടിന്റെ മധ്യത്തോടെയാണ്. ഭൂമിയിലെ ജീവന്റെ നിലനിൽപ്പ് വലിയ പ്രതിസന്ധിയിലൂടെ കടന്നുപോകുന്നു എന്ന തിരിച്ചറിവ് പരിസ്ഥിതിയെക്കുറിച്ചുള്ള കൂടുതൽ ചിന്തകൾക്ക് വഴിവെച്ചു.

പാരിസ്ഥിതിക ദുരന്തങ്ങൾ സ്ത്രീയെയാണ് കൂടുതൽ ബാധിക്കുന്നത്. ജലക്ഷാമം രൂക്ഷമാകുമ്പോൾ കുടിവെള്ളം തേടിയുള്ള അവളുടെ അലച്ചിലിനും അന്തമില്ലാതാകും. വനങ്ങളുടെ നാശം വിറകിനും കാലിത്തീറ്റയ്ക്കും വേണ്ടിയുള്ള അവളുടെ യാത്രകളെ ദൈർഘ്യമുള്ളതാക്കിത്തീർക്കും. കീടനാശിനികളുടെ വർദ്ധിച്ച ഉപയോഗം മണ്ണിനെ മലിനമാക്കുന്നതുപോലെ ജീവജാലങ്ങളിലും പ്രതിപ്രവർത്തനങ്ങളുണ്ടാക്കുന്നു. കൊഴുപ്പു കൂടുതലുള്ള സ്ത്രീശരീരത്തിൽ അതിന്റെ അവശിഷ്ടങ്ങൾ കൂടുതലായുണ്ടാവും. അങ്ങനെ പ്രകൃതിയുടെ ദുരന്തങ്ങളോരോന്നും സ്ത്രീയുടെ ദുരന്തമായി മാറുന്നു. സ്ത്രൈണചേതനയ്ക്ക് മാത്രം സാധ്യമാകുന്ന സഹജഭാവത്തിന്റെ കനിവിലൂടെ ഈ ഭൂമിയെയും അതിലെ ജീവന്റെ പൊടിപ്പുകളെയും സംരക്ഷിക്കാനും

ചേർത്തുപിടിക്കാനുമുള്ള ഒരു ശ്രമമാണ് ഇക്കോഫെമിനിസം എന്ന ചിന്താപദ്ധതി. പ്രകൃതിയെ ചൂഷണം ചെയ്യുന്നത് സ്ത്രീയെ ചൂഷണം ചെയ്യുന്നതിന് തുല്യമാണെന്ന് ഇക്കോഫെമിനിസ്റ്റുകൾ വാദിക്കുന്നു.

'പെൺമയുടെ ജനിതകങ്ങളിലാണ് പ്രതിരോധത്തിന്റെയും അതിജീവനത്തിന്റെയും വീറ് അടങ്ങിയിരിക്കുന്നത്'[1] അതുകൊണ്ട് പരിസ്ഥിതിയുടെ വീണ്ടെടുപ്പിൽ സ്ത്രീക്കുള്ള പങ്ക് വലുതാണെന്ന് പാരിസ്ഥിതിക സ്ത്രീവാദം സിദ്ധാന്തിക്കുന്നു.

അടിച്ചമർത്തപ്പെടുന്ന സ്ത്രീക്കും പ്രകൃതിക്കും സമാനഹകളേറെയുണ്ടെന്ന് പാരിസ്ഥിതിക സ്ത്രീവാദം ചൂണ്ടിക്കാണിക്കുന്നു. ഭൗതികശാസ്ത്രജ്ഞയും ഇക്കോഫെമിനിസ്റ്റുമായ വന്ദനശിവ, സാമൂഹ്യനീതിയിൽ ഊന്നിനിൽക്കുന്ന ഈ പ്രസ്ഥാനത്തെ ജീവന്റെ നിലനിൽപ്പിന്റെ വലിയ ദർശനമായിട്ടാണ് വിശദീകരിക്കുന്നത്. 'ഉപജീവനത്തിന്റെ ഫെമിനിസം'എന്നാണ് അവർ ഇതിനെ വിശേഷിപ്പിക്കുന്നത്. ഇതൊരു ദർശനം എന്നതിനപ്പുറം മനുഷ്യന്റെ അവസാനത്തെ ജീവനോപായമാണ്. ഈ ഭൂമിയെ വരുംതലമുറയ്ക്ക് ആവാസയോഗ്യമായ വിധത്തിൽ കൈമാറാൻ നമുക്ക് കടമയുണ്ടെന്ന് ഇക്കോഫെമിനിസം ഓർമ്മിപ്പിക്കുന്നു.

പാരിസ്ഥിതിക സ്ത്രീവാദം ഒരു പ്രസ്ഥാനരൂപം ആർജ്ജിക്കുന്നതിനു മുൻപുതന്നെ ഈ ആശയത്തിന്റെ സാന്നിധ്യം ഭാരതീയ സാഹിത്യത്തിലും മലയാളസാഹിത്യത്തിലും കണ്ടെത്തുവാൻ കഴിയും. പരിസ്ഥിതിയുടെ ജൈവതാളം മലയാളത്തിന് അന്യമല്ല. കേരളത്തിന്റെ പൊതുമണ്ഡലത്തിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ പ്രതീകമായി നിറഞ്ഞുനിന്ന സുഗതകുമാരി പിന്നീട് വി.എം.ഗിരിജ, ലളിതാ ലെനിൻ, പ്രമീളാദേവി, വിജയലക്ഷ്മി അടക്കമുള്ള എഴുത്തുകാരികൾ തങ്ങളുടെ രചനകളിലൂടെ പകർന്നുനൽകാൻ ശ്രമിച്ചത് നവീനമായ

ഈ പാരിസ്ഥിതിക ബോധമാണ്. സ്ത്രീത്വത്തിന്റെയും പ്രകൃതിയുടെയും വീണ്ടെടുപ്പിന്റെ ആവശ്യകതയെക്കുറിച്ചാണ് അവരുടെ തൂലികകൾ സംസാരിച്ചത്. അതിലൂടെ ജീവിതത്തിന്റെയും ജനാധിപത്യത്തിന്റെയും വീണ്ടെടുപ്പെന്ന ഹരിതരാഷ്ട്രീയമാണ് അവർ ഉന്നയിക്കുന്നത്.

'പ്രകൃതിയോടും ജീവജാലങ്ങളോടും ഉള്ള സ്നേഹവും അനുകമ്പയും സുഗതകുമാരിയുടെ ജീവിതത്തിന്റെ പ്രധാന ഘടകങ്ങളാണ്. കവയിത്രിയുടെ ജീവാത്മാവിന്റെ അംശങ്ങളാണിവ. അതിനാൽ അവയുടെ വേദന തന്റെ ദുരന്തമായി കരുതുന്നു. പ്രകൃതിയോടുള്ള ഈ ആത്മബന്ധത്തിന്റെ തീവ്രാനുഭൂതികൾ പകർന്നു നൽകുന്ന കവിതകളാണ് വനരോദനം, സൈലന്റ് വാലി, കുറിഞ്ഞിപ്പൂക്കൾ, തൈവയ്ക്കൽ, കാലിഫോർണിയക്കാടുകളിൽ, മരങ്ങൾ, കാക്കപ്പൂവ്, ആന, തുലാവർഷപ്പച്ച തുടങ്ങിയവ'[2] സ്ത്രീയുടെ തീവ്രവിഷാദങ്ങളെ, വർത്തമാനകാലം അവളിലേല്പ്പിക്കുന്ന അപരിഹാര്യമായ ആഘാതങ്ങളെ പ്രകൃതിയുടെ മുറിപ്പാടുകളോടു ചേർത്തുവെച്ച് ഒരുമിച്ച് സാന്ത്വനിപ്പിക്കുന്ന മാതൃഭാവമാണ് സുഗതകുമാരിയുടെ കവിതകളിൽ മുന്തിനിൽക്കുന്നത്. ആധുനികതയുടെ മുഖമുദ്രകൾ പലതും കണ്ടെത്താമെങ്കിലും കാല്പനികതയുടെ സ്വാധീനവും ആ കവിതകളിൽ നിറഞ്ഞുനിൽക്കുന്നു. കവിത സുഗതകുമാരിയെ സംബന്ധിച്ചിടത്തോളം സ്വത്വാവിഷ്കാരത്തിനുള്ള ഉപാധിയായിരുന്നു; അനീതിക്കെതിരെയുള്ള പടവാളായിരുന്നു; നാടിന്റെ പുഴുക്കുത്തുകൾ വിളിച്ച് പറഞ്ഞ് നാടുണർത്തുന്ന ഉച്ചഭാഷിണിയായിരുന്നു. ഒരു എഴുത്തുകാരി എന്നതിനപ്പുറം എഴുതിയ വാക്കുകൾക്കും ദർശനങ്ങൾക്കുമൊപ്പം ജീവിച്ച, മറ്റുള്ളവരെ ജീവിക്കാൻ പ്രേരിപ്പിച്ച സാംസ്കാരികനായിക കൂടിയായിരുന്നു അവർ.

സുഗതകുമാരിക്കവിത അതിന്റെ സമഗ്രതയിലെടുത്തു പരിശോധിക്കുമ്പോൾ നമ്മുടെ ശ്രദ്ധ ആദ്യം പതിയുന്നത് അതിലെ പ്രകൃതിക്കും സ്ത്രീക്കും വേണ്ടിയുള്ള നിലപാടുകളിലേക്കാണ്. സ്ത്രീചിത്തത്തിലെ ആഹ്ലാദാനുഭൂതികൾക്കും ആശങ്കകൾക്കും അന്തമില്ലാത്ത കിനാവുകൾക്കുമൊപ്പം പ്രകൃതിയുടെ ഭാവപ്പകർച്ചകളെക്കൂടി ചേർത്തുവെക്കുന്നുണ്ട് അവർ. സ്ത്രീയും പ്രകൃതിയും ഒന്നായിത്തീരുന്ന മായികമായ ഒരു ഭാവതലം ആ കവിതകളെ പാരിസ്ഥിതിക സ്ത്രീവാദത്തിന്റെ ദർശനങ്ങളുമായി ഇണക്കി നിർത്തുന്നു.

രാത്രിമഴ എന്ന കവിത ഈ പാരമ്പര്യത്തെ അടയാളപ്പെടുത്തുന്നുണ്ട്. രാത്രിമഴയുടെ അലിവും അമർത്തുന്ന രോഷവും തേങ്ങിക്കരച്ചിലും കള്ളച്ചിരിയും നാട്യവും തനിക്കറിയാമെന്ന് പറയുന്ന കവയിത്രി

"അറിയുന്നതെന്തുകൊണ്ടെന്നോ, സഖീ
ഞാനുമിതുപോലെ... രാത്രിമഴപോലെ"

എന്ന് കൂട്ടിച്ചേർക്കുമ്പോൾ ആ സഹഭാവം ആണ് അടിവരയിട്ടുറപ്പിക്കുന്നത്. പെൺമയുടെ ഉള്ളിളക്കങ്ങൾ, നോവുകൾ ഒക്കെ പ്രകൃതിയിൽ ദർശിക്കുന്ന വിശാലമായ പാരിസ്ഥിതികബോധത്തെ നമുക്കിവിടെ ദർശിക്കാം.

മനുഷ്യനും പ്രകൃതിയുമായിരുന്നു സുഗതകുമാരിടീച്ചറെ എഴുത്തുകാരിയാക്കിയത്. അടിച്ചമർത്തപ്പെട്ടവരോട്, ജീവിതത്തിന്റെ പുറമ്പോക്കുകളിലേക്ക് വകഞ്ഞുമാറ്റപ്പെട്ടവരോട്, അഗതികളോട്, ആലംബഹീനരോട് എക്കാലത്തും സാഹോദര്യഭാവം പുലർത്തിയിരുന്ന അവർ എഴുതിയതൊക്കെയും മറ്റൊന്നായിരുന്നില്ല. പക്ഷിക്കും കാറ്റിനുപോലും വാത്സല്യം പകർന്നുനൽകുന്ന ഒരു തണൽമരംപോലെ അവരുടെ കവിത പരിണമിക്കുന്നത് നമുക്ക് അനുഭവിച്ചറിയാനാകും.

'ഒരു പാട്ടുപിന്നെയും' എന്ന കവിതയിൽ ചിറകൊടിഞ്ഞ കാട്ടു പക്ഷിയെക്കുറിച്ചെഴുതുമ്പോൾ, മഴുതിന്ന മാമരത്തെക്കൂടി ചേർത്തു വെച്ച് മനുഷ്യന്റെ ആർത്തിയുടെയും ആസക്തിയുടെയും മറുപുറ ത്തേക്ക് കവയിത്രി നമ്മെ ആനയിക്കുന്നു. പ്രപഞ്ചത്തിലെ സകല ജീവജാലങ്ങളുടെയും ദു:ഖം തന്റേതാക്കി മാറ്റാൻ കഴിയുന്ന പ്രകൃത്യ വബോധമാണ് ആ വരികളിൽ നിറയുന്നത്.

"ഒരു തൈ നടാം നമുക്കമ്മയ്ക്കുവേണ്ടി
ഒരു തൈ നടാം കൊച്ചുമക്കൾക്കുവേണ്ടി
ഒരു തൈ നടാം നൂറു കിളികൾക്കുവേണ്ടി
ഒരു തൈ നടാം നല്ല നാളേയ്ക്കുവേണ്ടി"

എന്നെഴുതുമ്പോഴും നിറയുന്നത് പാരിസ്ഥിതികമായ ഈ തിരി ച്ചറിവാണ്. 'സൈലന്റ്വാലി അഥവാ നിശ്ശബ്ദവനം' എന്ന കവിത സുഗതകുമാരിയുടെ പ്രകൃതിയുമായുള്ള ആത്മബന്ധത്തിന്റെ സാക്ഷ്യ പത്രമായി കണക്കാക്കാം.

'ഈ പാരിസ്ഥിതാകാവബോധത്തിന് കേവലം ആശയതലത്തി ലുള്ള പരിമിത വിതാനത്തിലൊതുങ്ങാൻ കഴിഞ്ഞില്ല. അത് എക്കോ ഫെമിനിസ്റ്റ് കാഴ്ചപ്പാടായി പ്രാന്തീകൃതജനതാ പക്ഷത്തേക്കും വിക സിച്ചു. അങ്ങനെ സ്ത്രീവാദപരവും പ്രാന്തീകൃതജനതയുടെ പക്ഷ ത്തുനിന്നുള്ളതുമായ രാഷ്ട്രീയനിലപാടുകൾ സുഗതകുമാരിയുടെ കവി തയിൽ വ്യക്തമായി. സ്വാഭാവികമായും വനധ്വംസനത്തിന്റെ നേരെ യുള്ള വിമർശനം വനവാസികളുടെ നേരെ നടക്കുന്ന ചൂഷണത്തി ന്റെയും വിമർശനമായി'.[3]

പെൺകുഞ്ഞ് '90' എന്ന കവിത പിറന്ന ഉടനെ പരിത്യക്തയാ കുന്ന പെണ്ണിനെ വരച്ചിടുന്നു. അനാഥത്വത്തിന്റെ മടിത്തട്ടിലേക്ക് പെറ്റു

വീഴുന്ന കുഞ്ഞുങ്ങളുടെ ദുരവസ്ഥയിൽ മനംനൊന്ത് വിലപിക്കുകയും പ്രതിഷേധിക്കുകയും ചെയ്യുന്ന കവയിത്രിയെ കവിതയിൽ കാണാം.

"ദേവി ഭൂമി, നിനക്കെല്ലാമറിയാം നിന്റെ ചന്തയിൽ
പാഴ്വിലയ്ക്കുമെടുക്കാത്തോന്നല്ലി പെണ്ണിന്റെ ജീവിതം'

സർവ്വംസഹയായ ഭൂമിയെയും ദുരന്തങ്ങളും പീഡനങ്ങളും ഏറ്റുവാങ്ങാൻ വിധിക്കപ്പെട്ട ഹതഭാഗ്യകളായ സ്ത്രീജന്മങ്ങളെയും ചേർത്തുനിർത്തുന്ന ഈ കാഴ്ചപ്പാട് ഇക്കോഫെമിനിസത്തിന്റെ ആശയഗതികളുമായി ചേർന്നുനിൽക്കുന്നു.

'കാടാണ്', 'കൃഷ്ണ നീയെന്നെ അറിയില്ല' തുടങ്ങിയ കവിതകൾ സുഗതകുമാരിയുടെ ഏറ്റവും മനോഹരങ്ങളായ കവിതകൾ എന്ന നിലയിലും സ്ത്രീപക്ഷത്തുനിന്നുകൊണ്ട് വായിക്കാവുന്ന രചനകൾ എന്ന നിലയിലും ശ്രദ്ധേയങ്ങളാണ്. കവിതകളിലെ 'രാധിക'യും 'ഗോപിക'യും സ്ത്രീധർമ്മത്തിന്റെയും ഭാവശുദ്ധിയുടെയും നിഷ്കളങ്കപ്രേമത്തിന്റെയും മകുടോദാഹരണങ്ങളാണ്. ക്ഷമ, സഹനം, മാതൃവാത്സല്യം, കർത്തവ്യബോധം എന്നീ ഉത്കൃഷ്ടഗുണങ്ങൾ അവരുടെ മഹിമ വർദ്ധിപ്പിക്കുന്നു. കാടും പുഴയും ജലാശയങ്ങളും പക്ഷിമൃഗാദികളും വൃക്ഷലതാദികളും മനുഷ്യരും ആകാശവും മനുഷ്യന്റെ സ്വാർത്ഥതയ്ക്കുള്ള ഉപാധികളാക്കി മാറ്റി ക്രൂരമായി ചൂഷണം ചെയ്യപ്പെടുന്നതിനെതിരെ ശബ്ദമുയർത്തുന്ന കവിതകളാണ് സുഗതകുമാരിയുടേത്.

'സസ്യതരുലതാദികളും ജലാശയങ്ങളും നിറഞ്ഞ ഭൂമി, പക്ഷികളും വന്യജീവികളും ആദിവാസികളും കുടികൊള്ളുന്ന കാട് എന്നിവയിൽ കവി കാണുന്നത് മാതൃചൈതന്യമാണ്. അതിനാൽ അവയെ ഹിംസിക്കുകയും മലിനീകരിക്കുകയും ചെയ്യുമ്പോൾ അമ്മയെക്കൊന്നു തിന്നുന്ന മകന്റെ നേരെയെന്നപോലെ കവിയുടെ ധർമ്മരോഷം പുക

യുന്നു. കാടും പുഴയും മണ്ണും സ്ത്രീയും അപമാനിക്കപ്പെടുമ്പോൾ ചീറിക്കത്തുന്ന വാക്കുകൾകൊണ്ടു കവിത കൊരുക്കുന്ന സുഗതകുമാരി, വ്യവസായത്തെയും വ്യാപാരത്തെയും സമഗ്രമനുഷ്യപുരോഗതിക്കെന്നതിനേക്കാൾ സ്വാർത്ഥികളുടെ ധനതൃഷ്ണ ശമിപ്പിക്കുന്നതിനുള്ള ഉപകരണങ്ങളാകത്തക്കവണ്ണം പ്രകൃതിധ്വംസനത്തിലേർപ്പെടുന്നതിനോട് ആനുകൂല്യം പുലർത്തുന്നവർക്ക് വളരെ അലോസരങ്ങളുളവാക്കിയിട്ടുണ്ട്'.[4]

'ഒരു വൃന്ദാവനരംഗം' എന്ന കവിത പ്രകൃതിയിലും മനുഷ്യനിലും നിറഞ്ഞുനിൽക്കുന്ന പ്രണയഭാവത്തിനുള്ള സങ്കീർത്തനമാണ്.

"കാടാണ് കാട്ടിൽ കടമ്പിന്റെ കൊമ്പത്തു
കാൽതൂക്കിയിട്ടിരിപ്പാണ് രാധ
താഴെപ്പടിഞ്ഞിരുന്നേകാഗ്രമായതിൽ
കോലരക്കിൻ ചാറുചേർപ്പുകണ്ണൻ!".

ആ രാധാകൃഷ്ണ പ്രേമത്തിന് സാക്ഷിയാകുന്ന കാട്ടുകടമ്പ് ഹർഷാതിരേകത്താൽ 'ഞെട്ടിയടിമുടി പൂത്തുപോയി'. സുഗതകുമാരിക്കവിതകളിൽ നിറഞ്ഞുനിൽക്കുന്ന അനുരാഗഭാവം വ്യക്ത്യധിഷ്ഠിതമായ മാനുഷികപ്രണയം എന്ന തലത്തിനപ്പുറം വിശ്വപ്രേമത്തിന്റെ വിതാനങ്ങളിലേക്കുയരുന്നു. ഈ മണ്ണിനോടും മരങ്ങളോടും പുഴയോടും ഇതെല്ലാം ചേർന്ന പ്രകൃതിയോടുമുള്ള അനുരാഗമാണത്. വിശ്വപ്രകൃതിയോളം വ്യാപിക്കുന്ന ഈ അനുരാഗമാണ് സുഗതകുമാരിയുടെ കവിതകളുടെ ജീവചൈതന്യം.

സ്നേഹം സുഗതകുമാരിയെ സംബന്ധിച്ചിടത്തോളം കീഴടങ്ങലും കീഴടക്കലുമല്ല. 'അത്രമേൽ സ്നേഹിക്കയാൽ' എന്ന കവിതയിൽ ഭർത്താവിൽ നിന്നുള്ള സ്നേഹത്തിനുമുമ്പിൽ കൂപ്പുകൈയ്യുമായി നിൽക്കുന്ന കവയിത്രിയെ കാണാം.

"എന്തിനോവെറും പാവമൊരു പെണ്ണിനെസ്സൂര്യ-
ചന്ദ്രതാരകൾപോലും നോക്കിനിന്നുപോംമട്ടിൽ
അത്രമേൽ വിശുദ്ധമായത്രമേലഗാധമാ-
യത്രമേൽ സ്വയം സമർപ്പിതനായ് സ്നേഹിക്കയാൽ"

എന്നെഴുതുമ്പോൾ ആ കാഴ്ചപ്പാട് കൂടുതൽ വ്യക്തമാകുന്നു.

ലിംഗപരമായ ഉച്ചനീചത്വത്തിന് ഇടയില്ലാത്തവിധം സ്ത്രീ പുരുഷബന്ധത്തെ പ്രതിഷ്ഠിക്കുകയാണ് സുഗതകുമാരി. അതുകൊണ്ടുതന്നെ സ്ത്രീപക്ഷരചനകളെ പൊതുവിൽ സമീപിക്കുന്ന രീതിശാസ്ത്രം വെച്ച് ആ കവിതകളെ വിലയിരുത്തിയാൽ ശരിയാവുകയില്ല. പുരുഷാധിപത്യത്തിനും അധീശമനോഭാവത്തിനും എതിരെയുള്ള ശക്തമായ പ്രതികരണങ്ങൾ സുഗതകുമാരിയുടെ തൂലികയ്ക്ക് അന്യമാണെന്നല്ല.

"ചെറുതായ് കൊത്തിക്കൊത്തി നുറുക്കിയെടുക്കുക
നിറയെ കണ്ണീരുപ്പുവീഴ്ത്തിയൊന്നിളക്കുക
നിഷ്ഫലക്രോധത്തിന്റെയെരിവും വീറും
ചേർക്ക, കയ്പെഴുമവമാനത്തിന്റെ ലജ്ജയും
ചാലിച്ചുൾച്ചൂടിൽ തിളപ്പിച്ചുവാങ്ങുക."

'ഒരു പാചകക്കുറിപ്പ്' എന്ന കവിത സ്ത്രീ നേരിടുന്ന അവഗണനകളും അപമാനങ്ങളും ഓർമ്മപ്പെടുത്തുന്നുണ്ട്.

"കല്ലും മരവും പ്രളയവുമായ്
അന്ത്യപ്രഹരമായാർത്തിറങ്ങീടവേ
നൊന്തുപായുന്നതെങ്ങോട്ടുനമ്മൾ?"

പശ്ചിമഘട്ടം' എന്ന കവിതയിലെ വരികൾ പ്രവചനസ്വരമുള്ളതാണ്. മഹാപ്രളയത്തിന്റെ ദുരന്തമുഖത്തുനിന്ന് കഷ്ടിച്ച് രക്ഷപ്പെട്ട നമുക്ക് ഇന്നാ വരികൾ മനസ്സിലാക്കാനാകും. പ്രളയാനന്തരസാഹച

ര്യത്തിൽ സുഗതകുമാരിയുടെ ഓരോ വാക്കും സുവിശേഷമായി മാറുന്നുണ്ട്.

പ്രകൃതിയിൽ വിലയിച്ചുചേരുന്ന അതിന്റെ തന്നെ ഭാഗമെന്ന നിലയിലാണ് സുഗതകുമാരി മനുഷ്യനെയും കണ്ടത്. പ്രകൃതിയിൽ നിന്ന് വേറിട്ട് ഒരു സ്വത്വം മനുഷ്യനില്ലെന്ന് അവർ അടിവരയിട്ടുറപ്പിക്കുന്ന നിരവധി സന്ദർഭങ്ങൾ ആ കവിതയിൽ കാണാം.

"ഈ നിർഭയമാം നറുമണവും കിളി-
പ്പൂവിളിയും കാട്ടുകാറ്റും
അന്തിത്തണുപ്പും തനിച്ചിരിപ്പും നിന്റെ
പുഞ്ചിരിയായിർക്കുമ്പോൾ
ഇപ്പച്ചയാം തുരുമ്പിന്മേൽപ്പിടിച്ചുഞാൻ
ദു:ഖക്കടൽ കടക്കുന്നു."

(ഏതു പൂവിൻ മണമാണിത്?)

പ്രകൃതിയും മനുഷ്യനും തമ്മിലുള്ള പാരസ്പര്യവും പരസ്പരസംരക്ഷകത്വവും ഈ വരികൾ ഓർമ്മിപ്പിക്കുന്നുണ്ട്.

സ്ത്രീയുടെ ആശങ്കകളും ആഹ്ലാദങ്ങളും സ്വപ്നങ്ങളും ഇഷ്ടാനിഷ്ടങ്ങളും ഭൂമിക്കും പ്രകൃതിക്കും കൂടിയുള്ളതാണെന്ന തിരിച്ചറിവാണ് സുഗതകുമാരിക്കവിതകൾ. സൈത്രണമസൃണതകൾ കൈവിടാതെ തന്നെ സ്ത്രീപ്രകൃതിസ്വത്വത്തെ അടയാളപ്പെടുത്തുവാൻ സുഗതകുമാരിക്കായി. സ്ത്രീപക്ഷ കവിതകൾ ആയിരിക്കുമ്പോൾതന്നെ അത് പാരിസ്ഥിതികമായ ഒരു നവബോധത്തെ വായനക്കാരിലേക്ക് പകരുന്നു. പ്രകൃതിക്കുനേരെയുള്ള കടന്നുകയറ്റങ്ങൾ സ്ത്രീക്കും പരിസ്ഥിതിക്കും ഒരുപോലെ ആപത്കരമാണെന്ന് ഈ കവിതകൾ നമ്മെ ഓർമ്മിപ്പിക്കുന്നു. അതുതന്നെയാണ് പാരിസ്ഥിതിക സ്ത്രീവാദം അഥവാ ഇക്കോഫെമിനിസം പറയുന്നതും.

## കുറിപ്പുകൾ

1. *പെൺമ, പ്രകൃതി, പ്രതിരോധം*, ഡോ.കെ.എസ്.രവികുമാർ, വിജ്ഞാനകൈരളി, നവംബർ 2000 പുറം - 64.
2. *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ*, എരുമേലി പരമേശ്വരൻപിള്ള, പുറം - 271.
3. *'കാട്ടുകിളിയുടെ പാട്ട്' പഠനസമാഹരണം*, പ്രൊഫ.ടോണി മാത്യു, പുറം - 107, 108.
4. *മലയാള കവിതാ സാഹിത്യചരിത്രം*, ഡോ.എം.ലീലാവതി, പുറം - 396.

## സഹായകഗ്രന്ഥങ്ങൾ


1. ജയകൃഷ്ണൻ എൻ.,(എഡി),*പെണ്ണെഴുത്ത്*,കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം-2000.
2. ടോണി മാത്യു(പ്രൊഫ.), *കാട്ടുകിളിയുടെ പാട്ട്*,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം.
3. പരമേശ്വരൻ പിള്ള എരുമേലി, *മലയാളസാഹിത്യം കാലഘട്ടങ്ങളിലൂടെ*, പ്രതിഭാ ബുക്സ്, മാവേലിക്കര, 2003.
4. ലീലാവതി എം., *മലയാള കവിതാസാഹിത്യചരിത്രം*, കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ, 2011.

## ലേഖക പരിചയം

**ഡോ.ബിന്ദു ടി.വി.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം
ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് - 673018
ഫോൺ: 9495565266
Email: binduteevee@gmail.com

**സജിത കിഴിനിപ്പുറത്ത്**
അസോ. പ്രൊഫസർ, മലയാളവിഭാഗം
ഗവ.ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് - 673018
ഫോൺ : 9495721540
E Mail. : sajithakizhini@gmail.com

**ഡോ.ആർ. ചന്ദ്രബോസ്**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം
കേരള കേന്ദ്ര സർവ്വകലാശാല, പെരിയ പി.ഒ.
കാസർഗോഡ് - 671320
ഫോൺ : 9446487452
Email: bosebosechandra@gmail.com

**ഡോ.എസ്. സുസ്മിത**
അസിസ്റ്റന്റ് പ്രൊഫസർ, മലയാള വിഭാഗം
ഗവ. ആർട്സ് & സയൻസ് കോളേജ്, കോഴിക്കോട് - 673018
ഫോൺ: 9495575431
Email: ssusmitha886@gmail.com

**ഡോ.സംഗീത കെ.**
അസിസ്റ്റന്റ് പ്രൊഫസർ, മലയാളവിഭാഗം
കെ.കെ.ടി.എം. ഗവ. കോളേജ്, പുല്ലൂറ്റ് തൃശ്ശൂർ
ഫോൺ: 8943710717
E Mail. : k20.sangeetha@gmail.com

**ഹർഷ സിറിയക്**
ഗവേഷക വിദ്യാർത്ഥിനി, മലയാള വിഭാഗം
എം.ജി. കോളേജ്, തിരുവനന്തപുരം
ഫോൺ: 8281409276
E Mail. : harshacyriac1991@gmail.com

**ഡോ. രമ്യ ആർ.**
അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ് മലയാളം
എസ്.എൻ, കോളേജ് ഫോർ വുമൺ, കൊല്ലം
ഫോൺ: 9495444508
E Mail. : remyasb1984@gmail.com

**മഹാലക്ഷ്മി പി.ജെ.**
ഗവേഷക, മലയാള വിഭാഗം
എസ്.എൻ.കോളേജ്, കൊല്ലം -690001
ഫോൺ 9744995515
E Mail : pjmahalakshmi@gmail.com

**പാർവതികൃഷ്ണ പി.എൽ.**
ഗവേഷക, എം.ജി.കോളേജ്
കേശവദാസപുരം, തിരുവനന്തപുരം - –695004
ഫോൺ : 9746898043
E Mail : parvathikrishnapl@gmail.com

**സ്വാതി മോഹൻ ജെ.**
ഗവേഷക, മലയാളവിഭാഗം
ഗവ. കോളേജ്, കട്ടപ്പന
ഫോൺ: 9048353356
E Mail : swathysahithy@gmail.com

**അജി ഡി.**
ഗവേഷകൻ, മലയാള വിഭാഗം
ശ്രീനാരായണ കോളേജ്, കൊല്ലം - 691001
ഫോൺ: 9074001165
E Mail : ajichethana@gmail.com

**മോനിഷ എം.**
മലയാള വിഭാഗം കാതോലിക്കേറ്റ് കോളേജ്
പത്തനംതിട്ട -689645
ഫോൺ: 9946424288
E Mail : monishasujith26@gmail.com

**സ്വാതി സുരേഷ് ഇ.**
ഗവേഷക, ലിറ്റിൽ ഫ്ളവർ കോളേജ്, ഗുരുവായൂർ
ഫോൺ : 7034378791
E Mail : swathysuresheyyani@gmail.com

**അശ്വതി തോമസ്**
എസ്.എച്ച്. ഹോസ്റ്റൽ, അരുണാപുരം പി.ഒ.,
പാല, കോട്ടയം, പിൻ - 686574
ഫോൺ : 8289879331
E Mail : teresetom@gmail.com

**ഗീതു പി.ജി.**
ഗവേഷക, എം. ജി. കോളേജ്,
കേശവദാസപുരം, തിരുവനന്തപുരം- 695004
ഫോൺ : 8547337695
E Mail : g.gbluerose@gmail.com

**ആസിഫ് കൂരിയാട്**
ഗവേഷകൻ, മലയാള വിഭാഗം
കോഴിക്കോട് സർവ്വകലാശാല
ഫോൺ: 9995818729
E Mail: assifmandodan@gmail.com

**പാർവ്വതി കെ.ജി.**
കൈലാസം, ഇരുട്ടുപച്ച
പുല്ലുപന (പി.ഒ.) കടക്കൽ, കൊല്ലം - 691536
ഫോൺ : 8921483052
E Mail :parvathikg0@gmail.com